# മതനിഷേധത്തിൽ നിന്ന് ഇസ്ലാമിലേക്കുള്ള പലായനം

شركاء التنفيذ:

دار الإسلام جمعية الربوة رواد الترجمة المحتوى الإسلامي

يتاح طباعة هذا الإصدار ونشره بأي وسيلة مع الالتزام بالإشارة إلى المصدر وعدم التغيير في النص.


Telephone: +966114454900

ceo@rabwah.sa

P.O.BOX: 29465

RIYADH: 11557

www.islamhouse.com

# ചോദ്യോത്തരങ്ങൾ

ബിസ്മില്ലാഹ്. അല്ലാഹുവിന് സർവ്വ സ്തുതികളും. അല്ലാഹുവിന്റെ ദൂതർക്ക് മേൽ സ്വലാതും സലാമും ഉണ്ടാകട്ടെ. അവിടുത്തെ ബന്ധുമിത്രാദികൾക്കും അനുചരന്മാർക്കും അവരെ പിൻപറ്റിയവർക്കും മേലുമുണ്ടാകട്ടെ.

'മതനിഷേധത്തിൽ നിന്ന് ഇസ്ലാമിലേക്കുള്ള പലായനം' എന്ന വിഷയത്തിൽ എഴുതപ്പെട്ട ഒരു ചെറുഗ്രന്ഥമാണിത്.

മതനിഷേധത്തിന്റെ പ്രകൃതം വിവരിക്കുകയും, അതിലെ ആശയക്കുഴപ്പങ്ങളെ പരിഹരിക്കുകയും ചെയ്യുന്ന, മനുഷ്യരുടെ കേവലബുദ്ധിക്കും ശുദ്ധപ്രകൃതിക്കും എങ്ങനെ അത് എതിരാകുന്നു എന്ന് ബോധ്യപ്പെടുത്തുന്ന മനോഹരമായ ഒരു കൃതി.

പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്ന് സംശയലേശമെന്യേ തെളിയിക്കുന്ന തെളിവുകൾ ഈ ഗ്രന്ഥത്തിൽ വായിക്കാം.

ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹു ഉണ്ട് എന്നത് നമ്മുടെ ബുദ്ധിയുടെ തേട്ടമാണ്. അല്ലാഹു പറഞ്ഞതു പോലെ:

﴿أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ ٣٥﴾ [الطور: 35]

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ?" (ത്വൂർ: 35-37)

പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട മൂന്നു സാധ്യതകൾ നമ്മുടെ ബുദ്ധിയുടെ മുന്നിലുണ്ട്; നാലാലൊരു സാധ്യത ഒരാൾക്കും പറയുക സാധ്യമല്ല. (അതിലേക്കാണ് ഈ ആയത്ത് സൂചന നൽകുന്നത്).

ഒന്നാമത്തെ സാധ്യത; ഒരു സ്രഷ്ടാവില്ലാതെ നാം സൃഷ്ടിക്കപ്പെടുക എന്നതാണ്.

"യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?" ഇത് തീർത്തും അസംഭവ്യമാണ്. കാരണം എങ്ങനെയാണ് ഒരു സ്രഷ്ടാവില്ലാതെ സൃഷ്ടിയുണ്ടാവുക?!

രണ്ടാമത്തെ സാധ്യത; നാം തന്നെ നമ്മെ സൃഷ്ടിക്കുക എന്നതാണ്. "അതല്ല, അവർ തന്നെയാണോ (അവരുടെ) സ്രഷ്ടാക്കൾ?" ഇതും അസംഭവ്യമാണ്. കാരണം ഞാൻ സൃഷ്ടിക്കപ്പെടുന്നതിന് മുൻപ് എങ്ങനെ എന്നെ ഞാൻ തന്നെ സൃഷ്ടിക്കും?

മൂന്നാമത്തെ സാധ്യത; സാമാന്യ ബുദ്ധി കൊണ്ട് മനസ്സിലാക്കാവുന്ന കാര്യമാണ് അത് എന്നതിനാൽ അതിനെ കുറിച്ച് ആയത്തിൽ പരാമർശിച്ചിട്ടില്ല. നമ്മെ സൃഷ്ടിച്ച ഒരു സ്രഷ്ടാവ് നമുക്കുണ്ടാവുക എന്നതാണ് ആ സാധ്യത!

അല്ലാഹു ഉണ്ട് എന്ന കാര്യം നമ്മുടെ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണെന്ന് ചുരുക്കം.

നമ്മുടെ ശുദ്ധപ്രകൃതിയും അല്ലാഹുവിനെ കുറിച്ച് നമ്മെ അറിയിക്കുന്നുണ്ട്.

വിഗ്രഹങ്ങൾക്കോ പ്രകൃതിക്കോ പ്രപഞ്ചത്തെ സൃഷ്ടിക്കാനുള്ള ശക്തിയും ശേഷിയുമില്ല എന്നത് നമ്മുടെ ശുദ്ധപ്രകൃതി കൊണ്ട് മനസ്സിലാക്കാവുന്ന കാര്യമാണ്. മനുഷ്യരെയോ -തീർത്തും ചെറിയ ബാക്റ്റീരിയകളെ പോലുമോ- അവക്ക് പടക്കാനാവില്ല. മനുഷ്യ ശരീരത്തിലെ ഓരോ അവയവങ്ങളുടെയും ദൗത്യങ്ങൾ നിർണ്ണയിക്കാനോ, ആറ്റം മുതൽ ഗാലക്സി വരെയുള്ളവയെ ക്രമീകരിക്കാനോ അവക്കൊന്നും സാധിക്കില്ല.

അല്ലാഹുവിനെ നിഷേധിക്കുന്നവർ ആരാധിച്ചു കൊണ്ടിരിക്കുന്ന വിഗ്രഹങ്ങളും, നാസ്തികരുടെ ദൈവമായ 'പ്രകൃതിയും' സ്രഷ്ടാവായ അല്ലാഹുവില്ലാതെ നിലനിൽക്കുകയില്ല.

വിഗ്രഹങ്ങൾക്കോ 'പ്രകൃതിക്കോ' സ്വന്തം കാര്യങ്ങൾ പോലും നിയന്ത്രിക്കുക സാധ്യമല്ല. നിന്റെ ശരീരത്തിലെ

ഹോർമോണുകളെ അത്ഭുതകരമായ ക്രമത്തിൽ നിർണ്ണയിക്കാനോ തിട്ടപ്പെടുത്താനോ ഉള്ള യാതൊരു കഴിവും അവർക്കില്ല. ജീവനുള്ള ഓരോ കോശങ്ങളിലും അടങ്ങിയിട്ടുള്ള ഡിഎൻഎ സ്വീകൻസുകൾ നിശ്ചയിക്കാനും അവക്ക് സാധിക്കുകയില്ല. ഒരു വസ്തുവും നിർമ്മിക്കാനുള്ള ശക്തിയും അവക്കില്ല. തങ്ങളുടെ സ്വന്തങ്ങളെ നിർമ്മിക്കാനുള്ള കഴിവു പോലും അവർക്കില്ല.

ചുരുക്കത്തിൽ, ഈ പ്രപഞ്ചത്തെ അത്ഭുതകരമായ ഈ ക്രമത്തിൽ സൃഷ്ടിച്ചവനായ അല്ലാഹു; അവൻ മഹോന്നതനും എല്ലാം അറിയുന്നവനും എല്ലാത്തിനും കഴിവുള്ളവനും അതീവ യുക്തിമാനുമാണ്.

ഈ പറഞ്ഞ കാര്യങ്ങൾ വിവരിക്കുന്നതിനൊപ്പം മതനിഷേധികളുടെ ചില ആശയക്കുഴപ്പങ്ങൾക്ക് ഈ ഗ്രന്ഥം മറുപടി നൽകുക കൂടി ചെയ്യുന്നുണ്ട്. പ്രപഞ്ചത്തിന്

ഒരു സ്രഷ്ടാവ് ഉണ്ട് എന്ന് ബോധ്യപ്പെടുത്തുന്ന ബുദ്ധിപരമായ തെളിവുകളെയും ശുദ്ധപ്രകൃതി അറിയിക്കുന്ന ബോധ്യങ്ങളെയും കുതർക്കത്തിലൂടെ പരാജയപ്പെടുത്താനുള്ള അവരുടെ ശ്രമങ്ങളെ തകർക്കുന്നു ഈ ഗ്രന്ഥം.

പ്രപഞ്ചം 'പൊടുന്നനെ യാദൃച്ഛികമായി' ഉടലെടുത്തു എന്ന അവരുടെ ഏറ്റവും പ്രസിദ്ധമായ വഴികേടിനുള്ള മറുപടി അതിൽ പെട്ടതാണ്; കാര്യങ്ങൾ യഥാർത്ഥ രൂപത്തിൽ ഗ്രഹിക്കാത്തതിന്റെ പ്രശ്നമാണത്. അതല്ലെങ്കിൽ സാധ്യതാ സിദ്ധാന്തം (Probability theory) മുന്നോട്ടു വെക്കുന്ന അടിത്തറകളെ അവർ അവഗണിക്കുന്നു; സാധ്യതാ സിദ്ധാന്തം രണ്ട് നിബന്ധനകളില്ലാതെ പ്രയോഗത്തിൽ വരുകയില്ല.

സ്ഥലവും കാലവുമാണവ. (time and space)

യാദൃച്ഛിമായ ഒരു പരീക്ഷണം നടക്കാനും അതിന്റെ ഫലങ്ങൾ സംഭവിക്കാനും സമയം / കാലം അനിവാര്യമാണ്.

പരീക്ഷണത്തിന്റെ ഉപോൽപ്പന്നം പുറത്തു വരാൻ സാധ്യമാകുന്ന വിധത്തിൽ ഭൗതികമായ സ്ഥലവും അതിന് അനിവാര്യമാണ്.

ഇതാണ് വസ്തുതയെന്നിരിക്കെ പ്രപഞ്ചം യാദൃച്ഛികമായി രൂപപ്പെട്ടു എന്നെങ്ങനെ പറയും; കാരണം ഈ വാദപ്രകാരം സ്ഥലമോ കാലമോ ഇല്ലാത്തിടത്തു നിന്നാണ് പ്രപഞ്ചം രൂപപ്പെട്ടത്; എങ്കിൽ സാധ്യതാ സിദ്ധാന്തം സംഭവിക്കാൻ യാതൊരു വഴിയുമില്ല. (കാരണം അതിന്റെ സംഭവ്യതക്ക് സമയവും കാലവും അനിവാര്യമാണ്).

മതത്തിന്റെ അനിവാര്യതയും, മതം കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്നതും, ലോകങ്ങളുടെ രക്ഷിതാവിന് സമർപ്പിക്കുകയും കീഴൊതുങ്ങുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യവും അതോടൊപ്പം ഈ ഗ്രന്ഥം ചർച്ച ചെയ്തിരിക്കുന്നു. അല്ലാഹുവിന് സമർപ്പിക്കുകയും, അവനെ അനുസരിച്ചു

കൊണ്ട് കീഴൊതുങ്ങുകയും ചെയ്യുക എന്നതാണ് മതത്തിന്റെ അന്തസാരം.

നീ അല്ലാഹുവിന് കീഴൊതുങ്ങുകയും, നിന്റെ സ്രഷ്ടാവും നിനക്ക് ഉപജീവനം നൽകുന്നവനുമായ, നിനക്ക് മേൽ എല്ലാ അനുഗ്രഹങ്ങളും സുഖങ്ങളും മാർഗദർശനങ്ങളും നൽകിയ ഏകരക്ഷിതാവിനെ ആരാധിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ അർത്ഥം.

ഇങ്ങനെ അല്ലാഹുവിനെ ആരാധിക്കുക എന്നത് അടിമകൾക്ക് മേൽ അല്ലാഹുവിനുള്ള അവകാശമാണ്. കാരണം അവനാണ് നമ്മെ സൃഷ്ടിക്കുകയും നമുക്ക് ജീവൻ നൽകുകയും ഉപജീവനം ഒരുക്കിത്തരുകയും മാർഗദർശനം നൽകുകയും നമ്മിലേക്ക് ദൂതന്മാരെ നിയോഗിച്ചു കൊണ്ട് നമ്മെ പരീക്ഷിക്കുകയും, നമ്മിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്നറിയാൻ വേണ്ടി നമ്മെ ജീവിക്കാൻ വിടുകയും ചെയ്തത്. നമ്മുടെ സ്രഷ്ടാവായ

അല്ലാഹുവിനെ ആരാധിക്കുക എന്നത് നമ്മുടെ മേലുള്ള അവന്റെ അവകാശമാണെന്ന് നാം അറിയേണ്ടതുണ്ട്.

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ۝٢﴾ [الملك: 2]

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവൻ പ്രതാപിയും ഏറെ പൊറുക്കുന്നവനുമാകുന്നു." (മുൽക്: 2)

ഇത്രയും വിഷയങ്ങളോടൊപ്പം എന്തു കൊണ്ടാണ് ഇസ്ലാം മാത്രം സത്യമതമാകുന്നത് എന്നതിനും, അതല്ലാത്ത മറ്റൊരു മതവും അല്ലാഹു സ്വീകരിക്കില്ല എന്നതും ഈ ഗ്രന്ഥത്തിൽ വിവരിക്കപ്പെടുന്നു. അല്ലാഹു പറഞ്ഞതു പോലെ:

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ۝٨٥﴾ [آل عمران: 85]

"ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അല്ലാഹു അവന്റെ എല്ലാ ദൂതന്മാരുടെയും പ്രവാചകന്മാരുടെയും പക്കൽ നിയോഗിച്ചയച്ച മതമാണ് ഇസ്ലാം.

അല്ലാഹുവിനുള്ള സമർപ്പണവും അവന് മാത്രമായി ആരാധനകൾ സമർപ്പിക്കുക എന്നതുമാണ് ഈ മതത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ അടയാളം.

അല്ലാഹുവിനുള്ള സമർപ്പണത്തിലേക്ക് മനുഷ്യനെ വഴിനയിക്കുന്ന ഏറ്റവും സമ്പൂർണ്ണമായ നിയമസംഹിത ഇസ്ലാം മാത്രമാണ്.

ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിനെ ഏകനാക്കുന്നതിലേക്ക് ക്ഷണിക്കുന്ന ഒരേയൊരു മതം അതു

മാത്രമാണ്. അല്ലാഹു നിയോഗിച്ച എല്ലാ ദൂതന്മാരും വന്നെത്തിയത് ഇസ്ലാം പറഞ്ഞു പഠിപ്പിച്ചു കൊണ്ടേയിരിക്കുന്ന ഈ അടിത്തറ അറിയിക്കുന്നതിന് വേണ്ടിയാണ്.

അല്ലാഹു നിയോഗിച്ച അവന്റെ ദൂതന്മാരാകട്ടെ, അവരെല്ലാം ഏകദൈവാരാധന തങ്ങളുടെ വിശ്വാസമായി സ്വീകരിച്ചവരാണ്. അവരുടെ കർമ്മാനുഷ്ഠാനങ്ങളിൽ മാത്രമേ വ്യത്യാസങ്ങളുള്ളൂ.

അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ ٢٥﴾ [الأنبياء: 25]

"ഞാനല്ലാതെ (ആരാധനക്ക് അർഹനായി) ഒരു ആരാധ്യനുമില്ല; അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കൂ' എന്ന് സന്ദേശം നല്കിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല." (അമ്പിയാഅ്: 25)

ഈ പറഞ്ഞ ശുദ്ധമായ ഏകദൈവാരാധന ഇസ്ലാമിലല്ലാതെ മറ്റൊരു മതത്തിലും ഇന്ന് നിനക്ക് കണ്ടെത്താൻ കഴിയില്ല. എന്നാൽ മറ്റെല്ലാ മതവിഭാഗങ്ങളും കൂടിയോ കുറഞ്ഞോ ശിർകിന്റെ - ബഹുദൈവാരാധനയുടെ- അംശങ്ങൾ പേറുന്നുണ്ട്. നബിമാരുടെ മരണത്തിന് ശേഷം ജനങ്ങൾ അവർ പഠിപ്പിച്ച തൗഹീദ് ഉപേക്ഷിക്കുകയും, കാലം കടന്നു പോകുന്നതിന് അനുസരിച്ച് ശിർകിനെ പുണരുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നബിമാർ കൊണ്ടു വന്ന ശുദ്ധമായ ഏകദൈവാരാധന ഇസ്ലാമിലല്ലാതെ ഇന്ന് അവശേഷിക്കുന്നില്ല എന്നത് നിഷേധിക്കാൻ സാധിക്കാത്ത യാഥാർത്ഥ്യമാണ്.

എങ്ങനെയാണ് ഒരാൾ മുസ്ലിമാകേണ്ടത്, ഇസ്ലാമിന്റെ അർത്ഥവും അനിവാര്യതയും എന്താണ്, എന്നിങ്ങനെയുള്ള വിഷയങ്ങളും പുസ്തകത്തിന്റെ അവസാനത്തിൽ വിവരിച്ചിട്ടുണ്ട്.

മനുഷ്യന്റെ മനസ്സിൽ അവസാനമില്ലാതെ ചുറ്റിത്തിരിഞ്ഞു കൊണ്ടേയിരിക്കുന്ന, അവന്റെ അസ്തിത്വപരമായ സർവ്വ ചോദ്യങ്ങൾക്കും ഇസ്ലാമിന്റെ പക്കൽ ഉത്തരമുണ്ട്. നാം എവിടെ നിന്നു വന്നെത്തി എന്നതും, എന്തിനാണ് നാമീ ലോകത്ത് ജീവിച്ചു കൊണ്ടിരിക്കുന്നതെന്നും, നമ്മൾ എങ്ങോട്ടാണ് പൊയ്ക്കൊണ്ടിരിക്കുന്നതെന്നും ഇസ്ലാം വ്യക്തമായി വിവരിച്ചു തന്നിട്ടുണ്ട്.

വിശുദ്ധ ഖുർആനിലെ ഒരൊറ്റ ആയത്തിലൂടെ ഈ ചോദ്യങ്ങൾക്കെല്ലാം അല്ലാഹു മറുപടി നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَمَالِيَ لَآ أَعۡبُدُ ٱلَّذِى فَطَرَنِى وَإِلَيۡهِ تُرۡجَعُونَ ٢٢﴾ [يس: 22]

"ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

എവിടെ നിന്നാണ് ഞാൻ വന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് 'ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ' എന്ന വാക്കുകളിലുള്ളത്.

ഞാൻ എവിടേക്കാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത് എന്നതാണോ നിന്റെ ചോദ്യം?! എന്റെ പ്രവർത്തനങ്ങൾക്ക് വിചാരണ ചെയ്യപ്പെടാൻ അല്ലാഹുവിലേക്കാണ് ഞാൻ മടങ്ങാനിരിക്കുന്നത് എന്നതാണ് ഉത്തരം. "അവനിലേക്കാണ് നിങ്ങൾ മടക്കപ്പെടുക."

എന്തിനാണ് ഈ പ്രപഞ്ചത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നത് എന്നതാണോ ചോദ്യം?! അല്ലാഹുവിനെ ആരാധിക്കാനും ജീവിതമാകുന്ന പരീക്ഷണത്തിൽ വിജയിക്കാനും എന്നതാണ് അതിനുള്ള ഉത്തരം!

'എന്തിനാണ് ഞാൻ അല്ലാഹുവിനെ ആരാധിക്കുന്നത്' എന്നാണോ ചോദ്യം?! ഉത്തരം: എന്നെ സൃഷ്ടിച്ചവനെ ആരാധിക്കുക എന്നത് തീർത്തും

ന്യായമാണെന്നതാണ്. അടിമയും ഉടമസ്ഥനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം തന്നെ അതാണ്. അവൻ തന്റെ സ്രഷ്ടാവിനെ ആരാധിക്കേണ്ടവനാണ്. "ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" മനുഷ്യരുടെ ചിന്തകളെ പരിഭ്രാന്തമാക്കിയ മൂന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരൊറ്റ ആയത്തിൽ ഇതാ പരാമർശിക്കപ്പെട്ടിരിക്കുന്നു.

﴿وَمَالِيَ لَآ أَعۡبُدُ ٱلَّذِي فَطَرَنِي وَإِلَيۡهِ تُرۡجَعُونَ٢٢﴾ [يس: 22]

"ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

സർവ്വ ലോകർക്കുമായി അവരുടെ സ്രഷ്ടാവ് ഇറക്കി നൽകിയ മതമാണ് ഇസ്ലാം.

ഇസ്ലാമെന്നാൽ, ഓരോ മനുഷ്യനും തന്നെത്തന്നെ തന്റെ സ്രഷ്ടാവായ അല്ലാഹുവിന് സമർപ്പിക്കലാണ്. അവന്റെ മുന്നിൽ കീഴൊതുങ്ങുകയും, അവനെ അനുസരിച്ച് കൊണ്ട് താഴ്മ പുലർത്തുകയും ചെയ്യേണ്ടവനാണ് മനുഷ്യൻ. തന്റെ സ്രഷ്ടാവും രക്ഷാധികാരിയുമായ അല്ലാഹുവിന് മുൻപിൽ അവൻ അനുസരണയോടെയേ നിൽക്കാവൂ!

അല്ലാഹു പറയുന്നു:

﴿۞ وَمَن يُسۡلِمۡ وَجۡهَهُۥٓ إِلَى ٱللَّهِ وَهُوَ مُحۡسِنٞ فَقَدِ ٱسۡتَمۡسَكَ بِٱلۡعُرۡوَةِ ٱلۡوُثۡقَىٰۗ وَإِلَى ٱللَّهِ عَٰقِبَةُ ٱلۡأُمُورِ ٢٢﴾ [لقمان: 22]

"വല്ലവനും സദ്വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടികയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്." (ലുഖ്മാൻ: 22) നിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനോടുള്ള

അടിമത്വം നീ അംഗീകരിക്കുക. ഇതാണ് ഇസ്ലാം. അല്ലാഹു പറയുന്നു:

﴿قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ الْعَالَمِينَ ۝١٦٢ لَا شَرِيكَ لَهُ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا أَوَّلُ الْمُسْلِمِينَ ۝١٦٣﴾ [الأنعام: 162-163]

"പറയുക: തീർച്ചയായും എന്റെ നിസ്കാരവും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു. അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്." (അൻആം: 162-163)

"തീർച്ചയായും എന്റെ പ്രാർത്ഥനയും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു." അതായത് എന്റെ സർവ്വവും ഞാൻ അല്ലാഹുവിന് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഞാൻ

നിസ്കരിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമാണ്. ഞാൻ എന്റെ മാതാപിതാക്കളെ അനുസരിക്കുന്നതും, ജനങ്ങൾക്ക് പ്രയോജനം ചെയ്യാൻ വേണ്ടി വിദ്യയും വിജ്ഞാനവും കരസ്ഥമാക്കുന്നതും അല്ലാഹുവിന് വേണ്ടിയാണ്. ഞാൻ ഉറങ്ങുന്നത് നാളെ ഉന്മേഷത്തോടെ എഴുന്നേൽക്കുകയും, എന്റെ രക്ഷിതാവ് എന്നോട് കൽപ്പിച്ച പ്രവർത്തികൾ നിറവേറ്റുകയും ചെയ്യുന്നതിന് വേണ്ടിയാണ്.

എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹുവിന്റെ അടിമത്വം അംഗീകരിക്കുന്നവനാണ് അവൻ. അല്ലാഹുവിന് കീഴൊതുങ്ങുക എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളവും സൂചനയുമാണ് ഇവയെല്ലാം.

മനുഷ്യന്റെ വൈജ്ഞാനിക ദാഹം... നമ്മെ എപ്പോഴും ചിന്തയിൽ ആഴ്ത്തിക്കൊണ്ടേയിരിക്കുന്ന ചോദ്യങ്ങൾക്കുള്ള ഉത്തരം തൃപ്തികരമായി നൽകാൻ ഇസ്ലാമിനല്ലാതെ സാധിക്കില്ല.

എന്നാൽ മതനിഷേധത്തിന് മനുഷ്യനെ പഠിപ്പിക്കാനുള്ളത് എന്താണ്?! 'ഞാൻ ജനിച്ചു വീണത് മരിക്കുന്നതിന് വേണ്ടിയാണെന്നല്ലാതെ' മറ്റെന്താണ് അവർക്ക് മനുഷ്യന് പറഞ്ഞു കൊടുക്കാനുള്ളത്?!

മതനിഷേധികളുടെ ചോദ്യങ്ങൾക്ക് വൈജ്ഞാനികവും ബൗദ്ധികവുമായ കൃത്യമായ ഉത്തരം നൽകുകയും, ഇസ്ലാമിന്റെ പ്രാമാണികത ഊട്ടിയുറപ്പിക്കുകയും ചെയ്യുന്ന ഒരു കൃതിയാണിത് എന്ന് ചുരുക്കിപ്പറയാം.

ചോദ്യോത്തരങ്ങളുടെ രൂപത്തിലാണ് ഈ ഗ്രന്ഥം ഒരുക്കിയിട്ടുള്ളത് .

എങ്കിൽ വരൂ! അല്ലാഹുവിന്റെ അനുഗ്രഹം തേടിക്കൊണ്ട് നമുക്ക് ആരംഭിക്കാം.

## 1- എന്താണ് മതനിഷേധം?

ഉത്തരം: അദൃശ്യമായ എന്തെങ്കിലുമൊരു ശക്തിയുണ്ടെന്ന വിശ്വാസത്തെ

പൂർണ്ണമായും നിരാകരിക്കലാണ് മതനിഷേധം കൊണ്ട് ഉദ്ദേശ്യം.

പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്നതും, പ്രവാചകന്മാർ നിയോഗിക്കപ്പെട്ടു എന്നതും, മരണത്തിന് ശേഷം പുനരുത്ഥാനമുണ്ടെന്നതും മതനിഷേധികൾ തീർത്തും നിരാകരിക്കുന്നു.

## 2- മതനിഷേധികളെ നിങ്ങൾ എന്തിനാണ് ആക്ഷേപിക്കുന്നത്?

ഉത്തരം: ഒരാൾക്ക് മതത്തിൽ വിശ്വസിക്കാൻ ആവശ്യമായി വരുന്ന തെളിവുകളെ അപേക്ഷിച്ചു നോക്കുമ്പോൾ വലിയ (അന്ധ)വിശ്വാസമുള്ളവന് മാത്രമേ മതനിഷേധിയാകാൻ കഴിയൂ.

കാരണം അനേകം ഊഹങ്ങളുടെയും സാധ്യതകളുടെയും അബദ്ധജടിലമായ ഭാവനകളുടെയും ഫലമാണ് മതനിഷേധം എന്നത്. മതവിശ്വാസം എന്നതാകട്ടെ, മനുഷ്യരുടെ ശുദ്ധപ്രകൃതിയുടെ കേവലതേട്ടവും ഖണ്ഡിതമായ

തെളിവുകളുടെ അടിസ്ഥാനത്തിലുള്ള വിശ്വാസവുമാണ്. അവയിൽ പലതും നമ്മുടെ കണ്ണു കൊണ്ട് ദർശിക്കാവുന്നതാണെങ്കിൽ മറ്റു ചിലത് ബുദ്ധിപരമായ അനിവാര്യതകളും മതപരമായ ദൃഷ്ടാന്തങ്ങളും തെളിവുകളുമാണ്.

നിനക്കൊരു മതനിഷേധിയാകണമെങ്കിൽ ഇനി പറയുന്നതെല്ലാം നീ വിശ്വസിക്കണം;

1- സർവ്വ ശൂന്യതയായിരുന്നു തുടക്കത്തിൽ... ഈ ശൂന്യത മറ്റൊരു ശൂന്യതയുമായി കൂടിച്ചേരുകയും അങ്ങനെ ഒരു ഗംഭീര സൃഷ്ടിപ്പ് ഉണ്ടാവുകയും ചെയ്തു... ഏതൊരാളെയും അത്ഭുതപരതന്ത്രനാക്കുന്ന, അളവുകൾക്ക് അറ്റം നൽകാൻ കഴിയാത്ത ഈ പ്രപഞ്ചം അങ്ങനെയാണുണ്ടായത്!

2- ആകസ്മികമായ ഏതോ ഒരു നീക്കം ഭൗതിക പ്രപഞ്ചം രൂപപ്പെടാൻ വഴിയൊരുക്കി. എന്നാൽ മുൻപ് പറഞ്ഞതു പോലെ, ഈ 'സാധ്യതാ സിദ്ധാന്തം' ഫലപ്രദമായി നടപ്പിലാകണമെങ്കിൽ

അതിന് സ്ഥല-കാലങ്ങളുടെ അസ്തിത്വം ആദ്യം സ്ഥിരീകരിക്കേണ്ടതുണ്ട്. പക്ഷേ, 'ഇല്ലാത്ത സ്ഥലത്തിൽ നിന്നും ഇല്ലാത്ത കാലത്തിൽ നിന്നുമാണ് യാദൃച്ഛികത പ്രവർത്തിച്ചത്' എന്നാണ് മതനിഷേധി വിശ്വസിക്കേണ്ടത്!

3- ഭൂമിയുടെ ആദ്യകാല പരിസ്ഥിതിയും അവിടെ നിലനിന്ന ആകസ്മികതയും കൂടിച്ചേർന്നപ്പോൾ അത് ജീവൻ എന്ന പ്രതിഭാസത്തിന് രൂപം നൽകി; ബാക്റ്റീരിയകളും മനുഷ്യനുമെല്ലാം ഈ യാദൃച്ഛികതകളുടെ ഫലമാണ്! എന്നാൽ ഇത് വിശ്വസിക്കുന്ന അതേ വ്യക്തി വിസ്മരിക്കേണ്ട മറ്റൊന്നുണ്ട്; ആകസ്മികതയിൽ രൂപപ്പെട്ടതാണ് ജീവൻ എന്ന പ്രതിഭാസമെങ്കിലും ജീവന്റെ ഏറ്റവും ലളിതവും നിസ്സാരവുമായ ഒരു കണിക പോലും നിർമ്മിക്കാൻ ഈ കാലഘട്ടത്തിലും മനുഷ്യന് സാധ്യമല്ല എന്നതാണത്!

4- മനുഷ്യരെല്ലാം ഏകസ്വരത്തിൽ അംഗീകരിക്കുകയും ജീവിതം മുന്നോട്ടു

നീക്കുകയും ചെയ്യുന്ന സ്വഭാവപരവും ധാർമ്മികവുമായ മൂല്യങ്ങൾ; അവയെല്ലാം ഭൗതിക പദാർത്ഥ ലോകത്തിന്റെ സംഭാവനകളാണെന്ന് വിശ്വസിക്കണം. എന്നാൽ ഈ മൂല്യങ്ങളും ധാർമ്മികതകളുമെല്ലാം ഭൗതിക വ്യവഹാരങ്ങളിൽ നഷ്ടം വരുത്തുമെന്നും, ഭൗതികമായ ഭാരങ്ങളും ഉത്തരവാദിത്തങ്ങളും ചുമലിലേറ്റുന്നു എന്നതും നീ വിസ്മരിക്കുകയും വേണം. ഇത്രയുമെല്ലാം വിശ്വസിക്കാൻ നിനക്ക് കഴിഞ്ഞാൽ മതനിഷേധത്തിന്റെ ആദ്യപടികൾ ചവിട്ടാനുള്ള യോഗ്യത നിനക്ക് വന്നെത്തിയിരിക്കുന്നു എന്നാണർത്ഥം!

5- സർവ്വ മനുഷ്യരെയും ഭൂമിയുടെ പ്രതലത്തിൽ നിന്ന് തുടച്ചു നീക്കാൻ പാടില്ല എന്നറിയിക്കുന്ന ബുദ്ധിപരമോ ഭൗതികമോ ആയ ഒരു തെളിവുമില്ല എന്നതും മതനിഷേധിക്ക് വിശ്വസിക്കാവുന്നതാണ്.

കാരണം ഭൗതിക ലോകത്തെവിടെയാണ് ശരിയും തെറ്റുമുള്ളത്?!

ഭൂമിക്ക് മുകളിലുള്ള സർവ്വ മനുഷ്യനെയും കൊന്നൊടുക്കുന്നതും, അവരെ വെറുതെ വിടുന്നതും ഭൗതികമായ കണ്ണിൽ ഒരേ പോലെത്തന്നെയാണ്!

ചുരുക്കിപ്പറഞ്ഞാൽ നാസ്തികതയും ഒരു വിശ്വാസം തന്നെയാണ്; പക്ഷേ അറിവിന്റെയോ തെളിവിന്റെയോ ബുദ്ധിയുടെയോ സംസ്കാരത്തിന്റെയോ ഒരു കണിക പോലും തീണ്ടിയിട്ടില്ലാത്ത തനി അന്ധവിശ്വാസമാണതെന്ന് മാത്രം!

## 3- പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതിനുള്ള തെളിവ് എന്താണ്?

ഉത്തരം: തെളിവുകൾ അനേകമനേകമുണ്ട്. രണ്ടു തെളിവുകൾ മാത്രം ഇവിടെ പറയാം.

1- ഭൗതിക പ്രപഞ്ചത്തിന്റെ അസ്തിത്വം നൽകുന്ന തെളിവ്.

2- പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്.

## 4- എന്താണ് 'ഭൗതിക പ്രപഞ്ചത്തിന്റെ അസ്തിത്വം നൽകുന്ന തെളിവ്' എന്നതു കൊണ്ട് ഉദ്ദേശ്യം?

'ഭൗതിക പ്രപഞ്ചത്തിന്റെ അസ്തിത്വം നൽകുന്ന തെളിവ്' എന്നതിന്റെ ഉദ്ദേശ്യം ഇപ്രകാരമാണ്:

ഒരു വസ്തുവും മുൻപ് ഉണ്ടായിരുന്നില്ല; മറിച്ച് എല്ലാം പുതുതായി ഉണ്ടായതാണ്. പുതുതായി ഉണ്ടായതെല്ലാം ആരെങ്കിലും നിർമ്മിച്ചതാകാതെ തരമില്ല.

ഈ പറഞ്ഞ തെളിവ് പ്രകാരം പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്ന് അറിയിക്കുന്ന എണ്ണമില്ലാത്ത തെളിവുകൾ നമുക്ക് പറയാൻ സാധിക്കും.

അല്ല! പ്രപഞ്ചത്തിലെ ഓരോ കണികയും സ്രഷ്ടാവുണ്ട് എന്നതിനുള്ള തെളിവാണ്. കാരണം മുൻപില്ലാതിരുന്ന ഏതൊരു കാര്യം

പുതുതായി രൂപപ്പെട്ടെങ്കിലും അതിന് ഒരു നിർമ്മാതാവുണ്ടായിരിക്കുക എന്നത് അനിവാര്യമാണ്.

പ്രപഞ്ചത്തിലെ ഏതൊരു വസ്തുവും പുതുതായി രൂപപ്പെട്ടതും മാറ്റങ്ങൾക്ക് വിധേയമായതുമാണ്; അവയിൽ ഒന്നു പോലും അനന്തമോ സ്ഥായിയോ അല്ല. ഇതിൽ നിന്നെല്ലാം അവയൊന്നും സ്വയം പര്യാപ്തമല്ലെന്ന് മനസ്സിലാക്കാം. സ്വയം പര്യാപ്തമല്ലാത്ത ഒരു വസ്തുവാണ് അവയെങ്കിൽ അവക്ക് സ്വയം സൃഷ്ടിക്കുക സാധ്യമല്ല; ഇത് അവക്കൊരു സ്രഷ്ടാവുണ്ട് എന്ന് അറിയിക്കുന്നു. ചുരുക്കത്തിൽ, പ്രപഞ്ചത്തിലെ ഏതൊരു വസ്തുവിലേക്ക് നീ നോക്കുമ്പോഴും അവയെല്ലാം അതിന്റെ സ്രഷ്ടാവിലേക്ക് നിന്റെ ചിന്ത കൊണ്ടെത്തിക്കുന്നുണ്ട്.

ഇതു കൊണ്ടാണ് മനുഷ്യരോട് പ്രപഞ്ചത്തിലേക്ക് കണ്ണയക്കാനും ചുറ്റുപാടുമുള്ള സൃഷ്ടിപ്പിലേക്ക് ശ്രദ്ധ കൊണ്ടുവരാനും വിശുദ്ധ ഖുർആനിലൂടെ

അല്ലാഹു ആവർത്തിച്ച് കൽപ്പിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿قُلِ ٱنظُرُواْ مَاذَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ وَمَا تُغۡنِي ٱلۡأٓيَٰتُ وَٱلنُّذُرُ عَن قَوۡمٖ لَّا يُؤۡمِنُونَ ١٠١﴾ [يونس: 101]

"(നബിയേ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണുള്ളതെന്ന് നിങ്ങൾ നോക്കുവിൻ. വിശ്വസിക്കാത്ത ജനങ്ങൾക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്തുഫലം ചെയ്യാനാണ്?" (യൂനുസ്: 101) അല്ലാഹു പറയുന്നു:

﴿أَوَلَمۡ يَتَفَكَّرُواْ فِيٓ أَنفُسِهِمۗ مَّا خَلَقَ ٱللَّهُ ٱلسَّمَٰوَٰتِ وَٱلۡأَرۡضَ وَمَا بَيۡنَهُمَآ إِلَّا بِٱلۡحَقِّ وَأَجَلٖ مُّسَمّٗىۗ وَإِنَّ كَثِيرٗا مِّنَ ٱلنَّاسِ بِلِقَآيِٕ رَبِّهِمۡ لَكَٰفِرُونَ ٨﴾ [الروم: 8]

"അവരുടെ സ്വന്തത്തെപ്പറ്റി അവർ ചിന്തിച്ച് നോക്കിയിട്ടില്ലേ? ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും ശരിയായ മുറപ്രകാരവും നിർണിതമായ അവധിയോട് കൂടിയുമല്ലാതെ അല്ലാഹു സൃഷ്ടിച്ചിട്ടില്ല. തീർച്ചയായും മനുഷ്യരിൽ

അധികപേരും തങ്ങളുടെ രക്ഷിതാവിനെ കണ്ടുമുട്ടുന്നതിൽ വിശ്വാസമില്ലാത്തവരത്രെ." (റൂം: 8)

അല്ലാഹു പറയുന്നു:

﴿أَوَلَمۡ يَنظُرُواْ فِي مَلَكُوتِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَمَا خَلَقَ ٱللَّهُ مِن شَيۡءٖ وَأَنۡ عَسَىٰٓ أَن يَكُونَ قَدِ ٱقۡتَرَبَ أَجَلُهُمۡۖ فَبِأَيِّ حَدِيثِۭ بَعۡدَهُۥ يُؤۡمِنُونَ ١٨٥﴾ [الأعراف: 185]

"ആകാശഭൂമികളുടെ ആധിപത്യ രഹസ്യത്തെപ്പറ്റിയും, അല്ലാഹു സൃഷ്ടിച്ച ഏതൊരു വസ്തുവെ പറ്റിയും അവർ ചിന്തിച്ച് നോക്കിയില്ലേ?" (അഅ്റാഫ്: 185)

പ്രപഞ്ചത്തിലെ സർവ്വ വസ്തുക്കളും മുൻപില്ലാതിരുന്ന, പിന്നീട് പുതുതായി രൂപം കൊണ്ടവയാണ്; ചുരുക്കത്തിൽ അവയെല്ലാം അതിന്റെ സ്രഷ്ടാവായ അല്ലാഹുവിലേക്ക് വഴികാണിക്കുന്ന നേർക്കുനേരെയുള്ള തെളിവുകളാണ്.

## 5- 'പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്' എന്നതു കൊണ്ട് ഉദ്ദേശ്യം എന്താണ്?

'2- പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്' എന്നത് കൊണ്ട് ഉദ്ദേശ്യം:

പ്രപഞ്ചത്തിൽ കാണപ്പെടുന്ന ഏതൊരു വസ്തുവിലും അവഗണിക്കാൻ സാധിക്കാത്ത വിധമുള്ള സങ്കീർണ്ണതകൾ നിശ്ചയിക്കപ്പെട്ടതായി കണ്ടെത്താൻ കഴിയും. മനുഷ്യൻ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും ചെറിയ ഭൗതിക പദാർത്ഥമായ കാർകുകൾ മുതൽ ഗാലക്സികൾ വരെയുള്ള സർവ്വ വസ്തുക്കളിലും ഈ സങ്കീർണ്ണതയുടെ സാന്നിധ്യമുണ്ട്.

അവയെല്ലാം പ്രപഞ്ചത്തിൽ തങ്ങളുടേതായ ഒരു പങ്ക് നിരന്തരമായി നൽകിക്കൊണ്ടേയിരിക്കുന്നു. നിശ്ചിതമായ

ഒരു 'തൊഴിൽ' നൽകപ്പെടാത്ത ഒരു വസ്തുവുമില്ല.

പ്രപഞ്ചത്തിലെ ഓരോ വസ്തുവും സ്രഷ്ടാവിലേക്ക് നയിക്കുന്ന തെളിവുകളാണെന്ന് നാം നേരത്തെ പറഞ്ഞുവെങ്കിൽ, പ്രസ്തുത പ്രപഞ്ചത്തിലെ ഓരോ കണികയിലും കാണപ്പെടുന്ന ഈ സങ്കീർണ്ണമായ ക്രമീകരണം അതിനോടൊപ്പം എണ്ണാവുന്ന മറ്റൊരു തെളിവാണ്.

അസ്തിത്വം തെളിവിന്റെ ആദ്യഘട്ടമാണെങ്കിൽ,

ഓരോ വസ്തുവിന്റെയും ഉള്ളിലുള്ള അത്ഭുതകരവും സങ്കീർണ്ണവുമായ ഈ 'എഞ്ചിനീയറിംഗ്' മറ്റൊരു തെളിവാണ്.

നിന്റെ ചുറ്റുമുള്ള എല്ലാം കൃത്യമായ ഒരു 'ഡിസൈനിംഗ്' പാലിച്ചു കൊണ്ടാണുള്ളത്. അവയ്ക്ക് ഓരോന്നിനും തങ്ങളുടേതായ പങ്ക് വഹിക്കാനുണ്ട്.

നിന്റെ ചുറ്റുമുള്ള ഓരോ വസ്തുവിലും ഈ കൃത്യമായ സങ്കീർണ്ണതയുടെ സാന്നിദ്ധ്യമുണ്ട് എന്നർത്ഥം.

ഈ സങ്കീർണ്ണതയും 'എഞ്ചിനീയറിംഗും' പ്രപഞ്ചം ഒരുവൻ നിർമ്മിക്കുകയും സൃഷ്ടിക്കുകയും ചെയ്തതാണെന്ന് അറിയിക്കുന്ന തെളിവാണ്.

അതിനാൽ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടാകാതെ തരമില്ല.

ഒരുദാഹരണം പറയാം; ഇലക്ട്രിക് ബൾബുകൾ; അവ സങ്കീർണ്ണമായ എഞ്ചിനീയറിംഗിന്റെ ഉദാഹരണങ്ങളിലൊന്നാണ്.

ഇലക്ട്രിക് ബൾബിൽ എന്തെല്ലാമുണ്ട്?!

1- ഫിലമെന്റുകൾ.

2- കോപ്പർ വയറുകൾ; അതിലൂടെയാണ് വൈദ്യുതി വന്നെത്തുന്നത്.

3- Inert Gas (അലസ വാതകം). ഫിലമെന്റുകളെ സംരക്ഷിക്കുന്നത്

അവയാണ്. വൈദ്യുതിയുമായോ ഫിലമെന്റുകളുമായോ അവ ചേരുന്നില്ല.

4- Glass (സ്ഫടികം): അലസ വാതകം പുറത്തേക്ക് പോകാതെയും, പുറത്തുള്ള വായു ഉള്ളിലേക്ക് പ്രവേശിക്കാതെയും തടയുന്നത് സ്ഫടികം കൊണ്ടുള്ള കവചമാണ്. അതില്ലായെങ്കിൽ ഫിലമെന്റുകൾ ചൂടു കാരണം കരിഞ്ഞു പോകുമായിരുന്നു.

5- വിളക്കിന്റെ കാപ്പുകൾ: വൈദ്യുത സോക്കറ്റിലേക്ക് വിളക്കിനെ ചേർത്തു നിർത്തുന്നതും, വൈദ്യുതി പ്രവഹിക്കാനുള്ള മാർഗമായി നിലകൊള്ളുന്നതും ഈ ഭാഗമാണ്.

ഈ ഉദാഹരണത്തിൽ ഇലക്ട്രിക് ബൾബ് എന്നത് ഒരു മെക്കാനിസ്സമാണ്; അതിൽ നിസ്സാരമെന്ന് പറയാൻ സാധിക്കാത്ത ഒരു സങ്കീർണ്ണതയുണ്ട്. കൃത്യമായ ഒരു നിർമ്മാണം ഈ ഇലക്ട്രിക് ബൾബിന് പിറകിലുണ്ട് എന്നത് ബുദ്ധിപരമായി മനസ്സിലാക്കാവുന്ന കാര്യമാണ്.

ഈ വിളക്ക് 'യാദൃച്ഛികമായി' ഉണ്ടായി എന്നോ, ഇതിന് പിന്നിൽ ഒരു സങ്കീർണ്ണമായ നിർമ്മിതി ഇല്ലെന്നോ അവകാശപ്പെടുന്നവനാണ് തെളിവ് ഹാജരാക്കാൻ ബാധ്യസ്ഥനായിട്ടുള്ളത്!

വൈദ്യുതിയെ കുറിച്ചും, അതിന്റെ പ്രവാഹത്തെ കുറിച്ചും, വിളക്ക് കൊണ്ടുള്ള പ്രയോജനത്തെ കുറിച്ചും, ഫിലമെന്റുകളുടെ പ്രവർത്തനത്തെ കുറിച്ചും വ്യക്തമായ ബോധ്യമുള്ള ഒരാളാണ് ഈ ബൾബ് നിർമ്മിച്ചിട്ടുള്ളത് എന്നതിൽ സംശയമില്ല. അതു കൊണ്ട് ആ ബൾബിന്റെ കേവലമായ അസ്തിത്വം തന്നെ അതിന്റെ പിറകിൽ ഒരു നിർമാതാവ് ഉണ്ട് എന്ന വ്യക്തമായ തെളിവ് നൽകുന്നുണ്ട്. വ്യത്യസ്തങ്ങളായ വിളക്കുകൾ വേറെയുമുണ്ട് എന്നതിനാൽ ഇങ്ങനെ ഒരു വിളക്കും ഉണ്ടായേക്കാം എന്ന് 'തോന്നുംപോലെ പറയാവുന്ന ഒരു നിഗമനമല്ല' അത് എന്നർത്ഥം.

ഇതേ രൂപത്തിൽ, ഈ പറഞ്ഞ അതേ രീതിയിൽ സങ്കീർണ്ണമായ ക്രമീകരണങ്ങൾ കാണപ്പെടുന്ന ഏതൊരു വസ്തുവിനും ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കണം എന്ന് പറയുക സാധ്യമാണ്; അതിനൊരു ഉദാഹരണമാണ് മനുഷ്യൻ...

വിളക്ക് കേവലം അഞ്ചു വസ്തുക്കളിൽ നിന്നാണ് രൂപപ്പെടുത്തിയെടുക്കുന്നത് എങ്കിൽ...

മനുഷ്യൻ രൂപപ്പെട്ടിരിക്കുന്നത് അവന്റെ ഓരോ കോശങ്ങളിലും അടങ്ങിയിട്ടുള്ള നാലു മില്ല്യൺ സ്വീകൻസുകളിൽ നിന്നാണ്!

ഒരു ജീവനുള്ള സെല്ലിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന നാലു മില്ല്യൺ ജീൻ സ്വീകൻസുകൾ! DNA എന്ന് വിളിക്കപ്പെടുന്ന ഈ സ്വീകൻസുകളുടെ സാന്നിധ്യം മനുഷ്യ ശരീരത്തിലെ ഓരോ കോശങ്ങളിലുമുണ്ട്.

അഞ്ചു വസ്തുക്കളിൽ നിന്ന് രൂപം നൽകപ്പെട്ട ഒരു ഇലക്ട്രിക് ബൾബ് ഒരു

നിർമ്മാതാവില്ലാതെ രൂപപ്പെടില്ലെന്ന് പറയുന്ന അതേ നാവു കൊണ്ട് നിനക്ക് ഒരു സ്രഷ്ടാവില്ലെന്നാണ് നീ വാദിക്കുന്നത് എങ്കിൽ... നിന്റെ പ്രശ്നം നിസ്സാരമല്ല എന്നേ പറയാനാകൂ!

﴿أَمْ خُلِقُوا۟ مِنْ غَيْرِ شَىْءٍ أَمْ هُمُ ٱلْخَٰلِقُونَ ۝٣٥﴾ [الطور: 35]

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? (ത്വൂർ: 35-37)

നിന്റെ ചുറ്റുമുള്ള സർവ്വതിലും നാം പറഞ്ഞ ഈ സങ്കീർണ്ണതയുടെ സാന്നിദ്ധ്യമുണ്ട്. പ്രകൃതിയിലോ അതിലുള്ള കോടാനുകോടി ആറ്റങ്ങളിലോ, ഗ്യാലക്സികളിലോ നിന്റെ ശരീരത്തിന്റെ ഉള്ളറകളിലോ... എവിടെ നോക്കിയാലും സങ്കീർണ്ണമായ ഒരു ക്രമീകരണം കണ്ടെത്താതിരിക്കാൻ നിനക്ക് സാധിക്കില്ല.

പ്രപഞ്ചത്തിലുള്ള ഓരോ വസ്തുക്കളിലും ഓരോ ചെറിയ രൂപങ്ങളിലും ഈ പറയപ്പെട്ട സങ്കീർണ്ണതയും, അവയ്ക്ക് ഏൽപ്പിക്കപ്പെട്ട ദൗത്യ നിർവ്വഹണവും നടന്നു കൊണ്ടേയിരിക്കുന്നു.

അല്ലാഹു പറയുന്നു:

﴿إِنَّ فِي خَلۡقِ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَٱخۡتِلَٰفِ ٱلَّيۡلِ وَٱلنَّهَارِ وَٱلۡفُلۡكِ ٱلَّتِي تَجۡرِي فِي ٱلۡبَحۡرِ بِمَا يَنفَعُ ٱلنَّاسَ وَمَآ أَنزَلَ ٱللَّهُ مِنَ ٱلسَّمَآءِ مِن مَّآءٖ فَأَحۡيَا بِهِ ٱلۡأَرۡضَ بَعۡدَ مَوۡتِهَا وَبَثَّ فِيهَا مِن كُلِّ دَآبَّةٖ وَتَصۡرِيفِ ٱلرِّيَٰحِ وَٱلسَّحَابِ ٱلۡمُسَخَّرِ بَيۡنَ ٱلسَّمَآءِ وَٱلۡأَرۡضِ لَأٓيَٰتٖ لِّقَوۡمٖ يَعۡقِلُونَ ١٦٤﴾ [البقرة: 164]

"ആകാശഭൂമികളുടെ സൃഷ്ടിപ്പിലും, രാപകലുകളുടെ മാറ്റത്തിലും, മനുഷ്യർക്ക് ഉപകാരമുള്ള വസ്തുക്കളുമായി കടലിലൂടെ സഞ്ചരിക്കുന്ന കപ്പലിലും, ആകാശത്ത് നിന്ന് അല്ലാഹു മഴ ചൊരിഞ്ഞു തന്നിട്ട് നിർജീവാവസ്ഥയ്ക്കു ശേഷം ഭൂമിക്ക് അതു മുഖേന ജീവൻ നല്കിയതിലും, ഭൂമിയിൽ എല്ലാതരം

ജന്തുവർഗങ്ങളെയും വ്യാപിപ്പിച്ചതിലും, കാറ്റുകളുടെ ഗതിക്രമത്തിലും, ആകാശഭൂമികൾക്കിടയിലൂടെ നിയന്ത്രിച്ച് നയിക്കപ്പെടുന്ന മേഘത്തിലും ചിന്തിക്കുന്ന ജനങ്ങൾക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്; തീർച്ച." (ബഖറ: 164)

ഈ രൂപത്തിലുള്ള അനേകം വചനങ്ങൾ വിശുദ്ധ ഖുർആനിൽ വേറെയും കാണാം.

എന്നാൽ തന്റെ ബുദ്ധി ഉപയോഗപ്പെടുത്തുന്നവനല്ലാതെ ചിന്തിക്കുകയില്ല എന്നതാണ് വസ്തുത.

﴿... وَمَا يَذَّكَّرُ إِلَّآ أُوْلُواْ ٱلۡأَلۡبَٰبِ ٧﴾ [آل عمران: 7]

"ബുദ്ധിമാന്മാരല്ലാതെ ഉൽബോധനം സ്വീകരിക്കുകയില്ല." (ആലു ഇംറാൻ: 7)

ആരെങ്കിലും തന്റെ ബുദ്ധി ഉപയോഗപ്പെടുത്തുകയും, പ്രപഞ്ചത്തിലൂടെ കണ്ണോടിക്കുകയും, അതിലെ സൃഷ്ടിപ്പിന്റെ തെളിവുകൾ കാണുകയും, ഓരോ കണികകളിലും കണ്ടെത്താൻ കഴിയുന്ന

സങ്കീർണ്ണതയെ കുറിച്ച് ആലോചിക്കുകയും ചെയ്താൽ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്ന യാഥാർത്ഥ്യം അവന് സംശയലേശമെന്യേ ബോധ്യപ്പെടുന്നതാണ്.

## 6- ജീവന്റെ ലളിതമായ ആദ്യരൂപങ്ങളിൽ നിന്ന് വികസിച്ചുണ്ടായതാണ് മനുഷ്യനും മറ്റു ജീവികളുമെന്ന് പറയുന്നത് എന്തു കൊണ്ട് ശരിയല്ല?!

ഉത്തരം: അങ്ങനെ പറയുന്നതിൽ രണ്ട് പ്രശ്നങ്ങളുണ്ട്.

ഒന്നാമത്തെ പ്രശ്നം: ഏതെങ്കിലുമൊരു ജീവിവർഗം മറ്റൊരു ജീവിവർഗത്തിലേക്ക് പരിണമിക്കുന്ന ഏതെങ്കിലുമൊരൊറ്റ സംഭവം പോലും നിരീക്ഷണത്തിൽ തെളിഞ്ഞിട്ടില്ല. അപ്പോൾ പിന്നെ ആദ്യകാല ജീവിവർഗങ്ങളിൽ നിന്ന് മനുഷ്യനിലേക്കുള്ള ഈ പരിണാമത്തിന്റെ

'കുതിച്ചുചാട്ടം' എങ്ങനെ വിശദീകരിക്കാൻ സാധിക്കും?!

നേർക്കുനേരെയുള്ള യാതൊരു തെളിവിന്റെയും അടിസ്ഥാനമില്ലാതെ ഈ പറയുന്ന 'സാധ്യതകളെയും' 'നിഗമനങ്ങളെയും' സ്ഥിരീകരിക്കാൻ എങ്ങനെയാണ് ഒരു നാസ്തികന് സാധിക്കുന്നത്?! അതിനുമപ്പുറം, ബുദ്ധിപരവും മതപരവുമായ അനേകം തെളിവുകളെ എങ്ങനെയാണ് അവൻ നിഷേധിക്കുന്നത്?!

രണ്ടാമത്തെ പ്രശ്നം: ഒരു കോശത്തിന്റെ പ്രവർത്തനത്തിന് ഏറ്റവും കുറഞ്ഞത് ഇരുന്നൂറ് ജീനുകളുടെ സാന്നിധ്യമെങ്കിലും വേണമെന്നാണ് Minimum gene set concept പ്രകാരം കണക്കാക്കപ്പെടുന്നത്. അതായത് എത്ര നിസ്സാരമായ ജീവന്റെ കണികയാണെങ്കിലും അതിൽ ഇരുന്നൂറ് ജീനുകളുടെയെങ്കിലും സാന്നിധ്യം അനിവാര്യമാണ്.

മേൽ പറഞ്ഞ തിയറി പ്രകാരം ഒരു ജീവനുള്ള കോശത്തിന് നിലനിൽക്കാൻ വേണ്ട ജീനുകളുടെ എണ്ണമാണ് ഈ പറഞ്ഞത്.

ചുരുക്കത്തിൽ എത്ര ജീനുകൾ കുറഞ്ഞാലും ഒരു ജീവനുള്ള വസ്തുവിൽ ഒരു ജീൻ മാത്രമുണ്ടാവുക എന്നത് സംഭവിക്കുകയില്ല.

ഒരു ജീൻ മാത്രമെടുത്താൽ തന്നെയും, അതിൽ വളരെ വലിയ ഒരു കൂട്ടം ജെനെറ്റിക് കോഡുകളുടെ സാന്നിധ്യമുണ്ട്.

ജീവന്റെ സാന്നിധ്യമുള്ള ഏതൊരു വസ്തു നിലനിൽക്കണമെങ്കിലും ഇത്തരം അനേകം ജീനുകളുടെ സംഗമം ഉണ്ടായിരിക്കണം. അവയാണ് ജീവന് ഊർജ്ജം പകരുന്നത്. ഊർജ്ജമില്ലാതെ ജീവന് നിലനിൽപ്പില്ല. ഇതോടൊപ്പം, പോഷകങ്ങളെ കുറിച്ചും പ്രജജനത്തെ കുറിച്ചും മറ്റുമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ജീനുകൾ വേറെയുമുണ്ട്. ജീവന്റെ അടിസ്ഥാനപരമായ

നിലനിൽപ്പിന് വേണ്ട അനേകം ജെനെറ്റിക് കോഡുകൾ വേറെയും.

ജീവന്റെ നിലനിൽപ്പിന് ആവശ്യമായ ഏറ്റവും കുറഞ്ഞ എണ്ണം ശാസ്ത്രജ്ഞരുടെ അഭിപ്രായപ്രകാരം ഇരുന്നൂറ് ജീനുകളാണ്.

ക്രെയ്ഗ് വെൻഡർ യൂണിവേഴ്സിറ്റിയുടെ പഠനത്തിൽ ഏറ്റവും ചുരുങ്ങിയ ജീനുകളുടെ എണ്ണമായി കണ്ടെത്തിയത് 382 ജീനുകളുടെ സാന്നിധ്യമാണ്. (1)

മനുഷ്യൻ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും ചെറിയ ജീവവസ്തു എന്ന് പറയാവുന്നത് മൈക്രോപ്ലാസ്മയാണ്. അതിൽ മാത്രം 468 ജീനുകളുണ്ട് എന്നാണ് ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുള്ളത്.

ആദ്യത്തിൽ കേവല ഭൗതിക പദാർത്ഥമായി നിലകൊണ്ട ലോകക്രമത്തിൽ നിന്ന് ഹൈഡ്രജൻ വാതകം മുതൽ തുടങ്ങി മനുഷ്യനിൽ ചെന്നെത്തി നിൽക്കുന്ന പരിണാമക്രമം... ജീനുകളുടെ കാര്യം പൂജ്യത്തിൽ നിന്ന്

തുടങ്ങി അവിടെ നിന്ന് ഹൈഡ്രജൻ മുതൽ മനുഷ്യനിൽ ചെന്നെത്തി നിൽക്കണം!

എന്നാൽ ശാസ്ത്രം നമ്മെ അറിയിക്കുന്നത് പൂജ്യം ജീൻ (zero gene) എന്നു പറയാവുന്ന ഒന്നില്ലെന്നാണ്. ഒരു ജീൻ മാത്രമായോ - എന്തിനധികം! നൂറു ജീനുകൾ മാത്രമായോ- ഒരു ജീവന്റെ സാന്നിധ്യം ഉണ്ടാവുകയില്ല എന്നാണ് ശാസ്ത്ര വീക്ഷണം. ഏറ്റവും ചുരുങ്ങിയത് ധാരാളം സെല്ലുകളുടെ ഒരു സങ്കേതം തന്നെ ജീവന്റെ നിലനിൽപ്പിന് ആവശ്യമാണ്. അതല്ലായെങ്കിൽ, ജീവിവർഗത്തിന് ആരംഭം പറയുക സാധ്യമല്ല.

ചുരുക്കത്തിൽ, പ്രകൃതിയിൽ യാതൊന്നും ആരംഭത്തിൽ ഉണ്ടായിരുന്നത് എന്നു പറയാൻ കഴിയുന്നതായില്ല. മറിച്ച്, എല്ലാം വ്യതിരിക്തമായി നിൽക്കുന്ന കെട്ടുറപ്പോടെ മാത്രമാണ് ആരംഭിച്ചിരിക്കുന്നത്.

പ്രപഞ്ചം രൂപപ്പെടുന്നതിന് മുൻപ് തന്നെ അതിനെ ക്രമീകരിക്കുന്ന ഈ

വൈജ്ഞാനിക ക്രമം മനുഷ്യനെ അത്ഭുതപരതന്ത്രനാക്കി കൊണ്ടേയിരിക്കും. ഈ അത്ഭുതക്രമം എന്നും നാസ്തികതയുടെ മുൻപിൽ ഒരു ഒഴിയാബാധയായി നിലകൊള്ളും. സ്രഷ്ടാവിനെ നിഷേധിക്കുന്ന സർവ്വരുടെയും മുൻപിൽ ഇതൊരു തടസ്സമായി ബാക്കി നിൽക്കും.

4 മില്ല്യൺ വൈജ്ഞാനിക രേഖകളുടെ മുൻപിലാണ് നീ നിൽക്കുന്നത്. ഈ വൈജ്ഞാനിക സമുദ്രം നിന്റെ ഓരോ സെല്ലുകൾക്കും ഉള്ളിലാണ് ശേഖരിക്കപ്പെട്ടിരിക്കുന്നത്. സൂക്ഷ്മമായ ജൈവപ്രക്രിയകൾ അതിൽ നിന്നാണ് രൂപപ്പെടുന്നത്!

ആദ്യകാല നാസ്തികർ ധരിച്ചിരുന്നത് സീറോ ജീനിൽ നിന്ന് രൂപം കൊണ്ട ജീവികളുണ്ട് എന്നായിരുന്നു. എന്നാൽ ഒരു ജീവന്റെ സാന്നിധ്യമുണ്ടാകണമെങ്കിൽ വേണ്ടതായ ഏറ്റവും കുറഞ്ഞ ജീനുകളുടെ എണ്ണം ശാസ്ത്രജ്ഞർ

ക്ലിപ്തപ്പെടുത്തിയതോടെ ഈ സ്വപ്നം എന്നെന്നേക്കുമായി തകർന്നടിഞ്ഞു.

ജീവവർഗങ്ങളെല്ലാം രൂപപ്പെട്ടതു മുതൽ അവയുടെ ദൗത്യങ്ങൾ നിശ്ചയിക്കപ്പെട്ട നിലയിലാണ് രൂപപ്പെട്ടത്. അതല്ലായിരുന്നു എങ്കിൽ അവ രൂപപ്പെടുകയേ ഉണ്ടാകുമായിരുന്നില്ല.

## 7- 'പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്' എന്നു പറഞ്ഞല്ലോ; ഇതിന് ചില ഉദാഹരണങ്ങൾ പറയാമോ?

ഉത്തരം: എണ്ണമില്ലാത്ത ഉദാഹരണങ്ങളുണ്ട്.

ഭൂമിയിലെ മുഴുവൻ രേഖകളും ഗ്രന്ഥങ്ങളും ഉപയോഗിച്ചാലും അത് രേഖപ്പെടുത്തി കഴിയുകയില്ല.

﴿وَلَوْ أَنَّمَا فِي ٱلْأَرْضِ مِن شَجَرَةٍ أَقْلَٰمٌ وَٱلْبَحْرُ يَمُدُّهُۥ مِنۢ بَعْدِهِۦ سَبْعَةُ أَبْحُرٍ مَّا نَفِدَتْ كَلِمَٰتُ ٱللَّهِ ۗ إِنَّ ٱللَّهَ عَزِيزٌ حَكِيمٌ ٢٧﴾ [لقمان: 27]

"ഭൂമിയിലുള്ള വൃക്ഷമെല്ലാം പേനയായിരിക്കുകയും സമുദ്ര ജലം

മഷിയാവുകയും അതിനുപുറമെ ഏഴ് സമുദ്രങ്ങൾ അതിനെ പോഷിപ്പിക്കുകയും ചെയ്താലും അല്ലാഹുവിന്റെ വചനങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.'' (ലുഖ്മാൻ: 27)

പ്രപഞ്ചത്തിലെ ഓരോ ആറ്റങ്ങളും വ്യക്തമായ ക്രമീകരണത്തിന്റെ അടയാളവും തെളിവും വഹിക്കുന്നുണ്ട്; അവയിൽ ചിലത് നമുക്ക് ഇന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ മറ്റു ചിലത് പിന്നീടൊരു നാൾ നമുക്ക് ബോധ്യപ്പെടാനിരിക്കുന്നതേയുള്ളൂ.

(1) ഇൻസുലിൻ -ഗ്ലൂകോസിന്റെ അളവ് നിയന്ത്രിക്കുന്നത് ഈ ഹോർമോൺ ആണ്-. നീ ഭക്ഷിക്കുന്ന മധുരത്തിന്റെ അതേ അളവിലാണ് പാൻക്രിയാസ് (ആഗ്നേയഗ്രന്ഥി) ഇൻസുലിൻ പുറത്തു വിടുന്നത്.

(2) ഓരോ ജോലികളിൽ ഏർപ്പെടുമ്പോഴും മനുഷ്യരുടെ ധമനികൾക്ക് ആവശ്യമായ തോതിലാണ് ഹൃദയം രക്തം പമ്പ് ചെയ്യുന്നതിന്റെ ശക്തി ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

(3) കഴിച്ച ഭക്ഷണം പുറത്തേക്ക് വരാതിരിക്കാൻ വേണ്ടി സംവിധാനിക്കപ്പെട്ട ആമാശയ വാൽവുകൾ.

(4) മാലിന്യം പുറന്തള്ളാനുള്ള നിയന്ത്രിത സംവിധാനങ്ങൾ. അതില്ലായിരുന്നെങ്കിൽ ഓരോ നിമിഷവും നിന്റെ വസ്ത്രത്തിൽ വിസർജ്യങ്ങൾ പുരളുമായിരുന്നു.

(5) നവജാതശിശുവിന്റെ തലയോട്ടിയിലെ എല്ലുകൾ മാതാവിന്റെ ഗർഭപാത്രത്തിൽ നിന്ന് അവൻ പുറത്തു വരുന്നതു വരെ സംയോജിക്കപ്പെട്ട നിലയിലായിരിക്കില്ല. പ്രയാസമില്ലാതെ കുഞ്ഞ് പുറത്തു വരാൻ വേണ്ടിയാണത്. അവ സംയോജിക്കപ്പെട്ട നിലയിലായിരുന്നെങ്കിൽ കുഞ്ഞ് പുറത്തു വരുമ്പോൾ ഈ എല്ലുകൾ തകർന്നു പോകുമായിരുന്നു. ഈ എല്ലുകളുടെ വളർച്ച

മനുഷ്യൻ്റെ മസ്തിഷ്കത്തിൻ്റെ വളർച്ച പൂർണ്ണമാകുന്നത് വരെ തുടർന്നു കൊണ്ടിരിക്കുകയും ചെയ്യും.

(6) ശരീരത്തിലെ ഇലക്ട്രിക് സിഗ്നലുകൾ വഹിക്കുന്ന നാഡീ നാരുകൾ (axon) വൈദ്യുതി പ്രവഹിക്കാത്ത പുറംതോടു കൊണ്ട് മറച്ചിരിക്കുന്നു. ഈ ഇലക്ട്രിക് കറൻ്റുകൾ മറ്റു ശരീരഭാഗങ്ങളുമായി കൂടിച്ചേരുകയോ, അങ്ങനെ അവ നഷ്ടമാവുകയോ, വൈദ്യുതി ഏറ്റുകൊണ്ട് ശരീരത്തിന് പ്രയാസം സൃഷ്ടിക്കുകയോ ചെയ്യാതിരിക്കുന്നതിന് വേണ്ടിയാണത്. വൈദ്യുതി പ്രവഹിക്കുന്ന ഇലക്ട്രിക് വയറുകൾ പ്ലാസ്റ്റിക് കൊണ്ട് നാം ആവരണം ചെയ്തു വെക്കുന്നത് ഇതിന് സമാനമാണ്.

(7) ഒരു നിമിഷത്തിൽ ആയിരം കിലോമീറ്ററുകൾ എന്ന വേഗത്തിലാണ് ഇലക്ട്രോണുകൾ നൂക്ലിയസുകൾക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നത്. ഈ വേഗത പാലിക്കപ്പെട്ടില്ലെങ്കിൽ ഇലക്ട്രോണുകൾ നൂക്ലിയസ്സിൻ്റെ ആകർഷണശക്തിയിൽ

വലിച്ചെടുക്കപ്പെടുകയും, അതിൽ വീണു പോവുകയും ചെയ്യുമായിരുന്നു. ഈ ക്രമീകരണം ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചം ആരംഭിക്കുന്നതിന് മുൻപ് തന്നെ തകർന്നടിഞ്ഞു പോകുമായിരുന്നു. മേൽ പറഞ്ഞ വേഗത ഒരു ആറ്റത്തിന്റെ രൂപീകരണം നടക്കണമെങ്കിൽ പോലും ഉണ്ടായിരിക്കേണ്ട വേഗതയാണെന്ന കാര്യവും ഓർക്കുക.

(8) രണ്ട് ഹൈഡ്രജൻ ആറ്റങ്ങൾ തമ്മിൽ കൂടിച്ചേരുമ്പോൾ ഹൈഡ്രജന്റെ 0.007 % വരുന്ന പിണ്ഡം ഊർജ്ജമായി മാറ്റപ്പെടും. 0.007 % ന് പകരം ഈ പിണ്ഡം 0.006 % ശതമാനം ആയിരുന്നു എങ്കിൽ പ്രോട്ടോൺ ന്യൂട്രോണുമായി കൂടിച്ചേരുമായിരുന്നില്ല. മറിച്ച്, പ്രപഞ്ചം മുഴുവനും ഹൈഡ്രജനായി തന്നെ നിലകൊള്ളുമായിരുന്നു. മറ്റൊരു ഘടകവും അതിനാൽ രൂപം കൊള്ളുകയും ചെയ്യുമായിരുന്നില്ല. ഇതു പോലെ, ഹൈഡ്രജനിലെ 0.007 % പിണ്ഡത്തിന് പകരം 0.008 % പിണ്ഡമായിരുന്നു ഊർജ്ജമായി മാറിയിരുന്നത് എങ്കിൽ അതിന്റെ

ഏകീകരണം വളരെ വേഗത്തിലാവുകയും, തദ്ഫലമായി ഹൈഡ്രജൻ ഭൂമിയിൽ നിന്ന് പൂർണ്ണമായി അപ്രത്യക്ഷമാവുകയും ചെയ്യുമായിരുന്നു. അത്തരമൊരു സാഹചര്യത്തിൽ ജീവൻ നിലനിൽക്കുക എന്നത് അസാധ്യമാകും. ചുരുക്കത്തിൽ 0.008 % നും 0.006 ശതമാനത്തിനും ഇടയിൽ കൃത്യമായി ഇക്കാര്യം നിലകൊള്ളുക എന്നത് നിർബന്ധമാണ്.

(9) ഇലക്ട്രോൺ ന്യൂട്രോണിന്റെ 0.2 % പിണ്ഡത്തെയാണ് (mass) പ്രതിനിധീകരിക്കുന്നത്. ആറ്റം രൂപപ്പെടാനുള്ള കൃത്യമായ അളവാണ് ഈ സൂക്ഷ്മമായ അളവ്.

(10) മുളപൊട്ടിയതിന് ശേഷം ചെടികളുടെ മൊട്ടുകൾ ഉടനടി പ്രകാശ സ്രോതസ്സിലേക്കാണ് ലക്ഷ്യം വെച്ചു മുന്നേറുന്നത്. അതിന്റെ വേരുകളാകട്ടെ, ഭൂമിയുടെ താഴ്ഭാഗത്തേക്കാണ് ചലിക്കുന്നത്. ചെടിത്തലപ്പുകളാകട്ടെ, വെളിച്ചത്തോട് ശക്തമായി പ്രതികരണം

പുലർത്തുന്നു. ചെടിയുടെ നിലനിൽപ്പിന് ആവശ്യമായ ദൗത്യങ്ങളെ കുറിച്ചുള്ള വിവരങ്ങളെല്ലാം അതിന്റെ വിത്തിനുള്ളിൽ 'കോഡ്' ചെയ്യപ്പെട്ടിരിക്കുന്നു. ചെടിയുടെ വശങ്ങളിലേക്കും മുകളിലേക്കും താഴേക്കുമുള്ള വളർച്ചയെ നിയന്ത്രിക്കുന്ന ഹോർമോണുകൾ വേറെയുമുണ്ട്. ഈ ഹോർമോണുകളെല്ലാം ചെടിയുടെ വിത്തിനുള്ളിൽ അടങ്ങിയിരിക്കുന്നു.

(11) രുചികരമായ ഏതെങ്കിലുമൊരു ഫലം ഭക്ഷിച്ച ശേഷം നീയത് വലിച്ചെറിയുന്നു. രുചിയില്ലാത്ത ഉണങ്ങിയ അതിലെ കുരു നീയെടുത്ത് ദൂരേക്കെറിയുന്നു. എന്നാൽ നിന്റെ നാവുകൾക്ക് രുചിയേകുന്ന അതേ വേളയിൽ ഉണങ്ങിയ -ആകർഷകമല്ലാത്ത- ആ കുരുവിനുള്ളിൽ 'തന്റെ ജീവന്റെ തുടർച്ചക്കുള്ള' വിത്തു പാകുകയായിരുന്നു ആ രുചികരമായ ഫലം. നീ ആ കുരു എടുത്തെറിഞ്ഞ ശേഷം -അനുകൂലമായ സാഹചര്യങ്ങൾ ഒത്തുവന്നാൽ- വേരും ശാഖകളും ചില്ലകളും ഇലകളുമുള്ള ഒരു

വൃക്ഷമായി ആ കുരു ഉയർന്നു വരുന്നു. ഇതെല്ലാം -ഒരു ഗ്രാഹ്യശേഷിയുമില്ലാത്ത- ആ കുരുവിൽ നിന്നാണുണ്ടാകുന്നത്.

(12) സംസാരിക്കാനോ കേൾക്കാനോ യാതൊരു ശേഷിയുമില്ലാത്ത ആ ഫലത്തിൽ ഈ വിവരങ്ങളെല്ലാം ക്രോഡീകരിച്ചവൻ ആരാണ്?! നിനക്ക് അത് മധുരതരമാകാൻ തക്കവണ്ണം അതിലെ മാധുര്യം ക്രമീകരിച്ചതാരാണ്?!

ആ ഫലത്തിനുള്ളിലെ കുരു ഭക്ഷിക്കാനോ രുചിക്കാനോ കഴിയാത്ത വിധമാക്കി നിശ്ചയിച്ചത് ആരാണ്? നിനക്കതിൽ അനിഷ്ടം തോന്നാനും നീ അകലേക്ക് അത് വലിച്ചെറിയാനും കാരണം അതായിരുന്നല്ലോ?!

ആരാണ് ആ ഫലത്തിന്റെ കുരുവിനുള്ളിൽ ഒരു പുതിയ ചെടിയുടെ രൂപീകരണത്തിന് ആവശ്യമായ എല്ലാ വിശദാംശങ്ങളും ക്രമീകരണങ്ങളും കൃത്യമായി രേഖപ്പെടുത്തിയത്?!

(13) സർവ്വ പ്രപഞ്ചത്തിന്റെയും പിണ്ഡമാണ് (mass) ജഡത്വം (inertia) രൂപപ്പെടാൻ കാരണമെന്ന് ആധുനിക ശാസ്ത്രം അടുത്താണ് കണ്ടെത്തിയത്. സർവ്വ ജീവജാലങ്ങളും ഈ പ്രതിഭാസം കാരണത്താലാണ് സുഖകരമായ ജീവിതം നയിക്കുന്നത്?

ജഡത്വം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നതെന്താണ്?

ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം; നീ ഒരു കാറിൽ യാത്ര ചെയ്യുന്നതിനിടയിൽ പൊടുന്നനെ നിന്റെ വാഹനം നിശ്ചലമായാൽ എന്തു സംഭവിക്കും?!

നീ മുന്നിലേക്ക് നീങ്ങിപ്പോകും! ശരിയല്ലേ?!

ഈ പ്രതിഭാസമാണ് ജഡത്വം.

നമ്മുടെ പ്രപഞ്ചത്തിൽ നിലവിലുള്ള ജഡത്വം അതിന്റെ അളവിൽ കുറവായിരുന്നെങ്കിൽ ഒരു ചെറിയ കാറ്റ് വീശിയാൽ പോലും വലിയ പാറക്കല്ലുകൾ

പറന്നു പോകുമായിരുന്നു. അങ്ങനെയൊരു ഭൂമിയിലായിരുന്നു നാം ജീവിച്ചിരുന്നതെങ്കിൽ ഏതു സമയവും തലയിൽ പതിച്ചേക്കാവുന്ന അപകടങ്ങൾക്ക് കീഴെയായിരിക്കും നാം ജീവിക്കുന്നുണ്ടാവുക!

ഇനി ഈ ജഡത്വത്തിന്റെ അളവെങ്ങാനും ഇപ്പോഴുള്ളതിൽ കൂടുതലായിരുന്നെങ്കിലോ...?! എങ്കിൽ നമ്മുടെ വിരലുകൾ ചലിപ്പിക്കാൻ പോലും നമുക്ക് സാധിക്കുമായിരുന്നില്ല! (2)

ജഡത്വം നിലനിൽക്കുന്നത് പ്രപഞ്ചത്തിന്റെ മുഴുവൻ പിണ്ഡത്തെയും അവലംബിച്ചു കൊണ്ടാണ്.

ഭൗതികശാസ്ത്രജ്ഞരെ അത്ഭുതപ്പെടുത്തിയ കാര്യമെന്തെന്നാൽ, നമ്മുടെ ലോകത്തെ ഉൾക്കൊള്ളുന്ന ക്ഷീരപഥം (milky way) ഈ ജഡത്വത്തെ നിയന്ത്രിക്കുന്നതിൽ വഹിക്കുന്ന പങ്ക് 0.1 മില്ല്യൺ മാത്രമാണ്. ഭൂമിയുടെ പിണ്ഡത്തിന്

ഈ പറഞ്ഞതിലുള്ള പങ്കാകട്ടെ, കേവലം 0.001 മില്ല്യൺ മാത്രവും.

ഏതൊരു ജഡത്വത്തിന്റെ ഫലമായാണോ നാം സ്വഛമായ ഈ ജീവിതം നയിക്കുന്നത്, നമ്മുടെ നിത്യജോലികൾ നാം നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്... അതെല്ലാം സർവ്വ പ്രപഞ്ചത്തിന്റെയും ഊർജ്ജത്തിന്റെ ഫലമായി കൊണ്ടു കൂടിയാണ്.

﴿وَمَا خَلَقْنَا ٱلسَّمَآءَ وَٱلْأَرْضَ وَمَا بَيْنَهُمَا بَـٰطِلًا ۚ ذَٰلِكَ ظَنُّ ٱلَّذِينَ كَفَرُوا۟ ۚ فَوَيْلٌ لِّلَّذِينَ كَفَرُوا۟ مِنَ ٱلنَّارِ ٢٧﴾ [ص: 27]

"ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം നിരർത്ഥകമായി സൃഷ്ടിച്ചതല്ല. സത്യനിഷേധികളുടെ ധാരണയത്രെ അത്. ആകയാൽ സത്യനിഷേധികൾക്ക് നരകശിക്ഷയാൽ മഹാനാശം!" (സ്വാദ്: 27)

ശാസ്ത്രം വികസിക്കുന്നതിന് അനുസരിച്ച്, സൃഷ്ടിപ്പിലെ സൂക്ഷ്മമായ കെട്ടുറപ്പും, അതിലുള്ള അത്ഭുതകരമായ

യുക്തിയും പ്രകടമായി കൊണ്ടേയിരിക്കുന്നു. (3)

(14) ഇനി നമ്മുടെ നയനങ്ങളെ കുറിച്ചൊന്ന് ആലോചിച്ചു നോക്കാം.

വില പറയാൻ കഴിയാത്ത അനുഗ്രഹമാണല്ലോ അത്?!

﴿أَلَمۡ نَجۡعَل لَّهُۥ عَيۡنَيۡنِ ۝٨﴾ [البلد: 8]

"അവന് നാം രണ്ട് കണ്ണുകൾ നൽകിയില്ലേ?!" (ബലദ്: 8)

നമ്മുടെ കണ്ണുകളുടെ കാഴ്ച്ച 576 മെഗാപിക്സലുകൾക്ക് തുല്യമാണ്.

ഏറ്റവും പരിശുദ്ധമായ ലെൻസുകൾ നമ്മുടെ കണ്ണുകൾക്ക് അകത്താണുള്ളത്.

മുൻപിലുള്ള ചിത്രങ്ങൾ പകർത്തുന്നതിനായി കണ്ണുകളിൽ നിശ്ചയിക്കപ്പെട്ട ഫോട്ടോറിസെപ്റ്ററുകളുടെ വലുപ്പം അര മില്ലീമീറ്റർ ചതുരശ്രം പോലുമില്ല. എന്നാൽ പല അകലത്തിലുള്ള പത്തു മില്ല്യൺ

നിറങ്ങളുടെ വകഭേദങ്ങൾ അവ കൊണ്ട് തിരിച്ചറിയാൻ സാധിക്കും. അതീവ വിസ്മയകരമായ ഒരു സൃഷ്ടിപ്പാണ് അവ എന്നതിൽ യാതൊരു സംശയവുമില്ല.

നീ മുൻപിലുള്ള ഒരു വസ്തുവിലേക്ക് നോക്കുകയും, നിന്റെ കൺപോളകൾക്ക് മുകളിൽ വെളിച്ചം വന്നു പതിക്കുകയും ചെയ്യുന്നതോടെ അനേകം സങ്കീർണ്ണമായ രാസപ്രവർത്തനങ്ങൾ അവിടെ നടന്നു കൊണ്ടിരിക്കുന്നുണ്ട്. അവയുടെ അന്ത്യത്തിൽ ഒരു വൈദ്യുതി സന്ദേശം ഉടലെടുക്കുകയും, അത് നിന്റെ കണ്ണിൽ നിന്ന് -ഞരമ്പുകൾ മുഖേന- മസ്തിഷ്കത്തിലേക്ക് യാത്ര തിരിക്കുകയും ചെയ്യുന്നു. ഈ വന്നെത്തുന്ന വൈദ്യുതി സന്ദേശം കാഴ്ച്ചയായി നിനക്ക് വിശദീകരിച്ചു നൽകുക എന്ന ജോലി നിർവ്വഹിക്കുന്നത് മസ്തിഷ്കമാണ്. നിന്റെ മുൻപിലുള്ള കാഴ്ച്ചയെ വിശദീകരിച്ചു നൽകാൻ വേണ്ട ഒരു ഡിക്ഷ്ണറി മുൻപ് തന്നെ നിന്റെ മസ്തിഷ്കത്തിൽ ക്രമീകരിച്ചു വെച്ചതു പോലെ...!

നിങ്ങൾ ചിന്തിക്കുകയാണെങ്കിൽ അതീവ വിസ്മയം സൃഷ്ടിക്കുന്ന കാര്യമാണത്.

ഇരുട്ടു നിറഞ്ഞ ഒരു ബോക്സിനുള്ളിലാണ് - നമ്മുടെ തലയോട്ടിയാകുന്ന എല്ലുകൾക്ക് അകത്താണ്- മസ്തിഷ്കം നിലകൊള്ളുന്നത്.

അതിലേക്ക് ഇലക്ട്രിക് സിഗ്നലുകളല്ലാതെ മറ്റൊന്നും ചെന്നെത്തുന്നില്ല.

എങ്ങനെയാണ് ഈ സിഗ്നലുകൾ കാഴ്ച്ചയാണെന്ന് മസ്തിഷ്കം തിരിച്ചറിയുന്നത്?!

ഈ കാഴ്ച്ച നിനക്കെങ്ങനെയാണ് അത് നൽകുന്നത്?!

ഈ പറഞ്ഞ അത്ഭുതമെല്ലാം നീ കണ്ണടച്ചു തുറക്കുന്ന വേഗതയിൽ സംഭവിച്ചു തീരുകയും ചെയ്യുന്നു!

ഇതേ കാര്യം തന്നെ കേൾവിയുടെ വിഷയത്തിലുമുണ്ട്.

ശബ്ദതരംഗങ്ങൾ നിന്റെ ചെവിയിലേക്ക് പ്രവേശിക്കുകയും, ചെവിക്കല്ലുകൾ ആ തരംഗങ്ങളെ ഒരു മെക്കാനിക്കൽ

ചലനത്തിലേക്ക് മാറ്റിയെടുക്കുകയും ചെയ്യുന്നു. ഈ ചലനം പിന്നീട് ചെവിയുടെ ഉള്ളിലുള്ള വളരെ ചെറിയ മൂന്ന് എല്ലുകളിലേക്ക് കൈമാറ്റം ചെയ്യുകയും, അവിടെ വെച്ച് അതൊരു ഇലക്ട്രിക് സിഗ്നലിന്റെ രൂപത്തിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നു.

ഈ ഇലക്ട്രിക് സിഗ്നലുകൾ ഇവിടെ നിന്ന് മസ്തിഷ്കത്തിലേക്ക് യാത്രയാവുകയും, മസ്തിഷ്കം അതിനെ വേർതിരിച്ചു മനസ്സിലാക്കുകയും, നീ അത് ശബ്ദമായി കേൾക്കുകയും ചെയ്യുന്നു!

ഈ പറഞ്ഞതെല്ലാം ഒരു നിമിഷത്തിൽ താഴെയുള്ള സമയം കൊണ്ട് സംഭവിച്ചു തീരുന്നു.

﴿وَٱللَّهُ أَخۡرَجَكُم مِّنۢ بُطُونِ أُمَّهَٰتِكُمۡ لَا تَعۡلَمُونَ شَيۡـٔٗا وَجَعَلَ لَكُمُ ٱلسَّمۡعَ وَٱلۡأَبۡصَٰرَ وَٱلۡأَفۡـِٔدَةَ لَعَلَّكُمۡ تَشۡكُرُونَ ٧٨﴾ [النحل: 78]

"അല്ലാഹുവാകുന്നു നിങ്ങളുടെ മാതാക്കളുടെ ഗർഭപാത്രങ്ങളിൽ നിന്ന് നിങ്ങളെ പുറത്തു കൊണ്ടുവന്നത്.

യാതൊന്നും നിങ്ങൾക്ക് അറിയുകയില്ലായിരുന്നു. അവൻ നിങ്ങൾക്ക് കേൾവിയും കാഴ്ച്ചയും ഹൃദയവും നൽകി; നിങ്ങൾ നന്ദി കാണിക്കുന്നതിനത്രെ അത്." (നഹ്ല്: 78)

കണ്ണും കാതും മനുഷ്യന്റെ സ്പർശനങ്ങളും രുചിയും മണവുമെല്ലാം ഇതു പോലെ അനേകം സൂചനകൾ നമ്മുടെ മസ്തിഷ്കത്തിലേക്ക് നിരന്തരമായി നൽകിക്കൊണ്ടേയിരിക്കുന്നു. ശരീരത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ നിന്നാണ് ഇവയെല്ലാം വന്നെത്തുന്നത്. എന്നാൽ ഏറ്റവും വിസ്മയകരമായ രൂപത്തിൽ നമ്മുടെ മസ്തിഷ്കം ഇവയെല്ലാം വേർതിരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

﴿هَٰذَا خَلْقُ ٱللَّهِ فَأَرُونِي مَاذَا خَلَقَ ٱلَّذِينَ مِن دُونِهِۦۚ بَلِ ٱلظَّٰلِمُونَ فِي ضَلَٰلٖ مُّبِينٖ ١١﴾ [لقمان: 11]

"ഇതൊക്കെ അല്ലാഹുവിന്റെ സൃഷ്ടിയാകുന്നു. എന്നാൽ അവന്നു

പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അല്ല, അക്രമകാരികൾ വ്യക്തമായ വഴികേടിലാകുന്നു." (ലുഖ്മാൻ: 11)

﴿وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ ۚ صُنْعَ ٱللَّهِ ٱلَّذِىٓ أَتْقَنَ كُلَّ شَىْءٍ ۚ إِنَّهُۥ خَبِيرٌۢ بِمَا تَفْعَلُونَ ﴿٨٨﴾﴾ [النمل: 88]

"സർവ്വതിനെയും ഏറ്റവും കൃത്യമാക്കിയവനായ അല്ലാഹുവിന്റെ നിർമ്മിതി! നിങ്ങൾ പ്രവർത്തിക്കുന്നത് അവൻ സൂക്ഷ്മമായി അറിയുന്നു." (നംല്: 88)

അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളിൽ ഏതെങ്കിലുമൊരു അനുഗ്രഹം ആർക്കാണ് കൃത്യമായി എണ്ണിത്തിട്ടപ്പെടുത്താൻ സാധിക്കുക?!

നിന്റെ ശരീരത്തിലെ ഓരോ സന്ധികളെ കുറിച്ചും നീ ചിന്തിക്കുക! നിനക്ക് ചലനം സാധ്യമാക്കുന്ന തോതിൽ നിലകൊള്ളുന്ന ഓരോ എല്ലുകളെ കുറിച്ചും ആലോചിക്കുക!

എല്ലുകൾ തമ്മിൽ ഉരസുമ്പോൾ വേദന ഉണ്ടാകാതിരിക്കുന്നതിനും, അവ തേഞ്ഞു പോകാതിരിക്കുന്നതിനും സഹായിക്കുന്ന എല്ലുകൾക്കിടയിലെ സോഫ്റ്റ് ടിഷ്യൂകളെ കുറിച്ച് ആലോചിക്കുക! മെഷീനുകൾക്ക് ഇട്ടുകൊടുക്കാറുള്ള ഗ്രീസുകൾ പോലെ, അല്ലാഹു അവൻ്റെ എല്ലുകൾക്കിടയിൽ നിശ്ചയിച്ച രീതി നോക്കൂ!

അല്ലാഹുവിൻ്റെ അനുഗ്രഹങ്ങളെ കുറിച്ച് നീ നന്നായി ചിന്തിക്കുക! അവൻ്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുക!

നിൻ്റെ രക്ഷിതാവിൻ്റെ അനുഗ്രഹങ്ങൾ ഒരിക്കലുമൊരിക്കലും എണ്ണിത്തിട്ടപ്പെടുത്തുക സാധ്യമല്ല.

﴿أَلَمْ تَرَوْا۟ أَنَّ ٱللَّهَ سَخَّرَ لَكُم مَّا فِى ٱلسَّمَٰوَٰتِ وَمَا فِى ٱلْأَرْضِ وَأَسْبَغَ عَلَيْكُمْ نِعَمَهُۥ ظَٰهِرَةً وَبَاطِنَةً ۗ وَمِنَ ٱلنَّاسِ مَن يُجَٰدِلُ فِى ٱللَّهِ بِغَيْرِ عِلْمٍ وَلَا هُدًى وَلَا كِتَٰبٍ مُّنِيرٍ ۝٢٠﴾ [لقمان: 20]

"ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അല്ലാഹു നിങ്ങൾക്ക് സൗകര്യപ്പെടുത്തി തന്നിരിക്കുന്നു എന്ന്

നിങ്ങൾ കണ്ടില്ലേ? പ്രത്യക്ഷവും പരോക്ഷവുമായ അവന്റെ അനുഗ്രഹങ്ങൾ അവൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. യാതൊരു അറിവോ മാർഗദർശനമോ, വെളിച്ചം നല്കുന്ന വേദഗ്രന്ഥമോ ഇല്ലാതെ അല്ലാഹുവിന്റെ കാര്യത്തിൽ തർക്കിച്ചു കൊണ്ടിരിക്കുന്ന ചിലർ മനുഷ്യരിലുണ്ട്." (ലുഖ്മാൻ: 20)

**8- 'പ്രപഞ്ചത്തിൽ അപൂർണ്ണതകളുണ്ട്; രോഗങ്ങളും ഭൂകമ്പങ്ങളും ഉദാഹരണം. നിങ്ങൾ പറയുന്ന കണിശതക്കും കൃത്യതക്കും വിരുദ്ധമല്ലേ ഇവ?' - മതനിഷേധികൾ ചോദിക്കാറുള്ള ഈ ചോദ്യത്തിന് എന്തു മറുപടിയുണ്ട്?!**

ഉത്തരം: മതനിഷേധിയുടെ ദൃഷ്ടിയിൽ അപൂർണ്ണമെന്ന് അനുഭവപ്പെടുന്ന ചില കാര്യങ്ങൾ പ്രപഞ്ചത്തിലുണ്ട് എന്നത്

പ്രപഞ്ച സൃഷ്ടിപ്പിലെ കൃത്യതക്കോ കണിശതക്കോ എതിരല്ല.

യഥാർത്ഥത്തിൽ പ്രപഞ്ചത്തിലെ സങ്കീർണ്ണതയെയും കണിശതയെയും ഊട്ടിയുറപ്പിക്കുകയാണ് മതനിഷേധികൾ ഈ ചോദ്യത്തിലൂടെ.

കാരണം പ്രപഞ്ചം കണിശവും കൃത്യവുമായി നിർമ്മിക്കപ്പെട്ടതല്ലായിരുന്നു എങ്കിൽ ചില സൃഷ്ടികളിൽ 'അപൂർണ്ണത'യുണ്ട് എന്ന് അവന് തിരിച്ചറിയാനേ കഴിയുമായിരുന്നില്ല.

മതനിഷേധിയുടെ വാദപ്രകാരം ഈ പ്രപഞ്ചം ക്രമരഹിതമായി രൂപം കൊണ്ടതാണെങ്കിൽ അതിലെങ്ങനെയാണ് ക്രമമോ കൃത്യതയോ ഇല്ല എന്ന് അവന് ആരോപിക്കാൻ കഴിയുക?!

രോഗങ്ങളും ഭൂകമ്പങ്ങളും പോലുള്ളവ ക്രമരഹിതമാണെന്ന വാദം യഥാർത്ഥത്തിൽ ശാസ്ത്രബോധത്തിന്റെ കുറവോ, സൃഷ്ടിപ്പിന് പിന്നിലെ യുക്തിയെ കുറിച്ചുള്ള അറിവില്ലായ്മയോ ആണ്.

പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെന്ന് വിശ്വസിക്കുന്നവർ ഈ പ്രപഞ്ചം എല്ലാ ന്യൂനതകളിൽ നിന്നും മുക്തമാണെന്ന് പറയുന്നവരല്ല; ഇവിടെ പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ ബാധിക്കില്ലെന്നും അവർക്ക് വാദമില്ല. പ്രപഞ്ചം കൃത്യമായ ലക്ഷ്യത്തോടെ ക്രമീകരിക്കപ്പെട്ടതാണ്; അതിനാൽ കൃത്യമായ ഒരു ലക്ഷ്യമോ യുക്തിയോ ഇല്ലാതെ ഒന്നും ഇവിടെ സംഭവിക്കില്ല എന്നാണ് അവർ പറയുന്നത്.

ധാരാളം ഇന്ധനം നിറച്ചു വെച്ചതു കൊണ്ടാണ് റോക്കറ്റുകൾ പൊട്ടിത്തെറിക്കുന്നത് എന്നും, അതിനാൽ റോക്കറ്റുകളുടെ നിർമ്മിതി സൂക്ഷ്മമല്ലെന്നും ഒരാൾ വാദിക്കുന്നത് പോലെയാണ് നാസ്തികരുടെ ഈ ചോദ്യത്തിന്റെ കാര്യം.[1]

ഈ പ്രപഞ്ചം എന്നെന്നും നിലനിൽക്കുന്നതിനോ അനന്തമായി തുടരുന്നതിനോ വേണ്ടി നിർമ്മിക്കപ്പെട്ടതല്ല.

---

[1] ദ്വാഹിറതു നഖ്ദിദ്ദീൻ / സുൽത്വാൻ ഉമൈരി.

നാമൊരിക്കലും ദൈവങ്ങളായി മാറാൻ സൃഷ്ടിക്കപ്പെട്ടവരുമല്ല.

മറിച്ച് നന്മകൾ കൊണ്ടും പ്രയാസങ്ങൾ കൊണ്ടും പരീക്ഷിക്കപ്പെടാനാണ് നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്.

﴿كُلُّ نَفْسٍ ذَآئِقَةُ ٱلْمَوْتِ ۗ وَنَبْلُوكُم بِٱلشَّرِّ وَٱلْخَيْرِ فِتْنَةً ۖ وَإِلَيْنَا تُرْجَعُونَ ۝٣٥﴾
[الأنبياء: 35]

"നിങ്ങളെ നാം നന്മ കൊണ്ടും തിന്മ കൊണ്ടും പരീക്ഷിക്കും. നമ്മിലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം."
(അമ്പിയാഅ്: 35)

നന്മയും തിന്മയും എല്ലാ കുഴപ്പങ്ങളും അല്ലാഹുവിന്റെ ഉദ്ദേശ്യപ്രകാരവും മഹത്തരമായ ഒരു ലക്ഷ്യത്തിന് വേണ്ടിയുമാണ് സംഭവിക്കുന്നത്.

## 9- പ്രപഞ്ചത്തിന്റെ രൂപീകരണത്തിന് ഒരു ഭൗതിക പ്രതിഭാസം മാത്രം കാരണമാവുക എന്നതിൽ എന്തു പ്രശ്നമാണുള്ളത്?! ഉദാഹരണത്തിന്, ഈ പ്രപഞ്ചത്തെ അന്യഗ്രഹജീവികൾ സൃഷ്ടിച്ചതോ മറ്റേതെങ്കിലും വസ്തു നിർമ്മിച്ചുണ്ടാക്കിയതോ ആയിക്കൂടേ?! എന്തിനാണ് ഇവയുടെ സ്രഷ്ടാവ് അനാദിയായ ദൈവം തന്നെയാണെന്ന് വാശിപിടിക്കുന്നത്?!

ഉത്തരം: ആയിരം വർഷങ്ങൾക്ക് മുൻപ് ഇസ്ലാമിക പണ്ഡിതന്മാർ സ്ഥിരീകരിച്ച ഒരു അടിസ്ഥാന നിയമമുണ്ട്. 'ഒരു പ്രവർത്തനത്തിന്റെ ക്രമാനുഗതമായ തുടർച്ചയുണ്ടാകുന്നത് ആ പ്രവർത്തനം സംഭവിക്കാതിരിക്കുന്നതിലേക്കാണ് നയിക്കുക'.

ഒന്നിലധികം സ്രഷ്ടാക്കൾ ഉണ്ടാവുക എന്നത് സൃഷ്ടിപ്പ് രൂപപ്പെടാതിരിക്കുന്നതിലേക്ക് വഴിയൊരുക്കും എന്ന് മറ്റൊരർത്ഥത്തിൽ പറയാം. അന്യഗ്രഹജീവികൾ നമ്മെ പടച്ചു എന്നു വന്നാൽ അവരെ പടച്ച മറ്റൊരു സമൂഹം അനിവാര്യമായും ഉണ്ടായിരിക്കണം. എങ്കിൽ അവരെയും പടച്ച ഒരു വിഭാഗം ഉണ്ടായിരിക്കണം. ഇതിങ്ങനെ തുടർന്നു കൊണ്ടേയിരിക്കും... ഈ ക്രമാനുഗതമായ തുടർച്ച സ്രഷ്ടാക്കളുടെ എണ്ണം അനന്തമായി നീളാൻ കാരണമാകും.

അനന്തമായ ഈ തുടർച്ച ഉണ്ട് എന്നു വന്നാൽ ഒരിക്കലും ഒരു സൃഷ്ടിയും സംഭവിക്കില്ല എന്ന് പറയേണ്ടി വരും.

അതായത്, പ്രപഞ്ചമോ മനുഷ്യനോ മറ്റെന്തെങ്കിലും വസ്തുവോ രൂപപ്പെടാതെ വരും.

ചുരുക്കത്തിൽ, അനന്തമായി സ്രഷ്ടാക്കളുടെ നിര നീളുന്നത്

പ്രപഞ്ചത്തിന്റെ അസ്തിത്വം രൂപപ്പെടാതിരിക്കാനാണ് വഴിയൊരുക്കുക.

ഒരു സമൂഹം രൂപപ്പെടണമെങ്കിൽ അവരെ സൃഷ്ടിച്ച മറ്റൊരു സമൂഹവും, അവർ രൂപപ്പെടണമെങ്കിൽ അവരെ സൃഷ്ടിച്ച മറ്റൊരു സമൂഹവും ഇങ്ങനെ അവസാനമില്ലാതെ ഇത് തുടർന്നു പോവുകയും ചെയ്താൽ ഒരു സമൂഹവും രൂപപ്പെടുകയില്ല. അവയുടെ മുൻപുള്ളതോ അവക്ക് മുൻപുള്ളതോ ഉണ്ടാവുകയില്ല. ഒരു വസ്തുവും ഈ അനന്തവും ക്രമാനുഗതവുമായ തുടർച്ചയിൽ രൂപം കൊള്ളുകയില്ല.

കാരണം A എന്നു പേരുള്ള സമൂഹത്തിന് രൂപം കൊള്ളാൻ B അനിവാര്യമാണ്; അതിന്റെ രൂപീകരണത്തിന് C അനിവാര്യമാണ്... ഇതിങ്ങനെ തുടർന്നു കൊണ്ടേയിരുന്നാൽ ഒരു വസ്തുവും രൂപം കൊള്ളാത്ത വിധമുള്ള -അസാധ്യമായ ആവർത്തനം മാത്രമേ- ഉണ്ടാവുകയുള്ളൂ.

അതിനാൽ ആരംഭമോ അവസാനമോ ഇല്ലാത്ത ഒരു സ്രഷ്ടാവ് ഉണ്ടായിരിക്കുക എന്നത് അനിവാര്യമാണ്.

എന്നാൽ നാസ്തികരുടെ ചോദ്യങ്ങളിൽ കാണപ്പെടും വിധമുള്ള അനന്തവും അവസാനവുമില്ലാത്തതായ സ്രഷ്ടാക്കളുടെ നിര രൂപപ്പെട്ടാൽ ഒരു സൃഷ്ടിയും രൂപം കൊള്ളാതിരിക്കുക എന്നതാണ് സംഭവിക്കുക. കാരണം അറ്റമില്ലാത്ത വിധം സ്രഷ്ടാക്കളുടെ നിര നീണ്ടുപോയാൽ ഒരു സൃഷ്ടിയും രൂപപ്പെടില്ല.

അതിനാൽ സ്രഷ്ടാക്കളുടെ നിര ഏതെങ്കിലുമൊരു കണ്ണിയിൽ അവസാനിക്കുക എന്നത് നിർബന്ധമാണ്.

സർവ്വതിനും മുൻപുള്ള -ആരംഭമോ അവസാനമോ ഇല്ലാത്ത- ഒരു സ്രഷ്ടാവിന്റെ അനിവാര്യത ഇവിടെ ബോധ്യപ്പെടുന്നു.

## 10- പ്രപഞ്ചപ്രതിഭാസങ്ങളുടെ പിറകിലെ നിയമങ്ങളെ കുറിച്ചും, ഭൂകമ്പങ്ങൾ സംഭവിക്കുന്നതിന്റെ കാരണത്തെ കുറിച്ചും നമുക്ക് വ്യക്തമായ അറിവുകളുണ്ട്. ഈ നിയമങ്ങളെല്ലാം നമുക്ക് അറിയാമെങ്കിൽ എന്താണ് ഒരു സ്രഷ്ടാവായ ദൈവത്തിനുള്ള പ്രസക്തി?!

ഉത്തരം: പ്രപഞ്ചപ്രതിഭാസങ്ങൾക്ക് പിറകിലുള്ള കാരണങ്ങൾ മാത്രം പ്രപഞ്ചം രൂപപ്പെടാനോ സംവിധാനിക്കപ്പെടാനോ മതിയാവുകയില്ല. 'ഗുരുത്വാകർഷണ സിദ്ധാന്തം' മാത്രം പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് മതിയായ അടിത്തറയായി നിശ്ചയിച്ച ചില യുക്തിവാദികളുണ്ട്. എന്നാൽ ഈ ഗുരുത്വാകർഷണത്തിന്റെ പിറകിലെ ഊർജ്ജ സ്രോതസ്സ് എന്താണെന്ന കേവലമായ ഒരു ചോദ്യം മാത്രം ഈ പിഴച്ച ചിന്താഗതിക്ക് മറുപടിയായി

മതിയാകുന്നതാണ്?! അതല്ലെങ്കിൽ, ഈ ഗുരുത്വാകർഷണത്തിന്റെ നിയമങ്ങൾ ആരു നിശ്ചയിച്ചു എന്നും, അതിന് സ്വാധീനം സൃഷ്ടിക്കാനുള്ള ശേഷി നൽകി എന്നുമുള്ള ചോദ്യം ഈ ചിന്താഗതിയെ തകർക്കാൻ മതിയായതാണ്.

ഈ സാമാന്യ ധാരണകളെല്ലാം മാറ്റിവെച്ചാൽ തന്നെയും, ഗുരുത്വാകർഷണ ബലം കൊണ്ടു മാത്രം ഒരു ബോൾ ചലിക്കില്ല എന്ന് ആർക്കാണ് അറിയാത്തത്?!

ഏതൊരു പ്രാപഞ്ചിക നിയമവും എന്തെങ്കിലുമൊരു പ്രവർത്തി സൃഷ്ടിക്കാൻ സ്വയം പ്രാപ്തമല്ല.

ഫുട്ബോൾ നിർമ്മിക്കപ്പെടാൻ ഗുരുത്വാകർഷണ നിയമം കൊണ്ട് മതിയാകില്ലല്ലോ?! മറിച്ച്, ആ ബോൾ രൂപപ്പെടുകയും, അത് ഒരാൾ കാലു കൊണ്ട് ചവിട്ടുകയും ചെയ്താൽ മാത്രമേ ഗുരുത്വാകർഷണ ബലത്തിന് എന്തെങ്കിലും ചെയ്യാൻ സാധിക്കൂ!

ചുരുക്കത്തിൽ ഗുരുത്വാകർഷണ ബലം എന്നത് ഏകാന്തമായി നിലനിൽക്കാൻ കഴിയുന്ന എന്തെങ്കിലുമൊന്നല്ല; മറിച്ച് പ്രപഞ്ചത്തിലെ ഒരു പ്രതിഭാസത്തെ വിശേഷിപ്പിക്കാൻ നാം ഉപയോഗിക്കുന്ന ഒരു പദം മാത്രമാണത്.

കാൽ കൊണ്ട് ചവിട്ടുമ്പോൾ ഉണ്ടാകുന്ന ശക്തിയുടെ ഫലമായിട്ടല്ലാതെ ഫുട്ബോൾ ചലിക്കുന്നില്ല; ഇവിടെ ബോളിനെ ചലിപ്പിക്കുന്നത് ഗുരുത്വാകർഷണ നിയമമല്ല. മറിച്ച് ബോൾ നീങ്ങുമ്പോൾ ഈ പ്രകൃതിപ്രതിഭാസത്തിന്റെ ഫലം പ്രകടമാകുന്നു എന്ന് മാത്രം.

എന്നാൽ നിരീശ്വരവാദിയുടെ ചോദ്യം കേട്ടാൽ തോന്നുക ഗുരുത്വാകർഷണ ബലം കൊണ്ടു മാത്രം ഫുട്ബോളും അത് ചവിട്ടുന്നതിനുള്ള കാലും ബോളിന്റെ ചലനവും രൂപപ്പെടുമെന്നാണ്.

ബുദ്ധിക്കും സാമാന്യബോധത്തിനും ഏതാണ് കൂടുതൽ അടുത്തു നിൽക്കുന്നത്; പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതോ

ഈ പറയപ്പെട്ട പ്രകൃതിപ്രതിഭാസങ്ങൾ ഇവ നിർമ്മിച്ചു എന്നോ?!

കാറിന്റെ എഞ്ചിൻ പ്രവർത്തിക്കാൻ സഹായിക്കുന്ന ക്രമീകരണങ്ങളോ നിയമങ്ങളോ അല്ല കാറിന്റെ മോട്ടോർ സൃഷ്ടിച്ചത് എന്നത് ഉദാഹരണം!

കാറിന്റെ മോട്ടോറിന് ഉള്ളിലേക്ക് അതിന്റെ ചലനത്തിന് ആവശ്യമായ നിയമങ്ങളും ക്രമീകരണങ്ങളും ചേർത്തതു കൊണ്ട് മാത്രം കാർ ചലിക്കുകയില്ല. മറിച്ച്, അതിന് ശക്തി പകരാൻ ആവശ്യമായ ഇന്ധനവും, കാറിന്റെ മോട്ടോർ പ്രവർത്തിക്കാൻ വേണ്ട സ്പാർക്കും വേണ്ടതുണ്ട്. ഇതിനെല്ലാം മുൻപ് മോട്ടോർ എന്ന വസ്തു ആദ്യം രൂപപ്പെടുകയും വേണം. ഈ പറഞ്ഞതെല്ലാം ഒത്തുവന്നാൽ മാത്രമേ കാറിന്റെ എഞ്ചിൻ പ്രവർത്തിക്കുന്നതിന് വേണ്ട നിയമങ്ങൾക്ക് പ്രവർത്തിക്കാൻ സാധിക്കൂ!

കാറിന്റെ എഞ്ചിൻ പ്രവർത്തിക്കാൻ വേണ്ട നിയമങ്ങൾ കൊണ്ട് മാത്രം

കാറിന്റെ എഞ്ചിനോ, അത് പ്രവർത്തിച്ചു തുടങ്ങാൻ വേണ്ട സ്പാർക്കോ, ഇന്ധനമോ ഡ്രൈവറോ റോഡോ ഉണ്ടാവുകയില്ല എന്നത് തിരിച്ചറിയാൻ വലിയ ബുദ്ധിയുടെ ആവശ്യമില്ല.

പ്രപഞ്ചം രൂപം കൊള്ളാൻ കേവലം പ്രപഞ്ചപ്രതിഭാസങ്ങളുടെ നിയമങ്ങൾ മതിയാകും എന്ന ചിന്ത ബുദ്ധിയുമായി ഒരു നിലക്കും യോജിക്കുന്നതേയല്ല.

ഇനി കേവലം പ്രപഞ്ച പ്രതിഭാസങ്ങൾ മാത്രം പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പിന് മതിയാണെന്ന് വാദത്തിന് വേണ്ടി സമ്മതിച്ചാൽ തന്നെയും മുൻപ് നാം വിശദീകരിച്ച ക്രമാനുഗതമായ തുടർച്ച സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഇതിലും ഉടലെടുക്കും. ഈ പ്രപഞ്ചപ്രതിഭാസങ്ങളാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എങ്കിൽ ഈ പ്രതിഭാസങ്ങളെ ആരു സൃഷ്ടിച്ചു എന്ന ചോദ്യം സ്വാഭാവികമാണ്. അതിന് കാരണമായത് മറ്റൊരു പ്രപഞ്ച പ്രതിഭാസമാണെന്ന് പറഞ്ഞാൽ അതിന്

കാരണമായത് എന്താണെന്ന ചോദ്യം വരും. ഇതാകട്ടെ അവസാനമില്ലാതെ തുടരും; ഒരു സൃഷ്ടിയും രൂപപ്പെടാൻ സാധ്യമാകാത്ത വിധമുള്ള തുടർച്ചയിലേക്കാണ് അത് കൊണ്ടുചെന്നെത്തിക്കുക.

## 11- പ്രപഞ്ചം യാദൃച്ഛികമായി രൂപപ്പെട്ടു എന്നു പറയുന്നതിന് എന്താണ് തടസ്സം?

ഉത്തരം: ഏതൊരു കാര്യവും യാദൃച്ഛികമായി സംഭവിക്കണമെങ്കിൽ രണ്ട് നിബന്ധനകൾ പൂർത്തീകരിക്കപ്പെടുക എന്നത് അനിവാര്യമാണ്. അവയെ കുറിച്ചുള്ള അജ്ഞതയാണ് ഈ യാദൃച്ഛികതാ വാദത്തിലേക്ക് നയിക്കുന്നത്.

സ്ഥലവും കാലവുമാണ് ഈ രണ്ട് നിബന്ധനകൾ. (time and space)

യാദൃച്ഛിമായ ഒരു പരീക്ഷണം നടക്കാനും അതിന്റെ ഫലങ്ങൾ സംഭവിക്കാനും സമയം / കാലം അനിവാര്യമാണ്.

പരീക്ഷണത്തിന്റെ ഉപോൽപ്പന്നം പുറത്തു വരാൻ സാധ്യമാകുന്ന വിധത്തിൽ ഭൗതികമായ സ്ഥലവും അതിന് അനിവാര്യമാണ്.

ഇതാണ് വസ്തുതയെന്നിരിക്കെ പ്രപഞ്ചം യാദൃച്ഛികമായി രൂപപ്പെട്ടു എന്നെങ്ങനെ പറയും; കാരണം ഈ വാദപ്രകാരം സ്ഥലമോ കാലമോ ഇല്ലാത്തിടത്തു നിന്നാണ് പ്രപഞ്ചം രൂപപ്പെട്ടത്; എങ്കിൽ സാധ്യതാ സിദ്ധാന്തം സംഭവിക്കാൻ യാതൊരു വഴിയുമില്ല.

യാദൃച്ഛികത എന്നതു പോലും രൂപം കൊള്ളാത്ത സന്ദർഭത്തിൽ എങ്ങനെ അതിന്റെ ഫലമായുണ്ടായ പ്രപഞ്ചം രൂപം കൊള്ളും?!

യാദൃച്ഛികത തന്നെ ഉണ്ടാകുന്നതിന് മുൻപ് അതിനെങ്ങനെ സ്വാധീനങ്ങൾ സൃഷ്ടിക്കാൻ സാധിക്കും?! സമയവും കാലവും രൂപപ്പെടുന്നതിന് മുൻപ് -ഇവ രണ്ടുമില്ലാതെ നിലനിൽക്കാൻ കഴിയാത്ത- യാദൃച്ഛികതക്ക് എങ്ങനെ പ്രവർത്തിക്കാൻ സാധിക്കും?!

## 12- പ്രപഞ്ചം തുടക്കമോ ഒടുക്കമോ ഇല്ലാത്ത അനന്തമായ സൃഷ്ടിപ്പാണെന്ന് മതനിഷേധികൾ വാദിക്കാറുണ്ട്; ഇതിനെന്തു മറുപടി നൽകും?

ഉത്തരം: പ്രപഞ്ചം അനാദിയാവുക എന്നത് താപഗതികത്തിന്റെ (thermodynamic) രണ്ടാം നിയമപ്രകാരം അസാധ്യമാണ്.

ഈ നിയമം മനസ്സിലാക്കുന്നതിന് വേണ്ടി ഒരുദാഹരണം പറയാം; നിന്റെ മുറിയിൽ ഒരു ഗ്ലാസ് ചൂടുവെള്ളം ഉണ്ട് എന്ന് വിചാരിക്കുക. ഈ വെള്ളത്തിലുള്ള ചൂട് പതിയെ റൂമിലുള്ള താപത്തിനോട് ചേരുന്ന വിധത്തിൽ അന്തരീക്ഷത്തിൽ അലിഞ്ഞു ചേരും. തെർമോഡൈനാമിക്സിന്റെ രണ്ടാം നിയമമമാണിത്. കൂടിയ ഊർജ്ജം അതിൽ താഴെയുള്ള ഊർജ്ജത്തിലേക്ക് വന്നുചേരുന്നതാണ് എന്നതാണ് അതിന്റെ കാതൽ.

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളിലും ഈ പ്രതിഭാസം സംഭവിച്ചു കൊണ്ടിരിക്കുന്നു; പ്രപഞ്ചത്തിന്റെ തുടക്കം മുതൽ അതിന്റെ സ്വാധീനങ്ങൾ പ്രകടമാണ്. പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളുടെ താപനില ഒരേ നിലയിലേക്ക് വന്നെത്തുക എന്നത് സംഭവിക്കുന്നതോടെ പ്രപഞ്ചത്തിന്റെ (Thermal Death of Universe) താപമരണം സംഭവിക്കും. പ്രപഞ്ചം തുടക്കമില്ലാത്തതായിരുന്നു എങ്കിൽ ഈ പ്രക്രിയ ഇപ്പോൾ അവസാനിക്കേണ്ടതായിരുന്നു; താപമരണം എന്നേ സംഭവിക്കേണ്ടിയിരുന്നു. എന്നാൽ പ്രപഞ്ചം നിലവിൽ ഏറ്റവും കൂടിയ entropy യിൽ നിന്ന് ഏറെ താഴെയാണ്. താപമരണം എന്നത് ഇപ്പോഴും സംഭവിച്ചിട്ടില്ല. പ്രപഞ്ചം അനാദിയല്ലെന്നും, അതിന് ഒരു നിശ്ചിതമായ തുടക്കമുണ്ട് എന്നും, സ്ഥലവും കാലവും ആരംഭിക്കുന്നത് ഒരു നിശ്ചിത ഘട്ടം മുതലാണെന്നും ഇത് ബോധ്യപ്പെടുത്തുന്നു.

ഇതേ പ്രപഞ്ച നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്; ഏറ്റവും കുറഞ്ഞ entropy യിൽ നിന്നാണ് പ്രപഞ്ചത്തിന്റെ ആരംഭം ഉണ്ടായിട്ടുള്ളത്. പ്രപഞ്ചം മുൻമാതൃകയില്ലാതെയാണ് രൂപം കൊണ്ടത് എന്നത് ഇതിൽ നിന്ന് മനസ്സിലാക്കാം.

ശാസ്ത്രീയാടിത്തറ നിലകൊള്ളുന്നത് ഒരു ദിശയിലാണെങ്കിൽ മതനിഷേധം നിലകൊള്ളുന്നത് മറ്റേതോ ദിശകളിലാണ്.

## 13- ആരാണ് പ്രപഞ്ചങ്ങളെ സൃഷ്ടിച്ച ദൈവത്തെ സൃഷ്ടിച്ചത്?

ഉത്തരം: ഒന്നാമതായി, സൃഷ്ടികളുടെ കാര്യത്തിൽ നാം പറയുന്ന പ്രപഞ്ചനിയമങ്ങളെല്ലാം സ്രഷ്ടാവിന്റെ കാര്യത്തിൽ ബാധകമാകണം എന്നു പറയുക സാധ്യമല്ല. കേവല ബുദ്ധി കൊണ്ട് മനസ്സിലാക്കാവുന്ന കാര്യമാണത്.

ഭക്ഷണം പാചകം ചെയ്തവനെ പാചകം ചെയ്തതാരാണെന്ന ചോദ്യം പോലെ നിരർത്ഥകമാണത്!

എണ്ണയുണ്ടാക്കിയവനെ എണ്ണയാക്കിയതാര് എന്ന ചോദ്യവും അതും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്?!

സ്രഷ്ടാവാണ് സമയത്തെയും കാലത്തെയും സൃഷ്ടിച്ചവൻ. സ്ഥലകാലത്തെ സൃഷ്ടിച്ചവനെ സ്ഥലകാല നിയമങ്ങളാൽ അളക്കാൻ ശ്രമിക്കുക എന്നത് എത്ര വലിയ വൈരുദ്ധ്യമാണ്?

രണ്ടാമതായി, എല്ലാ സൃഷ്ടിപ്പുകൾക്ക് പിന്നിലും ഒരു സ്രഷ്ടാവുണ്ടായിരിക്കണം. അതിൽ സംശയമില്ല. എന്നാൽ സ്രഷ്ടാവിന്റെ കാര്യമോ?! '

﴿فَاطِرُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ جَعَلَ لَكُم مِّنۡ أَنفُسِكُمۡ أَزۡوَٰجٗا وَمِنَ ٱلۡأَنۡعَٰمِ أَزۡوَٰجٗا يَذۡرَؤُكُمۡ فِيهِۚ لَيۡسَ كَمِثۡلِهِۦ شَيۡءٞۖ وَهُوَ ٱلسَّمِيعُ ٱلۡبَصِيرُ ١١﴾ [الشورى: 11]

'അവനു തുല്യമായി യാതൊന്നുമില്ല."
(ശൂറാ: 11)

മൂന്നാമതായി, സ്രഷ്ടാവ് ഒരിക്കലും തുടക്കമുള്ളവനല്ല. മറിച്ച്, അവൻ അനാദിയാണ്. അവനെ ആരാണ് സൃഷ്ടിച്ചത് എന്ന ചോദ്യം തന്നെ നിരർത്ഥകമാണ്.

നാലാമതായി, പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് അനാദിയാവുക എന്നത് അനിവാര്യമാണ്. അവനില്ലാതിരിക്കുക എന്നത് അസംഭവ്യമാണ്. അല്ലായെങ്കിൽ, അവസാനമില്ലാത്ത തുടർച്ചയും, അനന്തമായ ആവർത്തനവുമാണുണ്ടാവുക. അതാകട്ടെ, ശൂന്യതയിലേക്കും അസംഭവ്യതയിലേക്കുമാണ് നയിക്കുക. ഇക്കാര്യം കുറച്ച് മുൻപ് നാം വിശദീകരിച്ചു കഴിഞ്ഞതാണ്.

## 14- അതിരുകൾ നീണ്ടുകിടക്കുന്ന ഈ വൻപ്രപഞ്ചത്തിലെ ഒരു ചെറുജീവി മാത്രമാണ് മനുഷ്യൻ എന്നിരിക്കെ അവൻ എങ്ങനെ ഇതിന് പിറകിലുള്ള കേന്ദ്രബിന്ദുവാകും?

ഉത്തരം: പ്രപഞ്ചം വമ്പിച്ച വിശാലതയുണ്ടെങ്കിൽ ഈ ചെറിയ മനുഷ്യൻ അതിന്റെ കേന്ദ്രബിന്ദുവായിക്കൂടാ എന്ന സങ്കൽപ്പം യുക്തിവാദികളുടെ പൊള്ളവാദങ്ങളിൽ ഒന്നാണ്.

കൃഷിയിടം വളരെ വലുതും വിശാലവുമായതിനാൽ അതിന്റെ ഉടമസ്ഥൻ ഒരു ചെറിയ മനുഷ്യനായിക്കൂടാ എന്ന് പറയുന്നത് പോലെയാണ് ഈ വാദം.

യഥാർത്ഥത്തിൽ, ഏതെങ്കിലുമൊരു വസ്തുവിന്റെ വലുപ്പവുമായി ഈ വിഷയത്തിന് യാതൊരു ബന്ധവുമില്ല.

ഭൗതികമായി യാതൊരു വലിപ്പവും പറയാനില്ലാത്ത കാര്യമാണ് സ്വഭാവഗുണങ്ങൾ; പക്ഷേ മനുഷ്യരിൽ ഏറ്റവും മഹാന്മാരെയും ഏറ്റവും നിന്ദ്യരെയും വേർതിരിക്കാനുള്ള ഏറ്റവും പ്രകടമായ മാനദണ്ഡമാണത്.

മനുഷ്യരുടെ മൂല്യം അളക്കപ്പെടുന്നത് അവരുടെ സ്വഭാവമൂല്യങ്ങളുടെ അടിസ്ഥാനത്തിലാണ്.

അതല്ലാതെ, ഭൗതികമായ വലിപ്പച്ചെറുപ്പങ്ങൾക്ക് അവിടെ യാതൊരു പരിഗണനയുമില്ല.

മറ്റൊരു ഉദാഹരണം പറയാം: ഏതെങ്കിലുമൊരു രാജാവ് തന്റെ മകനോട് ചില ഉപദേശങ്ങളും നിർദേശങ്ങളും പറഞ്ഞു കൊടുത്തു എന്ന് വിചാരിക്കുക. തന്റെ മകന് വേണ്ടി അയാൾ ചിലതെല്ലാം രേഖപ്പെടുത്തി നൽകി എന്നും വിചാരിക്കുക. 'ഇത്ര വലിയ രാജ്യവും അതിലുള്ള അനേകം ഭൂമിയും ഉടമപ്പെടുത്തുന്ന ഒരു രാജാവ് എങ്ങനെ

തന്റെ മകന്റെ കാര്യം ഇത്രമാത്രം ശ്രദ്ധിക്കുന്നത് ശരിയാകും?! രാജാവിന്റെ രാജ്യത്തെ അപേക്ഷിച്ച് മകന്റെ വലിപ്പം എത്ര ചെറുതും നിസ്സാരവുമാണ്?' - ഒരാൾ ഇങ്ങനെ വാദിച്ചാൽ എന്തായിരിക്കും അവസ്ഥ?!

മനുഷ്യന്റെ കാര്യം ഇതാണെങ്കിൽ ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിന് എല്ലാ നിലക്കും പരിപൂർണ്ണമായ വിശേഷണമുണ്ട്.

ചുരുക്കത്തിൽ, ഇത്തരം 'യുക്തി'ന്യായങ്ങൾ തീർത്തും യുക്തിപരമല്ല എന്നേ പറയാനാവൂ.

കാര്യങ്ങളെ വിലയിരുത്തേണ്ടത് അവയുടെ വലിപ്പമോ ഭാരമോ നോക്കിക്കൊണ്ടല്ല.

ഇതിനെല്ലാം പുറമെ, രസതന്ത്ര ശാസ്ത്രം പറയുന്നത് ഈ പ്രപഞ്ചം തന്നെ ഉണ്ടായിവന്നത് ഒരു മൊട്ടുസൂചിയേക്കാൾ മില്ല്യൺ കണക്കിന് മടങ്ങ് ചെറുതായ പദാർത്ഥത്തിൽ നിന്നാണെന്നല്ലേ?!

അതിനാൽ, വലിപ്പവും ചെറുപ്പവുമെല്ലാം തീർത്തും ആപേക്ഷികമാണ്.

ഇതെല്ലാം മാറ്റിവെച്ചാൽ തന്നെയും, അല്ലാഹു അവൻ ഉദ്ദേശിക്കുന്ന രൂപത്തിൽ ഉദ്ദേശിക്കുന്നതെല്ലാം സൃഷ്ടിച്ചാൽ മതനിഷേധിക്ക് അതിലെന്തു കാര്യം?!

പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെ സംബന്ധിച്ചിടത്തോളം തന്റെ സൃഷ്ടികൾക്ക് നൽകാനുള്ള വിഭവങ്ങളുടെ കുറവിനെ കുറിച്ചോർത്ത് വല്ല ഭയവുമുണ്ട് എന്നാണോ അവൻ കരുതുന്നത്?

അല്ലാഹു എല്ലാ ന്യൂനതകളിൽ നിന്നും ഔന്നത്യമുള്ളവനത്രെ.

ഇനി തുടങ്ങിയ ചോദ്യത്തിലേക്ക് ഒരിക്കൽ കൂടി തിരിച്ചു പോകാം; മനുഷ്യൻ യഥാർത്ഥത്തിൽ ഈ പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവാണോ?!

അതെ! എന്നാണുത്തരം. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് നിന്റെ മേൽ ഉത്തരവാദിത്തങ്ങൾ നൽകിക്കൊണ്ട് നിന്നെ ഈ

പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവാക്കിയിരിക്കുന്നു.

അല്ലാഹു മനുഷ്യരുടെ മേൽ നിശ്ചയിച്ച ഈ ഉത്തരവാദിത്തങ്ങളുടെ കൂട്ടമാണ് മതം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.

അല്ലാഹു നിന്റെ മേൽ ഏൽപ്പിച്ച ഉത്തരവാദിത്തമാണ് മതം. നീ നിറവേറ്റേണ്ട ഏറ്റവും വലിയ പരീക്ഷയാണത്.

അല്ലാഹുവിന്റെ മുൻപിലുള്ള നിന്റെ അടിമത്വം അംഗീകരിക്കുക എന്ന ഈ ലക്ഷ്യം നീ നിറവേറ്റേണ്ടതായുണ്ട്. ഈ അർത്ഥത്തിൽ പ്രപഞ്ചത്തിലെ കേന്ദ്രബിന്ദുവാണ് മനുഷ്യൻ. നിന്റെ വലിപ്പമോ ശക്തിയോ ബലമോ അല്ല നിന്നെ വ്യതിരിക്തനാക്കുന്നത്; മറിച്ച് അല്ലാഹു നിന്റെ മേൽ ഏൽപ്പിച്ച ഉത്തരവാദിത്തമാണ് നിന്നെ വേറിട്ടു നിർത്തുന്നത്.

നന്മ ചെയ്യാനും തിന്മ ഉപേക്ഷിക്കാനുമുള്ള കഴിവോടെയാണ് അല്ലാഹു നിന്നെ

സൃഷ്ടിച്ചിരിക്കുന്നത്. വിശ്വസിക്കാനും നിഷേധിക്കാനുമുള്ള കഴിവ് നിനക്കുണ്ട്.

നാം അംഗീകരിച്ചാലും ഇല്ലെങ്കിലും നമുക്കറിയാം... നമ്മുടെ മേൽ ചില ഉത്തരവാദിത്തങ്ങളുണ്ട്.

മതനിഷേധിയും മതവിശ്വാസിയും എനിക്കൊന്നുമറിയില്ലെന്ന നിലപാട് സ്വീകരിക്കുന്നവനും ഈ ഉത്തരവാദിത്തത്തെ കുറിച്ച് മനസ്സിന്റെ ഉള്ളിൽ തിരിച്ചറിയുന്നുണ്ട്. അവന്റെ ധാർമ്മിക മൂല്യങ്ങളുടെ, മനസാക്ഷിയുടെ ചോദന അവന് അനുഭവിക്കാൻ കഴിയുന്നുണ്ട്. ഇന്നത് ചെയ്യണമെന്നും, ഇന്നതെല്ലാം ചെയ്തു കൂടരുതെന്നുമുള്ള തേട്ടങ്ങൾ മനസ്സിന്റെ അകത്തുണ്ട് എന്ന് അവന് അറിയാൻ സാധിക്കുന്നുണ്ട്. എല്ലാവർക്കും അവരുടെ മനസ്സിന്റെ ഉള്ളിൽ ബോധ്യമുണ്ട്; ഞാൻ ഉത്തരവാദിത്തമുള്ളവനാണ്.

ഈ പ്രപഞ്ചത്തിൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ നാം കേന്ദ്രബിന്ദുക്കൾ തന്നെയാണ്.

അതോടൊപ്പം കാര്യങ്ങൾ തിരിച്ചറിയാനും മനസ്സിലാക്കാനുമുള്ള നമ്മുടെ കഴിവും വ്യതിരിക്തമാണ്. നാം ചിന്തിക്കുകയും കാര്യങ്ങൾ മനസ്സിലാക്കുകയും ബുദ്ധി ഉപയോഗിക്കുകയും നമ്മുടെ അസ്തിത്വത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കുകയും ചെയ്യുന്നു. നമ്മുടെ ചുറ്റുപാടുമുള്ള പ്രപഞ്ചത്തിന്റെ അസ്തിത്വവും നമ്മുടെ നിലനിൽപ്പിന്റെ പിറകിലെ ലക്ഷ്യവും നാം തിരിച്ചറിയുന്നു.

അതിനാൽ ഉറപ്പോടെ പറയാം; നാം ചോദ്യം ചെയ്യപ്പെടാനിരിക്കുന്നവരാണ്. നമ്മുടെ പ്രവർത്തനങ്ങൾക്ക് ഉത്തരം പറയാനുള്ളവരാണ്. ബാധ്യതകൾ ഏൽപ്പിക്കപ്പെട്ട, നാളെ വിചാരണ ചെയ്യപ്പെടാനിരിക്കുന്ന കൂട്ടർ തന്നെയാണ് നാം.

പ്രപഞ്ചത്തിന്റെ കൃത്യമായ സംവിധാന മികവിനെ കുറിച്ചും, അതിലെ കൃത്യതകളെ കുറിച്ചും നമുക്ക് ബോധ്യപ്പെടുന്നുണ്ട്. ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ നമുക്ക് കഴിവുണ്ട്. അവയെ നിഷേധിക്കാനും തള്ളിപ്പറയാനും നമുക്ക് സാധിക്കും. തിരഞ്ഞെടുപ്പിനുള്ള വഴികൾ നമ്മുടെ മുൻപിലുണ്ട്. വിശ്വാസവും നിഷേധവും നമുക്ക് സാധിക്കും.

ആവർത്തിക്കട്ടെ! ഈ പ്രപഞ്ചത്തിൽ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കപ്പെട്ടവർ എന്ന അർത്ഥത്തിൽ നാം കേന്ദ്രബിന്ദുക്കൾ തന്നെയാണ്.

﴿إِنَّا عَرَضْنَا ٱلْأَمَانَةَ عَلَى ٱلسَّمَٰوَٰتِ وَٱلْأَرْضِ وَٱلْجِبَالِ فَأَبَيْنَ أَن يَحْمِلْنَهَا وَأَشْفَقْنَ مِنْهَا وَحَمَلَهَا ٱلْإِنسَٰنُ ۖ إِنَّهُۥ كَانَ ظَلُومًا جَهُولًا ﴿٧٢﴾﴾ [الأحزاب: 72]

"തീർച്ചയായും നാം ആ വിശ്വസ്ത ദൗത്യം (ഉത്തരവാദിത്തം) ആകാശങ്ങളുടെയും ഭൂമിയുടെയും പർവ്വതങ്ങളുടെയും മുമ്പാകെ എടുത്തുകാട്ടുകയുണ്ടായി.

എന്നാൽ അത് ഏറ്റെടുക്കുന്നതിന് അവ
വിസമ്മതിക്കുകയും അതിനെപ്പറ്റി
അവയ്ക്ക് പേടി തോന്നുകയും ചെയ്തു.
മനുഷ്യൻ അത് ഏറ്റെടുത്തു.
തീർച്ചയായും അവൻ കടുത്ത
അക്രമിയും
അവിവേകിയുമായിരിക്കുന്നു."
(അഹ്സാബ്: 72)

## 15- മതനിഷേധികളിൽ ചിലർ പറയുന്നു: പ്രപഞ്ചത്തിൽ അനേകമനേകം നക്ഷത്രങ്ങളുണ്ട്. സ്വാഭാവികമായും ഇവയിൽ ഏതെങ്കിലുമൊരു നക്ഷത്രത്തിൽ കൂടി ജീവസാന്നിധ്യം ഉണ്ടായിരിക്കാൻ സാധ്യതയില്ലേ?! ... ഈ നിരീക്ഷണം ശരിയാണോ?

ഉത്തരം: അനേകം നക്ഷത്രങ്ങളുണ്ട് എന്നത് സൃഷ്ടിപ്പിലെ കൃത്യതയെയും ക്രമീകരണത്തെയും എങ്ങനെയാണ് നിരസിക്കുന്നത്?!

ഈ വിഷയം യഥാർത്ഥത്തിൽ കേവല ഭൗതികമായ പദാർത്ഥങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതല്ല.

ധാരാളം പച്ചക്കറികളും ഫലങ്ങളും മൃഗങ്ങളും നിറഞ്ഞു നിൽക്കുന്ന ഒരു കാട്ടിലാണ് ഞാനുള്ളത് എന്നത് കൊണ്ട് മാത്രം ഈ കാട്ടിന് നടുവിൽ രുചികരമായി പാചകം ചെയ്യപ്പെട്ട ഒരു പാത്രം ഭക്ഷണം പൊടുന്നനെ പ്രത്യക്ഷപ്പെടുകയില്ലല്ലോ?! കാരണം നേരത്തെ പറഞ്ഞതു തന്നെ; ഭൗതികമായ പദാർത്ഥങ്ങളുടെ സാന്നിധ്യം മാത്രം അതിന് മതിയാവുകയില്ല.

കമ്പ്യൂട്ടർ പ്രൊസസറുകളും മൊബൈൽ ചിപ്പുകളും നിർമ്മിക്കുന്നതിൽ മരുഭൂമിയിൽ നിന്നെടുക്കുന്ന മണൽത്തരികൾക്ക് പങ്കുണ്ട് എന്നതിനാൽ മരുഭൂമിയിലെ വിജനതകളിൽ സങ്കീർണ്ണമായ ഈ ചിപ്പുകളോ പ്രൊസസറുകളോ ലഭിക്കുമെന്ന് അനുമാനിക്കാൻ സാധിക്കുമോ?!

ചുരുക്കത്തിൽ, കേവലം പദാർത്ഥങ്ങൾ നിലനിൽക്കുന്നു എന്നതിനാൽ മാത്രം സങ്കീർണ്ണമായ വസ്തുക്കളുടെ അസ്തിത്വം അനുമാനിക്കുക സാധ്യമല്ല. മറിച്ച്, അവയുടെ നിർമ്മാണത്തിന് പിറകിലെ കൃത്യതയും ക്രമീകരണവും പ്രധാനമാണ്.

കുറച്ചു നക്ഷത്രങ്ങളുടെ കൂട്ടം പ്രപഞ്ചത്തിൽ കാണപ്പെടുന്നു എന്നത് കൊണ്ട് മാത്രം ഭൂമിയെ പോലെ കൃത്യമായി സംവിധാനിക്കപ്പെട്ട ഒരു ഗ്രഹം അവക്കിടയിലുണ്ടാകും എന്ന് അനുമാനിക്കുക സാധ്യമല്ല.

കാരണം ഇതിന്റെ ക്രമീകരണത്തിലെ സൂക്ഷ്മതയും രൂപപ്പെടുത്തലും നിർമ്മാണവും അവയിൽ നിന്ന് തീർത്തും വേറിട്ടു നിൽക്കുന്നതാണ്.

﴿وَتَرَى ٱلۡجِبَالَ تَحۡسَبُهَا جَامِدَةٗ وَهِيَ تَمُرُّ مَرَّ ٱلسَّحَابِۚ صُنۡعَ ٱللَّهِ ٱلَّذِيٓ أَتۡقَنَ كُلَّ شَيۡءٍۚ إِنَّهُۥ خَبِيرُۢ بِمَا تَفۡعَلُونَ ۝٨٨﴾ [النمل: 88]

"അല്ലാഹുവിന്റെ നിർമ്മിതി; എല്ലാത്തിനെയും ഏറ്റവും കൃത്യമായി ക്രമീകരിച്ചവനത്രെ അവൻ." (നംല്: 88)

പ്രപഞ്ചത്തിൽ മറ്റനേകം നക്ഷത്രങ്ങൾ നിലകൊള്ളുന്നു എന്നത് ഭൂമിയിൽ ജീവൻ നിലനിൽക്കുന്നു എന്നതിനുള്ള കാരണമായി പറയുക സാധ്യമേയല്ല.

അനേകം നക്ഷത്രങ്ങളുടെ സാന്നിധ്യമെങ്ങനെയാണ് നിന്റെ ശരീരത്തിനുള്ളിൽ നിലകൊള്ളുന്ന നാലു മില്ല്യൺ അക്ഷരങ്ങളുടെ ഘനിയായ DNA യുടെ സാന്നിധ്യത്തിന് വഴിയൊരുക്കുക?! നിന്റെ ശരീരത്തിലെ അവയവങ്ങളെയും ഹോർമോണുകളെയും അത്ഭുതകരമായ ക്രമീകരണത്തിലൂടെ മുന്നോട്ട് നയിക്കാൻ സാധിക്കുന്ന ഈ പ്രതിഭാസത്തിന് അതെങ്ങനെ ന്യായമാകും?!

ഇതിനെല്ലാം പുറമെ ജീവൻ എന്ന പ്രതിഭാസമാകട്ടെ, ഭൗതികമായ പദാർത്ഥങ്ങളിൽ നിന്നുള്ളതല്ല.

ഒരു മതനിഷേധിയോടൊപ്പം ഏതെങ്കിലുമൊരു നക്ഷത്രത്തിൽ ചെന്നിറങ്ങിയ ശേഷം അവിടെ അത്ഭുതകരമായ സംവിധാനത്തോടെ പ്രവർത്തിക്കുന്ന ഏതെങ്കിലുമൊരു ഉപകരണം കണ്ടെത്തി എന്ന് വിചാരിക്കുക! ഈ വസ്തു കൊണ്ടുള്ള പ്രയോജനം എന്താണെന്ന് ഞങ്ങൾക്ക് മനസ്സിലായില്ലെങ്കിൽ കൂടി, ഇങ്ങനെയൊരു ഉപകരണം വെറുതെ ഉണ്ടായി എന്ന് എങ്ങനെ ഊഹിക്കാൻ സാധിക്കും?! ഞങ്ങൾ വളരെ വലിയൊരു നക്ഷത്രത്തിലാണ് നിൽക്കുന്നത് എന്നതു കൊണ്ട് മാത്രം ഈ സങ്കീർണ്ണമായ ഉപകരണം തനിയെ അവിടെ ഉണ്ടായി എന്നു പറയുന്നത് എങ്ങനെ ശരിയാകും?!

പ്രസ്തുത ഉപകരണം കണ്ടെത്തിയാൽ ഒരേ ശബ്ദത്തോടെ എനിക്കും ആ മതനിഷേധിക്കും പറയാൻ സാധിക്കും; ഇത് നിർമ്മിച്ച ഒരു നിർമ്മാതാവിന്റെ സാന്നിധ്യം തീർച്ചയായും ഇവിടെയുണ്ട്.

കേവല ബുദ്ധിയുടെ ഈ തേട്ടം നിഷേധിക്കുന്നവനാണ് തന്റെ വാദത്തിന് തെളിവ് കൊണ്ടുവരേണ്ടത്. അതല്ലാതെ ഇത് അംഗീകരിക്കുന്നവൻ യാതൊരു തെളിവും ഹാജരാക്കേണ്ടതില്ല.

അത്ഭുതകരവും സങ്കീർണ്ണവുമായ ഈ പ്രപഞ്ചത്തിൽ ജീവിക്കുന്ന മതനിഷേധിയാണ് തെളിവ് കൊണ്ടുവരേണ്ടത്. വിശ്വാസികൾക്ക് യാതൊരു തെളിവും കൊണ്ടുവരേണ്ട ബാധ്യതയില്ല.

അഗ്നോസ്റ്റിക് മതനിഷേധികളിൽ പെട്ട കാൾ സാഗൻ എഴുതിയ CONTACT എന്ന നോവലിൽ ഭൂമിക്ക് പുറത്ത് ജീവന്റെ സാന്നിധ്യമുണ്ടോ എന്ന അന്വേഷണം നടത്തുന്ന ശാസ്ത്രജ്ഞരുടെ കഥയാണുള്ളത്.

outer space ൽ നിന്ന് വന്നെത്തുന്ന ചില ഡിജിറ്റൽ കോഡുകൾ ആദ്യമായി ശാസ്ത്രജ്ഞർ കണ്ടെത്തുന്നതും, ഈ തുടർച്ചയായ സന്ദേശങ്ങൾക്ക് പിറകിൽ

മനുഷ്യരുമായി ബന്ധപ്പെടാൻ ശ്രമിക്കുന്ന ഏതോ ഒരു ജീവിവർഗത്തിന്റെ കൈകളുണ്ടെന്ന അനുമാനത്തിൽ അവർ എത്തുന്നതുമാണ് കഥ. തുടർച്ചയായ ഡിജിറ്റൽ സന്ദേശങ്ങൾ ഏതോ ഒരു ജീവിവർഗത്തിന്റെ സാന്നിധ്യമുണ്ട് എന്നതിനുള്ള തെളിവായി പരിഗണിക്കാൻ ഈ നോവലിന്റെ പശ്ചാത്തലത്തിൽ സാധ്യമാകുന്നു!

രസകരമായ കാര്യമെന്തെന്നാൽ; കുറച്ച് ഡിജിറ്റൽ സന്ദേശങ്ങൾ കൃത്യവും വ്യവസ്ഥയുള്ളതുമാണ് എന്നത് കൊണ്ട്, അതിനു പിന്നിൽ അത് കണിശമായി രൂപപ്പെടുത്തിയ ആരോ ഉണ്ട് എന്ന് കാൾ സാഗന്റെ ബുദ്ധി അംഗീകരിക്കുന്നു. അയാളാകട്ടെ പ്രശസ്തനായൊരു അഗ്നോസ്റ്റിക് നാസ്തികനാണ്. അഥവാ, പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്ന് ഉറപ്പിച്ചു പറയാൻ കഴിയാത്ത അനിശ്ചിതത്വത്തിൽ ജീവിക്കുന്നൊരാൾ...!

വളരെ കുറച്ച് അക്ഷരങ്ങൾ ക്രമത്തിൽ ലഭിക്കുമ്പോഴേക്ക് അതിന് പിറകിൽ ഒരു ജീവിവർഗമുണ്ടെന്ന് അനുമാനിക്കാമെങ്കിൽ മനുഷ്യ ശരീരത്തിൽ നിലകൊള്ളുന്ന മില്ല്യൺ കണക്കിന് ഡാറ്റകളുടെ സമാഹാരമായ ഡി എൻ എ യുടെ സാന്നിധ്യം എന്തു കൊണ്ട് സ്രഷ്ടാവിന്റെ സാന്നിധ്യത്തിന് തെളിവാകുന്നില്ല?! ഡി എൻ എയുടെ ഘടനകളിൽ ഏതെങ്കിലുമൊരു അക്ഷരം സ്ഥാനം മാറുന്നത് പോലും ഭീകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നാണ്; എങ്കിൽ ഈ കൃത്യതക്ക് പിറകിൽ ഒരു സ്രഷ്ടാവിന്റെയും ക്രമീകരണമില്ലെന്ന മതനിഷേധചിന്തയുടെ ബുദ്ധിശൂന്യത എത്ര വലുതാണ്?

പ്രപഞ്ചത്തിന്റെ സംവിധാനത്തിൽ അതിന്റെ സ്രഷ്ടാവിലേക്ക് വിരൽ ചൂണ്ടുന്ന അനേകം തെളിവുകളുണ്ടെന്നിരിക്കെ അവയെ നിഷേധിക്കാൻ വേണ്ടിയുള്ള ബുദ്ധിശൂന്യമായ വ്യാഖ്യാനങ്ങൾക്ക് പിറകെ പോകുന്നത് എത്ര വലിയ വിഡ്ഢിത്തമാണ്?

﴿قُلِ ٱنظُرُواْ مَاذَا فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِۚ وَمَا تُغۡنِي ٱلۡأٓيَٰتُ وَٱلنُّذُرُ عَن قَوۡمٖ لَّا يُؤۡمِنُونَ ١٠١﴾ [يونس: 101]

"(നബിയേ,) പറയുക: ആകാശങ്ങളിലും ഭൂമിയിലും എന്തൊക്കെയാണുള്ളതെന്ന് നിങ്ങള്‍ നോക്കുവിന്‍. വിശ്വസിക്കാത്ത ജനങ്ങള്‍ക്ക് ദൃഷ്ടാന്തങ്ങളും താക്കീതുകളും എന്തുഫലം ചെയ്യാനാണ്?" (യൂനുസ്: 101)

## 16- ഒന്നിലധികം സ്രഷ്ടാക്കൾ പ്രപഞ്ചത്തിന് ഉണ്ടായിക്കൂടേ?!

അല്ലാഹു പറയുന്നു:

﴿لَوۡ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَاۚ فَسُبۡحَٰنَ ٱللَّهِ رَبِّ ٱلۡعَرۡشِ عَمَّا يَصِفُونَ ٢٢﴾ [الأنبياء: 22]

"ആകാശങ്ങളിലും ഭൂമിയിലും അല്ലാഹുവല്ലാതെ മറ്റ് ആരാധ്യന്മാരുണ്ടായിരുന്നെങ്കില്‍ അവ തകര്‍ന്നു പോകുമായിരുന്നു." (അമ്പിയാഅ്: 22)

പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ അല്ലാഹുവിനോടൊപ്പം മറ്റൊരു സ്രഷ്ടാവ് കൂടിയുണ്ടാവുക എന്നത് ഒരുവൻ മറ്റൊരുവന്റെ ആശ്രിതനാവുക എന്നതിലേക്ക് നയിക്കും.

ഒരു സ്രഷ്ടാവ് മറ്റൊരു സ്രഷ്ടാവിന്റെ ആശ്രിതനാണെങ്കിൽ പ്രപഞ്ചത്തിന്റെ സമാധാനപരമായ നിലനിൽപ്പ് അസാധ്യമാകും. അതാകട്ടെ, പ്രപഞ്ചത്തിന്റെ പരിപൂർണ്ണ നാശത്തിലേക്ക് നയിക്കുകയും ചെയ്യും. ആകാശഭൂമികളുടെ സ്രഷ്ടാവായ അല്ലാഹു ഈ പറഞ്ഞതിൽ നിന്നെല്ലാം പരിശുദ്ധനാണ്.

ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവ് മറ്റൊരുവന്റെ ആശ്രിതനായ ഒരു സ്രഷ്ടാവായിരുന്നു എങ്കിൽ പ്രപഞ്ചം നിലനിൽക്കുമെന്നതിന് യാതൊരു ഉറപ്പുമുണ്ടാകുമായിരുന്നില്ല.

﴿لَوۡ كَانَ فِيهِمَآ ءَالِهَةٌ إِلَّا ٱللَّهُ لَفَسَدَتَاۚ فَسُبۡحَٰنَ ٱللَّهِ رَبِّ ٱلۡعَرۡشِ عَمَّا يَصِفُونَ﴿٢٢﴾﴾ [الأنبياء: 22]

"ആകാശഭൂമികളിൽ അല്ലാഹുവല്ലാത്ത വല്ല ആരാധ്യരും ഉണ്ടായിരുന്നെങ്കിൽ അത് രണ്ടും തകരാറാകുമായിരുന്നു. അതിനാൽ സിംഹാസനത്തിന്റെ നാഥനായ അല്ലാഹു, അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം തീർത്തും പരിശുദ്ധനാകുന്നു!" (അമ്പിയാഅ്: 22)

മറ്റൊരുടെയെങ്കിലും ആവശ്യമോ ആശ്രയമോ അല്ലാഹുവിനില്ല. അവൻ സമ്പൂർണ്ണ ധന്യതയുള്ളവനും, എല്ലാവരെയും നിലനിർത്തുന്ന നിയന്താവുമത്രെ.

ഈ പറഞ്ഞതിനോടൊപ്പം മറ്റൊരു കാര്യം കൂടി മനസ്സിലാക്കുക: ഒന്നിലധികം ആരാധ്യന്മാർ പ്രപഞ്ചത്തിന് ഉണ്ടായിരുന്നു എങ്കിൽ അവർ തമ്മിൽ യോജിക്കുക എന്നതിനേക്കാൾ വിയോജിപ്പുണ്ടാവുക എന്നതിനാണ് സാധ്യത കൂടുതലുള്ളത്. കാരണം ഒന്നിലധികം ദൈവങ്ങളുണ്ടെങ്കിൽ ഒന്നിലധികം തീരുമാനങ്ങളും അവർക്കുണ്ട്. പല

തീരുമാനങ്ങൾ നടപ്പിലാക്കാൻ പരസ്പരം അവർ ആശ്രയിക്കുക എന്നതും അനിവാര്യമാണ്. അതാകട്ടെ, പ്രപഞ്ചത്തിന്റെ തന്നെ തകർച്ചയിലേക്കും നാശത്തിലേക്കുമാണ് നയിക്കുക.

മനുഷ്യന്റെ ശുദ്ധപ്രകൃതി ഏകനായ ഒരു സ്രഷ്ടാവിനെ അംഗീകരിക്കുന്നുണ്ട്. ഏതൊരു ശാസ്ത്രജ്ഞനും പാമരനും ബോധ്യപ്പെടാവുന്ന യാഥാർത്ഥ്യമാണത്. പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവല്ലാതെ മറ്റൊന്നുണ്ടെന്ന് ഒരാൾക്കും പറയുക സാധ്യമല്ല. അതാകട്ടെ, ശുദ്ധപ്രകൃതിയുടെ തേട്ടവുമാണ്.

## 17- എന്തിനാണ് മതം?

ഉത്തരം: ഏറ്റവും കടുത്ത മതനിഷേധിയും വിശ്വസിക്കുന്നു; സത്യമാണ് കളവിനേക്കാൾ നല്ലതെന്ന്. അങ്ങനെയല്ലേ?

അവൻ അംഗീകരിക്കുന്നു; വിശ്വസ്തതയാണ് ചതിയേക്കാളും

വഞ്ചനയേക്കാളും ഉത്തമമെന്ന്. അങ്ങനെയല്ലേ?

ഈ പറഞ്ഞതെല്ലാം ഭൗതിക പദാർത്ഥങ്ങളുമായി യാതൊരർത്ഥത്തിലും ബന്ധപ്പെടുന്നില്ല. ഇവയുടെ അർത്ഥമോ ആശയമോ ബോധ്യപ്പെടുത്തുന്ന യാതൊന്നും ഭൗതിക പ്രപഞ്ചത്തിലില്ല.

എന്താണ് സത്യസന്ധതയുടെ അർത്ഥം?

എന്താണ് വിശ്വസ്തതയെന്നാൽ ഉദ്ദേശ്യം?

ഏതെങ്കിലും ആറ്റമോ കണികയോ തുറന്നു നോക്കിയാൽ സത്യത്തെ കുറിച്ചോ കളവിനെ കുറിച്ചോ ബോധ്യപ്പെടുത്തുന്ന എന്തെങ്കിലുമൊരു സൂചന കാണാനുണ്ടോ?!

ഏതെങ്കിലും ഹോർമോണുകളിലോ ക്ഷീരപഥങ്ങളിലോ വിശ്വസ്തതയെയും ചതിയെയും വേർതിരിക്കുന്ന എന്തെങ്കിലുമൊന്നുണ്ടോ?!

ഈ പറഞ്ഞതെല്ലാം ഭൗതിക പ്രപഞ്ചത്തിന്റെ ഭാഗമായ സാങ്കേതിക പദങ്ങളേയല്ല.

എന്നാൽ ഇവക്കെല്ലാം അർത്ഥവും ഉദ്ദേശ്യവുമുണ്ടെന്ന് നമുക്കറിയാം.

യഥാർത്ഥത്തിൽ, പദാർത്ഥങ്ങളേക്കാൾ മൂല്യമേറിയ യാഥാർത്ഥ്യങ്ങളാണവ.

മനുഷ്യന്റെ വിലയും നിലയുമെല്ലാം വേർതിരിയുന്നത് ഈ മൂല്യങ്ങൾ കൊണ്ടാണ്. അവന്റെ ശാരീരിക വലിപ്പമോ അവന്റെ ശരീരത്തിലെ കോശങ്ങളുടെ എണ്ണമോ മസിലുകളുടെ ശേഷിയോ അടിസ്ഥാനപ്പെടുത്തിയല്ല ഇതൊന്നും വേർതിരിയുന്നത്.

മനുഷ്യന്റെ ഉള്ളകങ്ങളിൽ അവന് അനുഭവിച്ചറിയാൻ കഴിയുന്ന, പ്രപഞ്ച സ്രഷ്ടാവിന്റെ കൽപ്പനകൾ നിറവേറ്റുക എന്നതിന്റെ അടിസ്ഥാനത്തിലാണ് അവന്റെ മൂല്യം വ്യത്യാസപ്പെടുന്നത്.

ഈ മൂല്യം നിർണ്ണയിക്കുന്നതിൽ ഭൗതിക പ്രപഞ്ചത്തിൽ യാതൊരു വസ്തുവിനും സ്വാധീനമില്ല.

മനുഷ്യരിൽ നല്ലവരും കെട്ടവരുമുണ്ട്.

എന്നാൽ ഏതെങ്കിലും നല്ല പർവ്വതവും ചീത്ത പർവ്വതവുമുണ്ടോ?!

വിശ്വസ്തനായ നക്ഷത്രവും ചതിയനായ മറ്റൊന്നുമുണ്ടോ?!

മനുഷ്യനെ വേറിട്ടു നിർത്തുന്നത് അവന്റെ മൂല്യങ്ങളും ലക്ഷ്യബോധവും അസ്തിത്വപരമായ തിരിച്ചറിവുകളുമാണ്.

മനുഷ്യനും ജിന്നും മാത്രമാണ് തങ്ങൾ പരീക്ഷപ്പെടാനായി സൃഷ്ടിക്കപ്പെട്ടവരാണ് എന്ന ഈ യാഥാർത്ഥ്യം തിരിച്ചറിയുന്നവരായുള്ളത്.

സൽസ്വഭാവമെന്നും പെരുമാറ്റ മര്യാദകളെന്നുമെല്ലാം നാം വിശേഷിപ്പിക്കുന്ന ഈ 'തോന്നലുകൾ' അല്ലാഹു നാമേവരുടെയും ഉള്ളകങ്ങളിൽ നിശ്ചയിച്ച ശുദ്ധപ്രകൃതിയുടെ ഭാഗം മാത്രമാണ്.

ചുരുക്കത്തിൽ, മനുഷ്യനെ തിരിച്ചറിയാൻ മതം അനിവാര്യമാണ്.

സൽസ്വഭാവത്തിന്റെ മൂല്യം വേർതിരിച്ചു ബോധ്യപ്പെടുത്തുന്ന ഒരേയൊരു കാര്യം മതം മാത്രമാണ്. എന്തിന് സംസ്കാരവും ധാർമ്മികതയും ഉണ്ടായിരിക്കണമെന്നും, എന്തു കൊണ്ട് ഞാൻ അവ പിൻപറ്റണമെന്നും ബോധ്യപ്പെടുത്തുന്നത് മതകീയ ചിന്തകൾ മാത്രമാണ്.

സൽസ്വഭാവങ്ങൾക്കും മൂല്യങ്ങൾക്കും അവയുടെ വർണ്ണങ്ങൾ പകരുന്നത് മതമല്ലാതെ മറ്റൊന്നുമല്ല.

അല്ലാഹുവിൽ നിന്നുള്ള ഉത്തരവാദിത്തങ്ങൾ നിറവേറ്റാൻ മനുഷ്യർ ബാധ്യസ്ഥരാണ് എന്ന പ്രാഥമിക അടിത്തറയിൽ നിന്നു കൊണ്ട് മാത്രമേ സൽസ്വഭാവത്തെയും ധാർമ്മികതയെയും തിരിച്ചറിയാൻ സാധിക്കുകയുള്ളൂ.

എന്തു കൊണ്ടാണ് ധാർമ്മികമായ ഈ ചോദനകൾ മനസ്സിനകത്ത് ഉണ്ടായത് എന്നതിനുള്ള ഉത്തരം നൽകാനും മതം കൂടിയേ തീരൂ.

പ്രപഞ്ചത്തിൽ ഞാൻ എന്തു കൊണ്ട് വന്നെത്തി എന്നതിനുള്ള ഉത്തരം കണ്ടെത്താനുള്ള ഏകവഴിയാണ് മതം. നിർബന്ധമായും നാം മുറുകെ പിടിച്ചിരിക്കണം എന്ന് നമ്മുടെ മനസ്സുകൾ മന്ത്രിക്കുന്ന ധാർമ്മികതയുടെ അർത്ഥം ബോധ്യപ്പെടുത്തുന്ന മാർഗമാണത്. ധാർമികത പുലർത്താതിരിക്കുമ്പോൾ പോലും അത് പുലർത്തേണ്ടത് തന്നെയാണെന്ന നമുക്കുണ്ടാകാറുണ്ട്. ഇത് അല്ലാഹു ഏല്പിച്ച ഉത്തരവാദിത്വത്തിന്റെ ഭാഗങ്ങളിലൊന്നാകുന്നു.

ചുരുക്കത്തിൽ, മതം മനുഷ്യന്റെ അനിവാര്യതയാണ്.

നമ്മൾ എന്തു കൊണ്ടാണ് ഈ ഭൂമിയിൽ വന്നെത്തിയത് എന്നതിനുള്ള ഉത്തരം മതമാണ് നൽകിയത്!

മരണത്തിന് ശേഷം നമ്മെ കാത്തിരിക്കുന്നത് എന്താണെന്നതിനുള്ള ഉത്തരവും അതിൽ മാത്രമേയുള്ളൂ.

ഈ കാണുന്ന പ്രപഞ്ചത്തിന്റെ അസ്തിത്വത്തിന് പിറകിലെ കാരണവും നമ്മെ ബോധ്യപ്പെടുത്തിയത് മതമാണ്.

എന്താണ് നാം ചെയ്യേണ്ടതെന്നും നമ്മോട് കൽപ്പിക്കപ്പെട്ടതെന്നും ബോധ്യപ്പെടുത്താനും മതത്തിന് മാത്രമേ സാധിക്കുകയുള്ളൂ!

ചുരുക്കത്തിൽ, മനുഷ്യന്റെ ചിന്തകൾക്ക് തീപിടിപ്പിക്കുന്ന ഏതൊരു ഗൗരവപ്പെട്ട ചർച്ചക്കുമുള്ള ഉത്തരം ശരിയായ മതത്തിന് മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ.

മതവും മതാദ്ധ്യാപനങ്ങളും ഇല്ലായിരുന്നെങ്കിൽ ലോകം മുഴുവൻ അന്ധതയിലേക്കും പരിപൂർണ്ണ ശൂന്യതയിലേക്കും ചെന്നെത്തുമായിരുന്നു.

ഇബ്നുൽ ഖയ്യിം -رَحِمَهُ اللَّهُ- പറയുന്നു: "പ്രവാചകന്മാർ ജനങ്ങൾക്ക് പകർന്നു നൽകിയ സന്ദേശങ്ങളിലൂടെയല്ലാതെ വിജയമോ സൗഭാഗ്യമോ നേടിപ്പിടിക്കുക സാധ്യമല്ല. നന്മയും മ്ലേഛതയും വിശദമായി വേർതിരിച്ചറിയാനും അവർ കാണിച്ചു തന്ന

പാതയല്ലാതെ മറ്റൊന്നില്ല. അല്ലാഹുവിന്റെ തൃപ്തി അവരുടെ കൈകളിലൂടെയല്ലാതെ നേടിയെടുക്കുക എന്നതും സാധ്യമല്ല." (6)

ഇസ്ലാമിക സന്ദേശങ്ങളുടെ സൂര്യവെളിച്ചവും പ്രവാചകത്വത്തിന്റെ പ്രകാശവും ചെന്നെത്തിയിട്ടില്ലാത്ത സർവ്വയിടങ്ങളും ഇരുട്ടുകളുടെയും അന്ധകാരത്തിന്റെയും ശാപമേറ്റ ജയിലറകളിലാണ്. (7)

മതമില്ലായിരുന്നെങ്കിൽ മനുഷ്യന്റെ അസ്തിത്വത്തിന് അർത്ഥമില്ല. നന്മകൾക്കോ ധാർമ്മിക മൂല്യങ്ങൾക്കോ യാതൊരു വിലയും നിലയുമില്ല.

പ്രവാചകന്മാരുടെ സന്ദേശങ്ങളില്ലായിരുന്നെങ്കിൽ ഭൂമി ഭയവിഹ്വലമായ ശവപ്പറമ്പായി മാറുമായിരുന്നു.

മതാദ്ധ്യാപനങ്ങൾ മറഞ്ഞു പോവുകയും, മനുഷ്യർ പ്രവാചകത്വം നിഷേധിച്ചു തള്ളുകയും ചെയ്യുന്ന വേളയിലാണ് മനുഷ്യർ മൂല്യമേതുമില്ലാത്ത പദാർത്ഥ

രൂപങ്ങളായി തീരുന്നത്; കാൾ സാഗൻ മനുഷ്യനെ വിലയിരുത്തിയ രൂപം അതായിരുന്നു. വേറെ ചിലർ പറഞ്ഞത് മനുഷ്യനും പ്രാണികളും തുല്ല്യരാണെന്നുമായിരുന്നു. (8)

അവരുടെ കാഴ്ച്ചപ്പാടിൽ മനുഷ്യൻ ചില രാസമാലിന്യങ്ങളുടെ സങ്കലനം മാത്രമാണ്. സ്റ്റീഫൻ ഹോകിംഗ് മനുഷ്യന് നൽകിയ നിർവ്വചനമാണത്. (9)

മനുഷ്യാസ്തിത്വത്തിന്റെ ചാലകശക്തിയാണ് പ്രവാചകന്മാരിലൂടെ വന്നെത്തിയ സന്ദേശങ്ങൾ. അതില്ലായിരുന്നെങ്കിൽ വിസ്മയകരമായ കണ്ടുപിടുത്തങ്ങളും ആസ്വാദ്യകരമായ ദേഹേഛകളും ഭീതി മാത്രമേ വിതക്കുമായിരുന്നുള്ളൂ.

മതമില്ലെങ്കിൽ ലോകവും അതിലെ എല്ലാ മനോഹാരിതയും ഭീതിജനകമായ കാഴ്ച്ചകളായി പരിണമിക്കുമായിരുന്നു.

ഏതൊരു മതനിഷേധിയോടും ചോദിച്ചു നോക്കൂ: ഈ പ്രപഞ്ചത്തിൽ നാമെന്തിനാണ്

വന്നെത്തിയത്? മരണത്തിന് ശേഷം ഇനിയെന്താണ് സംഭവിക്കാനിരിക്കുന്നത്?!

അർത്ഥമില്ലാത്ത എന്തെല്ലാമോ പദങ്ങളുടെ കൂട്ടങ്ങൾ അവനിൽ നിന്ന് വന്നേക്കാം. അതുമല്ലെങ്കിൽ, തോന്നലുകളുടെയും ഊഹാപോഹങ്ങളുടെയും ഭാണ്ഡക്കെട്ടുകൾ അവൻ തുറന്നു വെച്ചേക്കാം. അതല്ലാതെ മറ്റൊന്നും അവനിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ല.

ചുരുക്കത്തിൽ, മനുഷ്യനെ മനസ്സിലാക്കുന്നതിനും മനുഷ്യന്റെ സ്വഭാവപരമായ മൂല്യങ്ങളെ തിരിച്ചറിയുന്നതിനും മതം ഏറ്റവും വലിയ ഘടകമാണ്. നമ്മുടെ അസ്തിത്വത്തിന്റെ കാരണം തിരിച്ചറിയാനും നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം മനസ്സിലാക്കാനും അത് കൂടിയേ തീരൂ. ഏകനായ ഇലാഹായ അല്ലാഹുവിന്റെ മുൻപിൽ തന്റെ അടിമത്വം അംഗീകരിക്കാൻ മനുഷ്യർക്ക് മതാദ്ധ്യാപനങ്ങളില്ലാതെ സാധ്യമല്ല.

## 18- മനുഷ്യന്റെ സ്വഭാവ സംസ്കാരങ്ങൾ അവന്റെ തലച്ചോറിൽ രൂപപ്പെട്ടതോ സാമൂഹിക ബാധ്യതകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതോ ആയിക്കൂടേ?!

ഉത്തരം: മനുഷ്യന്റെ തലച്ചോർ പ്രപഞ്ചത്തിലെ ഭൗതിക പദാർത്ഥങ്ങൾ കൊണ്ട് തന്നെയാണ് രൂപപ്പെട്ടിരിക്കുന്നത്.

എന്തെല്ലാം ക്രമീകരണങ്ങൾ തലച്ചോറിന്റെ ഭാഗമായി ഉണ്ടായാൽ തന്നെയും അതിൽ നിന്ന് ഭൗതികമല്ലാത്ത യാതൊരു ഫലവും പുറത്തു വരുമെന്ന് പ്രതീക്ഷിക്കേണ്ടതില്ല. എത്ര പൂജ്യങ്ങൾ കൂട്ടിച്ചേർത്താലും പൂജ്യമല്ലാതെ മറ്റൊന്നും വരാനില്ലല്ലോ!?

ഭൗതിക പദാർത്ഥങ്ങളുടെ ലോകത്ത് നന്മക്കോ തിന്മക്കോ യാതൊരു സാധ്യതയും കാണാനില്ലെങ്കിൽ തലച്ചോറിന്റെ കാര്യവും അത് തന്നെയായിരിക്കണമല്ലോ?!

അതിനാൽ മതനിഷേധിയോട് നാം ചോദിക്കുന്നു: സ്വഭാവപരമായി ഇടത്തോട്ടോ വലത്തോട്ടോ ചലിക്കാൻ ശേഷിയില്ലാത്ത ഭൗതിക പ്രപഞ്ചത്തിൽ എങ്ങനെയാണ് നന്മ തിന്മകളെ കുറിച്ചുള്ള ചിന്ത ഉടലെടുത്തത്?! പദാർത്ഥങ്ങൾക്ക് തിരിച്ചറിയാൻ കഴിയാത്ത നന്മയും തിന്മയും എങ്ങനെ മനുഷ്യരിലേക്ക് വന്നെത്തി?!

രണ്ടാമത്തെ ചോദ്യം: ലോകത്തുള്ള സർവ്വ മനുഷ്യരെയും നശിപ്പിക്കാൻ ഒരാൾ തീരുമാനിക്കുന്നെങ്കിൽ ബുദ്ധിപരമായി അതിനെ എങ്ങനെ എതിർക്കാൻ സാധിക്കും?

എന്തു കൊണ്ട് പ്രാകൃത ഗോത്രവിഭാഗങ്ങളെ മൃഗങ്ങളെ അടച്ചിടാറുള്ള കൂടുകളിൽ വളർത്തിക്കൂടാ?! എന്താണ് ബുദ്ധിപരമായി അതിനുള്ള തടസ്സം?

രോഗികളെയും വികലാംഗരെയും വൃദ്ധരെയും അധഃസ്ഥിത വിഭാഗങ്ങളെയും തുടച്ചു നീക്കി ഭൂമി 'മനോഹരമാക്കുന്നതിൽ'

നിന്ന് തടയുന്ന എന്ത് ബുദ്ധിപരമായ ന്യായമാണുള്ളത്?! പ്രകൃതിയുടെ ഈ തിരഞ്ഞെടുപ്പിനെ കുറിച്ച് വാദിച്ചു കൊണ്ടായിരുന്നല്ലോ നാസികൾ ആക്റ്റിയൻ t4 നടപ്പിലാക്കിയത്?

ഭൗതിക പദാർത്ഥങ്ങളുടെ ലോകത്ത് മാത്രം വിഹരിക്കുന്ന ബുദ്ധിക്ക് ശരിയെന്നോ തെറ്റെന്നോ മറുപടി നൽകാൻ സാധിക്കാത്ത ചോദ്യങ്ങളാണിവ.

സ്വഭാവപരമായ മേഖലയിൽ മനുഷ്യന്റെ തലച്ചോർ തീർത്തും ന്യൂട്രലാണ്. തനി നിഷ്പക്ഷതയേ അതിനുള്ളൂ. കാരണം ഭൂമിയിലെ പദാർത്ഥങ്ങളല്ലാതെ അതിൽ മറ്റൊരു കൂട്ടുമില്ല.

മനുഷ്യന്റെ തലച്ചോറിനും അവന്റെ സ്വഭാവസംസ്കാരങ്ങൾക്കും തമ്മിൽ വിദൂരമായ ബന്ധം പോലുമില്ല.

മനുഷ്യ സംസ്കാരങ്ങളിൽ നിന്നാണ് സ്വഭാവങ്ങളും ധാർമ്മികതയും രൂപപ്പെട്ടത് എന്ന വാദവും ഇതു പോലെ നിരർത്ഥകമാണ്. കാരണം

സൽസ്വഭാവങ്ങളും ധാർമ്മികതയും ഓരോ മനുഷ്യനെയുമാണ് വേറിട്ടു നിർത്തുന്നത്; അതല്ലാതെ ഒരു സമൂഹത്തെയല്ല.

ഇനി ഈ പറയപ്പെടുന്ന മനുഷ്യ വർഗമെന്നതും ഭൗതിക പദാർത്ഥങ്ങളിൽ നിന്നുള്ളത് തന്നെയല്ലേ?! മുൻപ് പറഞ്ഞതു പോലെ, അനേകം പൂജ്യങ്ങളും പൂജ്യം തന്നെയാണ്. ഭൗതിക പ്രപഞ്ചത്തിന്റെ ഭാഗമായ മനുഷ്യ സമൂഹങ്ങൾക്ക് എങ്ങനെ ധാർമ്മികതക്കോ സത്യാസത്യങ്ങൾക്കോ രൂപം നൽകാൻ സാധിക്കും?!

ഇനി ഈ പറഞ്ഞതെല്ലാം ശരിയാണെന്ന് വെച്ചാൽ... സ്വഭാവസംസ്കാരങ്ങൾ സമൂഹം മുന്നോട്ടുവെച്ച സംഭാവനകളാണെന്ന് വന്നാൽ... ലക്ഷക്കണക്കിന് മനുഷ്യരെ കൊന്നൊടുക്കിയ നാസികളുടെ പ്രവർത്തനം ശരിയാണെന്ന് പറയേണ്ടി വരും. കാരണം ഒരു സമൂഹമെന്ന നിലയിൽ അവർ കണ്ടെത്തിയ ശരി അതായിരുന്നു.

സ്വഭാവങ്ങളും സംസ്കാരങ്ങളും ധാർമ്മികതയും സർവ്വ മനുഷ്യരെയും

ബാധിക്കുന്നതാണ് എന്ന അടിത്തറക്ക് മുകളിലാണെങ്കിൽ മാത്രമേ നാസികളെ വിചാരണ ചെയ്യാൻ പോലും സാധ്യമാകൂ. അതല്ലായെങ്കിൽ അവർ തെറ്റു ചെയ്തു എന്നോ അബദ്ധം പ്രവർത്തിച്ചു എന്നോ വിധിക്കാൻ പോലും സാധ്യമല്ലല്ലോ?!

സ്വഭാവങ്ങളും ധാർമ്മികതയും മനുഷ്യന്റെ സാമൂഹിക ജീവിതത്തിൽ നിന്ന് വേറിട്ടു തന്നെ നിലകൊള്ളുന്നതാണ്. നല്ല സമൂഹത്തിലും ചീത്ത സമൂഹത്തിലും ശരി ശരി തന്നെയാണ്.

എല്ലാ സമൂഹങ്ങൾക്ക് മുൻപിലും തെറ്റ് തെറ്റു തന്നെയും.

അതു കൊണ്ട് സമൂഹത്തിന്റെയും ബുദ്ധിപരമായ വ്യാഖ്യാനങ്ങളുടെയും പുറത്ത് സ്വഭാവങ്ങൾക്കും ധാർമ്മികതകൾക്കും സ്ഥാനവും നിലനിൽപ്പുമുണ്ട്.

## 19- പല സംസ്കാരങ്ങളിലും ഒന്നിലധികം ദൈവങ്ങളിലുള്ള വിശ്വാസമുണ്ട്. എന്നാൽ എന്തു കൊണ്ടാണ് ഇസ്ലാം ഒരൊറ്റ ദൈവമേ ഉള്ളൂ എന്ന് നിർബന്ധം പിടിക്കുന്നത്?

ഉത്തരം: ലോകങ്ങളുടെ സ്രഷ്ടാവായ ഏകദൈവത്തെ കുറിച്ചല്ലാതെ മറ്റൊരു ആരാധ്യനെ കുറിച്ച് ഭൂമിയിലെ ഒരു മതവും പഠിപ്പിച്ചിട്ടില്ല.

പക്ഷേ ഇസ്ലാമല്ലാത്ത എല്ലാ മതങ്ങളും പ്രപഞ്ച സ്രഷ്ടാവായ അല്ലാഹുവിന് പുറമെ മറ്റു ചെറുദൈവങ്ങളെയും ആരാധ്യവസ്തുക്കളെയും സ്വയം നിർമ്മിച്ചെടുത്തു എന്നതാണ് വസ്തുത. ക്രൈസ്തവർ പരിശുദ്ധാത്മാവിനെയും യേശുവിനെയും സൃഷ്ടിച്ചെടുത്തത് പോലെ. ഹിന്ദുക്കൾ സമാനമായി വിഷ്ണു, ശിവൻ, ബ്രഹ്മാവ് എന്നീ ദൈവങ്ങളെയും നിശ്ചയിച്ചിട്ടുണ്ട്.

എല്ലാ മതങ്ങളും ഏകനായ ഒരു പ്രപഞ്ച സ്രഷ്ടാവിൽ -അല്ലാഹുവിൽ- വിശ്വസിക്കുന്നുണ്ട്. സർവ്വതിന്റെയും സ്രഷ്ടാവ് അവനാണെന്ന കാര്യം അവർ അംഗീകരിക്കുന്നുമുണ്ട്.

എന്നാൽ അല്ലാഹുവിനോടൊപ്പം മറ്റു ചില ആരാധ്യവസ്തുക്കളെയും അവർ സ്വന്തം നിലക്ക് നിശ്ചയിച്ചു എന്നു മാത്രം.

മുഹമ്മദ് നബി -ﷺ- യുടെ കാലഘട്ടത്തിലുണ്ടായിരുന്ന വിഗ്രഹാരാധകരുടെ അവസ്ഥ പോലും ഇത് തന്നെയായിരുന്നു. അല്ലാഹുവല്ലാതെ സ്വയം കഴിവുള്ള ഏതെങ്കിലുമൊരു ദൈവം മറ്റൊന്നുണ്ട് എന്ന് അവർ വിശ്വസിച്ചിരുന്നില്ല. അല്ലാഹു മാത്രമാണ് യഥാർത്ഥ സ്രഷ്ടാവ് എന്നത് അവർ അംഗീകരിച്ചിരുന്നു. പക്ഷേ, അതോടൊപ്പം അല്ലാഹുവിലേക്ക് മദ്ധ്യസ്ഥന്മാരായി ചില ദൈവങ്ങളെ അവർ നിശ്ചയിക്കുകയും ചെയ്തു.

﴿وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ ۖ فَأَنَّىٰ يُؤْفَكُونَ ﴿٦١﴾﴾ [العنكبوت: 61]

"ആകാശങ്ങളും ഭൂമിയും സൃഷ്ടിക്കുകയും സൂര്യനെയും ചന്ദ്രനെയും കീഴ്പെടുത്തുകയും ചെയ്തത് ആരാണെന്ന് നീ അവരോട് (ബഹുദൈവവിശ്വാസികളോട്) ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും: അല്ലാഹുവാണെന്ന്. അപ്പോൾ എങ്ങനെയാണ് അവർ (സത്യത്തിൽ നിന്ന്) തെറ്റിക്കപ്പെടുന്നത്?" (അൻകബൂത്: 61)

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യഃ -رَحِمَهُ اللَّهُ- പറയുന്നു: "വിഗ്രഹാരാധകർ തങ്ങളുടെ വിഗ്രഹങ്ങളാണ് പ്രപഞ്ചത്തെ സൃഷ്ടിച്ചത് എന്ന് വിശ്വസിച്ചവരായിരുന്നില്ല. അവയാണ് മഴ പെയ്യിക്കുന്നതെന്നോ ചെടികൾ മുളപ്പിക്കുന്നതെന്നോ ജീവികളെ സൃഷ്ടിച്ചതെന്നോ മറ്റോ അവർക്ക് വിശ്വാസമുണ്ടായിരുന്നില്ല. അവരുടെ

വിശ്വാസം അതായിരുന്നു എന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ അവർക്ക് വിഗ്രഹാരാധകരുടെ ചരിത്രം മനസ്സിലായിട്ടില്ല എന്ന് പറയേണ്ടി വരും. വിഗ്രഹങ്ങളെ ആരാധിച്ചിരുന്നവർ അത് കൊണ്ട് ഉദ്ദേശിച്ചിരുന്നത് ഖബ്റുകളെ ആരാധിക്കുന്നവർ ഉദ്ദേശിക്കുന്ന അതേ കാര്യം മാത്രമാണ്." (11)

വിൽ ഡ്യൂറാന്റ് ഹിന്ദു മതത്തെ നിരീക്ഷിച്ചു കൊണ്ട് എഴുതിയപ്പോൾ പറഞ്ഞത് ഇതേ കാര്യമാണ്; ഹൈന്ദവതയുടെ അടിത്തറ ഏകനായ ഒരു ദൈവത്തിൽ വിശ്വസിക്കുന്നതിലേക്കാണ് ചെന്നെത്തുന്നത് എന്ന കാര്യം അദ്ദേഹം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഹൈന്ദവർ സ്വീകരിച്ച ദൈവങ്ങളെ കുറിച്ച് അദ്ദേഹം പറഞ്ഞു: "ആയിരക്കണക്കിന് വരുന്ന ഈ ദൈവങ്ങൾ ക്രൈസ്തവർ സ്വീകരിച്ചിട്ടുള്ള ആയിരക്കണക്കിന് വിശുദ്ധർക്ക് സമാനമാണ്. തന്റെ ഈ ദൈവങ്ങളിൽ ഏതെങ്കിലുമൊന്നിന് സർവ്വ പ്രപഞ്ചത്തിന്റെയും അധികാരവും

നേതൃത്വവുമുണ്ട് എന്ന ചിന്ത ഏതെങ്കിലുമൊരു ഹൈന്ദവന്റെ മനസ്സിലൂടെ മിന്നിമറയുന്നു പോലുമില്ല." (12)

ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്ന ഘട്ടത്തിൽ രേഖപ്പെടുത്തപ്പെട്ട വിവരണങ്ങളിലും ഇക്കാര്യം വന്നിട്ടുണ്ട്. "ബഹുഭൂരിപക്ഷം ഹൈന്ദവരും ഏകനായ ഒരു ദൈവത്തിൽ ഉറച്ചു വിശ്വസിക്കുന്നവരാണ് എന്നതാണ് പൊതുവായ വിലയിരുത്തലിൽ നിന്ന് മനസ്സിലാകുന്നത്." (13)

ചുരുക്കത്തിൽ സർവ്വതിന്റെയും സ്രഷ്ടാവും ഏകനുമായ ഒരു ദൈവത്തെ കുറിച്ച് -അല്ലാഹുവിനെ കുറിച്ച്- എല്ലാ മതങ്ങളും സംസാരിക്കുന്നുണ്ട്.

﴿وَلَئِن سَأَلْتَهُم مَّنْ خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ وَسَخَّرَ ٱلشَّمْسَ وَٱلْقَمَرَ لَيَقُولُنَّ ٱللَّهُ فَأَنَّىٰ يُؤْفَكُونَ ٦١﴾ [العنكبوت: 61]

"ഞങ്ങളുടെയും നിങ്ങളുടെയും ആരാധ്യനായ ദൈവം ഏകനാകുന്നു." (അൻകബൂത്: 61) വിഗ്രഹങ്ങളും മറ്റു

ആരാധ്യവസ്തുക്കളും അല്ലാഹുവിലേക്ക് നയിക്കുന്ന മദ്ധ്യസ്ഥന്മാരാണെന്ന നിഷേധം നിറഞ്ഞ വിശ്വാസമാണ് അവർക്ക് സംഭവിച്ച പിഴവ് എന്ന് ചുരുക്കം.

﴿أَلَا لِلَّهِ ٱلدِّينُ ٱلۡخَالِصُۚ وَٱلَّذِينَ ٱتَّخَذُواْ مِن دُونِهِۦٓ أَوۡلِيَآءَ مَا نَعۡبُدُهُمۡ إِلَّا لِيُقَرِّبُونَآ إِلَى ٱللَّهِ زُلۡفَىٰٓ إِنَّ ٱللَّهَ يَحۡكُمُ بَيۡنَهُمۡ فِي مَا هُمۡ فِيهِ يَخۡتَلِفُونَۗ إِنَّ ٱللَّهَ لَا يَهۡدِي مَنۡ هُوَ كَٰذِبٞ كَفَّارٞ ٣﴾ [الزمر: 3]

"അവന്ന് (അല്ലാഹുവിന്ന്) പുറമെ ഔലിയാക്കളെ സ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്." (സുമർ: 3)

**20- ഒരു മനുഷ്യൻ അവന് യാതൊരു ആവശ്യവുമില്ലാത്ത കാര്യം ചെയ്താൽ അവന്റെ പ്രവർത്തി വൃഥാവിലാണെന്ന് നാം പറയാറുണ്ടല്ലോ? അല്ലാഹുവിന് നമ്മുടെ ആവശ്യമില്ലെങ്കിൽ പിന്നെ**

## അവനെന്തിനാണ് നമ്മെ സൃഷ്ടിച്ചത്?

ഉത്തരം: ഒരാൾക്ക് ആവശ്യമില്ലെങ്കിൽ അവൻ ചെയ്യുന്ന കാര്യമെല്ലാം വൃഥാവിലാണെന്ന ചിന്ത തന്നെ അടിസ്ഥാനപരമായി തെറ്റാണ്.

ഒരാൾക്ക് ആവശ്യമില്ലെങ്കിലും ചില കാര്യങ്ങൾ അതിൽ യുക്തിയുണ്ട് എന്നത് കൊണ്ട് അവൻ ചെയ്തേക്കാം; അതൊരിക്കലും വൃഥാവിലായ പ്രവർത്തിയാണെന്ന് പറയുക സാധ്യമല്ല.

സമർത്ഥനും ധനികനുമായ ഡോക്ടർ ജനങ്ങളുടെ പണമൊന്നും ആവശ്യമില്ലെങ്കിലും അവരെ ചികിത്സിക്കുന്നത് കണ്ടിട്ടില്ലേ?! അയാൾക്ക് ചിലപ്പോൾ അത് കൊണ്ട് യാതൊരു പ്രയോജനവും ഉണ്ടായിക്കൊള്ളണമെന്നില്ല. മറിച്ച്, ജനങ്ങൾക്കാണ് അയാളുടെ പ്രവർത്തി കൊണ്ട് പ്രയോജനമുള്ളത്. ഈ ഡോക്ടറുടെ പ്രവർത്തി

വൃഥാപണിയാണെന്ന് ആരെങ്കിലും പറയുമോ?!

ഒരു പ്രവർത്തിക്ക് പിറകിൽ മഹത്തരമായ ലക്ഷ്യമോ യുക്തിയോ ഉണ്ടാവുക എന്നത് സാധ്യമാണ്. ഒന്നല്ലെങ്കിൽ അവനതിന് പിറകിൽ എന്തെങ്കിലും ആവശ്യമുണ്ടായിരിക്കണം; അല്ലെങ്കിൽ അത് വൃഥാവിലാണ് എന്ന വിശദീകരണം ആവശ്യമില്ല.

ഒരു ചെറിയ കുട്ടി മുങ്ങിത്താഴുന്നത് കാണുമ്പോൾ ഒരാൾ വെള്ളത്തിലേക്ക് ചാടി ആ കുഞ്ഞിനെ രക്ഷപ്പെടുത്തുന്നത് അവന് അത് കൊണ്ട് എന്തെങ്കിലും ആവശ്യമുള്ളതിനാലാണോ?! കുട്ടിയുടെ രക്ഷിതാക്കളുടെ നന്ദിവാക്കുകൾക്ക് വരെ അവൻ കാത്തുനിന്നു കൊള്ളണമെന്നില്ല. അയാളുടെ പ്രവർത്തി അയാൾക്ക് ആവശ്യമുള്ളതല്ല എന്നത് കൊണ്ട് അത് നിരർത്ഥകമാകുന്നില്ല. മറിച്ച്, വളരെ മാന്യവും ഉന്നതവുമായ, നല്ല സ്വഭാവം മാത്രമായേ അത് വിശേഷിക്കപ്പെടുകയുള്ളൂ.

ചുരുക്കത്തിൽ ആവശ്യവും നിരർത്ഥകതയും തമ്മിൽ ബന്ധമുണ്ടായേ തീരൂ എന്നില്ല. (14)

അല്ലാഹു പറഞ്ഞതായി നബി -ﷺ- അറിയിച്ച ഒരു ഹദീഥിൽ ഇപ്രകാരം കാണാം: "എന്റെ ദാസന്മാരേ! നിങ്ങളിൽ ആദ്യത്തെയാൾ മുതൽ അവസാനത്തെയാൾ വരെ, നിങ്ങളിലെ ജിന്നുകളും നിങ്ങളിലെ മനുഷ്യരും നിങ്ങളിലെ ഏറ്റവും പരിശുദ്ധമായ ഹൃദയത്തിന്റെ ഉടമയെ പോലെയായാലും എന്റെ അധികാരത്തിൽ അത് യാതൊന്നും അധികരിപ്പിക്കുകയില്ല. എന്റെ ദാസന്മാരേ! നിങ്ങളിൽ ആദ്യത്തെയാൾ മുതൽ അവസാനത്തെയാൾ വരെ, നിങ്ങളിലെ ജിന്നുകളും നിങ്ങളിലെ മനുഷ്യരും നിങ്ങളിലെ ഏറ്റവും മ്ലേഛമായ ഹൃദയത്തിന്റെ ഉടമയെ പോലെയായാലും എന്റെ അധികാരത്തിൽ അത് യാതൊരു

കുറവും വരുത്തുകയില്ല. എന്റെ ദാസന്മാരേ! തീർച്ചയായും നിങ്ങളുടെ പ്രവർത്തനങ്ങൾ മാത്രമാണത്; ഞാനവ നിങ്ങൾക്ക് വേണ്ടി ക്ലിപ്തപ്പെടുത്തുകയും, ശേഷം നിങ്ങൾക്ക് പൂർണ്ണമായ പ്രതിഫലം അവക്ക് നൽകുകയും ചെയ്യുന്നു. ആരെങ്കിലും വല്ല നന്മയും കണ്ടെത്തിയാൽ അവൻ അല്ലാഹുവിനെ സ്തുതിക്കട്ടെ. ആരെങ്കിലും അതല്ലാത്തതാണ് കണ്ടെത്തുന്നത് എങ്കിൽ അവൻ സ്വന്തത്തെയല്ലാതെ ആക്ഷേപിക്കേണ്ടതില്ല." (15)

അല്ലാഹു സർവ്വ ലോകരിൽ നിന്നും പരിപൂർണ്ണ ധന്യതയുള്ളവനാണ്.

നമ്മുടെ പരിശ്രമങ്ങളും പ്രവർത്തനങ്ങളുമെല്ലാം നമുക്ക് വേണ്ടി മാത്രമുള്ളതാണ്.

﴿وَمَن جَٰهَدَ فَإِنَّمَا يُجَٰهِدُ لِنَفۡسِهِۦٓۚ إِنَّ ٱللَّهَ لَغَنِيٌّ عَنِ ٱلۡعَٰلَمِينَ ٦﴾
[العنكبوت: 6]

"വല്ലവനും (അല്ലാഹുവിന്റെ മാർഗത്തിൽ) യുദ്ധം ചെയ്യുകയാണെങ്കിൽ തന്റെ സ്വന്തം ഗുണത്തിനായിത്തന്നെയാണ് അവൻ സമരം ചെയ്യുന്നത്. തീർച്ചയായും അല്ലാഹു ലോകരെ ആശ്രയിക്കുന്നതിൽ നിന്ന് മുക്തനത്രെ." (അൻകബൂത്: 6)

അല്ലാഹുവിന് അവന്റെ എല്ലാ സൃഷ്ടിപ്പുകളിലും മഹത്തരമായ യുക്തിയുണ്ട് എന്നത് നമുക്ക് ഉറച്ച ബോധ്യമുള്ള കാര്യമാണ്; അവയിൽ ചിലത് നമുക്ക് അവ്യക്തമാണെന്നത് നമ്മുടെ കുറവ് മാത്രമാണ്. ഡോക്ടർ തന്റെ ശരീരത്തിൽ നടത്തുന്ന ഓരോ നീക്കങ്ങളുടെയും പിറകിലെ കാരണം രോഗിക്ക് അറിയില്ലെന്നത് കൊണ്ട് ഡോക്ടറുടെ പ്രവർത്തി നിരർത്ഥകമാണെന്ന് ആരും പറയില്ലല്ലോ?!

ഇതു പോലെ, അല്ലാഹുവിന്റെ മഹത്തരമായ യുക്തിയെ കുറിച്ച് നമുക്ക് അറിയാം എന്നത് കൊണ്ട് അവന്റെ

പ്രവർത്തിക്ക് പിന്നിലുള്ള എല്ലാ ദീർഘമായ ലക്ഷ്യങ്ങളും നമുക്ക് മനസ്സിലായി കൊള്ളണമെന്നില്ല.

അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ് നമ്മൾ എന്ന തിരിച്ചറിവും ബോധ്യവും തന്നെ നമുക്ക് മതിയായതാണ്. അല്ലാഹുവിന് മഹത്തരമായ യുക്തി അവന്റെ ഓരോ പ്രവർത്തികൾക്കും പിറകിലുണ്ട് എന്ന പൊതുവായ ബോധ്യം നമുക്കുണ്ട് താനും. അല്ലാതെ, തനിക്ക് അറിയാത്തതും ബോധ്യപ്പെടാത്തതുമായ എല്ലാം നിഷേധിക്കുക എന്ന വിവരദോഷികളുടെ മാർഗം നാം സ്വീകരിക്കേണ്ടതില്ല.

﴿بَلۡ كَذَّبُواْ بِمَا لَمۡ يُحِيطُواْ بِعِلۡمِهِۦ وَلَمَّا يَأۡتِهِمۡ تَأۡوِيلُهُۥۚ كَذَٰلِكَ كَذَّبَ ٱلَّذِينَ مِن قَبۡلِهِمۡۖ فَٱنظُرۡ كَيۡفَ كَانَ عَٰقِبَةُ ٱلظَّٰلِمِينَ ٣٩﴾ [يونس: 39]

"തങ്ങൾക്ക് പൂർണ്ണമായി അറിയാൻ സാധിക്കാത്ത കാര്യങ്ങളെ അവർ കളവാക്കി. അവർക്ക് അതിന്റെ

യാഥാർത്ഥ്യം വന്നെത്തിയിരുന്നില്ല." (യൂനുസ്: 39)

അല്ലാഹു മഹത്തരമായ യുക്തിയുള്ളവനാണ്; നമ്മെ അവൻ സൃഷ്ടിച്ചതിന് പിന്നിലും അവന് ഉന്നതമായ യുക്തിയും ലക്ഷ്യവുമുണ്ട്.

അല്ലാഹു; അവൻ മാത്രമാണ് ആരാധനകൾക്കെല്ലാം അർഹതയുള്ള ഏക ആരാധ്യൻ.

അല്ലാഹുവല്ലാതെ മറ്റാർക്കും ഒരു ആരാധനക്കും അർഹതയില്ല. നമ്മെ ശൂന്യതയിൽ നിന്ന് സൃഷ്ടിച്ചവനായ ഏകസ്രഷ്ടാവാകുന്നു അവൻ.

﴿يَٰٓأَيُّهَا ٱلنَّاسُ ٱعۡبُدُواْ رَبَّكُمُ ٱلَّذِي خَلَقَكُمۡ وَٱلَّذِينَ مِن قَبۡلِكُمۡ لَعَلَّكُمۡ تَتَّقُونَ ٢١﴾ [البقرة: 21]

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ റബ്ബിനെ (രക്ഷിതാവിനെ) മാത്രം നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ

ധർമ്മനിഷ്ഠയുള്ളവരാകാനത്രെ അത്." (ബഖറ: 21) അവനാകുന്നു നമുക്ക് മാർഗദർശനം നൽകിയതും, നമുക്കായി വിധിവിലക്കുകൾ നിശ്ചയിച്ചതും, കാര്യങ്ങളെ നിർണ്ണയിച്ചതും, കൽപ്പനകളും വിലക്കുകളും പുറപ്പെടുവിച്ചവനും.

﴿إِنَّ رَبَّكُمُ ٱللَّهُ ٱلَّذِى خَلَقَ ٱلسَّمَٰوَٰتِ وَٱلْأَرْضَ فِى سِتَّةِ أَيَّامٍ ثُمَّ ٱسْتَوَىٰ عَلَى ٱلْعَرْشِ ۖ يُغْشِى ٱلَّيْلَ ٱلنَّهَارَ يَطْلُبُهُۥ حَثِيثًا وَٱلشَّمْسَ وَٱلْقَمَرَ وَٱلنُّجُومَ مُسَخَّرَٰتٍۭ بِأَمْرِهِۦٓ ۗ أَلَا لَهُ ٱلْخَلْقُ وَٱلْأَمْرُ ۗ تَبَارَكَ ٱللَّهُ رَبُّ ٱلْعَٰلَمِينَ ﴿٥٤﴾﴾ [الأعراف: 54]

"അറിയുക! അല്ലാഹുവിനാകുന്നു സൃഷ്ടിപ്പും കൽപ്പനാധികാരവും." (അഅ്റാഫ്: 185)

അല്ലാഹുവിന്റെതാകുന്നു സൃഷ്ടികൾ സർവ്വതും എന്ന് മാത്രമല്ല, മറിച്ച് അവനാണ് നമ്മോട് കൽപ്പിക്കാനും വിലക്കാനുമുള്ള അധികാരവുമുള്ളത്. നാം നമ്മുടെ സ്രഷ്ടാവിന്റെ കൽപ്പനകൾ ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടവരാണ്.

ഇങ്ങനെ അല്ലാഹുവിനെ ആരാധിക്കുക എന്നത് അടിമകൾക്ക് മേൽ

അല്ലാഹുവിനുള്ള അവകാശമാണ്. കാരണം അവനാണ് നമ്മെ സൃഷ്ടിക്കുകയും നമുക്ക് ജീവൻ നൽകുകയും ഉപജീവനം ഒരുക്കിത്തരികയും മാർഗദർശനം നൽകുകയും നമ്മിലേക്ക് ദൂതന്മാരെ നിയോഗിച്ചു കൊണ്ട് നമ്മെ പരീക്ഷിക്കുകയും, നമ്മിൽ ആരാണ് ഏറ്റവും നന്നായി പ്രവർത്തിക്കുന്നത് എന്നറിയാൻ വേണ്ടി നമ്മെ ജീവിക്കാൻ വിടുകയും ചെയ്തത്. നമ്മുടെ സ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുക എന്നത് അവനോടുള്ള നമ്മുടെ ബാധ്യതയാണെന്ന് നാം അറിയേണ്ടതുണ്ട്.

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾ [الملك: 2]

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി (സൽക്കർമ്മങ്ങൾ) പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ." (മുൽക്: 2) നമ്മുടെ ഐഹിക ജീവിതവും

പാരത്രിക ജീവിതവും ശരിയാകണമെങ്കിൽ... നമ്മുടെ സ്വഭാവങ്ങൾ നേരായ മാർഗത്തിലാകണമെങ്കിൽ... അല്ലാഹുവിനെ മാത്രം ആരാധിക്കുക എന്നതല്ലാതെ നമ്മുടെ മുൻപിൽ മറ്റൊരു വഴിയില്ല. അല്ലാഹുവിനെ ആരാധിക്കുന്നത് മ്ലേഛതകളിൽ നിന്നും തിന്മകളിൽ നിന്നും നമ്മെ അകറ്റി നിർത്തുന്നതാണ്. അതിലൂടെ മാത്രമേ മനുഷ്യരുടെ ജീവിതം നന്മയിലേക്ക് ചെന്നെത്തുകയുള്ളൂ. അല്ലാഹു പറയുന്നു:

﴿ٱتْلُ مَآ أُوحِىَ إِلَيْكَ مِنَ ٱلْكِتَـٰبِ وَأَقِمِ ٱلصَّلَوٰةَ ۖ إِنَّ ٱلصَّلَوٰةَ تَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ ۗ وَلَذِكْرُ ٱللَّهِ أَكْبَرُ ۗ وَٱللَّهُ يَعْلَمُ مَا تَصْنَعُونَ ﴿٤٥﴾﴾ [العنكبوت: 45]

"നീ നിസ്കാരം നേരാംവണ്ണം നിർവ്വഹിക്കുക. തീർച്ചയായും നിസ്കാരം തിന്മകളിൽ നിന്നും മ്ലേഛവൃത്തികളിൽ നിന്നും തടയുന്നതാണ്." (അൻകബൂത്: 61)

അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെയല്ലാതെ നമുക്ക് സ്വർഗം നേടിയെടുക്കുക സാധ്യമല്ല. ചുരുക്കത്തിൽ, ഇഹലോകത്തുള്ള നന്മയും

പരലോകത്തുള്ള രക്ഷയും ഈ വഴിയിലൂടെ മാത്രമേ സാധ്യമാകൂ.

അല്ലാഹുവിനെ ആരാധിക്കുക എന്നത് നമുക്കാണ് പ്രയോജനം നൽകുന്നത്; നമ്മുടെ മേലുള്ള അല്ലാഹുവിനോടുള്ള ബാധ്യതയാണത്. കാരണം അല്ലാഹു നമ്മുടെ സ്രഷ്ടാവാണ്. പക്ഷെ അവനെ നാം ആരാധിക്കുന്നത് നമ്മുടെ തന്നെ നന്മക്ക് വേണ്ടിയാണ്. അതിൽ നമ്മൾ വരുത്തുന്ന കുറവുകൾ നമുക്ക് തന്നെയാണ് ഉപദ്രവം വരുത്തി വെക്കുക.

സ്വർഗമാകട്ടെ, ഏറെ വില കൂടിയ പ്രതിഫലമാണ്. ആരെങ്കിലും സ്വർഗം ആഗ്രഹിക്കുന്നു എങ്കിൽ അവൻ അതിന് വേണ്ടി പ്രവർത്തിക്കണം. നമ്മളാകട്ടെ, അല്ലാഹുവിലേക്ക് ആവശ്യക്കാരാണ്. അവനാകട്ടെ, നമ്മുടെ യാതൊരു ആവശ്യവുമില്ലാത്ത, ഒരു സൃഷ്ടിയുടെയും ആവശ്യമില്ലാത്ത സമ്പൂർണ്ണ ധന്യതയുള്ളവനും.

## 21- എങ്ങനെ നമുക്ക് അല്ലാഹുവിനെ അറിയാൻ കഴിയും?

ഉത്തരം: അല്ലാഹുവിനെ അറിയാൻ അനേകം വഴികളുണ്ട്. എന്നാൽ ഇവിടെ നാല് പ്രധാന മാർഗങ്ങൾ ഓർമ്മപ്പെടുത്താം.

ഒന്ന്: ശുദ്ധപ്രകൃതിയിലൂടെ അല്ലാഹുവിനെ നമുക്ക് അറിയാൻ സാധിക്കും.

മനുഷ്യന്റെ ശുദ്ധ പ്രകൃതി തന്നെ അവനൊരു സ്രഷ്ടാവുണ്ട് എന്ന കാര്യം അറിയിക്കുന്നുണ്ട്. നിന്നെ ഈ രൂപത്തിൽ, കൃത്യമായ അവയവങ്ങളോടെ, ഇത്ര കൃത്യതയോടെയും ക്രമീകരണത്തോടെയും അത്ഭുതകരമായ ഭംഗിയോടെയും സൃഷ്ടിച്ച ഒരു രക്ഷിതാവുണ്ട് എന്ന് നിന്റെ ശുദ്ധപ്രകൃതി തന്നെ നിന്നോട് പറയുന്നുണ്ട്.

തന്റെ സ്രഷ്ടാവിനെ ആരാധിച്ചു കൊണ്ട് അവനിലേക്ക് മടങ്ങാൻ താൻ ബാധ്യസ്ഥനാണെന്നും അവന്റെ

ശുദ്ധപ്രകൃതം അവനെ ഓർമ്മിപ്പിക്കുന്നുണ്ട്. തന്റെ സ്രഷ്ടാവിലേക്ക് താൻ ആവശ്യക്കാരനാണെന്നും, എല്ലാ സമയവും അവന്റെ സഹായം തനിക്ക് വേണ്ടതുണ്ടെന്നും അവന് ബോധ്യമുണ്ട്. കഠിനതകളും പ്രയാസങ്ങളും ബാധിക്കുമ്പോൾ ഈ ബോധ്യം കൂടുതൽ പ്രകടമാവുകയും വ്യക്തമാവുകയും ചെയ്യും.

അല്ലാഹുവിനെ അറിയാനുള്ള ഈ ശുദ്ധപ്രകൃതവുമായാണ് സർവ്വ മനുഷ്യരും സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം അല്ലാഹു തന്നെ അറിയിച്ചിരിക്കുന്നു.

﴿فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًاۚ فِطْرَتَ ٱللَّهِ ٱلَّتِي فَطَرَ ٱلنَّاسَ عَلَيْهَاۚ لَا تَبْدِيلَ لِخَلْقِ ٱللَّهِۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ٣٠﴾ [الروم: 30]

"ആകയാൽ 'ഹനീഫ്' (ബഹുദൈവാരാധനയിൽ നിന്ന് അകന്നു നിൽക്കുന്നവൻ) ആയി കൊണ്ട് നിന്റെ മുഖത്തെ നീ മതത്തിലേക്ക് (ഇസ്ലാമിലേക്ക്) തിരിച്ച് നിർത്തുക. അല്ലാഹു മനുഷ്യരെ ഏതൊരു

പ്രകൃതിയിൽ സൃഷ്ടിച്ചിരിക്കുന്നുവോ ആ പ്രകൃതിയാകുന്നു (ഇസ്ലാമിന്റെ പ്രകൃതി.) അല്ലാഹുവിന്റെ സൃഷ്ടി വ്യവസ്ഥയ്ക്ക് യാതൊരു മാറ്റവുമില്ല. അതത്രെ വക്രതയില്ലാത്ത മതം. പക്ഷെ മനുഷ്യരിൽ അധിക പേരും മനസ്സിലാക്കുന്നില്ല." (റൂം: 30) അല്ലാഹു പറയുന്നു:

﴿وَإِذۡ أَخَذَ رَبُّكَ مِنۢ بَنِيٓ ءَادَمَ مِن ظُهُورِهِمۡ ذُرِّيَّتَهُمۡ وَأَشۡهَدَهُمۡ عَلَىٰٓ أَنفُسِهِمۡ أَلَسۡتُ بِرَبِّكُمۡۖ قَالُواْ بَلَىٰ شَهِدۡنَآۚ أَن تَقُولُواْ يَوۡمَ ٱلۡقِيَٰمَةِ إِنَّا كُنَّا عَنۡ هَٰذَا غَٰفِلِينَ ١٧٢﴾ [الأعراف: 172]

"നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ

പറഞ്ഞു: അതെ, ഞങ്ങള്‍ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീര്‍ച്ചയായും ഞങ്ങള്‍ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു എന്ന് ഉയിര്‍ത്തെഴുന്നേല്‍പ്പിന്‍റെ നാളില്‍ നിങ്ങള്‍ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.)" (അഅ്റാഫ്: 172) നാം സൃഷ്ടിക്കപ്പെടുന്നതിന് മുൻപ് തന്നെ അല്ലാഹുവിനെ കുറിച്ചുള്ള അറിവും അവനോടുള്ള അടിമത്വവും നമ്മുടെ പ്രകൃതത്തിന്‍റെ ഭാഗമായി കഴിഞ്ഞിരിക്കുന്നു എന്നർത്ഥം. "അവരുടെ കാര്യത്തില്‍ അവരെ തന്നെ അവന്‍ സാക്ഷി നിര്‍ത്തുകയും ചെയ്ത സന്ദര്‍ഭം; (അവന്‍ ചോദിച്ചു:) ഞാന്‍ നിങ്ങളുടെ രക്ഷിതാവല്ലയോ? അവര്‍ പറഞ്ഞു: അതെ, ഞങ്ങള്‍ സാക്ഷ്യം വഹിച്ചിരിക്കുന്നു." ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച ഹദീഥിൽ നബി -ﷺ- പറഞ്ഞതായി കാണാം: "ഏതൊരു കുഞ്ഞും ശുദ്ധപ്രകൃതിയിലായല്ലാതെ ജനിക്കുന്നില്ല." (16)

ചുരുക്കത്തിൽ, നാമെല്ലാം ഈ ശുദ്ധപ്രകൃതത്തിലായാണ് ജനിച്ചു വീണത്. സത്യം കണ്ടെത്താൻ ഉദ്ദേശിക്കുന്ന ഏതൊരാൾക്കും അതിലേക്കുള്ള വഴി കാണിക്കാൻ അവന്റെ ഈ ശുദ്ധപ്രകൃതം തന്നെ മതിയായതാണ്.

തികഞ്ഞ നിഷേധവും ധിക്കാരവും മാത്രം കൈമുതലാക്കിയവർക്ക് വരെ ശുദ്ധപ്രകൃതിയുടെ ഈ തെളിവിനെ നിഷേധിക്കുക സാധ്യമല്ല. പ്രത്യേകിച്ചും കഠിനതകൾ ബാധിക്കുന്ന സന്ദർഭങ്ങളിൽ അത് കൂടുതൽ പ്രകടമാകുന്നതാണ്. പ്രയാസങ്ങളും ദുരിതങ്ങളും കഠിനമായാൽ മനുഷ്യൻ അല്ലാഹുവിലേക്ക് അഭയം തേടുകയും, തങ്ങൾ പങ്കുചേർത്തിരുന്നതിനെയെല്ലാം വിസ്മരിക്കുകയും ചെയ്യും.

﴿وَإِذَا مَسَّكُمُ ٱلضُّرُّ فِي ٱلۡبَحۡرِ ضَلَّ مَن تَدۡعُونَ إِلَّآ إِيَّاهُۖ فَلَمَّا نَجَّىٰكُمۡ إِلَى ٱلۡبَرِّ أَعۡرَضۡتُمۡۚ وَكَانَ ٱلۡإِنسَٰنُ كَفُورًا ٦٧﴾ [الإسراء: 67]

"കടലിൽ വെച്ച് നിങ്ങൾക്ക് കഷ്ടത (അപായം) നേരിട്ടാൽ അവൻ ഒഴികെ, നിങ്ങൾ ആരെയെല്ലാം വിളിച്ച് പ്രാർത്ഥിച്ചിരുന്നുവോ അവർ അപ്രത്യക്ഷരാകും. എന്നാൽ നിങ്ങളെ അവൻ രക്ഷപ്പെടുത്തി കരയിലെത്തിക്കുമ്പോൾ നിങ്ങൾ തിരിഞ്ഞുകളയുകയായി. മനുഷ്യൻ ഏറെ നന്ദികെട്ടവനായിരിക്കുന്നു." (ഇസ്റാഅ്: 67)

മനുഷ്യൻ കഠിനമായ പ്രയാസത്തിൽ അകപ്പെടുകയും, തന്റെ മരണം മുന്നിലെത്തിയിരിക്കുന്നു എന്ന് അവന് തോന്നുകയും ചെയ്താൽ അവൻ അല്ലാഹുവിനോടല്ലാതെ വിളിച്ചു തേടുകയില്ല. താൻ പങ്കുചേർത്തിരുന്ന സർവ്വതിനെയും അവൻ വിസ്മരിക്കുന്നതാണ്. പ്രയാസകരമായ വേളകളിൽ പ്രാർത്ഥനകളിൽ പ്രത്യക്ഷപ്പെടുന്ന ഈ നിഷ്കളങ്കത മനുഷ്യന്റെ മനസ്സിന്റെ അകത്തളങ്ങളിൽ ബാക്കിനിൽക്കുന്ന

ശുദ്ധപ്രകൃതിയുടെ ചോദനകളിൽ നിന്ന് പുറപ്പെടുന്നതാണ്.

അമേരിക്കൻ പ്രസിഡന്റായിരുന്ന, രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്കൻ യുദ്ധവിമാനങ്ങളുടെ പൈലറ്റായി സേവനമനുഷ്ഠിച്ച ഹെയ്സൻഹോവർ Dwight D. Eisenhower യുദ്ധം കഠിനമാകുന്ന വേളകൾക്ക് സാക്ഷ്യം വഹിച്ച ശേഷം തന്റെ സൈനികാനുഭവങ്ങളുടെ വെളിച്ചത്തിൽ പറഞ്ഞു: "സൈനിക ബാരക്കുകളിൽ ഒരു നാസ്തികനെയും നിനക്ക് കണ്ടെത്താൻ കഴിയില്ല." (17)

യുദ്ധത്തിന്റെ ശബ്ദങ്ങൾ കൊടുമ്പിരി കൊള്ളുന്ന കിടങ്ങുകളിൽ ദൈവനിഷേധികളെ കാണുക സാധ്യമല്ല. അവിടെ സർവ്വരും അല്ലാഹുവിലേക്ക് മടങ്ങുന്നു. മാനുഷികമായ ഈ യാഥാർത്ഥ്യം ഏവരും അംഗീകരിക്കുന്ന സത്യങ്ങളിലൊന്നാണ്.

രണ്ട്: ബുദ്ധി. അല്ലാഹുവിനെ അറിയാൻ മനുഷ്യരുടെ ബുദ്ധി അവരെ സഹായിക്കുന്നതാണ്.

അല്ലാഹു പറയുന്നു:

﴿أَمۡ خُلِقُواْ مِنۡ غَيۡرِ شَيۡءٍ أَمۡ هُمُ ٱلۡخَٰلِقُونَ ٣٥﴾ [الطور: 35]

"അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? (ത്വൂർ: 35)

പ്രപഞ്ചത്തിന്റെ സൃഷ്ടിപ്പുമായി ബന്ധപ്പെട്ട മൂന്നു സാധ്യതകൾ നമ്മുടെ ബുദ്ധിയുടെ മുന്നിലുണ്ട്; നാലാലൊരു സാധ്യത ഒരാൾക്കും പറയുക സാധ്യമല്ല. (അതിലേക്കാണ് ഈ ആയത്ത് സൂചന നൽകുന്നത്).

ഒന്നാമത്തെ സാധ്യത; ഒരു സ്രഷ്ടാവില്ലാതെ നാം സൃഷ്ടിക്കപ്പെടുക എന്നതാണ്. "യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ?" ഇത്

തീർത്തും അസംഭവ്യമാണ്. കാരണം എങ്ങനെയാണ് ഒരു സ്രഷ്ടാവില്ലാതെ സൃഷ്ടിയുണ്ടാവുക?!

രണ്ടാമത്തെ സാധ്യത; നാം തന്നെ നമ്മെ സൃഷ്ടിക്കുക എന്നതാണ്. "അതല്ല, അവര്‍ തന്നെയാണോ (അവരുടെ) സ്രഷ്ടാക്കള്‍?" ഇതും അസംഭവ്യമാണ്. കാരണം ഞാൻ സൃഷ്ടിക്കപ്പെടുന്നതിന് മുൻപ് എങ്ങനെ എന്നെ ഞാൻ തന്നെ സൃഷ്ടിക്കും?

മൂന്നാമത്തെ സാധ്യത; സാമാന്യ ബുദ്ധി കൊണ്ട് മനസ്സിലാക്കാവുന്ന കാര്യമാണ് അത് എന്നതിനാൽ അതിനെ കുറിച്ച് ആയത്തിൽ പരാമർശിച്ചിട്ടില്ല. നമ്മെ സൃഷ്ടിച്ച ഒരു സ്രഷ്ടാവ് നമുക്കുണ്ടാവുക എന്നതാണ് ആ സാധ്യത!

അല്ലാഹു ഉണ്ട് എന്ന കാര്യം നമ്മുടെ ബുദ്ധി കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നതാണെന്ന് ചുരുക്കം.

മൂന്ന്: അല്ലാഹുവിന്റെ സൃഷ്ടികളെ വീക്ഷിക്കുന്നത് അല്ലാഹുവിനെ കുറിച്ച് നിനക്ക് അറിവ് നൽകുന്നതാണ്.

അല്ലാഹുവിന്റെ സൃഷ്ടിപ്രപഞ്ചത്തിന്റെ മഹത്വവും ഗാംഭീര്യവും അതിലൂടെ നമുക്ക് ബോധ്യപ്പെടാതിരിക്കില്ല.

﴿قُلِ ٱنظُرُوا۟ مَاذَا فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ وَمَا تُغْنِى ٱلْءَايَٰتُ وَٱلنُّذُرُ عَن قَوْمٍ لَّا يُؤْمِنُونَ ﴿١٠١﴾﴾ [يونس: 101]

"പറയുക! ആകാശങ്ങളിലും ഭൂമിയിലുമുള്ളതിനെ നിങ്ങൾ വീക്ഷിക്കുക." (യൂനുസ്: 101)

അല്ലാഹുവിന്റെ സൃഷ്ടിപ്പിലുള്ള കൃത്യതയും അതിലുള്ള അത്ഭുതകരമായ കെട്ടുറപ്പും അല്ലാഹുവിനെ കുറിച്ച് നമ്മുടെ അറിവ് വർദ്ധിപ്പിക്കാൻ സഹായകമാണ്.

ഇക്കാര്യത്തെ കുറിച്ച് പുസ്തകത്തിന്റെ ആരംഭത്തിൽ ചിലത് നാം വിവരിച്ചിട്ടുണ്ട്.

നാല്: അല്ലാഹു നിയോഗിച്ച ദൂതന്മാരിലൂടെ അവനെ കുറിച്ച് നമുക്ക് അറിയാൻ സാധിക്കും.

അല്ലാഹുവിനെ അറിയാനുള്ള ഏറ്റവും മഹത്തരമായ മാർഗം ഇതാണ്. അവന്റെ

ദൂതന്മാരിലൂടെ അവനെ അറിയുക എന്നത് ഏറ്റവും നേരായ വഴിയാകുന്നു. കാരണം അല്ലാഹുവിന്റെ ദൂതന്മാർ തങ്ങളെ നിയോഗിച്ച രക്ഷിതാവിന്റെ വിശേഷണങ്ങളെ കുറിച്ചും അവന്റെ അസ്തിത്വത്തെ കുറിച്ചും ജനങ്ങളെ അറിയിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ നാമങ്ങളും വിശേഷണങ്ങളും അവന്റെ ദൂതന്മാരാണ് നമുക്ക് അറിയിച്ചു തന്നത്. അല്ലാഹുവിനെ എങ്ങനെ ആരാധിക്കണമെന്നും, അവനിലേക്ക് എങ്ങനെ സാമീപ്യം തേടണമെന്നും, അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് എങ്ങനെ രക്ഷപ്പെടാൻ സാധിക്കുമെന്നും ഈ ദൂതന്മാരാണ് നമുക്ക് അറിയിച്ചു തന്നത്. അല്ലാഹുവിനെ മാത്രമേ ആരാധിക്കാവൂ എന്നതിലേക്ക് ജനങ്ങളെ ക്ഷണിച്ചത് ഈ പ്രവാചകന്മാരാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ; ജനങ്ങളുടെ ശുദ്ധപ്രകൃതിയിലേക്ക് മടങ്ങിപ്പോകൂ എന്നതായിരുന്നു അവരുടെ ഉപദേശങ്ങളുടെ ആകെത്തുക.

സത്യത്തിന്റെയും രക്ഷയുടെയും വഴിയിലേക്ക് ജനങ്ങൾക്ക് മാർഗദർശനം നൽകിയതും അല്ലാഹുവിന്റെ ദൂതന്മാർ തന്നെയാണ്.

﴿رُّسُلًا مُّبَشِّرِينَ وَمُنذِرِينَ لِئَلَّا يَكُونَ لِلنَّاسِ عَلَى ٱللَّهِ حُجَّةٌۢ بَعْدَ ٱلرُّسُلِ ۚ وَكَانَ ٱللَّهُ عَزِيزًا حَكِيمًا ﴿١٦٥﴾﴾ [النساء: 165]

"സന്തോഷവാർത്ത അറിയിക്കുന്നവരും താക്കീത് നൽകുന്നവരുമായ ദൂതൻമാരായിരുന്നു അവർ. ആ ദൂതന്മാർക്ക് ശേഷം ജനങ്ങൾക്ക് അല്ലാഹുവിന്നെതിരിൽ ഒരു ന്യായവും ഇല്ലാതിരിക്കാൻ വേണ്ടിയാണത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാണ്." (നിസാഅ് : 165)

അല്ലാഹു അവന്റെ ദൂതന്മാരെ ജനങ്ങളിലേക്ക് അയക്കുകയും, അവർക്ക് നൽകിയ ദൃഷ്ടാന്തങ്ങളിലൂടെ അവരുടെ സത്യസന്ധത ബോധ്യപ്പെടുത്തുകയും ചെയ്തു. അതിനാൽ തന്നെ അന്ത്യനാളിൽ

ഒരാൾക്കും അല്ലാഹുവിനെതിരെ യാതൊരു തെളിവോ ന്യായമോ ഉണ്ടാവുകയില്ല.

നിന്റെ സ്രഷ്ടാവിനെ അറിയാൻ കഴിയും വിധമുള്ള ശുദ്ധപ്രകൃതിയും, ചിന്തിക്കാനുള്ള ബുദ്ധിയും, സൃഷ്ടികളിലേക്ക് നോക്കാനുള്ള കഴിവും നൽകിയതോടൊപ്പം അവൻ നിന്നിലേക്ക് അവന്റെ ദൂതന്മാരെ നിയോഗിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ സത്യം സ്വീകരിക്കാതിരിക്കാൻ നിനക്ക് ഇനിയൊരു ന്യായവും ബാക്കിയില്ല.

## 22- ഭൂമിയിൽ അനേകം മതങ്ങളുണ്ടല്ലോ? എന്തു കൊണ്ടാണ് ഇസ്ലാം മാത്രം ശരിയാണെന്നു പറയുന്നത്.

ഉത്തരം: അനേകം മതങ്ങൾക്കിടയിൽ നിലകൊള്ളുന്ന കേവലമൊരു ദർശനമല്ല ഇസ്ലാം.

പുരാതനകാലം മുതലുള്ള പ്രവാചകന്മാരുടെ ആദർശത്തിനോട്

യോജിക്കുന്ന വിശ്വാസം പഠിപ്പിക്കുന്ന ഏകമതം ഇസ്ലാം മാത്രമാണ്.

വഴിതെറ്റിപ്പോയ മതാദർശങ്ങളെ നേർവഴിക്ക് നടത്തുകയാണ് ഇസ്ലാം ചെയ്തത്. മുൻകാല പ്രവാചകന്മാരെല്ലാം പഠിപ്പിച്ച ഏകദൈവാരാധനയുടെ ആദർശമാണ് ഇസ്ലാമിന് പറയാനുള്ളത്.

അല്ലാഹു പറയുന്നു:

﴿۞ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِيٓ أَوۡحَيۡنَآ إِلَيۡكَ وَمَا وَصَّيۡنَا بِهِۦٓ إِبۡرَٰهِيمَ وَمُوسَىٰ وَعِيسَىٰٓۖ أَنۡ أَقِيمُواْ ٱلدِّينَ وَلَا تَتَفَرَّقُواْ فِيهِۚ كَبُرَ عَلَى ٱلۡمُشۡرِكِينَ مَا تَدۡعُوهُمۡ إِلَيۡهِۚ ٱللَّهُ يَجۡتَبِيٓ إِلَيۡهِ مَن يَشَآءُ وَيَهۡدِيٓ إِلَيۡهِ مَن يُنِيبُ ١٣﴾ [الشورى: 13]

"നിങ്ങൾക്ക് അല്ലാഹു മതമായി നിശ്ചയിച്ചു നൽകിയത് നൂഹിനോട് നാം കൽപ്പിക്കുകയും, നിനക്ക് നാം ബോധനം നൽകുകയും, ഇബ്രാഹീം, മൂസാ, ഈസാ എന്നിവരോട് നാം കല്പിച്ചതുമായ അതേ കാര്യമാണ്; നിങ്ങൾ (ഇസ്ലാമാകുന്ന) മതം നേരാംവണ്ണം നിലനിർത്തുകയും, അതിൽ ഭിന്നിക്കാതിരിക്കുകയും

ചെയ്യുക (എന്നതാണ് അക്കാര്യം). നിങ്ങൾ ക്ഷണിച്ചു കൊണ്ടിരിക്കുന്ന ഇക്കാര്യം ബഹുദൈവാരാധകർക്ക് വളരെ ഭയങ്കരമായി തോന്നിയിരിക്കുന്നു. അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ അവന് വേണ്ടി തെരഞ്ഞെടുക്കുന്നു. അല്ലാഹുവിലേക്ക് താഴ്മയോടെ മടങ്ങുന്നവരെ അവൻ തന്നിലേക്ക് നയിക്കുകയും ചെയ്യുന്നു." (ശൂറാ: 13)

ചുരുക്കത്തിൽ ഇസ്ലാം മറ്റു മതങ്ങൾക്കിടയിലെ ഒരു മതമല്ല. മറിച്ച്, എല്ലാ മതങ്ങളുടെയും അടിത്തറയാണ് ഇസ്ലാം.

## 23- എന്താണ് ഇസ്ലാം?

ഇസ്ലാമെന്നാൽ അല്ലാഹുവിന് പരിപൂർണ്ണമായി സമർപ്പിക്കുകയും, അവന് കീഴൊതുങ്ങുകയും ചെയ്യലാണ്.

അല്ലാഹു പറയുന്നു:

﴿وَمَنْ أَحْسَنُ دِينًا مِّمَّنْ أَسْلَمَ وَجْهَهُۥ لِلَّهِ وَهُوَ مُحْسِنٌ وَٱتَّبَعَ مِلَّةَ إِبْرَٰهِيمَ حَنِيفًا ۗ وَٱتَّخَذَ ٱللَّهُ إِبْرَٰهِيمَ خَلِيلًا ١٢٥﴾ [النساء: 125]

"സദ്വൃത്തനായി കൊണ്ട് അല്ലാഹുവിന് സ്വന്തത്തെ സമർപ്പിക്കുകയും, ഇബ്രാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനേക്കാൾ ഉത്തമമായ മതം സ്വീകരിച്ച മറ്റാരുണ്ട്? അല്ലാഹു ഇബ്രാഹീമിനെ അവന്റെ പ്രിയപ്പെട്ടവനായി സ്വീകരിച്ചിരിക്കുന്നു." (നിസാഅ് : 125)

അല്ലാഹുവിന് സ്വന്തത്തെ സമർപ്പിച്ചു എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിന് പരിപൂർണ്ണമായി തന്നെ കീഴൊതുക്കിയിരിക്കുന്നു എന്നാണ്. അങ്ങനെ ചെയ്തവനാണ് ജനങ്ങളിൽ ഏറ്റവും നല്ല മതം സ്വീകരിച്ചവൻ.

അല്ലാഹു പറയുന്നു:

﴿وَلِكُلِّ أُمَّةٍ جَعَلْنَا مَنسَكًا لِّيَذْكُرُوا۟ ٱسْمَ ٱللَّهِ عَلَىٰ مَا رَزَقَهُم مِّنۢ بَهِيمَةِ ٱلْأَنْعَٰمِ ۗ فَإِلَٰهُكُمْ إِلَٰهٌ وَٰحِدٌ فَلَهُۥٓ أَسْلِمُوا۟ ۗ وَبَشِّرِ ٱلْمُخْبِتِينَ ٣٤﴾ [الحج: 34]

"നിങ്ങളുടെ ആരാധ്യൻ ഏക ആരാധ്യനാകുന്നു; അവന് നിങ്ങൾ സമർപ്പിക്കുക (മുസ്ലിമാവുക). ആരാധനകളിൽ മുഴുകുന്നവർക്ക് നീ സന്തോഷവാർത്ത അറിയിക്കുക." (ഹജ്ജ്: 34)

അവന് സമർപ്പിക്കുക എന്നതിന്റെ അർത്ഥം അവന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങുക എന്നതാണ്.

അല്ലാഹുവിന് പരിപൂർണ്ണമായി സമർപ്പിക്കലും അവന് കീഴൊതുങ്ങലും, അവന്റെ വിധിവിലക്കുകൾ പ്രാവർത്തികമാക്കലും, അവന്റെ മാർഗം തൃപ്തിയോടെയും ഇഷ്ടത്തോടെയും സ്വീകരിക്കലുമാണ് ഇസ്ലാം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്ന് ഖുർആനിലെ ഈ വചനങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. ഇസ്ലാമിന്റെ യാഥാർത്ഥ്യവും അന്തസത്തയും ഈ പറഞ്ഞതാണ്.

അല്ലാഹുവിന്റെ വിധിനിർണ്ണയങ്ങൾക്കും അവന്റെ മതവിധികൾക്കും കീഴൊതുങ്ങലാണ് ഇസ്ലാം എന്ന് ചുരുക്കം.

സർവ്വ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ മതമാണ് ഇസ്ലാം. അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാം മാത്രമാകുന്നു.

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ﴿٨٥﴾﴾ [آل عمران: 85]

" (ആലു ഇംറാൻ: 85) ഇസ്ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു ഒരാളിൽ നിന്നും സ്വീകരിക്കുന്നതല്ല. "ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അല്ലാഹു തന്റെ ദൂതന്മാരെയും പ്രവാചകന്മാരെയുമെല്ലാം നിയോഗിച്ചത് ഇസ്ലാം എന്ന ആദർശവുമായി കൊണ്ടാണ്. അതിനാൽ അല്ലാഹുവിന്റെ സർവ ദൂതന്മാരുടെയും മതം ഒന്ന് തന്നെ. എല്ലാ നബിമാരും ഏകദൈവാരാധനയാണ് പഠിപ്പിച്ചത്; അവരുടെ മതസംഹിതകളുടെ വിശദാംശങ്ങളിൽ മാത്രമേ വ്യത്യാസങ്ങൾ ഉണ്ടായിട്ടുള്ളൂ.

അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَا مِن قَبۡلِكَ مِن رَّسُولٍ إِلَّا نُوحِيٓ إِلَيۡهِ أَنَّهُۥ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعۡبُدُونِ ٢٥﴾ [الأنبياء: 25]

"ഞാനല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല; അതിനാൽ എന്നെ മാത്രം നിങ്ങൾ ആരാധിക്കൂ' എന്ന് സന്ദേശം നല്കിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല." (അമ്പിയാഅ്: 25)

ഈ ഏകദൈവാരാധന ഇന്ന് ഇസ്ലാമിലല്ലാതെ നിലനിൽക്കുന്നില്ല.

ഇന്ന് ഭൂമിയിൽ നിലനിൽക്കുന്ന ശുദ്ധ ഏകദൈവാരാധനയുടെ മതം ഇസ്ലാം മാത്രമാണ്.

എന്നാൽ മറ്റു മതവിഭാഗങ്ങൾ ഏതിലാണെങ്കിലും അവയിൽ കൂടിയോ കുറഞ്ഞോ ശിർകിന്റെ - ബഹുദൈവാരാധനയുടെ- അംശങ്ങൾ കണ്ടെത്താൻ കഴിയും. നബിമാരുടെ മരണത്തിന് ശേഷം ജനങ്ങൾ അവർ പഠിപ്പിച്ച തൗഹീദ് ഉപേക്ഷിക്കുകയും, കാലം കടന്നു പോകുന്നതിന് അനുസരിച്ച് ശിർകിനെ പുണരുകയും ചെയ്തു. പ്രവാചകന്മാർ പഠിപ്പിച്ച കലർപ്പില്ലാത്ത ഏകദൈവാരാധന അടിസ്ഥാനമാക്കി ഇസ്ലാമല്ലാതെ മറ്റൊരു മതവും ഇന്ന് നിലനിൽക്കുന്നില്ല.

## 24- മനുഷ്യരുടെ ചിന്തയെ പരിഭ്രാന്തമാക്കിയ അനേകം ചോദ്യങ്ങളുണ്ട്; നാം എവിടെ നിന്ന് വന്നു? എന്തിനാണ് ഈ പ്രപഞ്ചത്തിൽ നാം വന്നെത്തിയത്? എവിടേക്കാണ് നമ്മുടെ ഈ യാത്ര നീങ്ങിക്കൊണ്ടിരിക്കുന്നത്?

അതെ! ഈ ചോദ്യങ്ങൾക്കെല്ലാം വിശുദ്ധ ഖുർആനിലെ ഒരൊറ്റ ആയത്തിലൂടെ അല്ലാഹു മറുപടി നൽകിയിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿وَمَا لِيَ لَآ أَعۡبُدُ ٱلَّذِي فَطَرَنِي وَإِلَيۡهِ تُرۡجَعُونَ﴾ [يس: 22]

"ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

എവിടെ നിന്നാണ് ഞാൻ വന്നത് എന്ന ചോദ്യത്തിനുള്ള ഉത്തരമാണ് 'ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ' എന്ന വാക്കുകളിലുള്ളത്.

ഞാൻ എവിടേക്കാണ് സഞ്ചരിച്ചു കൊണ്ടിരിക്കുന്നത് എന്നതിനുള്ള ഉത്തരമാണ് 'ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ' എന്ന വാക്കുകളിലുള്ളത്. ഞാൻ അല്ലാഹുവിലേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. എന്റെ വിചാരണക്കുവേണ്ടി!

എന്തിനാണ് ഈ പ്രപഞ്ചത്തിൽ ഞാൻ വന്നെത്തിയിരിക്കുന്നത് എന്നതിനുള്ള ഉത്തരം അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിനും അവന്റെ പരീക്ഷണത്തിൽ വിജയിക്കുന്നതിനും വേണ്ടി എന്നതാണ്.

'എന്തിനാണ് ഞാൻ അല്ലാഹുവിനെ ആരാധിക്കുന്നത്' എന്നാണോ ചോദ്യം?! ഉത്തരം; എന്നെ സൃഷ്ടിച്ചവനെ

ആരാധിക്കുക എന്നത് തീർത്തും ന്യായമാണെന്നതാണ്. അടിമയും ഉടമസ്ഥനും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം തന്നെ അതാണ്. അവൻ തന്റെ സ്രഷ്ടാവിനെ ആരാധിക്കേണ്ടവനാണ്. "ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തുന്യായം?" മനുഷ്യരുടെ ചിന്തകളെ പരിഭ്രാന്തമാക്കിയ മൂന്ന് ചോദ്യങ്ങൾക്കുള്ള ഉത്തരം ഒരൊറ്റ ആയത്തിൽ ഇതാ പരാമർശിക്കപ്പെട്ടിരിക്കുന്നു.

﴿وَمَالِيَ لَآ أَعۡبُدُ ٱلَّذِي فَطَرَنِي وَإِلَيۡهِ تُرۡجَعُونَ﴾ [يس: 22]

"ഏതൊരുവൻ എന്നെ സൃഷ്ടിച്ചുവോ, ഏതൊരുവന്റെ അടുത്തേക്ക് നിങ്ങൾ മടക്കപ്പെടുന്നുവോ അവനെ ഞാൻ ആരാധിക്കാതിരിക്കാൻ എനിക്കെന്തു ന്യായം?" (യാസീൻ: 22)

## 25- മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് നിനക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത്?

ഉത്തരം: മനുഷ്യർക്ക് സാധ്യമല്ലാത്ത അനേകം അത്ഭുതപ്രവർത്തികൾ നബി -ﷺ- കാണിച്ചതായി ഞാൻ അറിയുന്നു; ഇത് മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന കാര്യം നിഷേധിക്കാൻ സാധ്യമല്ലാത്ത രൂപത്തിൽ എന്നിൽ ദൃഢമായി ഉറപ്പിക്കുന്നു.

അരിസ്റ്റോട്ടിൽ ഫിലോസഫറാണെന്ന് നീ പറയുന്നത് അദ്ദേഹത്തിന്റെ ഏതെങ്കിലുമൊരു വാക്ക് കൊണ്ടല്ല; മറിച്ച് അദ്ദേഹം പറഞ്ഞ അനേകം വാക്കുകളുടെയും തത്വശാസ്ത്രപരമായ പരിഹാരങ്ങളുടെയും അടിസ്ഥാനത്തിലാണ് നീ അക്കാര്യം അംഗീകരിക്കുന്നത്.

ഹിപ്പോക്രേറ്റ്സ് വൈദ്യനാകുന്നത് ഏതെങ്കിലുമൊരു ചികിത്സ

നടത്തിയതിന്റെ പേരിലല്ല; മറിച്ച് അദ്ദേഹത്തിന്റെ അനേകം വൈദ്യശാസ്ത്ര സംഭാവനകൾ കൊണ്ടാണ്.

ഇതു പോലെ നബി -ﷺ- യിൽ നിന്ന് സ്ഥിരപ്പെട്ട അനേകം അത്ഭുതസംഭവങ്ങൾ അവിടുന്ന് അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്ന് സംശയലേശമെന്യേ ബോധ്യപ്പെടുത്തുന്നുണ്ട്.

നബി -ﷺ- യുടെ ചരിത്രം നീ പരിശോധിക്കുക! അവിടുന്ന് സത്യസന്ധനായിരുന്നു. അല്ല! അവിടുത്തെ സത്യസന്ധത ജനങ്ങൾക്കിടയിൽ പ്രസിദ്ധമായിരുന്നു. അവിടുത്തോട് കടുത്ത ശത്രുതയുള്ളവർ പോലും അക്കാര്യം അംഗീകരിച്ചിരുന്നു. അവിടുന്ന് ഒരു കളവ് പറഞ്ഞെന്നോ എന്തെങ്കിലും വൃത്തികേടുകൾ പ്രവർത്തിച്ചെന്നോ ഒരാൾ പോലും ആരോപണം ഉന്നയിച്ചില്ല. ചിലപ്പോൾ ഭാവിയിൽ നടക്കാനിരിക്കുന്ന കാര്യങ്ങളെ കുറിച്ച് അവിടുന്ന് പ്രവചിക്കുമായിരുന്നു; അത് അപ്രകാരം

തന്നെ സംഭവിക്കുകയും ചെയ്യും. അവിടുത്തെ പ്രബോധനത്തിന്റെ ആരംഭം മുതൽ അവിടുന്ന് ക്ഷണിച്ച ആദർശം മുൻകഴിഞ്ഞ പ്രവാചകന്മാരുടെ ആദർശത്തിന് യോജിച്ചതായിരുന്നു. മുൻപ് വന്ന പ്രവാചകന്മാർ അവിടുത്തെ കുറിച്ച് തങ്ങളുടെ സമൂഹത്തിന് നൽകിയ സന്തോഷവാർത്തകൾ വേറെയും. നബി -ﷺ- വന്നെത്തിയതിന് നൂറുകണക്കിന് വർഷങ്ങൾ മുൻപ് ഹൈന്ദവ ഗ്രന്ഥങ്ങളിൽ വരെ അത്തരം പരാമർശങ്ങളുണ്ടെന്ന് നീ വായിച്ചു. ഇതെല്ലാം മുഹമ്മദ് നബി -ﷺ- യുടെ സന്ദേശം സത്യസന്ധമാണെന്ന് വ്യക്തമായ ബോധ്യവും നിഷേധിക്കാൻ കഴിയാത്ത ദൃഢതയും നൽകുന്നു.

ഇതെല്ലാം അവിടെ നിൽക്കട്ടെ; ഏറ്റവും വലിയ ദൃഷ്ടാന്തമായ ഖുർആനിനെ കുറിച്ച് ചിന്തിച്ചു നോക്കൂ!

സർവ്വ മനുഷ്യരെയും ആ ഗ്രന്ഥം വെല്ലുവിളിക്കുന്നു. ഖുർആൻ എന്ന ഗ്രന്ഥത്തിന് സമാനമായതോ, അതിലെ

ഏതെങ്കിലും ഒരു അദ്ധ്യായത്തിന് സമാനമായതോ കൊണ്ടുവരാനുള്ള ആ വെല്ലുവിളി ഇന്നും നിലനിൽക്കുന്നു; എന്നാൽ ആർക്കും ആ വെല്ലുവിളിയെ നേരിടുക സാധിച്ചിട്ടില്ല.

അല്ലാഹു പറയുന്നു:

﴿فَإِن لَّمۡ تَفۡعَلُواْ وَلَن تَفۡعَلُواْ فَٱتَّقُواْ ٱلنَّارَ ٱلَّتِي وَقُودُهَا ٱلنَّاسُ وَٱلۡحِجَارَةُۖ أُعِدَّتۡ لِلۡكَٰفِرِينَ ٢٤﴾ [البقرة: 24]

"നിങ്ങൾക്കത് (ഖുർആൻ പോലൊന്ന് കൊണ്ടുവരിക എന്നത്) ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ; നിങ്ങൾക്കത് ഒരിക്കലും ചെയ്യാൻ കഴിയുകയുമില്ല." (ബഖറ: 24)

അവർ ഇന്നു വരെയും ഈ വെല്ലുവിളി ഏറ്റെടുത്തില്ല; അവർക്കതിന് സാധിച്ചതുമില്ല.

ബഹുദൈവാരാധകരിലെ സാഹിത്യകാരന്മാരെയും ഭാഷാനൈപുണ്യമുള്ളവരെയും ഖുർആൻ

ഇന്നും വെല്ലുവിളിച്ചു കൊണ്ടേയിരിക്കുന്നു. എന്നാൽ ആർക്കും അതിനെ നേരിടാൻ കഴിയുന്നില്ല. അവരെല്ലാം ഇതിന് തുല്യമായത് കൊണ്ടുവരാൻ സാധിക്കാതെ മുട്ടുമടക്കിയിരിക്കുന്നു.

അബ്ദുല്ല ദറാസ് -رَحِمَهُ اللَّهُ- പറയുന്നു: "ഖുറൈശികളുടെ ഭാഷാപരമായ അഹങ്കാരവും അഭിമാനവും ഇളക്കി വിടാൻ ഈ വെല്ലുവിളി കാരണമായേക്കും എന്ന് നബി -ﷺ- ഭയപ്പെടുമായിരുന്നില്ലേ?!

വിശുദ്ധ ഖുർആനിന്റെ സാഹിത്യഭംഗിയോട് മത്സരിക്കാൻ അവരെല്ലാം കരുതലോടെ ശ്രമിക്കുമായിരുന്നില്ലേ?! ഒന്നുമില്ലെങ്കിലും അവരുടെ കൂട്ടത്തിൽ നിന്ന് ഒരു സംഘം ഒത്തുചേരുകയും, ഖുർആനിനെ മറികടക്കുന്ന എന്തെങ്കിലും കൊണ്ടുവരാൻ -ഏതെങ്കിലും ചില മേഖലകളിലെങ്കിലും- അതിനെ മറികടക്കാൻ അവർ ശ്രമിക്കുമായിരുന്നില്ലേ?!

തന്റെ കാലഘട്ടത്തിൽ ജീവിക്കുന്നവർക്കെതിരെ വെല്ലുവിളിക്കുന്നത് മനസ്സിലാക്കാം; തനിക്ക് ശേഷം വരാനിരിക്കുന്ന അനേകം തലമുറകൾക്കെതിരെ എങ്ങനെ ഈ വെല്ലുവിളി നടത്തും?!

തന്റെ കഴിവിനെ കുറിച്ച് ബോധ്യമുള്ള ഒരു മനുഷ്യനും ഇത്തരമൊരു ഭാഗ്യപരീക്ഷണത്തിന് മുതിരുകയില്ല. പ്രപഞ്ചത്തിന്റെ നിയന്ത്രണവും, ആകാശലോകത്തിന്റെ വിവരങ്ങളും കൈപ്പിടിയിലുള്ള ഒരുവന് മാത്രമേ ഇത്തരമൊരു വെല്ലുവിളിക്ക് സാധിക്കുകയുള്ളൂ?! ഇപ്രകാരം ലോകത്തിന് മുൻപിലേക്ക് തന്റെ വെല്ലുവിളി മുന്നോട്ടു വെക്കാൻ അവന് മാത്രമേ സാധിക്കുകയുള്ളൂ; അവന്റെ തീരുമാനം അവസാന തീരുമാനമാണ്. ഈ വെല്ലുവിളിക്ക് എതിരു നിൽക്കാൻ ശ്രമിച്ചവരെല്ലാം വ്യക്തമായ പരാജയം രുചിച്ചു. കാലങ്ങളെത്ര മുന്നോട്ടു

നീങ്ങിയപ്പോഴും അവരുടെ പരാജയത്തിൽ മാത്രം മാറ്റമുണ്ടായില്ല.

വിശുദ്ധ ഖുർആനിന്റെ വെല്ലുവിളിയെ നേരിടുന്നതിനേക്കാൾ നല്ലത് നബി -ﷺ-ക്കെതിരെ സൈന്യത്തെ സംഘടിപ്പിക്കുകയും, വ്യത്യസ്ത സേനകളെ സംഘടിപ്പിക്കുന്നതുമാണ് എന്നവർ തിരിച്ചറിഞ്ഞു! അവർക്ക് ആകെ സാധിച്ചത് അത്ര മാത്രമായിരുന്നു.

﴿وَقَالَ ٱلَّذِينَ كَفَرُواْ لَا تَسۡمَعُواْ لِهَٰذَا ٱلۡقُرۡءَانِ وَٱلۡغَوۡاْ فِيهِ لَعَلَّكُمۡ تَغۡلِبُونَ ٢٦﴾
[فصلت: 26]

"(അല്ലാഹുവിനെയും അവന്റെ ദൂതനെയും) നിഷേധിച്ചവർ പറഞ്ഞു: നിങ്ങൾ ഈ ഖുർആൻ ശ്രദ്ധിച്ചു കേൾക്കരുത്. അത് പാരായണം ചെയ്യുമ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുക. നിങ്ങൾക്ക് അതിനെ അതിജയിക്കാൻ കഴിഞ്ഞേക്കാം." (ഫുസ്വിലത്: 26)

വിശുദ്ധ ഖുർആനിന്റെ ഈ വെല്ലുവിളിക്ക് മറുപടിയായി അറബികളോ

അല്ലാത്തവരോ അർത്ഥമുള്ള യാതൊന്നും കൊണ്ടുവന്നില്ല; എങ്കിൽ നിരീശ്വരവാദികൾക്ക് തൃപ്തിയടയാമായിരുന്നു! മറ്റുള്ള പലർക്കും ആശ്വാസം ലഭിക്കുമായിരുന്നു. പക്ഷെ കഴിഞ്ഞില്ല!

മുസ്ലിം പണ്ഡിതനായ അലൂസി -رَحِمَهُ اللَّهُ- പറയുന്നു: "ഈ ദിവസം വരെ ഇസ്ലാമിന്റെ ശത്രുക്കളിലൊരാൾ പോലും ഈ വെല്ലുവിളിയെ നേരിടാൻ ഒരക്ഷരം പോലും ഉരിയാടിയിട്ടില്ല. (ഖുർആനിന് സമാനമായി) അവരിലൊരാൾ പോലും ഒരു വസ്തുവിനെ കുറിച്ചോ എന്തെങ്കിലുമൊരു വിശേഷണത്തെ കുറിച്ചോ ഒരു വാക്ക് മിണ്ടിയിട്ടുമില്ല."

ജുബൈർ ബ്നു മുത്ഇം എന്ന സ്വഹാബി അദ്ദേഹം മുസ്ലിമാകുന്നതിന് മുൻപുള്ള ചരിത്രം വിവരിച്ചു കൊണ്ട് പറയുന്നത് നോക്കൂ: "ഞാൻ നബി -ﷺ- മഗ്'രിബ് നിസ്കാരത്തിൽ സൂറതുത്ത്വൂർ പാരായണം ചെയ്യുന്നത് കേട്ടിട്ടുണ്ട്. അവിടുന്ന്

അവസാനം ഈ ആയത്തുകൾ പാരായണം ചെയ്തു: "അതല്ല, യാതൊരു വസ്തുവിൽ നിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കുകയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അല്ല, അവർ ദൃഢമായി വിശ്വസിക്കുന്നില്ല.

﴿أَمْ خُلِقُوا۟ مِنْ غَيْرِ شَىْءٍ أَمْ هُمُ ٱلْخَـٰلِقُونَ ﴿٣٥﴾ أَمْ خَلَقُوا۟ ٱلسَّمَـٰوَٰتِ وَٱلْأَرْضَ ۚ بَل لَّا يُوقِنُونَ ﴿٣٦﴾ أَمْ عِندَهُمْ خَزَآئِنُ رَبِّكَ أَمْ هُمُ ٱلْمُصَيْطِرُونَ ﴿٣٧﴾﴾ [الطور: 35-37]

" അതല്ല, അവരുടെ പക്കലാണോ നിന്റെ രക്ഷിതാവിന്റെ ഖജനാവുകൾ! അതല്ല, അവരാണോ അധികാരം നടത്തുന്നവർ?" (ത്വൂർ: 35-37)

അദ്ദേഹം പറയുന്നു: "ഇത് കേട്ടപ്പോൾ എന്റെ ഹൃദയം എന്നിൽ നിന്ന് പറന്നു പോകുമാറായി."

വിശുദ്ധ ഖുർആനിൽ മനുഷ്യ മനസ്സുകളിലേക്ക് ചെന്നെത്തുന്ന അനേകം അത്ഭുതകരമായ രഹസ്യങ്ങളുണ്ട്.

ബഹുദൈവാരാധകരുടെ സ്ത്രീകൾ അബൂബക്ർ സിദ്ധീഖിന്റെ വീടിനരികിൽ കൂടിനിൽക്കാറുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ കാണാം; അബൂബക്റിന്റെ ഖുർആൻ പാരായണം കേൾക്കുന്നതിന് വേണ്ടിയായിരുന്നു അത്. വിശുദ്ധ ഖുർആൻ അവരെ അത്രമേൽ ആകർഷിക്കുകയും, അവർ അതിന്റെ ഭംഗിയിൽ സ്വാധീനിക്കപ്പെടുകയും ചെയ്തു. ഖുറൈശികളിലെ പുരുഷന്മാരെ ഈ കാഴ്ച്ച ഭയപ്പെടുത്തി എന്നാണ് ചരിത്രം! (20)

അറേബ്യയിൽ അക്കാലം വന്നെത്താറുണ്ടായിരുന്ന യാത്രാസംഘങ്ങൾ ഖുർആൻ തങ്ങൾ സ്വയം കേൾക്കില്ലെന്നും, തങ്ങളുടെ കുടുംബാംഗങ്ങളെ കേൾപ്പിക്കില്ലെന്നും തീരുമാനമെടുത്തു കൊണ്ടായിരുന്നു യാത്ര തിരിച്ചിരുന്നത്. കാരണം തങ്ങളുടെ നിഷേധത്തിൽ

തുടരാൻ ഖുർആൻ കേൾക്കാതിരിക്കുക എന്നതല്ലാതെ മറ്റൊരു വഴിയില്ലെന്ന് അവർക്ക് ബോധ്യമുണ്ടായിരുന്നു.

വിശുദ്ധ ഖുർആനിന്റെ വിസ്മയങ്ങൾ ഒരിക്കലും അവസാനിക്കുന്നതല്ല. ഡോ. അബ്ദുല്ലാഹ് ദറാസ് -رَحِمَهُ اللَّهُ- പറഞ്ഞ ഒന്ന് അതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. വിശുദ്ധ ഖുർആനിലെ ആയത്തുകൾ വ്യത്യസ്ത സന്ദർഭങ്ങളിലാണ് അവതരിച്ചത്. ഓരോ സന്ദർഭത്തിലും അവതരിക്കുന്ന ആയത്തുകൾ വിശുദ്ധ ഖുർആനിലെ ഏതു അദ്ധ്യായത്തിൽ എത്രാമത്തെ വചനമായി രേഖപ്പെടുത്തണമെന്ന് അവിടുന്ന് അവർക്ക് പറഞ്ഞു കൊടുക്കുകയായിരുന്നു ചെയ്തിരുന്നത്. എന്നാൽ അവസാനമെത്തുമ്പോൾ ഓരോ അദ്ധ്യായവും വേറിട്ട ഒരു അദ്ധ്യായത്തിന്റെ എല്ലാ മനോഹാരിതയോടും കൂടെ നിലകൊള്ളുമായിരുന്നു. അദ്ദേഹം പറയുന്നു: "വിശുദ്ധ ഖുർആനിന്റെ അവതരണകാലം ഖുർആനിലെ ചില

ഭാഗങ്ങളിൽ മാത്രമായി ആയത്തുകൾ വർദ്ധിച്ചു കൊണ്ടിരിക്കുമായിരുന്നു. ഇങ്ങനെ ക്രമേണക്രമേണയായി ഓരോ ഭാഗങ്ങളിലേക്കും ആയത്തുകൾ ചേർത്തു വെക്കപ്പെടും. ചിലത് ഒരിടത്ത് ചേർത്തു വെക്കപ്പെടും; മറ്റു ചിലത് വേറെ ചില ആയത്തുകൾക്കിടയിൽ പ്രവേശിക്കും. ഇതെല്ലാം നബി -ﷺ- ജിബ്രീൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് അനുചരന്മാരെ പഠിപ്പിക്കുമായിരുന്നു.

വിശുദ്ധ ഖുർആനിന്റെ അവതരണ ചരിത്രം നാം പരിഗണിക്കുകയും, ഈ സന്ദേശം വ്യത്യസ്ത സാഹചര്യങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ടായിരുന്നു അവതരിച്ചിരുന്നത് എന്ന കാര്യം നാം മനസ്സിലാക്കുകയും ചെയ്താൽ ഖുർആനിന്റെ ഈ അവതരണം -ഓരോ അദ്ധ്യായങ്ങളും വേറിട്ടു നിലകൊള്ളുന്ന വിധം- പൂർത്തീകരിക്കപ്പെട്ട സമയത്തെ കുറിച്ച് നാം ചോദിച്ചു പോകുന്ന ഒരു കാര്യമുണ്ട്.

അതായത്, വിശുദ്ധ ഖുർആൻ അതിലെ വചനങ്ങൾ കൃത്യമായി എണ്ണിത്തിട്ടപ്പെടുത്തിയ നിലയിൽ അതിന്റെ അവതരണത്തിന് മുൻപ് തന്നെ നിലകൊണ്ടിരുന്നു; എന്നാൽ നബി -ﷺ- ക്ക് ഖുർആൻ അവതരിക്കപ്പെട്ടപ്പോൾ ഈ പ്രാഥമിക രൂപത്തിലേക്ക് വീണ്ടും അതിലെ ഓരോ ആയത്തുകളും തിരിച്ചു വെക്കപ്പെടുകയാണ് ചെയ്തത് എന്ന് നമുക്ക് മനസ്സിലാകുന്നു. അതല്ലെങ്കിൽ, എങ്ങനെയാണ് വിശുദ്ധ ഖുർആനിന്റെ ഈ സജീവമായ അവതരണക്രമത്തെയും അവതരണരീതിയെയും നമുക്ക് വിശദീകരിക്കാൻ കഴിയുക?! ഖുർആനാകട്ടെ, ധാരാളം അദ്ധ്യായങ്ങൾ ഉൾക്കൊള്ളുന്ന ബൃഹത്തായ ഒരു ഗ്രന്ഥവുമാണ്.

എന്നാൽ ഭാവിയിൽ നടക്കാനിരിക്കുന്ന ഓരോ കാര്യങ്ങളെ കുറിച്ചും കൃത്യമായ ഒരു പ്ലാൻ രൂപീകരിക്കാൻ എങ്ങനെയാണ് ഒരു മനുഷ്യന് കഴിയുക?! എങ്ങനെയാണ് ഇന്നയിന്ന വിധിവിലക്കുകൾ ഭാവിയിൽ

ആവശ്യമായി വരുമെന്ന് ഒരാൾ മുൻകൂട്ടി തീരുമാനിക്കുക?! എങ്ങനെയാണ് ഈ വിഷയത്തിലെല്ലാം വ്യക്തമായ പരിഹാരം മുൻപേ രേഖപ്പെടുത്തുക?! ഇതിനെല്ലാം പുറമെ, ഈ വിഷയങ്ങൾ ഭാവിയിൽ സംസാരിക്കുമ്പോൾ ഖുർആനിലെ ഓരോ അദ്ധ്യായത്തിനും അനുയോജ്യമായ ഭാഷാരീതിയും പ്രയോഗവും എങ്ങനെ മുൻപ് തന്നെ തീരുമാനിക്കും?!

ഇതെല്ലാം കാണുന്ന ബുദ്ധിയുള്ള ഏതൊരാളും വിശുദ്ധ ഖുർആനിന്റെ ഈ ക്രമം മഹോന്നതനായ ഒരു സ്രഷ്ടാവിന്റെ പക്കൽ നിന്നുള്ളതാണെന്ന് മനസ്സിലാക്കേണ്ടതല്ലേ?! ഈ രൂപത്തിൽ കൃത്യമായ ഒരു ക്രമം നിശ്ചയിക്കാൻ അവനല്ലാതെ മറ്റാർക്കാണ് സാധിക്കുക?! (21)

മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വം ബോധ്യപ്പെടുത്തുന്ന വേറിട്ട ഒരു തെളിവ് തന്നെയാണ് വിശുദ്ധ ഖുർആൻ.

ഇതിനെല്ലാം പുറമെ, നബി -ﷺ- യുടെ കയ്യിലൂടെ വെളിപ്പെട്ട ആയിരത്തിലധികം

വരുന്ന അത്ഭുതസംഭവങ്ങൾ അനേകമുണ്ട്. ഇവയെല്ലാം ഈ അടുത്ത കാലത്ത് മാത്രം സംഭവിച്ചതാണെന്നതിന് പുറമെ, വിശ്വസ്തരും സത്യസന്ധരുമായ അനേകരിലൂടെയാണ് ഈ സംഭവങ്ങളെല്ലാം ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്.

നബി -ﷺ- യുടെ ജീവിതത്തിലെ അത്ഭുതകരമായ ഈ സംഭവങ്ങൾ നിവേദനം ചെയ്തവർ വളരെ ലളിതവും സൂക്ഷ്മവുമായ വിഷയങ്ങളിൽ വരെ കളവു പറയാൻ പാടില്ലെന്ന് വിശ്വസിച്ച ധർമ്മനിഷ്ഠരായിരുന്നു. അവരെങ്ങനെയാണ് മുഹമ്മദ് നബി -ﷺ- യുടെ മേൽ കളവുകൾ കെട്ടിച്ചമക്കുക?! മുഹമ്മദ് നബി -ﷺ- യുടെ മേൽ കളവു കെട്ടിച്ചമക്കുന്നവർ നരകത്തിൽ തന്റെ ഇരിപ്പിടം ഉറപ്പിക്കേണ്ടി വരും എന്ന് വിശ്വസിച്ചിരുന്നവരാണ് അവരെല്ലാവരും.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിൽ ചിലത് ആയിരക്കണക്കിന് വരുന്ന സ്വഹാബികൾ നേരിൽ കണ്ടിട്ടുണ്ട്. മറ്റു

ചിലത് പത്തും നൂറും വരുന്നവർ കണ്ടിട്ടുണ്ട്. ഇവരെല്ലാം ഒരു പോലെ കളവു പറയുക എന്നത് എങ്ങനെയാണ് ചിന്തനീയമാവുക?!

അനേകം ജനങ്ങൾ സാക്ഷിയായ, നബി -ﷺ- യുടെ അത്ഭുത സംഭവങ്ങളിൽ പെട്ടതാണ്: ഒരു മരത്തടി തേങ്ങിക്കരഞ്ഞ സംഭവം. നിഷേധിക്കാൻ സാധ്യമല്ലാത്ത വിധം അനേകം നിവേദകർ ഉദ്ധരിച്ച സംഭവമാണത്. നബി -ﷺ- ഒരു മരത്തടിയുടെ മേലെയാണ് തന്റെ പ്രഭാഷണങ്ങൾ നിർവ്വഹിച്ചിരുന്നത്. എന്നാൽ അവിടുത്തേക്ക് ചിലർ, പ്രസംഗിക്കുമ്പോൾ നിൽക്കുന്നതിനായി ഒരു മിമ്പർ പണിതു നൽകി. അവിടുന്ന് മിമ്പറിന് മുകളിൽ നിന്നു കൊണ്ട് സംസാരിച്ചപ്പോൾ ഈ മരത്തടി കുഞ്ഞുങ്ങൾ തേങ്ങിക്കരയുന്നത് പോലെ കരയുകയും, നബി -ﷺ- അതിനെ ആശ്വസിപ്പിക്കുന്നതിനായി തന്നിലേക്ക് ചേർത്തു പിടിക്കുകയും ചെയ്തു. അപ്പോഴാണ് അതിന്റെ വിതുമ്പൽ അവസാനിച്ചത്.

അനസ് ബ്നു മാലിക്, ജാബിർ ബ്നു അബ്ദില്ലാഹ്, അബ്ദുല്ലാഹി ബ്നു അബ്ബാസ്, അബ്ദുല്ലാഹി ബ്നു ഉമർ, ഉബയ്യു ബ്നു കഅ്ബ്, അബൂ സഈദ്, സഹ്ല് ബ്നു സഅ്ദ്, ആഇശ ബിൻത് അബീബക്ർ, ഉമ്മു സലമഃ എന്നീ സ്വഹാബികൾ ഈ ഹദീഥ് നിവേദനം ചെയ്തിട്ടുണ്ട്.

ഇതു പോലുള്ള ഒരു സംഭവം ഇത്രയധികം സ്വഹാബികൾ ഒരുമിച്ച് കള്ളമായി പറഞ്ഞുണ്ടാക്കുക എന്നത് തീർത്തും അസംഭവ്യമാണ്.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിൽ മറ്റു ചിലതിന് ആയിരക്കണക്കിന് സ്വഹാബിമാർ സാക്ഷികളായിട്ടുണ്ട്. അവിടുത്തെ പരിശുദ്ധമായ വിരലുകൾക്കിടയിൽ നിന്ന് വെള്ളം പ്രവഹിച്ച സംഭവം അതിൽ പെട്ടതാണ്. ആയിരത്തി അഞ്ഞൂറോളം സ്വഹാബികൾ അവിടുത്തെ വിരലുകൾക്കിടയിൽ നിന്ന് പ്രവഹിച്ച വെള്ളം കൊണ്ട് അംഗശുദ്ധി (വുദൂഅ്) വരുത്തുകയും, കുടിക്കുകയും

ചെയ്തിട്ടുണ്ട്. ഈ സംഭവം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ച, നിരവധി പരമ്പരകളിലൂടെ അനിഷേധ്യമായി സ്ഥിരപ്പെട്ട ഹദീഥാണ്.

നബി -ﷺ- യുടെ അത്ഭുതസംഭവങ്ങളിലൊന്നായി, അൽപം മാത്രമുണ്ടായിരുന്ന ഭക്ഷണം വലിയ ഒരു സൈന്യത്തിന് മതിയാകുന്ന വിധം അധികരിച്ച സംഭവവും സ്വഹാബികളിൽ അനേകം പേർ നിവേദനം ചെയ്തിട്ടുണ്ട്. സ്ഥിരപ്പെട്ട ഹദീഥുകൾ മാത്രം നിവേദനം ചെയ്യുന്ന ഇമാം ബുഖാരി നബി -ﷺ- ഭക്ഷണം അധികരിപ്പിച്ച സംഭവം തന്റെ ഗ്രന്ഥത്തിൽ അഞ്ചിടങ്ങളിൽ എടുത്തു നൽകിയിട്ടുണ്ട്. (22)

നബി -ﷺ- യുടെ സത്യസന്ധത ബോധ്യപ്പെടുത്തുന്ന തെളിവുകളും അവിടുത്തെ ജീവിതത്തിൽ ഉണ്ടായ അനേകം അത്ഭുതസംഭവങ്ങളും ഈ

രൂപത്തിൽ സ്ഥിരപ്പെട്ടിരിക്കെ എങ്ങനെയാണ് ബുദ്ധിമാനായ ഒരാൾക്ക് ഇവയെല്ലാം നിഷേധിക്കാൻ കഴിയുക?!

നബി -ﷺ- യുടെ ജീവിതത്തിൽ സംഭവിച്ച മറ്റു ചില അത്ഭുതസംഭവങ്ങൾ കൂടിയിതാ.

അവിടുന്ന് ഒരു രാത്രിയിൽ ശക്തിയിൽ കാറ്റ് അടിച്ചു വീശുമെന്ന് അറിയിക്കുകയും, അന്ന് എഴുന്നേറ്റ് നിൽക്കരുത് എന്ന് അവരോട് കൽപ്പിക്കുകയും ചെയ്തു. എന്നാൽ ഒരു മനുഷ്യൻ കാറ്റ് വീശിയപ്പോൾ എഴുന്നേറ്റു നിൽക്കുകയും, അയാളെ കാറ്റ് വിദൂരമായ ഒരിടത്തേക്ക് എടുത്തു കൊണ്ടുപോവുകയും ചെയ്തു. (23)

വിദൂര ദേശത്തായിരുന്ന നജ്ജാശി എന്ന രാജാവ് മരണപ്പെട്ട ദിവസം ആ വിവരം നബി -ﷺ- ജനങ്ങളെ അറിയിച്ചു. നബി -ﷺ- അദ്ദേഹത്തിന് വേണ്ടി ജനാസ നിസ്കരിക്കുകയും ചെയ്തു. (24)

തന്റെ അനുചരന്മാരിൽ പെട്ട ഉമർ ബ്നുൽ ഖത്താബ്, ഉഥ്മാൻ ബ്നു അഫ്ഫാൻ, അലിയ്യു ബ്നു അബീ ത്വാലിബ്, ത്വൽഹതു

ബ്നുഉബൈദില്ലാഹ്, സുബൈർ ബ്നുൽ അവ്വാം -رَضِيَ اللَّهُ عنهم- എന്നീ സ്വഹാബിമാർ രക്തസാക്ഷികളാകുമെന്ന് അവിടുന്ന് പ്രവചിച്ചിരുന്നു. ഇവരാരും തങ്ങളുടെ വിരിപ്പുകളിൽ കിടന്നല്ല മരിച്ചത്; മറിച്ച് അവരെല്ലാം വധിക്കപ്പെടുകയാണ് ചെയ്തത്.

ഒരിക്കൽ നബി -ﷺ- ഉഹ്ദ് എന്ന മലമുകളിൽ കയറി. അവിടുത്തോടൊപ്പം അബൂബക്റും, ഉമറും, ഉഥ്മാനും, അലിയും, ത്വൽഹയും, സുബൈറും ഉണ്ടായിരുന്നു. അപ്പോൾ ആ പർവ്വതം ഒന്ന് കുലുങ്ങി. നബി -ﷺ- പർവ്വതത്തോടായി പറഞ്ഞു: "അടങ്ങുക! നിന്റെ മുകളിൽ നബിയോ സിദ്ധീഖോ രക്തസാക്ഷിയോ ആയിട്ടുള്ളവരല്ലാതെ മറ്റാരുമില്ല." (25)

നബി അവിടുന്ന് തന്നെയായിരുന്നു. അബൂബക്റായിരുന്നു സിദ്ധീഖ് എന്ന വിശേഷണം ലഭിച്ച വ്യക്തി. ബാക്കിയുള്ളവരെല്ലാം രക്തസാക്ഷികളാകുമെന്നായിരുന്നു അവിടുത്തെ പ്രവചനം. അവരെല്ലാം

രക്തസാക്ഷികളായി മരിച്ചു വീഴുകയും ചെയ്തു.

നബി -ﷺ- പ്രാർത്ഥിച്ച ഉടനെ -ജനങ്ങളുടെ മുൻപിൽ വെച്ച്- അവിടുത്തേക്ക് ഉത്തരം നൽകപ്പെട്ട 150 ഓളം സംഭവങ്ങൾ വ്യത്യസ്ത ഹദീഥുകളിലായി കാണാം. (26)

നബി -ﷺ- യോട് മക്കക്കാർ ഒരു ദൃഷ്ടാന്തം കാണിച്ചു തരാൻ ആവശ്യപ്പെട്ടപ്പോൾ അവിടുന്ന് ചന്ദ്രനെ രണ്ടായി അവർക്ക് പിളർത്തി കാണിച്ചു കൊടുത്തു. ഹിറാ ഗുഹ ചന്ദ്രന്റെ രണ്ട് കഷ്ണങ്ങൾക്കിടയിലായി അവർ വീക്ഷിച്ചു. ഈ ഹദീഥ് നിഷേധിക്കാൻ സാധിക്കാത്ത വിധം ഹദീഥ് നിവേദകർ ഉദ്ധരിച്ചിട്ടുണ്ട്. അതായത്, ഏറ്റവും പ്രബലമായ ഹദീഥുകളിലൊന്നാണ് ഇക്കാര്യം എന്ന് ചുരുക്കം.

ചന്ദ്രൻ പിളർന്ന സംഭവം വിവരിക്കുന്ന സൂറതുൽ ഖമർ എന്ന ഖുർആനിലെ അദ്ധ്യായം നബി -ﷺ- ധാരാളം മനുഷ്യർ തടിച്ചു കൂടുന്ന ജുമുഅകളിലും പെരുന്നാൾ നിസ്കാരങ്ങളിലും പാരായണം

ചെയ്യാറുണ്ടായിരുന്നു. ആയത്തുകളിൽ പരാമർശിക്കപ്പെടുന്ന അത്ഭുത സംഭവങ്ങളെ കുറിച്ച് ജനങ്ങൾ കേൾക്കുകയും, നബി -ﷺ- യുടെ സത്യസന്ധത അതിലൂടെ അവർക്ക് ബോധ്യപ്പെടുകയും ചെയ്തിരുന്നു.

ആദം -عَلَيْهِ السَّلَامُ- നെ ജീവനുള്ള സർവ്വ സൃഷ്ടികളുടെയും സൃഷ്ടിപ്പിന് ശേഷം, അവസാനമാണ് അല്ലാഹു പടച്ചത് എന്ന നബി -ﷺ- യുടെ വിവരണവും അവിടുത്തെ സത്യസന്ധത ബോധ്യപ്പെടുത്തുന്നു. 'ആദമിനെ വെള്ളിയാഴ്ച്ച ദിവസം അസ്വർ നിസ്കാരത്തിന്റെ സമയത്തിന് ശേഷമാണ് അല്ലാഹു സൃഷ്ടിച്ചത്; സൃഷ്ടികളിൽ അവസാനത്തേതായി." (27)

ഈ പറഞ്ഞ ശാസ്ത്രീയ വസ്തുത ഇന്ന് സ്ഥിരപ്പെട്ടിരിക്കുന്നു. ചെടികളും ജീവികളുമെല്ലാം രൂപപ്പെട്ട ശേഷം അവസാനമായിരുന്നു ആദം -عَلَيْهِ السَّلَامُ- ഭൂമിയിൽ പ്രത്യക്ഷപ്പെട്ടത് എന്ന കാര്യം എങ്ങനെയാണ് നബി -ﷺ- അറിഞ്ഞത്?

അല്ലാഹു പറഞ്ഞതു നോക്കൂ:

﴿وَجَعَلْنَا ٱلَّيْلَ وَٱلنَّهَارَ ءَايَتَيْنِ ۖ فَمَحَوْنَآ ءَايَةَ ٱلَّيْلِ وَجَعَلْنَآ ءَايَةَ ٱلنَّهَارِ مُبْصِرَةً لِّتَبْتَغُوا۟ فَضْلًا مِّن رَّبِّكُمْ وَلِتَعْلَمُوا۟ عَدَدَ ٱلسِّنِينَ وَٱلْحِسَابَ ۚ وَكُلَّ شَىْءٍ فَصَّلْنَٰهُ تَفْصِيلًا ١٢﴾ [الإسراء: 12]

"രാത്രിയെയും പകലിനെയും നാം രണ്ട് ദൃഷ്ടാന്തങ്ങളാക്കിയിരിക്കുന്നു; രാത്രിയുടെ അടയാളത്തെ നാം മായ്ക്കുകയും, പകലിന്റെ അടയാളത്തെ നാം പ്രത്യക്ഷവുമാക്കിയിരിക്കുന്നു." (ഇസ്റാഅ്: 12)

രാത്രിയുടെ ദൃഷ്ടാന്തത്തെ മായ്ച്ചു എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ചന്ദ്രനെയാണ്. രാത്രിയിൽ അത് പ്രകാശിക്കുകയും, പിന്നീട് അതിന്റെ പ്രകാശം തുടച്ചു നീക്കപ്പെടുകയും ചെയ്യുന്നു.

ഇക്കാര്യം സ്വഹാബികൾ ഇതു പോലെത്തന്നെയാണ് വിശദീകരിച്ചത്. ഇബ്നു കഥീർ തന്റെ ഖുർആൻ വ്യാഖ്യാനത്തിൽ അബ്ദുല്ലാഹി ബ്നു അബ്ബാസ് (رضي الله عنهما) ഈ ആയത്തിന്റെ വിശദീകരണത്തിൽ

പറഞ്ഞതായി രേഖപ്പെടുത്തുന്നു: "സൂര്യനെ പോലെ ചന്ദ്രനും പ്രകാശിച്ചു കൊണ്ടിരിക്കുകയായിരുന്നു; അതാണ് രാത്രിയുടെ അടയാളം എന്നത് കൊണ്ട് ഉദ്ദേശം; പിന്നീട് അത് മായ്ക്കപ്പെടുകയാണ് ചെയ്തത്."

എന്നാൽ അത്ഭുതകരമെന്ന് പറയട്ടെ, ആധുനിക ശാസ്ത്ര പഠനങ്ങൾ ഇതേ യാഥാർത്ഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. നാസയുടെ പഠനങ്ങൾ പ്രകാരം ചന്ദ്രൻ അതിന്റെ ആദ്യഘട്ടങ്ങളിൽ സ്വയം പ്രകാശിച്ചിരുന്നു എന്നാണ് അവരുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും ചാനലിലൂടെയും അവർ പറയുന്നത്. (88)

ഈ പറയപ്പെട്ട അത്ഭുതസംഭവങ്ങളും ദൃഷ്ടാന്തങ്ങളും ആകാശഭൂമികളുടെ രഹസ്യങ്ങളും എണ്ണമില്ലാത്ത മറ്റനേകം വിസ്മയങ്ങളുമെല്ലാം ഒരൊറ്റ വ്യക്തിയിലാണ് ചെന്നെത്തുന്നത്; നിഷേധിക്കാൻ സാധിക്കാത്ത പരമ്പരകളിലൂടെ ആ ചരിത്രം നമ്മിലേക്ക് വന്നെത്തിയിരിക്കുന്നു. അതേ

വ്യക്തിയുടെ മേൽ തന്നെയാണ് വിശുദ്ധ ഖുർആൻ എന്ന മഹത്തരമായ ഗ്രന്ഥം അവതരിച്ചതും, അതേ വ്യക്തി തന്നെയാണ് അല്ലാഹുവിന്റെ മുൻകാല ദൂതന്മാർ കൊണ്ടുവന്ന ആദർശവുമായി വന്നെത്തിയതും. ലോകങ്ങളുടെ സ്രഷ്ടാവിൽ നിന്നുള്ള പിന്തുണയാൽ തനിക്ക് നൽകപ്പെട്ട മതനിയമങ്ങൾ പൂർണ്ണവും സമഗ്രവുമായി ലഭിക്കുന്നത് വരെ അദ്ദേഹം മരണപ്പെടുകയും ചെയ്തില്ല; മുഹമ്മദ് നബി -ﷺ- യാണ് ആ വ്യക്തി.

അവിടുന്ന് ലോകസ്രഷ്ടാവിന്റെ ദൂതനാണെന്ന് ഉറച്ചു വിശ്വസിക്കുന്നതാണ് യഥാർത്ഥ ബുദ്ധിയും നേർമാർഗവും.

അദൃശ്യകാര്യങ്ങൾ അവിടുന്ന് ജനങ്ങൾക്ക് അറിയിച്ചു കൊടുത്ത സംഭവങ്ങൾ ആയിരത്തിലധികം വന്നിട്ടുണ്ട്.

ഈ അത്ഭുത വിവരണങ്ങളെല്ലാം നമ്മിലേക്ക് വന്നെത്തിയത് മുഹമ്മദ് നബി -ﷺ- കഴിഞ്ഞാൽ സൃഷ്ടികളിൽ ഏറ്റവും

സത്യസന്ധരും പുണ്യവാന്മാരുമായ സ്വഹാബികളിലൂടെയാണ്.

എന്നാൽ അത്ഭുതകരമായ കാര്യം, സ്വഹാബികളിലെ പല പ്രമുഖരും ഇസ്ലാം സ്വീകരിച്ചത് ഈ അത്ഭുതസംഭവങ്ങളിൽ എന്തെങ്കിലുമൊന്ന് കാണുന്നതിന് മുൻപായിരുന്നു. അവർ മുഹമ്മദ് നബി -ﷺ- യിൽ വിശ്വസിച്ചത് അവിടുന്ന് സത്യം മാത്രം പറയുന്നവരാണെന്ന അവരുടെ ഉറച്ച ബോധ്യം കൊണ്ടായിരുന്നു. ഒരിക്കൽ പോലും അവിടുന്ന് കളവു പറഞ്ഞത് അവരാരും കണ്ടിട്ടേയില്ലായിരുന്നു.

സ്വഹാബികളിലെ പ്രമുഖർ സ്വീകരിച്ച ഈ മാർഗം തന്നെയാണ് ബുദ്ധിപരവും യുക്തിപൂർണ്ണവും. മുഹമ്മദ് നബി -ﷺ- അല്ലാഹുവിൽ നിന്നുള്ള ദൂതനായിരുന്നു എന്നതിന് അവിടുത്തെ പരിപൂർണ്ണമായ സത്യസന്ധത ഒന്നു മാത്രം മതി തെളിവായി. കാരണം താൻ അല്ലാഹുവിൽ നിന്നുള്ള ദൂതനാണെന്ന് വാദിക്കുന്നവൻ ഒന്നല്ലെങ്കിൽ ജനങ്ങളിൽ ഏറ്റവും

സത്യസന്ധനായിരിക്കും. മുഹമ്മദ് നബി -ﷺ- ജനങ്ങളിൽ ഏറ്റവും സത്യസന്ധതയുള്ളവരായിരുന്നു.

അതുമല്ലെങ്കിൽ, ജനങ്ങളിൽ ഏറ്റവും കള്ളനായ ഒരാൾ മാത്രമേ ഇക്കാര്യം അവകാശപ്പെടുകയുള്ളൂ. കാരണം ഇത്തരം വിഷയങ്ങളിൽ കളവു പറയാൻ അവർക്ക് മാത്രമേ സാധിക്കുകയുള്ളൂ.

ജനങ്ങളിൽ ഏറ്റവും സത്യസന്ധനായ ഒരാളെയും ഏറ്റവും കളവു പറയുന്ന ഒരാളെയും വേർതിരിച്ചറിയാൻ കഴിയാതിരിക്കുക ജനങ്ങളിൽ ഏറ്റവും വലിയ വിഡ്ഢികൾക്ക് മാത്രമാണ്. (29)

എത്ര എളുപ്പമുള്ള കാര്യമാണത്; ജനങ്ങളിൽ ഏറ്റവും വലിയ കള്ളനെയും ഏറ്റവും വലിയ സത്യവാനെയും വേർതിരിച്ചറിയുക എന്നത്!

മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വത്തിന്റെ ആദ്യദിനങ്ങൾ മുതൽ മക്കയിലുണ്ടായിരുന്ന ബഹുദൈവാരാധകർ വരെ അവിടുത്തെ

സത്യസന്ധത അംഗീകരിച്ചിരുന്നു. അവർ പറഞ്ഞു: "ഞങ്ങളൊരിക്കലും താങ്കളിൽ നിന്ന് ഒരു കളവ് പോലും അറിഞ്ഞിട്ടില്ല." (30)

നബി -ﷺ- യുടെ ആദ്യകാല ശത്രുവായിരുന്ന അബൂ സുഫ്യാനോട് (അദ്ദേഹം മുസ്ലിമാകുന്നതിന് മുൻപ്) ഹിർഖൽ എന്ന ഭരണാധികാരി ചോദിക്കുകയുണ്ടായി: "താൻ പ്രവാചകനാണെന്ന് അവകാശപ്പെടുന്നതിന് മുൻപ് അദ്ദേഹം കളവു പറയുന്ന വ്യക്തിയാണെന്ന് നിങ്ങൾ എന്നെങ്കിലും അദ്ദേഹത്തെ ആക്ഷേപിച്ചിട്ടുണ്ടോ?!"

അബൂ സുഫ്യാൻ പറഞ്ഞു: "ഇല്ല."

അപ്പോൾ ഹിർഖൽ പറഞ്ഞു: "ജനങ്ങളോട് കളവു പറയാത്ത ഒരു മനുഷ്യൻ അല്ലാഹുവിന്റെ മേൽ കളവു പറയുക എന്നത് ഒരിക്കലുമുണ്ടാവില്ല."

ഹിർഖൽ അവസാനം പറഞ്ഞതിപ്രകാരമാണ്: "ഞാൻ അദ്ദേഹത്തിന്റെ അരികിൽ ഉണ്ടായിരുന്നെങ്കിൽ അദ്ദേഹത്തിന്റെ രണ്ട് കാൽപാദങ്ങളും ഞാൻ കഴുകുമായിരുന്നു." (31)

നബി -ﷺ- യുടെ ജീവിതത്തിൽ അവിടുന്ന് ഏതെങ്കിലുമൊരു കളവ് പറഞ്ഞതായി തെളിയിക്കാൻ നിഷേധികൾക്ക് ഒരിക്കലും സാധിച്ചിട്ടില്ല. അതു കൊണ്ടാണ് നബി -ﷺ- പ്രവാചകനായി നിയോഗിക്കപ്പെടുന്നതിന് മുൻപുള്ള അവിടുത്തെ ജീവിതം തിരിച്ചറിഞ്ഞിട്ടും ഇസ്ലാമിനെ നിഷേധിക്കുന്നവരെ ഖുർആൻ ശക്തമായി ആക്ഷേപിച്ചത്:

﴿أَمۡ لَمۡ يَعۡرِفُواْ رَسُولَهُمۡ فَهُمۡ لَهُۥ مُنكِرُونَ ۝٦٩﴾ [المؤمنون: 69]

"അതല്ല അവരുടെ ദൂതനെ അവർക്ക് പരിചയമില്ലാഞ്ഞിട്ടാണോ അവർ അദ്ദേഹത്തെ നിഷേധിക്കുന്നത്?" (മുഅ്മിനൂൻ: 69)

ചുരുക്കത്തിൽ നബി -ﷺ- യുടെ ജീവചരിത്രം തന്നെ അവിടുന്ന് പ്രവാചകനാണെന്നതിനുള്ള വ്യക്തമായ തെളിവാണ്.

അവിടുത്തേക്ക് മേൽ അല്ലാഹുവിൻ്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

നബി -ﷺ- യുടെ സത്യസന്ധത ബോധ്യപ്പെടുത്താനുള്ള പ്രേരണകൾ ഇത്രയധികമുണ്ടായിട്ടും, അവയെല്ലാം പരസ്പരം ശക്തി പകരുന്നു എന്ന് ബോധ്യപ്പെട്ടിട്ടും എങ്ങനെയാണ് ബുദ്ധിമാനായ ഒരുവന് ഇവയെല്ലാം നിഷേധിക്കാൻ കഴിയുക?!

## 26- അല്ലാഹുവിൽ വിശ്വസിക്കാൻ ബാധ്യതപ്പെട്ടവനാണ് ഞാൻ എന്നത് എനിക്ക് എങ്ങനെ അറിയാൻ സാധിക്കും?

ഉത്തരം: നിന്റെ സ്വന്തത്തിലേക്ക് നോക്കിയാൽ തന്നെ ഇക്കാര്യം നിനക്ക് ബോധ്യപ്പെടും. ശരി ചെയ്യണമെന്നും തെറ്റ് ചെയ്തു കൂടായെന്നുമുള്ള ഒരു ബോധ്യം നിന്റെ ഹൃദയത്തിനുള്ളിൽ നീ അനുഭവിക്കുന്നില്ലേ?

നിനക്ക് മുൻപിൽ വലിയ ഒരു തുക വീണുകിടക്കുന്നു എന്ന് കരുതുക; അതിന്റെ ഉടമസ്ഥൻ അശ്രദ്ധനായിരിക്കുന്ന സന്ദർഭത്തിൽ നിന്റെ മനസ്സിൽ ഈ പണം എടുക്കാൻ ഒരു പ്രേരണ മനസ്സിൽ വന്നില്ലേ? അതോടൊപ്പം തന്നെ അക്കാര്യം ചെയ്യരുതെന്നും അത് നിഷിദ്ധമാണെന്നും കുറ്റകൃത്യമാണെന്നുമുള്ള ഒരു ചിന്തയും വന്നെത്തിയില്ലേ?!

ജീവിതത്തിലെ ഓരോ ഘട്ടങ്ങളിലും നീ പരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ് എന്നതിനുള്ള തെളിവാണ് മനസ്സിനുള്ളിലെ ഈ പോരാട്ടം.

മനസ്സിനുള്ളിലെ ഈ പോരാട്ടങ്ങൾ - ചെയ്യണമെന്നും ചെയ്യരുതെന്നുമുള്ള ഈ തേട്ടങ്ങൾ- നിന്റെ ഉള്ളിൽ തന്നെയുണ്ട്. കാരണം നിന്നെ അല്ലാഹു വെറുതെയല്ല സൃഷ്ടിച്ചിരിക്കുന്നത്. മറിച്ച്, നീ ഓരോ ഘട്ടങ്ങളിലും പരീക്ഷിക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. ഒരർത്ഥമോ വിലയോ ഇല്ലാത്ത ജീവിതമല്ല നിനക്ക് വേണ്ടത്.

അല്ലാഹു പറയുന്നു:

﴿إِنَّا هَدَيۡنَٰهُ ٱلسَّبِيلَ إِمَّا شَاكِرٗا وَإِمَّا كَفُورًا ٣﴾ [الإنسان: 3]

"തീർച്ചയായും നാം അവന്ന് വഴി കാണിച്ചുകൊടുത്തിരിക്കുന്നു. എന്നിട്ട് ഒന്നുകിൽ അവൻ നന്ദിയുള്ളവനാകുന്നു. അല്ലെങ്കിൽ ഏറെ നന്ദികെട്ടവനാകുന്നു." (ഇൻസാൻ: 3)

മനുഷ്യൻ്റെ ഉള്ളിൽ ഒരു കാര്യം പ്രവർത്തിക്കാനും ഉപേക്ഷിക്കാനുമുള്ള തേട്ടങ്ങളുണ്ട്. അവന് ഒന്നല്ലെങ്കിൽ ജീവിതത്തിൻ്റെ ഓരോ ഘട്ടങ്ങളിലും നന്ദിയുള്ളവനായി കഴിയാം. അല്ലെങ്കിൽ അവന് നന്ദികേടിൻ്റെ മാർഗം സ്വീകരിക്കാം.

മനുഷ്യൻ്റെ ഓരോ കാൽവെപ്പുകളിലും അവന് നന്മ ചെയ്യാനും തിന്മ ചെയ്യാനും സാധിക്കുമെന്നതാണ് യാഥാർത്ഥ്യം! ഒന്നല്ലെങ്കിൽ അവന് മസ്ജിദിലേക്ക് പോകാം; അല്ലെങ്കിൽ അവന് വിനോദങ്ങളിലേക്ക് നടന്നടുക്കാം.

അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ ۝٥٦﴾ [الذاريات: 56]

"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല." (ദാരിയാത്ത്: 56)

നിൻ്റെ ഓരോ കാൽവെപ്പിലും നിനക്ക് അല്ലാഹുവിനെ അനുസരിക്കാനോ അവനെ

ധിക്കരിക്കാനോ ഉള്ള വഴികൾ തുറന്നു വെക്കപ്പെടുന്നു എന്നർത്ഥം.

അല്ലാഹു കൽപ്പിച്ച ഒരു കാര്യം പ്രവർത്തിക്കാൻ ആർക്കെങ്കിലും സൗഭാഗ്യം നൽകപ്പെട്ടാൽ അവൻ വിജയിച്ചിരിക്കുന്നു. എന്നാൽ അല്ലാഹുവിനെ ധിക്കരിക്കുന്നതിലേക്കാണ് ഒരാൾ ചെന്നെത്തിയത് എങ്കിൽ അവൻ അബദ്ധം പ്രവർത്തിച്ചിരിക്കുന്നു.

ഇഹലോകത്ത് നടന്നു കൊണ്ടേയിരിക്കുന്ന ഈ പരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലാണ് മനുഷ്യന്റെ ഓരോ പ്രവർത്തനങ്ങളുടെയും വിചാരണ നടക്കുക.

അതിനാൽ നമ്മുടെ സൃഷ്ടിപ്പിന്റെ പിന്നിലുള്ള ലക്ഷ്യം പരീക്ഷണമാണ്. ഈ ലക്ഷ്യത്തെ കുറിച്ച് ഓർമ്മപ്പെടുത്തുന്നതിനാണ് അല്ലാഹു അവന്റെ ദൂതന്മാരെ നിയോഗിച്ചതും അവന്റെ വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതും.

﴿وَلَقَدۡ بَعَثۡنَا فِي كُلِّ أُمَّةٖ رَّسُولًا أَنِ ٱعۡبُدُواْ ٱللَّهَ وَٱجۡتَنِبُواْ ٱلطَّٰغُوتَۖ فَمِنۡهُم مَّنۡ هَدَى ٱللَّهُ وَمِنۡهُم مَّنۡ حَقَّتۡ عَلَيۡهِ ٱلضَّلَٰلَةُۚ فَسِيرُواْ فِي ٱلۡأَرۡضِ فَٱنظُرُواْ كَيۡفَ كَانَ عَٰقِبَةُ ٱلۡمُكَذِّبِينَ ٣٦﴾ [النحل: 36]

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്, നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യാൻ വേണ്ടി)." (നഹ്ല്: 36)

ഇഹലോകത്ത് നടക്കുന്ന ഈ പരീക്ഷയുടെ അവസാനം മരണത്തോടെയാണ്. അല്ലാഹുവിലേക്കുള്ള നമ്മുടെ മടക്കം ആരംഭിക്കുന്നത് അവിടം മുതലാണ്.

﴿وَمَالِيَ لَآ أَعۡبُدُ ٱلَّذِي فَطَرَنِي وَإِلَيۡهِ تُرۡجَعُونَ ٢٢﴾ [يس: 22]

"അവനിലേക്കാകുന്നു നിങ്ങളുടെ മടക്കം." (യാസീൻ: 22)

﴿وَأَنَّ إِلَىٰ رَبِّكَ ٱلۡمُنتَهَىٰ ٤٢﴾ [النجم: 42]

"നിന്റെ രക്ഷിതാവിങ്കലേക്കാണ് എല്ലാം ചെന്ന് അവസാനിക്കുന്നത്." (നജ്മ്: 42)

﴿إِنَّ إِلَىٰ رَبِّكَ ٱلرُّجۡعَىٰٓ ٨﴾ [العلق: 8]

"തീർച്ചയായും നിന്റെ റബ്ബിലേക്കാകുന്നു മടക്കം." (അലഖ്: 8) നാം മുന്നോട്ടു വെച്ച പ്രവർത്തനങ്ങളുടെ കാര്യം വിചാരണ ചെയ്യപ്പെടുന്നതിന് വേണ്ടി അല്ലാഹുവിലേക്ക് നാം മടക്കപ്പെടുന്നതാണ്.

﴿وَأَنَّ سَعۡيَهُۥ سَوۡفَ يُرَىٰ ٤٠ ثُمَّ يُجۡزَىٰهُ ٱلۡجَزَآءَ ٱلۡأَوۡفَىٰ ٤١﴾ [النجم: 40-41]

"അവന്റെ പ്രയത്നഫലം വഴിയെ കാണിച്ചുകൊടുക്കപ്പെടും എന്നുമുള്ള കാര്യവും. പിന്നീട് അവന് അതിന് ഏറ്റവും പൂർണ്ണമായ പ്രതിഫലം നല്കപ്പെടുന്നതാണെന്നും." (നജ്മ്: 40-41) നീ ചെയ്ത പ്രവർത്തനങ്ങളെല്ലാം നാളെ കാണിക്കപ്പെടുന്നതാണ്. അതിന്റെ മേലുള്ള വിചാരണയും നീ നേരിടുന്നതാണ്.

﴿فَمَن يَعۡمَلۡ مِثۡقَالَ ذَرَّةٍ خَيۡرٗا يَرَهُۥ ۝٧ وَمَن يَعۡمَلۡ مِثۡقَالَ ذَرَّةٖ شَرّٗا يَرَهُۥ ۝٨﴾
[الزلزلة: 7-8]

"ആരെങ്കിലും ഒരു ഉറുമ്പിന്റെ കാലടിപ്പാടിനോളം നന്മ ചെയ്താൽ അവനതും കാണുന്നതാണ്. ആരെങ്കിലും ഒരു ഉറുമ്പിന്റെ കാലടിപ്പാടിനോളം തിന്മ ചെയ്താൽ അവനതും കാണുന്നതാണ്." (സൽസല: 7-8)

## 27- പ്രവാചകന്മാരെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്താൽ അത് മതിയാകുമോ?

ഉത്തരം: അത് മതിയാവുകയില്ല.

ലോകങ്ങൾക്കൊരു സ്രഷ്ടാവുണ്ട് എന്ന് വിശ്വസിക്കുകയും, ശേഷം അവന്റെ ദൂതന്മാരെ നിഷേധിക്കുകയും ചെയ്യുന്നത് കൊണ്ട് മതിയാവുകയില്ല. ഒരാൾ യഥാരൂപത്തിൽ അല്ലാഹുവിന് കീഴ്പ്പെട്ടവനാകണമെങ്കിൽ അതു മാത്രം പോരാ. സ്രഷ്ടാവും ഉപജീവനം

നൽകുന്നവനും നിയന്താവുമായ അല്ലാഹുവിൽ വിശ്വസിക്കുകയും, അവന്റെ സന്ദേശത്തെയും അവന്റെ ദൂതന്മാരെയും നിഷേധിക്കുകയും ചെയ്യുക എന്നത് എത്രമാത്രം നിരർത്ഥകമാണ്?!

യഥാർത്ഥത്തിൽ അതാണ് ഏറ്റവും വലിയ നിഷേധം.

അല്ല! ലോകസ്രഷ്ടാവായ അല്ലാഹുവിന്റെ സന്ദേശത്തെ തള്ളിക്കളയുക എന്നതിനേക്കാൾ വലിയ മറ്റൊരു പാപമില്ല. അല്ലാഹു പറയുന്നു:

﴿إِنَّ ٱلَّذِينَ يَكۡفُرُونَ بِٱللَّهِ وَرُسُلِهِۦ وَيُرِيدُونَ أَن يُفَرِّقُواْ بَيۡنَ ٱللَّهِ وَرُسُلِهِۦ وَيَقُولُونَ نُؤۡمِنُ بِبَعۡضٖ وَنَكۡفُرُ بِبَعۡضٖ وَيُرِيدُونَ أَن يَتَّخِذُواْ بَيۡنَ ذَٰلِكَ سَبِيلًا ١٥٠ أُوْلَٰٓئِكَ هُمُ ٱلۡكَٰفِرُونَ حَقّٗاۚ وَأَعۡتَدۡنَا لِلۡكَٰفِرِينَ عَذَابٗا مُّهِينٗا ١٥١﴾ [النساء: 150-151]

"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും അവിശ്വസിക്കുകയും, (വിശ്വാസകാര്യത്തിൽ) അല്ലാഹുവിനും അവന്റെ ദൂതന്മാർക്കുമിടയിൽ വിവേചനം കല്പിക്കാൻ

ആഗ്രഹിക്കുകയും ഞങ്ങൾ ചിലരിൽ വിശ്വസിക്കുകയും, ചിലരെ നിഷേധിക്കുകയും ചെയ്യുന്നു എന്ന് പറയുകയും, അങ്ങനെ അതിന്നിടയിൽ (വിശ്വാസത്തിനും അവിശ്വാസത്തിനുമിടയിൽ) മറ്റൊരു മാർഗം സ്വീകരിക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നവർ. അവർ തന്നെയാകുന്നു യഥാർത്ഥ നിഷേധികൾ. (അല്ലാഹുവിനെയും അവന്റെ ദൂതരെയും) നിഷേധിച്ചവർക്ക് അപമാനകരമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്." (നിസാഅ്: 150-151)

ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുകയും അവന്റെ ദൂതന്മാരെ നിഷേധിക്കുകയും ചെയ്താൽ അവൻ തനി സത്യനിഷേധി തന്നെയാണ്.

അല്ലാഹുവിന്റെ ദൂതന്മാരിൽ പെട്ട ഏതെങ്കിലുമൊരു ദൂതനെ ഒരാൾ നിഷേധിച്ചാൽ അവൻ യഥാർത്ഥത്തിൽ

അല്ലാഹുവിനെയാണ് നിഷേധിച്ചിരിക്കുന്നത്. കാരണം അതിലൂടെ അല്ലാഹുവിന്റെ സന്ദേശത്തെയാണ് അവൻ തള്ളിക്കളഞ്ഞിരിക്കുന്നത്. വേദം നൽകപ്പെട്ടവരുടെ കാര്യം ഉദാഹരണം; അവർ നബി -ﷺ- യുടെ പ്രവാചകത്വത്തെ നിഷേധിച്ചു എന്ന കാരണത്തൽ സർവ്വ ദൂതന്മാരെയും നിഷേധിച്ചവരെ പോലെയായി.

﴿إِنَّ ٱلَّذِينَ كَفَرُواْ مِنۡ أَهۡلِ ٱلۡكِتَٰبِ وَٱلۡمُشۡرِكِينَ فِي نَارِ جَهَنَّمَ خَٰلِدِينَ فِيهَآۚ أُوْلَٰٓئِكَ هُمۡ شَرُّ ٱلۡبَرِيَّةِ ۝٦﴾ [البينة: 6]

"തീർച്ചയായും (യഹൂദരും നസ്വാറാക്കളുമാകുന്ന) വേദക്കാരിലും ബഹുദൈവവിശ്വാസികളിലും പെട്ട സത്യനിഷേധികൾ നരകാഗ്നിയിലാകുന്നു. അവരതിൽ നിത്യവാസികളായിരിക്കും . അക്കൂട്ടർ തന്നെയാകുന്നു സൃഷ്ടികളിൽ മോശപ്പെട്ടവർ." (ബയ്യിനഃ: 6)

അവർ നരകത്തിൽ പ്രവേശിക്കുമെന്ന അല്ലാഹുവിന്റെ താക്കീത് സത്യവും യാഥാർത്ഥ്യവുമാണ്.

﴿وَأَصْحَٰبُ ٱلْأَيْكَةِ وَقَوْمُ تُبَّعٍۚ كُلٌّ كَذَّبَ ٱلرُّسُلَ فَحَقَّ وَعِيدِ ﴿١٤﴾﴾ [ق: 14]

"അപ്പോൾ (അവരിൽ) എന്റെ താക്കീത് സത്യമായി പുലർന്നു." (ഖാഫ്: 14)

ലോകത്തെ സൃഷ്ടിക്കുകയും ഉപജീവനം നൽകുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്ന ഒരു ദൈവം - അല്ലാഹു- ഉണ്ട് എന്ന് അംഗീകരിച്ചതു കൊണ്ട് മാത്രം ഒരാൾ ഇസ്ലാം സ്വീകരിച്ചവനോ പരലോകത്ത് രക്ഷപ്പെടുന്നവനോ ആവുകയില്ല. മറിച്ച്, അല്ലാഹുവിന്റെ ദൂതന്മാരിൽ വിശ്വസിച്ചിരിക്കണം എന്നത് അവരുടെ മേലുള്ള ബാധ്യതയാണ്.

അതിനാൽ അല്ലാഹുവിലുള്ള വിശ്വാസത്തോടൊപ്പം അവന്റെ ദൂതന്മാരെ നിഷേധിക്കുന്നത് പരലോകരക്ഷക്ക് മതിയാവുകയില്ല. അതൊരിക്കലും

അന്ത്യനാളിൽ അല്ലാഹുവിങ്കൽ അവന് ഉപകാരപ്പെടുകയുമില്ല. കാരണം അല്ലാഹുവിനെ ആരാധിക്കുക എന്നതിനൊപ്പം സർവ്വ നബിമാരിലും വിശ്വസിക്കുക എന്നത് നിർബന്ധമാണ്.

അല്ലാഹുവിൽ വിശ്വസിക്കുക എന്നത് മാത്രം മതിയായിരുന്നുവെങ്കിൽ അല്ലാഹു ഒരിക്കലും ദൂതന്മാരെ നിയോഗിക്കുകയോ വേദഗ്രന്ഥങ്ങൾ അവതരിപ്പിക്കുകയോ ചെയ്യേണ്ടിയിരുന്നില്ല. കാരണം മനുഷ്യരെല്ലാം അവരുടെ ശുദ്ധപ്രകൃതിയുടെ തേട്ടം കൊണ്ട് തന്നെ ഈ പ്രപഞ്ചത്തിനൊരു സ്രഷ്ടാവുണ്ട് എന്ന് അംഗീകരിക്കുന്നവരാണ്.

അതിനാൽ നിന്നെ സൃഷ്ടിക്കുകയും നിനക്ക് മാർഗദർശനം നൽകുകയും നിനക്ക് ഉപജീവനം നൽകുകയും ചെയ്ത, സർവ്വ ആരാധനകൾക്കും അർഹതയുള്ള ഏകനായ ആരാധ്യൻ; അവൻ തന്റെ ദൂതന്മാരിലൂടെ അറിയിച്ചു തന്നതു പ്രകാരമാണ് നീ അവനെ ആരാധിക്കേണ്ടത്.

## 28- നിഷേധിയായ (മുസ്ലിമല്ലാത്ത ഒരാൾ) പ്രവർത്തിച്ച സൽകർമ്മങ്ങൾക്ക് പരലോകത്ത് പ്രതിഫലം നൽകപ്പെടുന്നതാണോ?

ഉത്തരം: സൽകർമ്മങ്ങൾ ചെയ്യാനുള്ള താൽപ്പര്യം മനുഷ്യപ്രകൃതത്തിന്റെ ഭാഗമാണ്. അല്ലാഹു അവരെ അപ്രകാരമാണ് സൃഷ്ടിച്ചിട്ടുള്ളതും. ഇതു കൊണ്ട് തന്നെയാണ് മതവ്യത്യാസങ്ങളില്ലാതെ മനുഷ്യർ നന്മകൾ ചെയ്യുന്നതായി നീ കാണുന്നത്. താൻ സൃഷ്ടിക്കപ്പെട്ട പ്രകൃതത്തിന്റെ ഭാഗമായി അവർ ചെയ്യുന്നതാണ് ഇതെല്ലാം.

എന്നാൽ അല്ലാഹുവിങ്കൽ ഒരു പ്രവർത്തനം സ്വീകരിക്കപ്പെടണമെങ്കിൽ അത് അവന്റെ പ്രതിഫലം മാത്രം ഉദ്ദേശിച്ചു കൊണ്ട് ചെയ്തിരിക്കണം എന്ന നിബന്ധനയുണ്ട്. അല്ലാഹുവിന്റെ തിരുവദനം ദർശിക്കുക എന്നതായിരിക്കണം നന്മകൾ ചെയ്യാൻ അവനുള്ള പ്രേരണ.

അതിനാൽ അല്ലാഹുവിനെ നിഷേധിക്കുകയും, അവനോടൊപ്പം മറ്റു ആരാധ്യന്മാരെ സ്വീകരിക്കുകയും ചെയ്തവരോട് നമുക്ക് പറയാനുള്ളത് ഇത്രമാത്രമാണ്; നിന്റെ പ്രവർത്തനങ്ങൾക്കുള്ള പ്രതിഫലം നീ അല്ലാഹുവിൽ പങ്കുചേർത്തിരിക്കുന്ന ആരാധ്യന്മാരോട് പോയി ചോദിക്കുക. നിന്റെ പ്രവർത്തനം കൊണ്ട് അല്ലാഹുവിന്റെ പ്രതിഫലം മാത്രമായി നീ ഉദ്ദേശിച്ചിരുന്നില്ലല്ലോ?!

കാര്യം വ്യക്തമാകാൻ ഒരു ഉദാഹരണം പറയാം. ഒരു മനുഷ്യനെ ചെറുപ്രായം മുതൽ അവന്റെ കുടുംബം വളർത്തുകയും, അവന്റെ ചെലവുകൾ വഹിക്കുകയും ചെയ്തു എന്ന് കരുതുക. അങ്ങനെ അവൻ യുവാവായി തീർന്നപ്പോൾ മറ്റു പലരെയും സേവിക്കുന്നതിലാണ് അവൻ വ്യാപൃതനായത്. കാലങ്ങൾക്ക് ശേഷം തന്റെ കുടുംബത്തിലേക്ക് തിരിച്ചെത്തുമ്പോൾ 'ഞാൻ മറ്റുള്ളവരെ

സഹായിച്ചതിന് നിങ്ങൾ എനിക്ക് പ്രതിഫലം തരൂ' എന്ന് പറയുക ന്യായമാണോ?!

അവൻ ആരെയാണോ സേവിച്ചത്, അവരുടെ അടുക്കൽ ചെന്ന് വല്ല പ്രതിഫലവും കിട്ടുമോ എന്ന് നോക്കട്ടെ.

ഇത് മനുഷ്യരുടെ കാര്യമാണെങ്കിൽ ലോകങ്ങളുടെ സ്രഷ്ടാവായ അല്ലാഹുവിന് ഏറ്റവും ഉന്നതമായ വിശേഷണങ്ങളാണുള്ളത്.

അല്ലാഹുവാകുന്നു നിന്നെ സൃഷ്ടിക്കുകയും നിനക്ക് ഉപജീവനം നൽകുകയും എല്ലാ അനുഗ്രഹങ്ങളും ഔദാര്യമായി നൽകുകയും ചെയ്തത്. ശേഷം അവനെ ആരാധിക്കുന്നത് വെടിഞ്ഞ ശേഷം അവൻ തന്നെ നിനക്ക് പ്രതിഫലം നൽകണമെന്ന് നീ ആവശ്യപ്പെട്ടാൽ അതെങ്ങനെ ശരിയാകും?!

അല്ലാഹു പറയുന്നു:

﴿وَقَدِمْنَآ إِلَىٰ مَا عَمِلُوا۟ مِنْ عَمَلٍ فَجَعَلْنَـٰهُ هَبَآءً مَّنثُورًا ﴿٢٣﴾﴾ [الفرقان: 23]

"അവർ പ്രവർത്തിച്ച കർമ്മങ്ങളുടെ നേരെ നാം തിരിയുകയും, നാമതിനെ ചിതറിയ ധൂളിപോലെ ആക്കിത്തീർക്കുകയും ചെയ്യും." (ഫുർഖാൻ: 23) അല്ലാഹു പറയുന്നു:

﴿وَٱلَّذِينَ كَفَرُوٓاْ أَعۡمَٰلُهُمۡ كَسَرَابِۭ بِقِيعَةٖ يَحۡسَبُهُ ٱلظَّمۡـَٔانُ مَآءً حَتَّىٰٓ إِذَا جَآءَهُۥ لَمۡ يَجِدۡهُ شَيۡـٔٗا وَوَجَدَ ٱللَّهَ عِندَهُۥ فَوَفَّىٰهُ حِسَابَهُۥۗ وَٱللَّهُ سَرِيعُ ٱلۡحِسَابِ ٣٩﴾ [النور: 39]

"അവിശ്വസിച്ചവരാകട്ടെ അവരുടെ കർമ്മങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായി തന്നെ അവൻ കണ്ടെത്തുകയില്ല." (നൂർ: 39)

അല്ലാഹുവിനെയും അവന്റെ ദൂതനെയും നിഷേധിച്ചവർ സൽകർമ്മങ്ങൾ ചെയ്യുന്നതിന് പ്രതിഫലം അർഹിക്കുന്നില്ല. കാരണം അവർ തങ്ങളുടെ നന്മകൾ കൊണ്ട് അവരുടെ രക്ഷിതാവായ അല്ലാഹുവിന്റെ

പ്രതിഫലം ലഭിക്കണമെന്നോ, തങ്ങളുടെ സ്രഷ്ടാവിന്റെ തൃപ്തി ലഭിക്കണമെന്നോ ആഗ്രഹിച്ചിട്ടില്ല.

അതിനാൽ കേവലം നന്മകൾ ചെയ്യുക എന്നതിലല്ല കാര്യം. കാരണം എത്രയോ നന്മകൾ ചെയ്യാനുള്ള താൽപ്പര്യവും ചോദനയുമായാണ് നാമെല്ലാം സൃഷ്ടിക്കപ്പെട്ടത്. നന്മകളെ വേർതിരിക്കുന്നത് നാമവ എന്തിനു വേണ്ടി ചെയ്തു എന്നത് വെളിപ്പെടുമ്പോഴാണ്! ആർക്ക് വേണ്ടിയാണ് നാമത് ചെയ്തത് എന്ന കാര്യം ആലോചിക്കുമ്പോഴാണ്. നിന്റെ വ്യക്തിപരമായ നേട്ടങ്ങൾക്ക് വേണ്ടിയോ ലോകമാന്യം പ്രകടിപ്പിക്കുന്നതിനോ അല്ലാഹുവല്ലാത്തവർക്ക് വേണ്ടിയോ ആണ് നീ അവ ചെയ്തത് എങ്കിൽ അതു കൊണ്ടെന്തു കാര്യം?!

കാരണം അവയൊന്നും അല്ലാഹുവിന്റെ മാർഗത്തിലോ അവന്റെ പ്രതിഫലം പ്രതീക്ഷിച്ചു കൊണ്ടോ അല്ല.

## 29- ഇസ്ലാമാണ് സത്യമതം എങ്കിൽ എന്തു കൊണ്ടാണ് ഈ മതത്തിൽ വിശ്വസിച്ചവർക്കും ചില വിഷയങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാകുന്നത്?

ഉത്തരം: മതവിഷയങ്ങളിൽ ഏതെങ്കിലുമൊരു കാര്യം മനസ്സിലാകാതെ പോവുക എന്നതും, ചില കാര്യങ്ങളിൽ -മറുപടി ലഭിക്കുന്നത് വരെ- ആശയക്കുഴപ്പം ഉണ്ടാവുക എന്നതും സ്വാഭാവികമാണ്.

മതവുമായി ബന്ധപ്പെട്ട ശാഖാപരമായ ചില വിഷയങ്ങളിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകണം എന്നത് അല്ലാഹു തീരുമാനിച്ച കാര്യമാണ്. അസത്യം പിൻപറ്റാൻ ഉദ്ദേശിക്കുന്നവർ ഈ ആശയക്കുഴപ്പങ്ങളുടെ പേരു പറഞ്ഞ് ദീൻ ഉപേക്ഷിക്കുകയും, അവരുടെ കള്ളത്തരം വെളിപ്പെടാൻ അത് വഴിയൊരുക്കുകയും ചെയ്യും.

അല്ലാഹു പറയുന്നു:

﴿هُوَ ٱلَّذِىٓ أَنزَلَ عَلَيْكَ ٱلْكِتَٰبَ مِنْهُ ءَايَٰتٌ مُّحْكَمَٰتٌ هُنَّ أُمُّ ٱلْكِتَٰبِ وَأُخَرُ مُتَشَٰبِهَٰتٌ ۖ فَأَمَّا ٱلَّذِينَ فِى قُلُوبِهِمْ زَيْغٌ فَيَتَّبِعُونَ مَا تَشَٰبَهَ مِنْهُ ٱبْتِغَآءَ ٱلْفِتْنَةِ وَٱبْتِغَآءَ تَأْوِيلِهِۦ ۗ وَمَا يَعْلَمُ تَأْوِيلَهُۥٓ إِلَّا ٱللَّهُ ۗ وَٱلرَّٰسِخُونَ فِى ٱلْعِلْمِ يَقُولُونَ ءَامَنَّا بِهِۦ كُلٌّ مِّنْ عِندِ رَبِّنَا ۗ وَمَا يَذَّكَّرُ إِلَّآ أُو۟لُوا۟ ٱلْأَلْبَٰبِ ۝٧﴾ [آل عمران: 7]

"(നബിയേ,) നിനക്ക് വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിന്റെ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാൻ ഉദ്ദേശിച്ചുകൊണ്ടും, ദുർവ്യാഖ്യാനം നടത്താൻ ആഗ്രഹിച്ചു കൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയുകയുള്ളൂ. അറിവിൽ അടിയുറച്ചവരാകട്ടെ, അവർ പറയും: ഞങ്ങളതിൽ വിശ്വസിച്ചിരിക്കുന്നു.

എല്ലാം ഞങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ളതാകുന്നു. ബുദ്ധിശാലികൾ മാത്രമേ ആലോചിച്ച് മനസ്സിലാക്കുകയുള്ളൂ." (ആലു ഇംറാൻ: 7)

എന്നാൽ മനസ്സുകളിൽ വക്രതയുള്ളവർ ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു: അല്ലാഹുവിൽ നിന്ന് അകലുന്നതിനും ജനങ്ങൾക്കിടയിൽ കുഴപ്പം സൃഷ്ടിക്കുന്നതിനും വേണ്ടി ഹൃദയത്തിൽ വക്രതയുള്ളവർ അവ്യക്തമായ വചനങ്ങളുടെ പിറകിൽ കൂടുമെന്നാണ് അല്ലാഹു ഈ ആയത്തിലൂടെ അറിയിച്ചത്.

മനുഷ്യർക്കിടയിൽ വിശ്വാസവും നിഷേധവും സംഭവിക്കുന്നതാണെന്നും അല്ലാഹു തീരുമാനിച്ചിരിക്കുന്നു; അതിന് പിന്നിൽ അവന് മഹത്തരമായ ഉദ്ദേശ്യലക്ഷ്യമുണ്ട്.

﴿هُوَ ٱلَّذِى خَلَقَكُمْ فَمِنكُمْ كَافِرٌ وَمِنكُم مُّؤْمِنٌ ۚ وَٱللَّهُ بِمَا تَعْمَلُونَ بَصِيرٌ ۝٢﴾ [التغابن: 2]

"അവരുടെ (മനുഷ്യരുടെ) കൂട്ടത്തിൽ നിഷേധിച്ചു തള്ളിയവരും, വിശ്വസിച്ചവരുമുണ്ട്." (തഗാബുൻ: 2)

നിഷേധിക്കാൻ ആഗ്രഹമുള്ളവൻ ഇത്തരം ആശയക്കുഴപ്പങ്ങളിൽ പിടിച്ചു തൂങ്ങും. അതിലൂടെ അല്ലാഹുവിന്റെ മതത്തിൽ നിന്നും, നിസ്കാരങ്ങളിൽ നിന്നും, വിശ്വാസത്തിൽ നിന്നുമെല്ലാം അകലം പാലിക്കാൻ അവൻ ന്യായം പറയും.

എന്നാൽ അല്ലാഹുവിൽ യഥാരൂപത്തിൽ വിശ്വസിച്ചവരെ സംബന്ധിച്ചിടത്തോളം അവർ ഖണ്ഡിതമായ വചനങ്ങളിൽ വിശ്വസിച്ചിരിക്കുന്നു. അതാണ് വിശുദ്ധ ഖുർആനിന്റെ മൂലഭാഗവും. അതിൽ നിന്ന് ഇസ്ലാം സത്യമാണെന്നും, മുഹമ്മദ് നബി -ﷺ- യുടെ പ്രവാചകത്വം സത്യസന്ധമാണെന്നും അവർക്ക് വ്യക്തമായി ബോധ്യപ്പെട്ടിരിക്കുന്നു. അവർക്ക് മനസ്സിലാകാത്ത എന്തെങ്കിലുമൊരു കാര്യം ഉണ്ടായാൽ തന്നെയും അവർ അതിനെ കുറിച്ച് അറിവുള്ളവരോട് ചോദിച്ചു

മനസ്സിലാക്കും. അതല്ലാതെ, തന്റെ മതത്തിൽ നിന്ന് തനിക്ക് മനസ്സിലാകാതെ പോയ ഒരു കാര്യത്തിന്റെ പേരിൽ അവൻ വിശ്വാസം ഉപേക്ഷിക്കുകയോ നിസ്കാരങ്ങൾ നിർത്തിവെക്കുകയോ ഇല്ല.

തനിക്ക് മനസ്സിലാകാത്ത കാര്യങ്ങളുടെ പേരിൽ സ്രഷ്ടാവായ അല്ലാഹു അവതരിപ്പിച്ച മതത്തിൽ നിന്ന് അകന്നു പോകുന്നവൻ ഹൃദയത്തിൽ രോഗമുള്ളവനല്ലാതെ മറ്റാരുമല്ല.

﴿... وَلِيَقُولَ ٱلَّذِينَ فِي قُلُوبِهِم مَّرَضٌ وَٱلْكَٰفِرُونَ مَاذَآ أَرَادَ ٱللَّهُ بِهَٰذَا مَثَلًاۚ ...﴾
[المدثر: 31]

"അല്ലാഹു എന്തൊരു ഉപമയാണ് ഇതു കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളതെന്ന് ഹൃദയങ്ങളിൽ രോഗമുള്ളവരും സത്യനിഷേധികളും പറയുവാനും വേണ്ടിയത്രെ അത്. അപ്രകാരം അല്ലാഹു അവനുദ്ദേശിക്കുന്നവരെ വഴികേടിലാക്കുന്നു. അവനുദ്ദേശിക്കുന്നവരെ

സന്മാർഗത്തിലാക്കുകയും ചെയ്യുന്നു."
(മുദ്ദഥ്ഥിർ: 31)

മതത്തിൽ ഉണ്ടായേക്കാവുന്ന ഇത്തരം ആശയക്കുഴപ്പങ്ങൾക്ക് പിന്നിൽ മറ്റൊരു യുക്തി കൂടിയുണ്ട്. അല്ലാഹുവിന്റെ മതത്തിൽ ഉറച്ച വിവരമുള്ള പണ്ഡിതന്മാരും മഹാജ്ഞാനികളും ഇത്തരം ആശയക്കുഴപ്പങ്ങളുടെ മുൻപിലാണ് വേർതിരിയുക. ആശയക്കുഴപ്പം ഉണ്ടാക്കിയേക്കാവുന്ന കാര്യങ്ങളുടെ വിശദീകരണം അവർക്കായിരിക്കും അറിയുക. പാമരജനങ്ങളിൽ നിന്ന് അവരെ വേറിട്ടു നിർത്തുന്ന കാര്യമാണത്. ഇതിലൂടെ അല്ലാഹു വിജ്ഞാനം നൽകപ്പെട്ടവർക്ക് പദവികൾ ഉയർത്തി നൽകുന്നതാണ്.

സത്യം സുവ്യക്തമാണ്. പക്ഷേ, ചില ആശയക്കുഴപ്പങ്ങൾ ബാക്കിയില്ലെങ്കിൽ സത്യം പിൻപറ്റാൻ ഹൃദയം കൊണ്ട് തയ്യാറുള്ളവർ ആരെന്ന പരീക്ഷണം സാധിക്കുകയില്ല.

അല്ലാഹു ഈ പ്രപഞ്ചത്തെ മനുഷ്യർക്കൊരു പരീക്ഷണമായാണ് സൃഷ്ടിച്ചിരിക്കുന്നത്. ഈ പരീക്ഷണം പൂർണ്ണമാകാൻ അല്ലാഹുവിന്റെ ചില വിധിവിലക്കുകളിലെ യുക്തി അവ്യക്തമാകേണ്ടതുണ്ട്. തനിക്ക് അറിവുള്ള ദൃഢബോധ്യത്തിൽ നിന്ന് തനിക്ക് വ്യക്തത വരാത്ത കാര്യങ്ങളെ മനസ്സിലാക്കാൻ ശ്രമിക്കുന്നവനാണ് വിജയി. എന്നാൽ തനിക്ക് അവ്യക്തമായ ചില കാര്യങ്ങളുടെ പേരിൽ വ്യക്തമായി ബോധ്യപ്പെട്ട സത്യങ്ങളെ നിഷേധിക്കാൻ തുനിയുന്നവനാണ് യഥാർത്ഥ പരാജിതൻ.

## 30- എന്തിനാണ് അല്ലാഹു തിന്മകളെ സൃഷ്ടിച്ചത്?

ഉത്തരം: ചരിത്രത്തിൽ നിരീശ്വരവാദത്തിന്റെ പ്രചാരത്തിന് ഏറ്റവും സഹായം നൽകിയ ചോദ്യങ്ങളിലൊന്നാണിത്.

﴿وَمِنَ ٱلنَّاسِ مَن يَعۡبُدُ ٱللَّهَ عَلَىٰ حَرۡفٖۖ فَإِنۡ أَصَابَهُۥ خَيۡرٌ ٱطۡمَأَنَّ بِهِۦۖ وَإِنۡ أَصَابَتۡهُ فِتۡنَةٌ ٱنقَلَبَ عَلَىٰ وَجۡهِهِۦ خَسِرَ ٱلدُّنۡيَا وَٱلۡأٓخِرَةَۚ ذَٰلِكَ هُوَ ٱلۡخُسۡرَانُ ٱلۡمُبِينُ ١١﴾ [الحج: 11]

"ഒരു വക്കിലിരുന്നുകൊണ്ട് അല്ലാഹുവെ ആരാധിച്ചു കൊണ്ടിരിക്കുന്നവനും ജനങ്ങളുടെ കൂട്ടത്തിലുണ്ട്. അവന്ന് വല്ല ഗുണവും വന്നെത്തുന്ന പക്ഷം അതിൽ അവൻ സമാധാനമടഞ്ഞു കൊള്ളും. അവന്ന് വല്ല പരീക്ഷണവും നേരിട്ടാലോ, അവൻ അവന്റെ പാട്ടിലേക്കുതന്നെ മറിഞ്ഞു കളയുന്നതാണ്. ഇഹലോകവും പരലോകവും അവന്ന് നഷ്ടപ്പെട്ടു. അതു തന്നെയാണ് വ്യക്തമായ നഷ്ടം." (ഹജ്ജ്: 11)

എന്തെങ്കിലുമൊരു പരീക്ഷണമോ പ്രയാസമോ ബാധിച്ചാൽ അല്ലാഹുവിനെ നിഷേധിക്കുന്ന അനേകം പേരുണ്ട്.

എന്തു കൊണ്ടാണ് പ്രപഞ്ചത്തിൽ തിന്മയുണ്ടായത് എന്നതാണ് മതനിഷേധിയുടെ ചോദ്യം.

ഈ ചോദ്യത്തിനുള്ള ഉത്തരം വളരെ ലളിതമാണ്: നമ്മൾ പരീക്ഷണത്തിന്റെ ഭാഗമായാണ് ഇവിടെ ജീവിക്കുന്നത് എന്നതാണത്.

നാം ജീവിക്കുന്ന ഈ ലോകം പരീക്ഷണത്തിന്റെ ലോകമാണ്.

അല്ലാഹു പറയുന്നു:

﴿كُلُّ نَفۡسٖ ذَآئِقَةُ ٱلۡمَوۡتِۗ وَنَبۡلُوكُم بِٱلشَّرِّ وَٱلۡخَيۡرِ فِتۡنَةٗۖ وَإِلَيۡنَا تُرۡجَعُونَ ٣٥﴾
[الأنبياء: 35]

"നിങ്ങളെ നാം നന്മ കൊണ്ടും തിന്മ കൊണ്ടും പരീക്ഷിക്കും." (അമ്പിയാഅ്: 35)

നന്മയും തിന്മയുമെല്ലാം അല്ലാഹു നിന്നെ പരീക്ഷിക്കുന്നതിന്റെ ഭാഗമാണ്; നിന്റെ സൃഷ്ടിപ്പിന്റെ പിറകിലെ ലക്ഷ്യം തന്നെ ഈ പരീക്ഷണമാണ്.

അല്ലാഹു പറയുന്നു:

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ۝٢﴾ [الملك: 2]

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി (സൽക്കർമ്മങ്ങൾ) പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ. അവനാകുന്നു മഹാപ്രതാപവാനും ഏറെ പൊറുക്കുന്നവനും." (മുൽക്: 2)

തിന്മകളും പ്രയാസങ്ങളും ഭൂമിയിൽ നിലനിൽക്കുന്നു എന്നത് മതത്തിന്റെ ആവശ്യകതക്കുള്ള തെളിവാണ്. നിരീശ്വരത്വം അബദ്ധമാണെന്നതിനും അത് തെളിവാണ്.

നമ്മളെങ്ങാനും ഭൗതികപ്രപഞ്ചത്തിന്റെ സന്താനങ്ങൾ മാത്രമായിരുന്നു എങ്കിൽ നന്മയോ തിന്മയോ തിരിച്ചറിയുക നമുക്ക് സാധ്യമായിരുന്നില്ല.

പ്രപഞ്ചത്തിന്റെ നിലനിൽപ്പിന് പിറകിൽ യാതൊരു അർത്ഥവുമില്ലായിരുന്നെങ്കിൽ

ആ അർത്ഥശൂന്യത പോലും തിരിച്ചറിയാൻ നമുക്ക് സാധിക്കുമായിരുന്നില്ല. (32) കാരണം മതനിഷേധികളുടെ വീക്ഷണത്തിൽ കേവലം ഭൗതികമായ ഈ പദാർത്ഥലോകത്തിലൂടെ മനുഷ്യർ സഞ്ചരിച്ചു കൊണ്ടേയിരിക്കുന്നു. പ്രകൃതിയുടെ നിയമങ്ങളും നടപടികളും നമ്മിലൂടെ നടമാടുന്നു. ഇത്തരമൊരു ക്രമീകരണത്തിൽ എങ്ങനെ നന്മയോ തിന്മയോ പ്രസക്തമാകും?!

പ്രപഞ്ചത്തിലെ ഏതെങ്കിലുമൊരു ജീവി - മതനിഷേധികളുടെ ഭാഷയിൽ; പരിണാമ പ്രക്രിയയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന ജീവികളെങ്കിലും- ഇവിടെയുള്ള തിന്മകളുടെ സാന്നിധ്യത്തെ ചോദ്യം ചെയ്യുന്നത് നാം കാണുന്നുണ്ടോ?!

തിന്മകളെ കുറിച്ചുള്ള ഈ ചിന്ത നാം ഈ ഭൗതികലോകത്തിന്റെ സന്തതികളിൽ പെട്ടവരല്ല എന്ന് നമ്മെ അറിയിക്കുന്നുണ്ട്. മറിച്ച്, നമ്മുടെ ഉത്ഭവത്തിന് പിന്നിൽ - ഡാർവിന്റെ പരിണാമ സിദ്ധാന്ത

കാഴ്ച്ചപ്പാടുകൾക്ക് അപ്പുറം- മറ്റു ചില കാരണങ്ങളുണ്ട്.

നമ്മുടെ തുടക്കം ആകാശലോകത്ത് നിന്നാണ്. അതല്ലാതെ, തീർത്തും ഭൗതികമായ, ഭൂമീകേന്ദ്രീകൃതമായ തുടക്കമെല്ല നമുക്കുള്ളത്. തിന്മകളെ കുറിച്ചുള്ള നമ്മുടെ ചിന്തക്കുള്ള ബുദ്ധിപരമായ ഒരേയൊരു കാരണം ഈ പറഞ്ഞതു മാത്രമാണ്.

ഈ ജീവിതം നമ്മെ സംബന്ധിച്ചിടത്തോളം ഒരു പരീക്ഷണമാണ് എങ്കിൽ, സ്വാഭാവികമായും ഇവിടെ കുഴപ്പങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരിക്കണം. ഈ തിന്മകളെ നേരിടേണ്ടി വരുക എന്നതും സ്വാഭാവികം തന്നെ.

തിന്മകളും ചില വേദനകളും തെറ്റുകൾ ചെയ്യാനുള്ള ശേഷിയും പ്രകൃതിപരമായ തേട്ടത്തിന്റെ ഭാഗമാണ്. മനുഷ്യന് നൽകപ്പെട്ട തിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യത്തിന്റെയും അല്ലാഹുവിൽ

നിന്നുള്ള പരീക്ഷണത്തിന്റെയും ഫലമാണത്.

തിന്മകളും പ്രയാസങ്ങളും ദുരിതങ്ങളും ദേഹേഛകളും ഉണ്ടാകുന്നു എന്നത് നല്ല മനുഷ്യരിലെ ഏറ്റവും വലിയ നന്മകളെയും, ചീത്തവരിലെ ഏറ്റവും വലിയ തിന്മകളെയും പുറത്തു കൊണ്ടുവരുന്നു.

എന്നാൽ നിരീശ്വരവാദികളുടെ കാര്യം അത്ഭുതം തന്നെ. സ്രഷ്ടാവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നതിന് തെളിവായി പ്രപഞ്ചത്തിലെ തിന്മകളെ ചൂണ്ടിക്കാണിക്കുന്ന മതനിഷേധികളുടെ സംസാരത്തിന്റെ ക്രമം ഏതാണ്ട് താഴെ പറയുന്നത് പോലെയാണ്?

1- മകനോട് സ്നേഹമുള്ളവനാണ് പിതാവ് എങ്കിൽ, അവന്റെ നന്മ ആഗ്രഹിക്കുന്നവനാണ് പിതാവ് എങ്കിൽ എന്തു കൊണ്ടാണ് വേദനയുണ്ടാക്കുന്ന പ്രതിരോധ ഇഞ്ചക്ഷനുകൾ മകന് നൽകാൻ അയാൾ സമ്മതം മൂളുന്നത്?

2- ഇഞ്ചക്ഷൻ എടുക്കുമ്പോൾ മകന് വേദന അനുഭവിക്കുന്നുണ്ട്.

3- ഇതിൽ നിന്ന് ഈ മകന് ഒരു പിതാവ് ഇല്ല എന്ന് മനസ്സിലാക്കാം! (33)

ഈ പറഞ്ഞ ന്യായത്തിൽ എന്തെങ്കിലും ബുദ്ധിയുടെ അംശം നിങ്ങൾക്ക് കാണാൻ കഴിയുന്നുണ്ടോ?!

പ്രപഞ്ചത്തിൽ നന്മകളും തിന്മകളും നിശ്ചയിച്ചതിന് പിന്നിൽ അല്ലാഹുവിലുള്ള യുക്തിയുടെ എല്ലാ സൂക്ഷ്മതലങ്ങളും മനസ്സിലാക്കുക എന്നത് മനുഷ്യർക്ക് സാധ്യമായ കാര്യമല്ല എന്നതും ഇതോടൊപ്പം കൂട്ടിവായിക്കുക!

ഖിദ്ർ നബി -عَلَيْهِ السَّلَامُ- യും മൂസാ നബി -عَلَيْهِ السَّلَامُ- യും തമ്മിൽ നടന്ന സംഭവം നോക്കുക; തിന്മയാണെന്ന് പുറമേക്ക് ധരിക്കപ്പെടാവുന്ന, വളരെ പെട്ടെന്ന് ഉൾക്കൊള്ളാൻ സാധിക്കാത്ത പ്രവർത്തനങ്ങളാണ് ഖിദ്ർ നബിയുടെ ഭാഗത്ത് നിന്നുണ്ടായത്. എന്നാൽ ആ പ്രവർത്തികൾക്ക് പിറകിൽ മഹത്തരമായ

അനേകം നന്മകൾ നിലകൊണ്ടിരുന്നു. യഥാർഥത്തിൽ, ഖിദ്ർ നബിയുടെ സംഭവം ഒരു കഥയും ചരിത്രവുമായി കൊണ്ടാണ് ഖുർആനിൽ പരാമർശിക്കപ്പെട്ടിരിക്കുന്നത് എങ്കിലും അതിനെ കുറിച്ച് കൂടുതൽ ചിന്തിക്കുമ്പോൾ മനുഷ്യരുടെ ന്യൂനതകളിലേക്കും അജ്ഞതയിലേക്കും വിരൽ ചൂണ്ടാൻ ആ ചരിത്രസംഭവത്തിന് സാധിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും.

പ്രപഞ്ചത്തിൽ തിന്മയില്ലായിരുന്നെങ്കിൽ മനുഷ്യൻ അവൻ ജനിച്ച ഇടത്ത് നിന്ന് ഒരിഞ്ചു പോലും മുന്നോട്ട് ചലിക്കില്ലായിരുന്നു എന്നതാണ് അത്ഭുതമുളവാക്കുന്ന സത്യം!

പ്രയാസങ്ങളില്ലാതെ ഒരു സമൂഹവും കെട്ടിയുയർത്തപ്പെടില്ലായിരുന്നു. പട്ടണങ്ങളും ഭവനങ്ങളും നിർമ്മിക്കപ്പെടുക സാധ്യമല്ലായിരുന്നു. ജനങ്ങൾ ഒരു പ്രവർത്തനത്തിനും ആവശ്യക്കാരുമാകില്ലായിരുന്നു.

ഏതെങ്കിലും രോഗത്തിനുള്ള ചികിത്സക്ക് വേണ്ടിയോ, ഒരു പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടിയോ, ആശ്വാസം നൽകുന്ന ഒരു കണ്ടുപിടുത്തത്തിന് വേണ്ടിയോ മനുഷ്യരിലൊരാളും ചിന്തിക്കുകയില്ലായിരുന്നു.

എന്തിന്! ജനിച്ചയിടത്ത് നിന്ന് മറ്റൊരിടത്തേക്ക് ഒരിഞ്ചു നീങ്ങാൻ പോലും മനുഷ്യൻ ആവശ്യക്കാരനാകുമായിരുന്നില്ല.

കാരണം ഒരു തിന്മയും പ്രയാസവും ബുദ്ധിമുട്ടും ക്ഷീണവും പ്രശ്നവുമില്ലെങ്കിൽ എന്തിന് വേണ്ടി അവക്കുള്ള പരിഹാരങ്ങൾ അന്വേഷിക്കണം?!

എന്തിന് കഷ്ടപ്പെടുകയും ഉറക്കം നഷ്ടപ്പെടുത്തുകയും ചിന്തിക്കുകയും പണിയെടുക്കുകയും വേണം?!

ഈ ലോകത്തിൽ ജീവിതം മുന്നോട്ടു പോകാൻ പ്രയാസങ്ങളും തിന്മകളും അനിവാര്യമാണ്.

അതിനാൽ ചിന്തിക്കുക!

അല്ലാഹുവിനെ സൂക്ഷിക്കുക; നീ അവന്റെ ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ബാധ്യതപ്പെട്ടവനാണ്.

ജനങ്ങളിൽ എത്രയോ പേർ; പ്രയാസങ്ങളും ദുരിതങ്ങളും വന്നെത്തുമ്പോഴാണ് അവർ അല്ലാഹുവിലേക്ക് മടങ്ങുകയും, സച്ചരിതരായ മനുഷ്യരിൽ ഉൾപ്പെടാൻ ശ്രമിക്കുകയും ചെയ്യുക. മഹോന്നതനായ അല്ലാഹു എത്ര പരിശുദ്ധനാണ്.

അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങളിലും മഹത്തരമായ യുക്തിയും നന്മയുമുണ്ട്.

അതു കൊണ്ട് തന്നെ ഓരോ മുസ്ലിമും അല്ലാഹുവിന്റെ വിധിനിർണ്ണയത്തിൽ നിർബന്ധമായും വിശ്വസിക്കുന്നവരാണ്. നബി -ﷺ- പറഞ്ഞതു നോക്കൂ: "നിനക്ക് ഉഹ്ദ് മലയോളം സ്വർണ്ണമുണ്ടായിരിക്കുകയും, അതെല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ നീ ദാനം നൽകുകയും ചെയ്താലും അല്ലാഹുവിന്റെ വിധിയിൽ വിശ്വസിക്കുന്നത് വരെ അവൻ നിന്നിൽ

നിന്ന് അത് സ്വീകരിക്കുന്നതല്ല. നിന്നെ ബാധിച്ചത് ഒരിക്കലും നിന്നെ വിട്ടു പോകില്ലായിരുന്നു എന്നും, നിനക്ക് നഷ്ടമായത് ഒരിക്കലും നിനക്ക് നേടാൻ കഴിയില്ലായിരുന്നു എന്നും വിശ്വസിക്കുന്നത് വരെയും (അല്ലാഹു അത് നിന്നിൽ നിന്ന് സ്വീകരിക്കില്ല). ഈ പറഞ്ഞതിലല്ലാതെ ഒരാൾ മരണപ്പെട്ടാൽ അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ്." (34)

അല്ലാഹുവിന്റെ വിധികളിലെ നന്മയിലും തിന്മയിലും വിശ്വസിക്കുകയും, അതിൽ തൃപ്തിയടയുകയും ചെയ്യുക എന്നത് ഓരോ മുസ്ലിമിന്റെയും മേൽ നിർബന്ധമാണ്.

അതിനാൽ അറിയുക! അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങളിലും നന്മയുമുണ്ട്. അവയിൽ ചിലതിൽ എന്തെങ്കിലും തിന്മകളോ പ്രയാസങ്ങളോ ഇടുക്കമോ പുറമേക്ക് കണ്ടാൽ പോലും അവയുടെ പര്യവസാനം മഹത്തരമായ നന്മകളിലും

അല്ലാഹുവിന്റെ അപാരമായ യുക്തിയിലുമാണ് ചെന്നെത്തുക.

## 31- മതത്തിന്റെ പേരിലുള്ള അനേകം പോരാട്ടങ്ങൾക്കും രക്തച്ചൊരിച്ചിലുകൾക്കും കാലാന്തരങ്ങളിൽ വഴിയൊരുക്കിയത് മതമല്ലേ?

ഉത്തരം: മനുഷ്യ സമൂഹം ഏകദൈവാരാധനയിലേക്ക് ക്ഷണിക്കുന്ന മതനിയമങ്ങൾ പാലിച്ചു കൊണ്ട് നൂറ്റാണ്ടുകൾ ജീവിച്ചിട്ടുണ്ട്. അബ്രഹാമിക് മതങ്ങൾ എന്ന് വിളിക്കപ്പെടുന്ന മൂന്ന് പ്രധാന സെമിറ്റിക് മതങ്ങളുടെ സജീവമായ ഇടപെടലുകൾക്ക് നാലായിരം വർഷത്തെ പഴക്കമുണ്ട്. മനുഷ്യവംശത്തിന് നേർക്കുനേരെ അപകടം വരുത്തി വെക്കുന്ന യാതൊന്നിനും ഈ മതങ്ങൾ കാരണമായിട്ടില്ല. യഥാർത്ഥത്തിൽ മനുഷ്യരുടെ സ്വഭാവപരമായ ഉന്നതിയിലേക്കാണ് അവ നയിച്ചത് എന്ന കാര്യം വിശ്വാസിയും നിരീശ്വരവാദിയും

ഒരു പോലെ അംഗീകരിക്കുന്ന പാഠമാണ്. എത്രയോ മൂലനാഗരികതകൾ സ്ഥാപിച്ചതും മതമാണ്. ലോകത്തുള്ള സർവ്വ നന്മകളുടെയും അടിത്തറ പ്രവാചകന്മാരുടെ പ്രബോധനമാണെന്ന് വാദിച്ചാൽ പോലും അത് യാതൊരു നിലക്കും തെറ്റല്ല. എത്രയോ കോടതികൾക്ക് കുറ്റകൃത്യങ്ങൾക്ക് വിധിപറയേണ്ടാത്ത വിധം ആശ്വാസം പകർന്നത് മതം പഠിപ്പിച്ച വിധിവിലക്കുകളാണ്. ഇതിനൊക്കെ പുറമെ മനുഷ്യരുടെ ഭൂമിയിലെ നിലനിൽപ്പിന്റെ ലക്ഷ്യമെന്താണെന്ന പാഠം പകർന്നതും, ആത്മീയവും സ്വഭാവപരവുമായ മൂല്യങ്ങൾ പകർന്നതും മതാദ്ധ്യാപനങ്ങൾ തന്നെയാണ്. മതത്തിന്റെ ചട്ടക്കൂടുകൾക്കുള്ളിൽ വളർന്നു വന്ന നാടുകൾക്ക് കീഴിൽ വ്യത്യസ്തങ്ങളായ സംസ്കാരങ്ങളും വൈവിധ്യങ്ങളും നിലനിന്നു എന്നതും, എതിരഭിപ്രായം പറഞ്ഞവരെയും സംരക്ഷിക്കുന്ന ചട്ടക്കൂടുകൾ നിലനിന്നു എന്നതും നിഷേധിക്കാനാകാത്ത യാഥാർത്ഥ്യമാണ്. എന്നാൽ

മതനിഷേധത്തോട് ചേർന്നു നിൽക്കുന്ന പ്രത്യയശാസ്ത്രങ്ങൾക്ക് ചില രാജ്യങ്ങളിൽ അധികാരം ലഭിച്ചപ്പോൾ മനുഷ്യ സമൂഹത്തിന്റെ സമ്പൂർണ്ണ നാശത്തിന്റെ വക്കിലേക്കെത്തിക്കുന്ന വിധമുള്ള പ്രശ്നങ്ങൾക്കും കൂട്ടകുരുതികൾക്കുമാണ് നാം സാക്ഷ്യം വഹിച്ചത്. എന്നാൽ അത്ഭുതകരമായ കാര്യം, ഇതേ മതനിഷേധികൾ തന്നെ ഇന്ന് നാം മതവിശ്വാസികളോട് മതത്തിന്റെ അപകടത്തെ കുറിച്ച് താക്കീത് നൽകുന്നു എന്നതാണ്. മതനിഷേധത്തേക്കാൾ അപകടകരമായ ഒരു ചിന്താഗതി മനുഷ്യ സമൂഹത്തിൽ ഉടലെടുത്തിട്ടേയില്ല. സോവിയറ്റ് റഷ്യയിൽ ലെനിന്റെ കീഴിൽ നടന്ന കൂട്ടകുരുതികളുടെയും, നാസീ ഭരണത്തിൽ നടന്ന 'വർഗീയ തുടച്ചു നീക്കലും', നാസ്തികനായ പോൾ പോട്ടിന്റെ കീഴിൽ കംബോഡിയയിലെ നാലിലൊന്ന് ജനവിഭാഗങ്ങളെ കൊന്നൊടുക്കിയതും, മാവോ സേതുങ്ങിന്റെ ഭരണകാലഘട്ടത്തിൽ 52 മില്ല്യൺ വരുന്ന

മനുഷ്യരെ കുരുതി കഴിച്ചതും, മതനിഷേധികൾ രൂപം നൽകിയ League of Militant Atheists 42000 മതസ്ഥാപനങ്ങളെ തച്ചുതകർക്കുകയും ആയിരക്കണക്കിന് മതവിശ്വാസികളെ കൊന്നൊടുക്കിയതുമെല്ലാം നിരീശ്വരവാദത്തിന്റെയും മതനിഷേധത്തിന്റെയും ചില 'സംഭാവനകൾ' മാത്രമാണ്. (35) ഒന്നാം ലോകമഹായുദ്ധവും രണ്ടാം ലോകമഹായുദ്ധവും യഥാർത്ഥത്തിൽ നാസ്തിക യുദ്ധങ്ങളായിരുന്നു എന്നതും ഒരു ചരിത്ര വസ്തുതയാണ്. വംശീയ ശുദ്ധിക്ക് വേണ്ടിയും മറ്റു ജനവിഭാഗങ്ങളെ നശിപ്പിക്കുക എന്ന ലക്ഷ്യത്തോടെയും നടന്ന ഇത്തരം യുദ്ധങ്ങളുടെ ഫലമായി ലോകജനസംഖ്യയുടെ അഞ്ചു ശതമാനം ഭൂമിക്ക് മുകളിൽ നിന്ന് തുടച്ചു നീക്കപ്പെട്ടു. രണ്ട് ലോകയുദ്ധങ്ങളുടെയും അന്തിമഫലമോ? വിജയികളും പരാജിതരും മൂന്ന് തലമുറകൾ പിറകിലോട്ടടിച്ചു. പാരീസിന്റെ മദ്ധ്യത്തിൽ ഒരു ടോയ്'ലറ്റ്

കൊണ്ടുവെച്ച്, സംസ്കാരത്തിന്റെ അന്ത്യം ആസന്നമായിരിക്കുന്നു എന്ന് തത്വശാസ്ത്ര പണ്ഡിതർ വിലപിച്ചു. മനുഷ്യ സമൂഹത്തെ ഒന്നടങ്കം ഭൂമിക്ക് മുകളിൽ നിന്ന് അപ്രത്യക്ഷമാക്കാൻ ശേഷിയുള്ള ആണവായുധങ്ങൾ ബാക്കി വെച്ചു കൊണ്ടാണ് ഈ യുദ്ധങ്ങൾ അവസാനിച്ചത്. ഇരുപതാം നൂറ്റാണ്ടിലെ യുദ്ധങ്ങളെ കുറിച്ചുള്ള ഒരു പ്രാഥമിക വായന പോലും നിരീശ്വരവാദത്തിന്റെ അപകടവും ക്രൂരതയും ബോധ്യപ്പെടുത്തുന്നതാണ്. വരാനിരിക്കുന്ന ഏതെങ്കിലുമൊരു യുദ്ധത്തിലൂടെ മനുഷ്യസമൂഹം മുഴുവൻ നശിക്കുമെന്ന ചിന്തയും മതനിഷേധം ബാക്കിവെച്ച പ്രത്യയശാസ്ത്രപരമായ പ്രവചനങ്ങളിലൊന്നാണ്.

## 32- ഏകദൈവവിശ്വാസം പഠിപ്പിക്കുന്ന മനോഹരമായ മതമാണ് മുസ്ലിംകളുടേത്; എന്നിട്ടും എന്തു കൊണ്ടാണ് മുസ്ലിംകൾ ഭൗതികമായി പിറകോട്ടു പോവുകയും, പാശ്ചാത്യർ പുരോഗമനം നേടുകയും ചെയ്തത്?

ഉത്തരം: ജനതകൾ ചോദിച്ചു വന്ന ചോദ്യമാണിത്!

എത്രയെത്ര നബിമാരാണ് ഈ ചോദ്യത്തെ നേരിടേണ്ടി വന്നത്?

എത്രയെത്ര അനുയായികളാണ് ഇക്കാരണം കൊണ്ട് പിരിഞ്ഞു പോയത്?!

കാലാന്തരങ്ങളിൽ നിഷേധികളായ ജനത ആവർത്തിച്ചു കൊണ്ടേയിരുന്ന ഈ ചോദ്യമാണ് നിഷേധത്തിന്റെ അടിത്തറകളിലൊന്ന്.

അല്ലാഹു പറയുന്നു:

﴿وَإِذَا تُتْلَىٰ عَلَيْهِمْ ءَايَٰتُنَا بَيِّنَٰتٍ قَالَ ٱلَّذِينَ كَفَرُوا۟ لِلَّذِينَ ءَامَنُوٓا۟ أَىُّ ٱلْفَرِيقَيْنِ خَيْرٌ مَّقَامًا وَأَحْسَنُ نَدِيًّا ﴿٧٣﴾﴾ [مريم: 73]

"സ്പഷ്ടമായ നിലയിൽ നമ്മുടെ ദൃഷ്ടാന്തങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കപ്പെട്ടാൽ അവിശ്വസിച്ചവർ വിശ്വസിച്ചവരോട് പറയുന്നതാണ്: ഈ രണ്ട് വിഭാഗത്തിൽ കൂടുതൽ ഉത്തമമായ സ്ഥാനമുള്ളവരും ഏറ്റവും മെച്ചപ്പെട്ട സംഘമുള്ളവരും ആരാണ്?" (മർയം: 73)

വ്യക്തമായ തെളിവുകളും പ്രമാണങ്ങളും അടങ്ങുന്ന, സത്യമതം ഏതാണെന്ന് ബോധ്യപ്പെടുത്തുന്ന വചനങ്ങൾ പാരായണം ചെയ്തു കേൾപ്പിക്കപ്പെട്ടാൽ നിഷേധികൾ തങ്ങളുടെ ഭൗതിക പുരോഗതിയിൽ അഭയം കണ്ടെത്തും. "ഈ രണ്ട് വിഭാഗത്തിൽ കൂടുതൽ ഉത്തമമായ സ്ഥാനമുള്ളവരും ഏറ്റവും മെച്ചപ്പെട്ട സംഘമുള്ളവരും ആരാണ്?"

ഇബ്രാഹീം സക്റാൻ പറയുന്നു: "ചരിത്രത്തിലെ ഒരു മാറ്റമില്ലാത്ത

നിയമമമാണിത്. പ്രപഞ്ചത്തിലെ ആവർത്തിച്ചു കൊണ്ടിരിക്കുന്ന ചര്യ. പ്രായമേറെ ചെന്ന ഈ ചോദ്യത്തിന്റെ ഉള്ളടക്കം ചിന്തിക്കുന്ന ഏതൊരാൾക്കും അത്ഭുതം അവസാനിക്കുകയില്ല. പ്രവാചകത്വത്തിന്റെ ആരംഭകാലം മുതൽ ആധുനിക പ്രബോധന കാലഘട്ടത്തിൽ വരെ അല്ലാഹുവിനെ കുറിച്ച് ജനങ്ങൾക്ക് സന്ദേശം എത്തിച്ചു നൽകുന്നവർ നേരിടുന്ന 'ഭൗതിക ശക്തിയുടെ' പ്രകടരൂപമാണിത്. അല്ലാഹുവിൽ നിന്ന് വന്നെത്തിയ സന്ദേശത്തെ നിരസിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ച വലിയ ഫിത്നകളിലൊന്ന്.

നബിമാരുടെ അനുഭവങ്ങൾ പരിശോധിക്കൂ. അല്ലാഹുവിൽ നിന്നുള്ള സന്ദേശവും ഭൗതികലോകത്തിന്റെ ശക്തിയും തമ്മിലുള്ള പോരാട്ടത്തിന്റെ സംസാരിക്കുന്ന ഉദാഹരണമാണ് അവരുടെ അനുഭവങ്ങൾ എന്ന് നിനക്ക് അനുഭവപ്പെടും. ഭൗതികസുഖങ്ങളോടുള്ള മനുഷ്യരുടെ താൽപ്പര്യം അവരുടെ ബുദ്ധിയെ തകർക്കുന്നതും, അല്ലാഹുവിൽ

നിന്നുള്ള സന്ദേശത്തിന് കീഴൊതുങ്ങാതിരിക്കാൻ കാരണമാകുന്നതും നിനക്ക് കണ്ടെത്താൻ സാധിക്കും. ഇതു കൊണ്ട് തന്നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ട് നിലകൊള്ളുന്ന ഏതൊരു പ്രബോധകനും മനുഷ്യരുടെ ഇത്തരം ഭൗതിക പ്രമത്തതയെ നേരിടേണ്ടി വരും. ആദ്യത്തെ പ്രവാചകനായ നൂഹ് നബി -السَّلَامُ عَلَيْهِ- യുടെ ജനത ഭൗതികതയിൽ അഭിരമിച്ചുകൊണ്ട് എല്ലാ വ്യക്തതയോടും കൂടെ അദ്ദേഹത്തോട് പറഞ്ഞതു നോക്കൂ:

﴿فَقَالَ ٱلْمَلَأُ ٱلَّذِينَ كَفَرُوا۟ مِن قَوْمِهِۦ مَا نَرَىٰكَ إِلَّا بَشَرًا مِّثْلَنَا وَمَا نَرَىٰكَ ٱتَّبَعَكَ إِلَّا ٱلَّذِينَ هُمْ أَرَاذِلُنَا بَادِىَ ٱلرَّأْىِ وَمَا نَرَىٰ لَكُمْ عَلَيْنَا مِن فَضْلٍۭ بَلْ نَظُنُّكُمْ كَٰذِبِينَ ﴿٢٧﴾﴾ [هود: 27]

"ഞങ്ങളുടെ കൂട്ടത്തിൽ ഏറ്റവും നിസ്സാരന്മാരായിട്ടുള്ളവർ മാത്രമേ നിന്നെ പിന്തുടർന്നിട്ടുള്ളൂ എന്നാണ് ഞങ്ങൾ കാണുന്നത്." (ഹൂദ്: 27) അല്ലാഹുവിന്റെ ദൂതരായ മൂസാ നബി -السَّلَامُ عَلَيْهِ-

വന്നെത്തിയപ്പോഴും ഇക്കാര്യം അതേ പടി ആവർത്തിച്ചു. ഭൗതികപ്രമത്തതയുടെ അഹങ്കാരം പിടികൂടി, അതിൽ വഞ്ചിതരായവർ അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തിന് എതിരെ നിലകൊണ്ടു.

﴿وَقَالَ مُوسَىٰ رَبَّنَآ إِنَّكَ ءَاتَيْتَ فِرْعَوْنَ وَمَلَأَهُۥ زِينَةً وَأَمْوَٰلًا فِى ٱلْحَيَوٰةِ ٱلدُّنْيَا رَبَّنَا لِيُضِلُّوا۟ عَن سَبِيلِكَ ۖ رَبَّنَا ٱطْمِسْ عَلَىٰٓ أَمْوَٰلِهِمْ وَٱشْدُدْ عَلَىٰ قُلُوبِهِمْ فَلَا يُؤْمِنُوا۟ حَتَّىٰ يَرَوُا۟ ٱلْعَذَابَ ٱلْأَلِيمَ ﴿٨٨﴾﴾ [يونس: 88]

"മൂസാ പറഞ്ഞു: ഞങ്ങളുടെ രക്ഷിതാവേ, ഫിർഔന്നും അവന്റെ പ്രമാണിമാർക്കും നീ ഐഹികജീവിതത്തിൽ അലങ്കാരവും സമ്പത്തുകളും നല്കിയിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മാർഗത്തിൽ നിന്ന് ആളുകളെ തെറ്റിക്കുവാൻ വേണ്ടിയാണ് (അവരത് ഉപയോഗിക്കുന്നത്.)" (യൂനുസ്: 88) നമ്മുടെ നബിയായ മുഹമ്മദ് നബി -ﷺ- യുടെ കാര്യവും വ്യത്യസ്തമായിരുന്നില്ല. അവിടുത്തെ പ്രവാചകത്വം നിഷേധിച്ചവരും

ഭൗതിക സമ്പത്തിന്റെ കാര്യത്തിൽ അവിടുന്ന് മുന്നിലെത്തിയില്ല എന്നതാണ് ന്യായമായി പറഞ്ഞിരുന്നത്!

﴿وَقَالُواْ لَوۡلَا نُزِّلَ هَٰذَا ٱلۡقُرۡءَانُ عَلَىٰ رَجُلٖ مِّنَ ٱلۡقَرۡيَتَيۡنِ عَظِيمٍ ٣١﴾ [الزخرف: 31]

"ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലും ഒരു മഹാപുരുഷന്റെ മേൽ എന്തുകൊണ്ട് ഈ ഖുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറഞ്ഞു." (സുഖ്റുഫ്: 31)

(ഇബ്രാഹീം സക്റാന്റെ ഗ്രന്ഥത്തിൽ നിന്ന്)

നിഷേധികളുടെ പക്കലുള്ള ഭൗതികമായ ശേഷിയുടെ പേരിലാണ് മനുഷ്യർക്ക് എക്കാലവും ഏറ്റവും വലിയ പരീക്ഷണങ്ങൾ നേരിടേണ്ടി വന്നിട്ടുള്ളത്.

എന്നാൽ ഭൗതിക പുരോഗമനത്തിന്റെ അളവും സത്യത്തിന്റെ അളവുകോലും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നതാണ് സത്യം.

ഭൗതിക പുരോഗതിയോ പിന്നോക്കാവസ്ഥയോ സത്യത്തിന്റെയോ അസത്യത്തിന്റെയോ സൂചികകളോ തെളിവുകളോ അല്ല.

ഒരു മനുഷ്യൻ നല്ല വ്യക്തിയാകണമെങ്കിൽ അയാൾ ഭൗതികമായി പുരോഗമിച്ചിരിക്കണം എന്ന നിബന്ധനയില്ല.

ചില മനുഷ്യർ ഇസ്ലാമിക മര്യാദകൾ വ്യക്തമായി പാലിക്കുന്നവരായിരിക്കാം; പക്ഷേ അയാൾ ദരിദ്രനും സാധാരണ ജീവിതം നയിക്കുന്ന വ്യക്തിയുമായിരിക്കാം. ഇതു പോലെ, ഈ പറഞ്ഞതിന്റെ നേർവിപരീതവും സംഭവിക്കാം.

ഭൗതിക പുരോഗതിയിൽ ഏറെ മുന്നിലെത്തിയ എത്രയെത്ര സമൂഹങ്ങൾ അല്ലാഹുവിന്റെ വിധിവിലക്കുകളിൽ നിന്നും സന്ദേശങ്ങളിൽ നിന്നും ഏറ്റവുമകന്ന് ജീവിച്ചവരായുണ്ട്?!

﴿أَوَلَمْ يَسِيرُواْ فِي ٱلْأَرْضِ فَيَنظُرُواْ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ مِن قَبْلِهِمْۚ كَانُوٓاْ أَشَدَّ مِنْهُمْ قُوَّةً وَأَثَارُواْ ٱلْأَرْضَ وَعَمَرُوهَآ أَكْثَرَ مِمَّا عَمَرُوهَا وَجَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِۖ فَمَا كَانَ ٱللَّهُ لِيَظْلِمَهُمْ وَلَٰكِن كَانُوٓاْ أَنفُسَهُمْ يَظْلِمُونَ٩﴾ [الروم: 9]

"അവർ ഭൂമിയിലൂടെ സഞ്ചരിച്ചിട്ട് തങ്ങളുടെ മുമ്പുള്ളവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് നോക്കുന്നില്ലേ? അവർ ഇവരേക്കാൾ കൂടുതൽ ശക്തിയുള്ളവരായിരുന്നു. അവർ ഭൂമി ഉഴുതുമറിക്കുകയും, ഇവർ അധിവാസമുറപ്പിച്ചതിനെക്കാൾ കൂടുതൽ അതിൽ അധിവാസമുറപ്പിക്കുകയും ചെയ്തു." (റൂം: 9) ചുരുക്കത്തിൽ ഭൗതിക പുരോഗതിയോ സാമ്പത്തികമായ മുന്നോക്കാവസ്ഥയോ ഒരാൾ സത്യത്തിലാണ് എന്നതിനുള്ള തെളിവോ അളവുകോലോ അല്ല.

﴿فَلَمَّا جَآءَتْهُمْ رُسُلُهُم بِٱلْبَيِّنَٰتِ فَرِحُواْ بِمَا عِندَهُم مِّنَ ٱلْعِلْمِ وَحَاقَ بِهِم مَّا كَانُواْ بِهِۦ يَسْتَهْزِءُونَ٨٣﴾ [غافر: 83]

"അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവരുടെ പക്കലുള്ള അറിവു കൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്. എന്തൊന്നിനെപ്പറ്റി അവർ പരിഹസിച്ചിരുന്നുവോ അത് (ശിക്ഷ) അവരെ വലയം ചെയ്യുകയുമുണ്ടായി." (ഗാഫിർ: 83)

ഭൗതികമായ പുരോഗതിയുണ്ട് എന്നത് കൊണ്ട് മാത്രം ഒരു കാര്യം നന്മയായി കൊള്ളണമെന്നില്ല. അതുണ്ട് എന്നത് കൊണ്ട് മാത്രം ഒരു കാര്യം മോശമായിക്കൊള്ളണമെന്നുമില്ല. മറിച്ച്, ഒരാൾ അല്ലാഹുവിൽ നിന്നുള്ള സന്ദേശത്തെ പിൻപറ്റുകയും ജീവിതവിശുദ്ധി കൈക്കൊള്ളുകയും ചെയ്തോ എന്നതാണ് അവന്റെ നന്മയുടെ അളവുകോൽ. മതവിധികൾ പിൻപറ്റുന്നതിന്റെയും, അതു കൊണ്ട് മതത്തിൽ ഉണ്ടാകുന്ന പ്രയോജനത്തിന്റെയും

അടിസ്ഥാനത്തിലാണ് ഒരാളെ അളക്കേണ്ടത്. നിന്റെ ഭൗതിക നേട്ടങ്ങൾ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നതിലും, അവർക്ക് നന്മ ലഭിക്കുന്നതിലും നീ ഉപയോഗപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് അത് നന്മയാകുന്നത്.

ഇതാണ് യഥാർത്ഥത്തിൽ നമുക്ക് ഉണ്ടാകേണ്ട പുരോഗതി.

മനുഷ്യരിലെ പുരോഗതി വേർതിരിക്കാനുള്ള മാനദണ്ഡം അവരുടെ ഭൗതികമായ നേട്ടങ്ങളല്ല; മറിച്ച് അല്ലാഹുവിനോടുള്ള സൂക്ഷ്മതയും സൽകർമ്മങ്ങളുമാണ് അതിന്റെ മാനദണ്ഡം. ഭൗതിക നേട്ടങ്ങൾ ഈ പറഞ്ഞതിലേക്കുള്ള മാർഗം മാത്രമേ ആകുന്നുള്ളൂ; അല്ലാതെ അതൊരിക്കലും ലക്ഷ്യമല്ല. ജനങ്ങൾക്ക് നന്മ ചെയ്യാനും അവരെ സഹായിക്കാനുമുള്ള ഒരു വഴി മാത്രമാണത്.

ചുരുക്കത്തിൽ, ഭൗതിക പുരോഗതികൾ പരിശുദ്ധമാകുന്നത് അല്ലാഹുവിൽ നിന്നുള്ള

സന്ദേശം പിൻപറ്റുമ്പോൾ മാത്രമാണ്. അതാണ് യഥാർത്ഥ പുരോഗതി.

ഭൂമിയിൽ മനുഷ്യരെ അല്ലാഹു ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്തം ഇതാണ്. അല്ലാഹുവിന്റെ അടിമത്വം അംഗീകരിച്ചു കൊണ്ടുള്ള ഈ ജീവിതം നയിക്കുകയും, ജീവിതവിശുദ്ധിയും വിശ്വാസപരമായ ഔന്നത്യവും ജീവിതത്തിന്റെ എല്ലാ മേഖലകളിലും സാക്ഷാൽക്കരിക്കുക എന്നതും...

﴿ٱلَّذِينَ إِن مَّكَّنَّٰهُمۡ فِي ٱلۡأَرۡضِ أَقَامُواْ ٱلصَّلَوٰةَ وَءَاتَوُاْ ٱلزَّكَوٰةَ وَأَمَرُواْ بِٱلۡمَعۡرُوفِ وَنَهَوۡاْ عَنِ ٱلۡمُنكَرِۗ وَلِلَّهِ عَٰقِبَةُ ٱلۡأُمُورِ﴾ [الحج: 41]

"ഭൂമിയിൽ നാം സ്വാധീനം നല്കിയാൽ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നല്കുകയും, സദാചാരം സ്വീകരിക്കാൻ കല്പിക്കുകയും, ദുരാചാരത്തിൽ നിന്ന് വിലക്കുകയും ചെയ്യുന്നവരത്രെ അവർ (ആ മർദ്ദിതർ). കാര്യങ്ങളുടെ പര്യവസാനം

അല്ലാഹുവിന്നുള്ളതാകുന്നു." (ഹജ്ജ്: 41)
ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവന്റെ മേലുള്ള ബാധ്യതകൾ അവൻ നിറവേറ്റിയാൽ എല്ലാ നന്മകളുടെയും സൗഭാഗ്യത്തിന്റെയും വഴികൾ അല്ലാഹു അവന് എളുപ്പമാക്കി നൽകുന്നതാണ്. ഐഹികമായ ഔന്നത്യവും, പരലോകത്തുള്ള രക്ഷയും ഉന്നതമായ പദവികളും അവന് നേടിയെടുക്കാൻ സാധിക്കുന്നതാണ്.

﴿وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمْ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِي ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِي ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًاۚ يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْـًٔاۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلْفَٰسِقُونَ ۝٥٥﴾ [النور: 55]

"നിങ്ങളിൽ നിന്ന് (അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിക്കുകയും സൽകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നല്കിയത്

പോലെതന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നല്കുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിന്റെ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നല്കുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നല്കുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല." (നൂർ: 55)

മുസ്ലിംകൾ അവരുടെ ദീൻ പാലിച്ചിരുന്ന കാലഘട്ടത്തിൽ അവർ മതരംഗത്തും ഭൗതിക രംഗത്തും നേതാക്കളായിരുന്നു.

അവരുടെ കൈകളിലൂടെ ഇസ്ലാം കൊണ്ടുവന്നത് 1200 വർഷങ്ങളോളം നീണ്ടുനിന്ന മഹത്തരമായ ഒരു നാഗരികതയായിരുന്നു. നിലക്കാതെ, മുറിയാതെ ആ പ്രവാഹം നിലനിന്നു.

ഈ മതത്തിൽ നിന്നാണ് ഇസ്ലാമിക നാഗരികത ഉയിർകൊണ്ടത്.

അതു കൊണ്ടാണ് നാഗരികതക്ക് രൂപം നൽകിയ ഒരേയൊരു മതം ഇസ്ലാമാണെന്ന് പറയുന്നത്.

മറ്റെല്ലാ മതങ്ങളെയും നിലവിലുള്ള നാഗരികതകൾ സ്വീകരിക്കുകയും സംരക്ഷിക്കുകയുമാണ് ചെയ്തത്.

ക്രൈസ്തവതയെ പാശ്ചാത്യസമൂഹം ഏറ്റെടുത്തു സംരക്ഷിക്കുകയാണ് ചെയ്തത് എങ്കിൽ, ഹൈന്ദവതയെ ഇന്ത്യൻ നാഗരികത ഏറ്റെടുക്കുകയാണ് ചെയ്തത്.

എന്നാൽ ഒരു നാഗരികതക്ക് തന്നെ രൂപം നൽകിയ ഒരേയൊരു മതം ഇസ്ലാം മാത്രമാണ്.

തങ്ങളുടെ മതപരമായ ബാധ്യതകൾ മുസ്ലിംകൾ തിരിച്ചറിഞ്ഞ കാലഘട്ടത്തിലെല്ലാം അവർ ലോകത്തെ നയിച്ചു; ആത്മീയമായും ഭൗതികമായും.

യൂറോപ്യൻ സമൂഹത്തിന്റെ ഇരുണ്ട കാലഘട്ടം അവസാനിക്കുന്നത് പോലും ക്രിസ്താബ്ദം 1453 ലാണ്; ഇസ്ലാം കോൺസ്റ്റന്റിനോപ്പിളിൽ പ്രവേശിച്ച വർഷമായിരുന്നു അത്.

ഇരുണ്ട കാലഘട്ടത്തിന്റെ അവസാനം 1453 ലാണ്; ഇസ്ലാം യൂറോപ്പിൽ പ്രവേശിച്ച അതേ വർഷം.

യൂറോപ്പിന്റെ അതിരുകൾ പ്രവേശിച്ചയുടൻ ഇസ്ലാം അതിന്റെ മണ്ണിനെ വിജ്ഞാനം കൊണ്ട് പ്രകാശപൂരിതമാക്കി.

അമേരിക്കൻ കോൺഗ്രസ് ലൈബ്രറിയുടെ പ്രധാന ഹാളിന്റെ മേൽക്കൂരയിൽ പാശ്ചാത്യ സംസ്കാരത്തിന്റെ വളർച്ചയിൽ പ്രധാന പങ്കു വഹിച്ച സ്രോതസ്സുകൾ ഏതെല്ലാമാണെന്ന സൂചനകൾ രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെയുള്ള ഏഴു വൃത്തങ്ങളിൽ ഒരേയൊരു മതത്തിന്റെ പേര് മാത്രമാണുള്ളത്; ഇസ്ലാമാണത്.

പ്രകൃതി ശാസ്ത്രവുമായി ബന്ധപ്പെട്ട വൃത്തത്തിൽ ഇസ്ലാമിന്റെ പേര് മാത്രമാണുള്ളത്.

islam: physics

മറ്റു വൃത്തങ്ങളിൽ ഓരോ രാജ്യങ്ങളുടെയും പേരുകളാണ് നൽകപ്പെട്ടിട്ടുള്ളത്. ഈ രാജ്യങ്ങളെല്ലാം നൽകിയ സംഭാവനകൾ ഒന്നല്ലെങ്കിൽ കലാപരമോ സാഹിത്യപരമോ ഭാഷാപരമോ മാത്രമാണ്.

പക്ഷേ, ഇസ്ലാമിന്റെ സംഭാവന വിജ്ഞാനമായിരുന്നു! 700 വർഷക്കാലത്തോളം ശാസ്ത്രത്തിന്റെ ലോക ഭാഷയായി നിലകൊണ്ടത് അറബി ഭാഷയായിരുന്നു എന്നതിൽ നിന്ന് തന്നെ വിജ്ഞാനവും ഇസ്ലാമുമായുള്ള ബന്ധം ബോധ്യമാകുന്നതാണ്. (36)

പറഞ്ഞു വന്നതിന്റെ ചുരുക്കം, മുസ്ലിംകൾ അവരുടെ ദീൻ / മതം നേരാംവണ്ണം നിലനിർത്തിയാൽ അവരുടെ ഭൗതിക രംഗവും നേരാകുമായിരുന്നു.

## 33- അല്ലാഹുവിന് ആരാധനകൾ നൽകുക എന്നതിലുള്ള ഫലവും പ്രയോജനവും എന്താണ്?

ഉത്തരം: ലോകസ്രഷ്ടാവായ അല്ലാഹുവിനെ ആരാധിക്കുക എന്നതിലൂടെയല്ലാതെ ഒരു മനുഷ്യനും സ്വന്തം അസ്തിത്വത്തെ കുറിച്ച് തിരിച്ചറിയാൻ സാധിക്കില്ല. അവന്റെ ആത്മാവ് അതിലൂടെയല്ലാതെ സമാധാനമടയാനും പോകുന്നില്ല. ഹൃദയത്തിന്റെ വന്യത കെട്ടടങ്ങാൻ അതല്ലാത്ത മറ്റൊരു മാർഗവുമില്ല. മനുഷ്യന്റെ പ്രകൃതിയുടെ ഭാഗമാണത്.

﴿ٱلَّذِينَ ءَامَنُواْ وَتَطۡمَئِنُّ قُلُوبُهُم بِذِكۡرِ ٱللَّهِۗ أَلَا بِذِكۡرِ ٱللَّهِ تَطۡمَئِنُّ ٱلۡقُلُوبُ ٢٨﴾
[الرعد: 28]

"അതായത് വിശ്വസിക്കുകയും അല്ലാഹുവെ പറ്റിയുള്ള ഓർമ കൊണ്ട് മനസ്സുകൾ ശാന്തമായിത്തീരുകയും ചെയ്യുന്നവരെ. ശ്രദ്ധിക്കുക; അല്ലാഹുവെപ്പറ്റിയുള്ള ഓർമ കൊണ്ടത്രെ

മനസ്സുകൾ ശാന്തമായിത്തീരുന്നത്." (റഅ്ദ്: 28) ആരാധനയാണ് ഹൃദയത്തിന് സമാധാനം നൽകുന്നത്.

﴿وَلَقَدْ نَعْلَمُ أَنَّكَ يَضِيقُ صَدْرُكَ بِمَا يَقُولُونَ ۝٩٧ فَسَبِّحْ بِحَمْدِ رَبِّكَ وَكُن مِّنَ ٱلسَّٰجِدِينَ ۝٩٨﴾ [الحجر: 97-98]

"അവർ പറഞ്ഞുകൊണ്ടിരിക്കുന്നത് നിമിത്തം നിനക്ക് മനഃപ്രയാസം അനുഭവപ്പെടുന്നുണ്ട് എന്ന് തീർച്ചയായും നാം അറിയുന്നുണ്ട്. അതിനാൽ നീ നിന്റെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം അവനെ പരിശുദ്ധപ്പെടുത്തുകയും, സാഷ്ടാംഗം നമിക്കുന്നവരിൽ ഉൾപ്പെടുകയും ചെയ്യുക. നിന്റെ രക്ഷിതാവിനെ നീ ആരാധിക്കുകയും ചെയ്യുക." (ഹിജ്ർ: 97-99)

നിന്റെ രക്ഷിതാവിനെ നീ ആരാധിക്കുക; എങ്കിൽ നിന്റെ ഹൃദയം സമാധാനമടയുന്നതാണ്.

അതു കൊണ്ടാണ് ഭയഭക്തിയോടെയും ഹൃദയസാന്നിധ്യത്തോടെയും നിർവ്വഹിക്കുന്ന രണ്ട് റക്അത്തുകൾക്ക് മനുഷ്യന്റെ മനസ്സിൽ മണിക്കൂറുകളോളം ഇരുന്ന് നടത്തുന്ന മെഡിറ്റേഷനുകളേക്കാൾ സ്വാധീനം ചെലുത്താൻ സാധിക്കുന്നത്.

അല്ലാഹുവിനുള്ള ആരാധനയിലാണ് മനുഷ്യന്റെ മനസ്സിന് സർവ്വ സമാധാനവും നൽകപ്പെടുന്നത്. അല്ലാഹുവിനെ കുറിച്ചുള്ള സ്മരണയിൽ നിന്ന് അകന്നു നിൽക്കുന്നവരുടെയെല്ലാം ഹൃദയം ഇടുക്കമുള്ളതായിരിക്കും. അവനെപ്പോഴും ഇഹലോകത്തിന്റെ രുചി നുണഞ്ഞു കൊണ്ടേയിരിക്കുന്നു; പക്ഷേ അതവന്റെ വിശപ്പ് ശമിപ്പിക്കുകയോ അവന് ആശ്വാസം പകരുകയോ ചെയ്യുന്നില്ല!

﴿وَمَنْ أَعْرَضَ عَن ذِكْرِى فَإِنَّ لَهُۥ مَعِيشَةً ضَنكًا وَنَحْشُرُهُۥ يَوْمَ ٱلْقِيَـٰمَةِ أَعْمَىٰ ١٢٤﴾ [طه: 124]

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്ന പക്ഷം

തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക." (ത്വാഹാ: 124)

ഒരാൾക്ക് എത്രയെല്ലാം വിശാലമായ സമ്പത്തുണ്ട് എങ്കിലും അല്ലാഹുവിലുള്ള വിശ്വാസമില്ലാതെയാണ് അവൻ ജീവിക്കുന്നത് എങ്കിൽ അവൻ ഇടുങ്ങിയ ജീവിതത്തിൽ തന്നെയാണ്. എതിരാളി ആരെന്നറിയാതെ മത്സരത്തിൽ പ്രവേശിച്ചവന്റെ സ്ഥിതിയിലാണവൻ; ഒരിക്കലും അവന്റെ പരിഭ്രാന്തി അവസാനിക്കുകയില്ല.

നബി -ﷺ- പറഞ്ഞു: "ആരുടെയെങ്കിലും പ്രധാനലക്ഷ്യം ദുനിയാവ് ആയിത്തീർന്നാൽ അല്ലാഹു അവന്റെ കാര്യങ്ങളെല്ലാം ചിന്നഭിന്നമാക്കുകയും ദാരിദ്ര്യം അവന്റെ കണ്മുന്നിൽ നിശ്ചയിക്കുകയും ചെയ്യും. ദുനിയാവിൽ അവന് രേഖപ്പെടുത്തപ്പെട്ടതല്ലാതെ അവന് ലഭിക്കുകയുമില്ല. ആരുടെയെങ്കിലും പ്രധാനലക്ഷ്യം

പരലോകമാണെങ്കിൽ അല്ലാഹു അവന്റെ കാര്യങ്ങൾ ഒരുമിപ്പിക്കുകയും, അവന്റെ ഹൃദയത്തിൽ ധന്യത നിശ്ചയിക്കുകയും, ദുനിയാവ് അവനരികിലേക്ക് വന്നണയുകയും ചെയ്യും." (37)

ചുരുക്കത്തിൽ, അല്ലാഹുവിനുള്ള ആരാധന മനുഷ്യനെ ഇഹലോകത്തിനോടുള്ള അടിമത്വത്തിൽ നിന്ന് മോചിപ്പിക്കുകയും, അവനെ സ്വതന്ത്രനാക്കുകയും ചെയ്യും.

അല്ലാഹുവിനെ യഥാരൂപത്തിൽ ആരാധിക്കുന്ന മുസ്ലിമാണ് ജീവിതത്തിന്റെ യാഥാർത്ഥ്യം ശരിയായ രൂപത്തിൽ മനസ്സിലാക്കിയിട്ടുള്ളത്. അവന് ഈ ലോകത്തിന്റെ യഥാർത്ഥ മൂല്യം എന്താണെന്നും, താൻ ഈ പ്രപഞ്ചത്തിൽ ജീവിക്കുന്നതിന്റെ ലക്ഷ്യവും വ്യക്തമായി അറിയാം. അല്ലാഹുവിന്റെ പരീക്ഷണത്തിന് കീഴിലാണ് താനുള്ളത് എന്ന് അവന് ബോധ്യമുണ്ട്. തന്റെ റബ്ബിനെ -

രക്ഷിതാവിനെ- യഥാരൂപത്തിൽ ആരാധിക്കുകയാണ് തന്റെ ലക്ഷ്യം എന്ന് അവന് തിരിച്ചറിവുണ്ട്. ഒരറ്റവുമില്ലാത്ത പരിഭ്രാന്തികളുടെ കീഴിൽ ജീവിതം തകർത്തു കൂടാ എന്ന് അവനറിയാം. അല്ലാഹു പറയുന്നു:

﴿ٱلَّذِى خَلَقَ ٱلْمَوْتَ وَٱلْحَيَوٰةَ لِيَبْلُوَكُمْ أَيُّكُمْ أَحْسَنُ عَمَلًا ۚ وَهُوَ ٱلْعَزِيزُ ٱلْغَفُورُ ﴿٢﴾﴾ [الملك: 2]

"നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി (സൽക്കർമ്മങ്ങൾ) പ്രവർത്തിക്കുന്നവൻ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവനാകുന്നു അവൻ." (മുൽക്: 2)

## 34- അല്ലാഹുവിനുള്ള സമർപ്പണത്തിന്റെ പ്രത്യക്ഷരൂപങ്ങൾ എങ്ങനെയാണ്?! മറ്റൊരു വാക്കിൽ പറഞ്ഞാൽ; നീ ഒരു മുസ്ലിമാണെന്ന് -അല്ലാഹുവിന് പരിപൂർണ്ണമായി കീഴൊതുങ്ങിയവനാണെന്ന്- എങ്ങനെയാണ് മനസ്സിലാവുക?!

ഉത്തരം: അല്ലാഹുവിന് കീഴൊതുങ്ങുക എന്നതിന്റെ അടയാളങ്ങൾ നാലു കാര്യങ്ങളാണ്.

ഒന്ന്: നിന്റെ ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും അല്ലാഹുവിനോടുള്ള അടിമത്വം നീ അംഗീകരിക്കുക. അല്ലാഹു പറയുന്നു:

﴿قُلْ إِنَّ صَلَاتِي وَنُسُكِي وَمَحْيَايَ وَمَمَاتِي لِلَّهِ رَبِّ ٱلْعَٰلَمِينَ ۝١٦٢ لَا شَرِيكَ لَهُۥ ۖ وَبِذَٰلِكَ أُمِرْتُ وَأَنَا۠ أَوَّلُ ٱلْمُسْلِمِينَ ۝١٦٣﴾ [الأنعام: 162-163]

"പറയുക: തീർച്ചയായും എന്റെ പ്രാർത്ഥനയും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു." അവന് പങ്കുകാരേയില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. അവന്ന് കീഴ്പ്പെടുന്നതിൽ ഞാൻ ഒന്നാമനാണ്." (അൻആം: 162-163)

"തീർച്ചയായും എന്റെ പ്രാർത്ഥനയും എന്റെ ആരാധനാ കർമ്മങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു." അതായത് എന്റെ സർവ്വവും ഞാൻ അല്ലാഹുവിന് വേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഞാൻ നിസ്കരിക്കുന്നത് അല്ലാഹുവിന് വേണ്ടി മാത്രമാണ്. ഞാൻ എന്റെ മാതാപിതാക്കളെ അനുസരിക്കുന്നതും, ജനങ്ങൾക്ക് പ്രയോജനം ചെയ്യാൻ വേണ്ടി വിദ്യയും വിജ്ഞാനവും കരസ്ഥമാക്കുന്നതും

അല്ലാഹുവിന് വേണ്ടിയാണ്. ഞാൻ ഉറങ്ങുന്നത് നാളെ ഉന്മേഷത്തോടെ എഴുന്നേൽക്കുകയും, എന്റെ രക്ഷിതാവ് എന്നോട് കൽപ്പിച്ച പ്രവർത്തികൾ നിറവേറ്റുകയും ചെയ്യുന്നതിന് വേണ്ടിയാണ്.

എല്ലാ പ്രവർത്തനങ്ങളിലും അല്ലാഹുവിന്റെ അടിമത്വം അംഗീകരിക്കുന്നവനാണ് അവൻ. അല്ലാഹുവിന് കീഴൊതുങ്ങുക എന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട അടയാളവും സൂചനയുമാണ് ഇവയെല്ലാം.

രണ്ട്: അല്ലാഹുവിന് പരിപൂർണമായി കീഴൊതുങ്ങുക. അല്ലാഹു കൽപ്പിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുകയും, അവൻ വിലക്കിയ കാര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ أَطِيعُواْ ٱللَّهَ وَرَسُولَهُۥ وَلَا تَوَلَّوۡاْ عَنۡهُ وَأَنتُمۡ تَسۡمَعُونَ ٢٠﴾
[الأنفال: 20]

"(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവെയും അവന്റെ റസൂലിനെയും അനുസരിക്കുക. (സത്യസന്ദേശം) കേട്ടുകൊണ്ടിരിക്കെ നിങ്ങൾ അദ്ദേഹത്തെ വിട്ട് തിരിഞ്ഞുകളയരുത്." (അൻഫാൽ: 20)

അല്ലാഹു പറയുന്നു:

﴿يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱدْخُلُوا۟ فِى ٱلسِّلْمِ كَآفَّةً وَلَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَـٰنِ ۚ إِنَّهُۥ لَكُمْ عَدُوٌّ مُّبِينٌ ﴿٢٠٨﴾﴾ [البقرة: 208]

'(അല്ലാഹുവിലും അവന്റെ ദൂതനിലും) വിശ്വസിച്ചവരേ! നിങ്ങൾ പരിപൂർണ്ണമായി ഇസ്ലാമിൽ പ്രവേശിക്കുക.'' (ബഖറ: 208)

'സില്മ്' എന്ന് ഈ ആയത്തിൽ പറഞ്ഞത് കൊണ്ട് ഉദ്ദേശം ഇസ്ലാമാണ്.

ഇസ്ലാമിൽ പരിപൂർണ്ണമായി പ്രവേശിക്കുക എന്നാൽ അല്ലാഹു കൽപ്പിച്ച എല്ലാ കാര്യങ്ങളും മുറുകെ പിടിക്കുകയും, അവൻ

വിലക്കിയ എല്ലാ കാര്യങ്ങളും ഉപേക്ഷിക്കുകയും ചെയ്യുക എന്നാണർത്ഥം.

അല്ലാഹു എന്നോട് ഒരു കാര്യം കൽപ്പിച്ചാൽ അത് ഞാൻ പ്രാവർത്തികമാക്കണം. അവൻ എന്നോട് ഒരു കാര്യം വിലക്കിയാൽ ഞാൻ അതിൽ നിന്ന് വിട്ടുനിൽക്കണം. ഇതാണ് പരിപൂർണ്ണമായ സമർപ്പണവും കീഴൊതുക്കവും.

മൂന്ന്: അല്ലാഹുവിന്റെ മതനിയമങ്ങളിലേക്ക് വിധി തേടിച്ചെല്ലുകയും, അവന്റെ വിധികളിൽ തൃപ്തിപ്പെടുകയും അവ സ്വീകരിക്കുകയും ചെയ്യണം.

അല്ലാഹു അവതരിപ്പിച്ച എല്ലാ വിധിവിലക്കുകളെയും നിയമങ്ങളെയും നാം അംഗീകരിക്കുന്നു. അതിനുമപ്പുറം ഈ വിധികളെല്ലാം നാം തൃപ്തിയോടെ സ്വീകരിക്കുന്നു. കാരണം അല്ലാഹുവിനാണ് അവന്റെ സൃഷ്ടികൾക്ക് പ്രയോജനകരമായ വിധി എന്താണെന്ന് അറിയുക. ക്രിമിനൽ

കുറ്റങ്ങൾക്കുള്ള ശിക്ഷാവിധികൾ ഒരു ഉദാഹരണം. ഈ ശിക്ഷാനടപടികൾ സമൂഹത്തെ ശുദ്ധീകരിക്കുന്നതിന് സഹായകമാണെന്ന് അവന് അറിയാം.

﴿أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ ١٤﴾ [الملك: 14]

"സൃഷ്ടിച്ചവന് അറിയുകയില്ലയോ?! അവൻ സൂക്ഷ്മജ്ഞാനിയും ഗോപ്യമായത് അറിയുന്നവനുമത്രെ." (മുൽക്: 14)

അല്ലാഹു പറയുന്നു:

﴿أَفَحُكْمَ ٱلْجَٰهِلِيَّةِ يَبْغُونَ ۚ وَمَنْ أَحْسَنُ مِنَ ٱللَّهِ حُكْمًا لِّقَوْمٍ يُوقِنُونَ ٥٠﴾ [المائدة: 50]

"അല്ലാഹുവിനേക്കാൾ നല്ല വിധി പറയുന്നവൻ ആരുണ്ട്?" (മാഇദ: 50)

മനുഷ്യർക്ക് അവരുടെ ഭൗതികവും മതപരവുമായ ജീവിതത്തിൽ ഏറ്റവും അനുയോജ്യമാവുക എന്താണെന്ന് അല്ലാഹുവിനേ അറിയുകയുള്ളൂ.

അല്ലാഹുവിന്റെ മതനിയമങ്ങൾ പിൻപറ്റുമ്പോഴാണ് മനുഷ്യർ

പരിശുദ്ധരാവുകയും, അവർക്ക് സമാധാനപൂർണ്ണമായ ജീവിതം നയിക്കാൻ സാധിക്കുകയും ചെയ്യുക.

നബി -ﷺ- യുടെ കാലഘട്ടത്തിൽ മുസ്ലിമാണെന്ന് അവകാശപ്പെടുന്ന ഒരാൾ യഹൂദനായ കഅ്ബ് ബ്നു അശ്റഫിന്റെ അരികിൽ വിധിതേടിച്ചെന്നു. ഏതോ ഒരു വിഷയത്തിൽ യഹൂദനായ കഅ്ബിനെയാണ് അയാൾ ജഡ്ജിയായി സ്വീകരിച്ചത്. നബി -ﷺ- യുടെ അരികിൽ ചെന്നാൽ തനിക്ക് അനിഷ്ടകരമായ തരത്തിൽ അവിടുന്ന് വിധിക്കുമെന്ന ഭയം കാരണത്താലായിരുന്നു അയാളത് ചെയ്തത്. യഹൂദനായ കഅ്ബ് തന്റെ ഇഷ്ടത്തിന് അനുസരിച്ച് വിധിക്കും എന്ന് അയാൾക്ക് അറിയാമായിരുന്നു. ഈ മനുഷ്യന്റെ കാര്യത്തിലാണ് വിശുദ്ധ ഖുർആനിൽ അല്ലാഹു ഈ ആയത്തുകൾ അവതരിപ്പിച്ചത്.

﴿أَلَمْ تَرَ إِلَى ٱلَّذِينَ يَزْعُمُونَ أَنَّهُمْ ءَامَنُوا۟ بِمَآ أُنزِلَ إِلَيْكَ وَمَآ أُنزِلَ مِن قَبْلِكَ يُرِيدُونَ أَن يَتَحَاكَمُوٓا۟ إِلَى ٱلطَّٰغُوتِ وَقَدْ أُمِرُوٓا۟ أَن يَكْفُرُوا۟ بِهِۦ وَيُرِيدُ ٱلشَّيْطَٰنُ أَن يُضِلَّهُمْ ضَلَٰلًۢا بَعِيدًا ٦٠﴾ [النساء: 60]

"നിനക്ക് അവതരിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപ്പിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകുവാനാണ് അവരുദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാനുദ്ദേശിക്കുകയാണ്." (നിസാഅ് : 60)

അതിനാൽ നീയൊരു മുസ്ലിമാണെങ്കിൽ... അല്ലാഹുവിന് കീഴൊതുങ്ങിയവനാണ് നീയെങ്കിൽ അവന്റെ വിധിവിലക്കുകളും മതനിയമങ്ങളും നീ ജീവിതത്തിൽ

പാലിക്കേണ്ടതുണ്ട്. നിന്റെ ദേഹേഛകൾക്കും താൽപ്പര്യങ്ങൾക്കും എതിരായി അല്ലാഹുവിന്റെ വിധി വന്നെത്തിയാലും നീയതിന് സമർപ്പിക്കണം. അതല്ലാതെ നിനക്ക് തൃപ്തികരമായത് ലഭിക്കാൻ വേണ്ടി അല്ലാഹുവിന്റെ നിയമങ്ങളെ ഉപേക്ഷിച്ചു കൊണ്ട് ഒരു യഹൂദന്റെ അരികിലേക്ക് ചെല്ലുകയല്ല വേണ്ടത്.

ശേഷമുള്ള ആയത്തുകളിൽ അല്ലാഹു പറയുന്നു:

﴿وَمَآ أَرۡسَلۡنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذۡنِ ٱللَّهِۚ وَلَوۡ أَنَّهُمۡ إِذ ظَّلَمُوٓاْ أَنفُسَهُمۡ جَآءُوكَ فَٱسۡتَغۡفَرُواْ ٱللَّهَ وَٱسۡتَغۡفَرَ لَهُمُ ٱلرَّسُولُ لَوَجَدُواْ ٱللَّهَ تَوَّابًا رَّحِيمًا﴿٦٤﴾﴾ [النساء: 64]

"അല്ലാഹുവിന്റെ അനുമതിയോടു കൂടെ അനുസരിക്കപ്പെടാൻ വേണ്ടിയല്ലാതെ ഒരു ദൂതനേയും നാം നിയോഗിച്ചിട്ടില്ല." (നിസാഅ്: 64)

അല്ലാഹു ദൂതന്മാരെ നിയോഗിച്ചത് നാം അവരുടെ മതനിയമങ്ങൾ

ഉപേക്ഷിക്കുകയും, മറ്റു നിയമസംഹിതകൾ സ്വീകരിക്കുകയും ചെയ്യുന്നതിന് വേണ്ടിയല്ല.

ഈ സംഭവത്തിൽ നിന്നും ഇതിന് സമാനമായ സംഭവങ്ങളിൽ നിന്നും ഉൾക്കൊള്ളാനുള്ള പാഠമാണ് അല്ലാഹു അവസാനം വിവരിക്കുന്നത്. അല്ലാഹുവിന്റെ വിധിവിലക്കുകൾക്ക് കീഴൊതുങ്ങുക എന്നതിന്റെ ആവശ്യകതയും ഗൗരവവും അതിൽ നിന്ന് ബോധ്യപ്പെടും. അല്ലാഹു പറയുന്നു:

﴿فَلَا وَرَبِّكَ لَا يُؤْمِنُونَ حَتَّىٰ يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لَا يَجِدُوا۟ فِىٓ أَنفُسِهِمْ حَرَجًا مِّمَّا قَضَيْتَ وَيُسَلِّمُوا۟ تَسْلِيمًا ﴿٦٥﴾﴾ [النساء: 65]

"ഇല്ല, നിന്റെ റബ്ബ് (അല്ലാഹു) തന്നെയാണ് സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ താങ്കളെ വിധികർത്താവാക്കുകയും, താങ്കൾ വിധികല്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും, അത്

പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല." (നിസാഅ്: 65) അതിനാൽ അല്ലാഹുവിന്റെ മതനിയമങ്ങൾക്ക് പരിപൂർണ്ണമായി കീഴ്പ്പെടുക എന്നത് നിർബന്ധമാണ്. ഒരാൾ ഇസ്ലാമിന് കീഴൊതുങ്ങിയിരിക്കുന്നു എന്നതിന്റെ അടയാളത്തിൽ പെട്ടതാണത്.

നാല്: അല്ലാഹുവിന്റെ വിധിനിർണ്ണയങ്ങൾക്ക് അവൻ കീഴൊതുങ്ങണം. അല്ലാഹു ഈ പ്രപഞ്ചത്തിൽ വിധിച്ച എല്ലാ കാര്യത്തിന് പിന്നിലും അവന് മഹത്തരമായ യുക്തിയുണ്ട്. അതിനാൽ ഓരോ മുസ്ലിമും അല്ലാഹുവിന്റെ വിധിക്ക് കീഴൊതുങ്ങേണ്ടതുണ്ട്; നന്മയിലും തിന്മയിലും അത് അപ്രകാരം മാത്രമായിരിക്കണം.

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവനൊരു സന്തോഷം ബാധിച്ചാൽ അല്ലാഹുവിനോട് അവൻ നന്ദി കാണിക്കും.

അവനൊരു പ്രയാസം ബാധിച്ചാൽ അതിലവൻ ക്ഷമിക്കുകയും ചെയ്യും.

അല്ലാഹു നിനക്ക് ഭക്ഷണമോ നല്ല ഉപജീവനമോ മനോഹരമായ ഒരു ഭവനമോ പഠനത്തിൽ മികവോ ശരീരത്തിന്റെ ആരോഗ്യമോ നല്ല കുടുംബമോ നൽകി അനുഗ്രഹിച്ചാൽ നീ അതിന് അല്ലാഹുവിനോട് നന്ദി കാണിക്കുക.

ഒരു മുസ്ലിമിനെ സംബന്ധിച്ചിടത്തോളം അവന് എന്തെങ്കിലും രോഗമോ ദാരിദ്ര്യമോ പ്രയാസമോ സങ്കടമോ ബാധിച്ചാൽ അവൻ ഈ പ്രയാസത്തിൽ ക്ഷമിക്കുകയും, അല്ലാഹുവിനോട് സഹായം തേടുകയും ചെയ്യും. ഇതാണ് തന്റെ റബ്ബിന് കീഴൊതുങ്ങുകയും സമർപ്പിക്കുകയും ചെയ്ത ഓരോ മുസ്ലിമിന്റെയും നിലപാട്.

ആരോഗ്യവും രോഗാവസ്ഥയും സമ്പന്നതയും ദാരിദ്ര്യവുമെല്ലാം അല്ലാഹുവിന്റെ വിധിനിർണ്ണയത്തിന്റെ ഭാഗമാണ്. അവനാണ് അവയെല്ലാം വിധിച്ചതും അവന്റെ യുക്തിപ്രകാരം

നിശ്ചയിച്ചതും. അല്ലാഹുവിന്റെ വിധിയിൽ വിശ്വസിക്കുന്ന ഓരോ മുസ്ലിമും തന്റെ രക്ഷിതാവിന്റെ വിധിയിൽ തൃപ്തിയുള്ളവനായിരിക്കണം.

അല്ലാഹു പറയുന്നു:

﴿إِنَّا كُلَّ شَيۡءٍ خَلَقۡنَٰهُ بِقَدَرٖ ۝٤٩﴾ [القمر: 49]

"തീർച്ചയായും ഏത് വസ്തുവെയും നാം സൃഷ്ടിച്ചിട്ടുള്ളത് ഒരു വ്യവസ്ഥപ്രകാരമാകുന്നു." (ഖമർ: 49) അല്ലാഹു പറയുന്നു:

﴿قُل لَّن يُصِيبَنَآ إِلَّا مَا كَتَبَ ٱللَّهُ لَنَا هُوَ مَوۡلَىٰنَاۚ وَعَلَى ٱللَّهِ فَلۡيَتَوَكَّلِ ٱلۡمُؤۡمِنُونَ ۝٥١﴾ [التوبة: 51]

"പറയുക! അല്ലാഹു രേഖപ്പെടുത്തിയതല്ലാതെ മറ്റൊന്നും നമ്മെ ബാധിക്കുന്നതല്ല." (തൗബ: 51)

അതെ! അല്ലാഹു വിധിച്ചതല്ലാതെ മറ്റൊന്നും നമ്മെ ബാധിക്കുന്നതല്ല.

അല്ലാഹു പറയുന്നു:

﴿وَمَا كَانَ لِنَفۡسٍ أَن تَمُوتَ إِلَّا بِإِذۡنِ ٱللَّهِ كِتَٰبٗا مُّؤَجَّلٗاۗ وَمَن يُرِدۡ ثَوَابَ ٱلدُّنۡيَا نُؤۡتِهِۦ مِنۡهَا وَمَن يُرِدۡ ثَوَابَ ٱلۡأٓخِرَةِ نُؤۡتِهِۦ مِنۡهَاۚ وَسَنَجۡزِي ٱلشَّٰكِرِينَ ١٤٥﴾ [آل عمران: 145]

"അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു ആത്മാവും മരിക്കുന്നതല്ല." (ആലു ഇംറാൻ: 145)

സർവ്വരുടെയും ആയുസ്സ് അല്ലാഹുവാണ് നിർണ്ണയിച്ചിരിക്കുന്നത്.

പ്രപഞ്ചത്തിൽ സംഭവിക്കുന്ന ഓരോ കാര്യവും, ലോകത്തിൽ സഞ്ചരിക്കുന്ന ഓരോ അണുവും, ഉണ്ടായിക്കൊണ്ടേയിരിക്കുന്ന സംഭവങ്ങളുമെല്ലാം അല്ലാഹുവിന്റെ അറിവോടെയും അവന്റെ ഉദ്ദേശത്തോടെയും തീരുമാനത്തോടെയും യുക്തിയോടെയും ശക്തിയോടെയും മാത്രമാണ് സംഭവിക്കുന്നത്.

അല്ലാഹു പറയുന്നു:

﴿ٱلَّذِى لَهُۥ مُلۡكُ ٱلسَّمَٰوَٰتِ وَٱلۡأَرۡضِ وَلَمۡ يَتَّخِذۡ وَلَدًا وَلَمۡ يَكُن لَّهُۥ شَرِيكٌ فِى ٱلۡمُلۡكِ وَخَلَقَ كُلَّ شَىۡءٍ فَقَدَّرَهُۥ تَقۡدِيرًا ۝٢﴾ [الفرقان: 2]

"അല്ലാഹു എല്ലാ വസ്തുവിനെയും സൃഷ്ടിക്കുകയും, അവയെ കൃത്യമായി നിർണ്ണയിക്കുകയും ചെയ്തിരിക്കുന്നു." (ഫുർഖാൻ: 2)

അല്ലാഹുവാണ് സർവ്വതിനെയും സൃഷ്ടിച്ചതും, സർവ്വതിന്റെയും വിധി നിർണ്ണയിച്ചതും. അവൻ ഉദ്ദേശിച്ചതേ സംഭവിക്കൂ; അവൻ ഉദ്ദേശിക്കാത്തതൊന്നും സംഭവിക്കുകയില്ല.

ഒരു മുസ്ലിം എന്ന നിലക്ക് അല്ലാഹുവിന്റെ എല്ലാ വിധിനിർണ്ണയങ്ങൾക്കും കീഴൊതുങ്ങാൻ ഞാൻ ബാധ്യസ്ഥനാണ്.

ഇതിലൂടെയാണ് ഒരാൾ മുസ്ലിമായി മാറുക.

# അവസാനമായി ഒരു ചോദ്യം കൂടെ! എങ്ങനെയാണ് എനിക്ക് ഇസ്ലാമിൽ പ്രവേശിക്കാൻ സാധിക്കുക?!

സർവ്വ മനുഷ്യർക്കുമുള്ള അല്ലാഹുവിന്റെ മതമാണ് ഇസ്ലാം. അല്ലാഹു പറയുന്നു:

﴿إِنَّ ٱلدِّينَ عِندَ ٱللَّهِ ٱلْإِسْلَٰمُ ۗ وَمَا ٱخْتَلَفَ ٱلَّذِينَ أُوتُوا۟ ٱلْكِتَٰبَ إِلَّا مِنۢ بَعْدِ مَا جَآءَهُمُ ٱلْعِلْمُ بَغْيًۢا بَيْنَهُمْ ۗ وَمَن يَكْفُرْ بِـَٔايَٰتِ ٱللَّهِ فَإِنَّ ٱللَّهَ سَرِيعُ ٱلْحِسَابِ ١٩﴾

[آل عمران: 19]

"തീർച്ചയായും അല്ലാഹുവിങ്കൽ മതമെന്നാൽ ഇസ്ലാം മാത്രമാകുന്നു." (ആലു ഇംറാൻ: 19) ഇസ്ലാമല്ലാത്ത മറ്റൊരു മതവും അല്ലാഹു ഒരാളിൽ നിന്നും സ്വീകരിക്കുന്നതല്ല.

﴿وَمَن يَبْتَغِ غَيْرَ ٱلْإِسْلَٰمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِى ٱلْءَاخِرَةِ مِنَ ٱلْخَٰسِرِينَ ٨٥﴾

[آل عمران: 85]

"ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത്

അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും." (ആലു ഇംറാൻ: 85)

അതുകൊണ്ട് ഓരോ മനുഷ്യനും ഇസ്ലാം സ്വീകരിക്കുക എന്നത് നിർബന്ധമാണ്.

നരകത്തിൽ നിന്നുള്ള രക്ഷയും, അല്ലാഹുവിന്റെ തൃപ്തി ലഭിച്ചു കൊണ്ട് സ്വർഗത്തിലേക്കുള്ള പ്രവേശനവും സാധ്യമാകണമെങ്കിൽ ഇസ്ലാം സ്വീകരിക്കുക എന്നത് മാത്രമേ വഴിയുള്ളൂ.

ഇസ്ലാമിൽ പ്രവേശിക്കുക എന്നത് അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്തിൽ പെട്ടതാണ്. അല്ല! അതാണ് നിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ടതും ഗൗരവപ്പെട്ടതുമായ വിഷയം.

ഇസ്ലാം എന്നാൽ യഥാർത്ഥത്തിൽ നിന്റെ ശുദ്ധപ്രകൃതിയിലേക്കും നിന്റെ നേരായ ബുദ്ധിയിലേക്കുമുള്ള മടക്കം മാത്രമാണ്.

ഇസ്ലാമിൽ പ്രവേശിക്കുക എന്നതാകട്ടെ, വളരെ എളുപ്പമുള്ള കാര്യമാണ്. എന്തെങ്കിലും പ്രത്യേക അനുഷ്ഠാനങ്ങളോ ഔദ്യോഗിക ചിഹ്നങ്ങളോ നിനക്കതിനായി ആവശ്യമില്ല. രണ്ട് സാക്ഷ്യവചനങ്ങൾ ഉച്ചരിക്കുക എന്ന ലളിതമായ ഒരു കാര്യം നിർവ്വഹിക്കുന്നതോടെ നിനക്ക് മുസ്ലിമായിത്തീരാം. 'അശ്ഹദു അല്ലാ ഇലാഹ ഇല്ലല്ലാഹ്, വ അശ്ഹദുഅന്ന മുഹമ്മദൻ റസൂലുല്ലാഹ്' എന്നതാണ് ആ സാക്ഷ്യവചനം. (അർത്ഥം: അല്ലാഹുവല്ലാതെ ആരാധനക്ക് അർഹനായി മറ്റാരുമില്ലെന്നും, മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു).

ഈയൊരു കാര്യം പറയുന്നതിലൂടെ ഒരാൾ മുസ്ലിമായിത്തീരും.

അതിന് ശേഷം ഇസ്ലാമിക ജീവിതം അവന് നയിച്ചു തുടങ്ങാം.

ഇസ്ലാം ഹൗസ് islamhouse.com എന്ന വെബ്സൈറ്റ് ഉപയോഗപ്പെടുത്തണമെന്ന്

കൂടി അവസാനമായി ഓർമ്മപ്പെടുത്തട്ടെ. നിരവധി ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ അവിടെ നിങ്ങൾക്ക് ലഭ്യമാണ്. ഇസ്ലാമിക ജീവിതം നയിക്കേണ്ടത് എങ്ങനെയാണ് എന്ന് വിവരിക്കുന്ന അനേകം പുസ്തകങ്ങൾ നിങ്ങൾക്ക് ഈ വെബ്സൈറ്റിൽ ലഭ്യമാണ്.

വെബ്സൈറ്റ് ലിങ്ക്: islamhouse.com

# ഉള്ളടക്കം

**മതനിഷേധത്തിൽ നിന്ന് ഇസ്ലാമിലേക്കുള്ള പലായനം** ........ 1

ചോദ്യോത്തരങ്ങൾ ........ 3

1- എന്താണ് മതനിഷേധം? ........ 21

2- മതനിഷേധികളെ നിങ്ങൾ എന്തിനാണ് ആക്ഷേപിക്കുന്നത്? ........ 22

3- പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ട് എന്നതിനുള്ള തെളിവ് എന്താണ്? ........ 26

4- എന്താണ് 'ഭൗതിക പ്രപഞ്ചത്തിന്റെ അസ്തിത്വം നൽകുന്ന തെളിവ്' എന്നതു കൊണ്ട് ഉദ്ദേശ്യം? ..... 27

5- 'പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്' എന്നതു കൊണ്ട് ഉദ്ദേശ്യം എന്താണ്? ........ 31

6- ജീവന്റെ ലളിതമായ ആദ്യരൂപങ്ങളിൽ നിന്ന് വികസിച്ചുണ്ടായതാണ് മനുഷ്യനും മറ്റു ജീവികളുമെന്ന് പറയുന്നത് എന്തു കൊണ്ട് ശരിയല്ല?! ........ 40

7- 'പ്രപഞ്ചത്തിന്റെ കൃത്യതയും കണിശതയും നൽകുന്ന തെളിവ്' എന്നു പറഞ്ഞല്ലോ; ഇതിന് ചില ഉദാഹരണങ്ങൾ പറയാമോ? ........ 46

8- 'പ്രപഞ്ചത്തിൽ അപൂർണ്ണതകളുണ്ട്; രോഗങ്ങളും ഭൂകമ്പങ്ങളും ഉദാഹരണം. നിങ്ങൾ പറയുന്ന കണിശതക്കും കൃത്യതക്കും വിരുദ്ധമല്ലേ ഇവ?' - മതനിഷേധികൾ ചോദിക്കാറുള്ള ഈ ചോദ്യത്തിന് എന്തു മറുപടിയുണ്ട്?! ........ 64

9- പ്രപഞ്ചത്തിന്റെ രൂപീകരണത്തിന് ഒരു ഭൗതിക പ്രതിഭാസം മാത്രം കാരണമാവുക എന്നതിൽ എന്തു പ്രശ്നമാണുള്ളത്?! ഉദാഹരണത്തിന്, ഈ പ്രപഞ്ചത്തെ അന്യഗ്രഹജീവികൾ സൃഷ്ടിച്ചതോ മറ്റേതെങ്കിലും വസ്തു നിർമ്മിച്ചുണ്ടാക്കിയതോ ആയിക്കൂടേ?! എന്തിനാണ് ഇവയുടെ സ്രഷ്ടാവ് അനാദിയായ ദൈവം തന്നെയാണെന്ന് വാശിപിടിക്കുന്നത്?! .... 68

10- പ്രപഞ്ചപ്രതിഭാസങ്ങളുടെ പിറകിലെ നിയമങ്ങളെ കുറിച്ചും, ഭൂകമ്പങ്ങൾ സംഭവിക്കുന്നതിന്റെ കാരണത്തെ കുറിച്ചും നമുക്ക് വ്യക്തമായ അറിവുകളുണ്ട്. ഈ നിയമങ്ങളെല്ലാം നമുക്ക് അറിയാമെങ്കിൽ എന്താണ് ഒരു സ്രഷ്ടാവായ ദൈവത്തിനുള്ള പ്രസക്തി?! ........ 72

11- പ്രപഞ്ചം യാദൃച്ഛികമായി രൂപപ്പെട്ടു എന്നു പറയുന്നതിന് എന്താണ് തടസ്സം? ........ 77

12- പ്രപഞ്ചം തുടക്കമോ ഒടുക്കമോ ഇല്ലാത്ത അനന്തമായ സൃഷ്ടിപ്പാണെന്ന് മതനിഷേധികൾ വാദിക്കാറുണ്ട്; ഇതിനെന്തു മറുപടി നൽകും? ..... 79

13- ആരാണ് പ്രപഞ്ചങ്ങളെ സൃഷ്ടിച്ച ദൈവത്തെ സൃഷ്ടിച്ചത്? ..... 81

14- അതിരുകൾ നീണ്ടുകിടക്കുന്ന ഈ വൻപ്രപഞ്ചത്തിലെ ഒരു ചെറുജീവി മാത്രമാണ് മനുഷ്യൻ എന്നിരിക്കെ അവൻ എങ്ങനെ ഇതിന് പിറകിലുള്ള കേന്ദ്രബിന്ദുവാകും? ..... 84

15- മതനിഷേധികളിൽ ചിലർ പറയുന്നു: പ്രപഞ്ചത്തിൽ അനേകമനേകം നക്ഷത്രങ്ങളുണ്ട്. സ്വാഭാവികമായും ഇവയിൽ ഏതെങ്കിലുമൊരു നക്ഷത്രത്തിൽ കൂടി ജീവസാന്നിധ്യം ഉണ്ടായിരിക്കാൻ സാധ്യതയില്ലേ?! ... ഈ നിരീക്ഷണം ശരിയാണോ? ..... 92

16- ഒന്നിലധികം സ്രഷ്ടാക്കൾ പ്രപഞ്ചത്തിന് ഉണ്ടായിക്കൂടേ?! ..... 100

17- എന്തിനാണ് മതം? ..... 103

18- മനുഷ്യന്റെ സ്വഭാവ സംസ്കാരങ്ങൾ അവന്റെ തലച്ചോറിൽ രൂപപ്പെട്ടതോ സാമൂഹിക ബാധ്യതകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്നതോ ആയിക്കൂടേ?! ..... 113

19- പല സംസ്കാരങ്ങളിലും ഒന്നിലധികം ദൈവങ്ങളിലുള്ള വിശ്വാസമുണ്ട്. എന്നാൽ എന്തു

കൊണ്ടാണ് ഇസ്ലാം ഒരൊറ്റ ദൈവമേ ഉള്ളൂ എന്ന് നിർബന്ധം പിടിക്കുന്നത്? ............ 118

20- ഒരു മനുഷ്യൻ അവന് യാതൊരു ആവശ്യവുമില്ലാത്ത കാര്യം ചെയ്താൽ അവന്റെ പ്രവർത്തി വൃഥാവിലാണെന്ന് നാം പറയാറുണ്ടല്ലോ? അല്ലാഹുവിന് നമ്മുടെ ആവശ്യമില്ലെങ്കിൽ പിന്നെ അവനെന്തിനാണ് നമ്മെ സൃഷ്ടിച്ചത്? ............ 123

21- എങ്ങനെ നമുക്ക് അല്ലാഹുവിനെ അറിയാൻ കഴിയും? ............ 135

22- ഭൂമിയിൽ അനേകം മതങ്ങളുണ്ടല്ലോ? എന്തു കൊണ്ടാണ് ഇസ്ലാം മാത്രം ശരിയാണെന്നു പറയുന്നത് ............ 147

23- എന്താണ് ഇസ്ലാം? ............ 149

24- മനുഷ്യരുടെ ചിന്തയെ പരിഭ്രാന്തമാക്കിയ അനേകം ചോദ്യങ്ങളുണ്ട്; നാം എവിടെ നിന്ന് വന്നു? എന്തിനാണ് ഈ പ്രപഞ്ചത്തിൽ നാം വന്നെത്തിയത്? എവിടേക്കാണ് നമ്മുടെ ഈ യാത്ര നീങ്ങിക്കൊണ്ടിരിക്കുന്നത്? ............ 155

25- മുഹമ്മദ് നബി -ﷺ- അല്ലാഹുവിന്റെ ദൂതനാണെന്ന് നിനക്ക് എങ്ങനെയാണ് ബോധ്യപ്പെട്ടത്? ............ 158

26- അല്ലാഹുവിൽ വിശ്വസിക്കാൻ ബാധ്യതപ്പെട്ടവനാണ് ഞാൻ എന്നത് എനിക്ക് എങ്ങനെ അറിയാൻ സാധിക്കും?................................188

27- പ്രവാചകന്മാരെ നിഷേധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്താൽ അത് മതിയാകുമോ? .........................................................................194

28- നിഷേധിയായ (മുസ്ലിമല്ലാത്ത ഒരാൾ) പ്രവർത്തിച്ച സൽകർമ്മങ്ങൾക്ക് പരലോകത്ത് പ്രതിഫലം നൽകപ്പെടുന്നതാണോ?..........................200

29- ഇസ്ലാമാണ് സത്യമതം എങ്കിൽ എന്തു കൊണ്ടാണ് ഈ മതത്തിൽ വിശ്വസിച്ചവർക്കും ചില വിഷയങ്ങളിൽ ആശയക്കുഴപ്പം ഉണ്ടാകുന്നത്? .........................................................................205

30- എന്തിനാണ് അല്ലാഹു തിന്മകളെ സൃഷ്ടിച്ചത്? .........................................................................................211

31- മതത്തിന്റെ പേരിലുള്ള അനേകം പോരാട്ടങ്ങൾക്കും രക്തച്ചൊരിച്ചിലുകൾക്കും കാലാന്തരങ്ങളിൽ വഴിയൊരുക്കിയത് മതമല്ലേ? .........................................................................................223

32- ഏകദൈവവിശ്വാസം പഠിപ്പിക്കുന്ന മനോഹരമായ മതമാണ് മുസ്ലിംകളുടേത്; എന്നിട്ടും എന്തു കൊണ്ടാണ് മുസ്ലിംകൾ ഭൗതികമായി പിറകോട്ടു പോവുകയും, പാശ്ചാത്യർ പുരോഗമനം നേടുകയും ചെയ്തത്? ..228

33- അല്ലാഹുവിന് ആരാധനകൾ നൽകുക എന്നതിലുള്ള ഫലവും പ്രയോജനവും എന്താണ്? ....................................................................................................244

34- അല്ലാഹുവിനുള്ള സമർപ്പണത്തിന്റെ പ്രത്യക്ഷരൂപങ്ങൾ എങ്ങനെയാണ്?! മറ്റൊരു വാക്കിൽ പറഞ്ഞാൽ; നീ ഒരു മുസ്ലിമാണെന്ന് - അല്ലാഹുവിന് പരിപൂർണ്ണമായി കീഴൊതുങ്ങിയവനാണെന്ന്- എങ്ങനെയാണ് മനസ്സിലാവുക?!.....................................................................250

അവസാനമായി ഒരു ചോദ്യം കൂടെ! എങ്ങനെയാണ് എനിക്ക് ഇസ്ലാമിൽ പ്രവേശിക്കാൻ സാധിക്കുക?!.265